# ദൈവശാസ്ത്ര പ്രവേശിക

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# ദൈവശാസ്ത്ര പ്രവേശിക


| | |
|---|---|
| **Title:** | Introduction to Theology |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala Ph: 0490 - 2344727, 2343707 |
| **Published on:** | 2014 September 8 (Nativity of Bl. Virgin Mary) |
| **Editorial Board:** | Rev. Dr. Joseph Pamplany<br>Rev. Dr. Thomas Kochukarottu |
| **Office Assistance:** | Rev. Sr. Celin Kunnel FCC<br>Mrs. Anitha Vijayan<br>Mrs. Jeshitha Vijesh<br>Miss. Bhavya K |
| **Design & Layout:** | Mr. Midhun Thomas |
| **Printing:** | Vimala Offset, Thalassery |
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |


# ഉള്ളടക്കം


1. ദൈവശാസ്ത്രം:
   നിർവ്വചനം, വിശദീകരണം, വിഭജനം, ക്രമീകരണം ............. 5
2. ക്രിസ്തീയ ദൈവശാസ്ത്രം: ചരിത്രത്തിലൂടെ ......................... 26
3. ദൈവാവിഷ്കരണം വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും ... 43
4. ത്രിത്വൈക ദൈവശാസ്ത്രം ............................................................ 72
5. സഭാവിജ്ഞാനീയം ............................................................................ 77
6. ക്രിസ്തീയ ധാർമ്മികത ..................................................................... 90
7. ആരാധനക്രമങ്ങളുടെ രൂപീകരണം ............................................... 100
8. ആദ്ധ്യാത്മിക ജീവിതത്തിന്റെ ശക്തിസ്രോതസ്സ് - കൂദാശകൾ ..... 112
9. സഭാചരിത്ര പഠനം ............................................................................ 125
10. കാനൻ നിയമം പാശ്ചാത്യ (CIC), പൗരസ്ത്യ (CCEO)
    സഭകളുടെ കാനോൻ നിയമസംഹിതകൾ ................................ 128
11. യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം ................................................ 145

*Published for the use of the students of Alpha Institute of Theology and Science*

# 01

## ദൈവശാസ്ത്രം:
### നിർവ്വചനം, വിശദീകരണം, വിഭജനം, ക്രമീകരണം

ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളെ അവതരിപ്പിക്കുന്ന ഈ ആമുഖപഠനം തയ്യാറാക്കിയിരിക്കുന്നത് വിഖ്യാത ദൈവശാസ്ത്രജ്ഞനും പാലാരൂപതയുടെ മെത്രാനുമായ **മാർ ജോസഫ് കല്ലറങ്ങാട്ട്** പിതാവാണ്.

### 1. എന്താണ് ദൈവശാസ്ത്രം?

ദൈവത്തെയും ദൈവികരഹസ്യങ്ങളേയും അറിയുവാനുള്ള മനുഷ്യന്റെ തൃഷ്ണയ്ക്ക് മനുഷ്യസൃഷ്ടിയോളം തന്നെ പഴക്കമുണ്ട്. കാരണം തന്റെ സ്വന്തം “ഛായയിലും സാദൃശ്യത്തിലും” (ഉൽപത്തി 1:26) മനുഷ്യനെ സൃഷ്ടിച്ചപ്പോൾതന്നെ ദൈവത്തിന്റെ അസ്തിത്വത്തിന്റെയും, ഉണ്മയുടെയും ഉറവിടം കണ്ടെത്തുവാനുള്ള അഭിവാഞ്ഛ മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരുന്നു. ‘പൂർവ്വകാലങ്ങളിൽ പിതാക്കന്മാരോടു പലപ്പോഴായും പലവിധേനയും സംസാരിച്ച ദൈവം’ ‘സമയത്തിന്റെ തികവിൽ സ്വപുത്രനെ ലോകത്തിലേയ്ക്കയച്ചു കൊണ്ടു’ (ഗലാ 4:4) പുത്രൻ മുഖേന നമ്മോടു സംസാരിച്ചിരിക്കുന്നു (ഹെബ്രാ 1:1 2), നമ്മോടു കൂടി ആയിത്തീർന്നിരിക്കുന്നു (മത്താ 1:23). ഈശോമിശിഹായിലൂടെ മനുഷ്യന്റെ മുമ്പിൽ ദൃശ്യനായ ദൈവമാണ് ഇന്നും ദൈവാന്വേഷിയായ മനുഷ്യന്റെ അന്വേഷണത്തിന്റെ കേന്ദ്രബിന്ദു. ക്രൈസ്തവദൈവവിജ്ഞാനീയം നാമ്പെടുക്കുന്നത് ഇവിടെനിന്നുമാണ്.

## 2. ദൈവവിജ്ഞാനീയം: മൂലാർത്ഥങ്ങൾ

ദൈവശാസ്ത്രം, ദൈവവിജ്ഞാനീയം എന്നൊക്കെ മലയാള പരിഭാഷയിൽ വരുന്ന ആംഗലേയപദമായ തിയോളജി (Theology) യുടെ ഉത്ഭവം ഗ്രീക്കുഭാഷയിൽനിന്നുമാണ്. ദൈവം എന്നർത്ഥമുള്ള തെയോസ് (Theos), വാക്ക്, പഠനം, അർത്ഥം, ശാസ്ത്രം എന്നിങ്ങനെ പല അർത്ഥങ്ങൾ നൽകുന്ന ലോഗോസ് (Logos) എന്നീ ഗ്രീക്കു പദങ്ങൾ ചേർന്നുണ്ടായ ഒരു സംയുക്തപദമാണു "തെയോളൊഗിയ" (Theologia). "തെയോളൊഗിയ" എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് തിയോളജി എന്ന ഇംഗ്ലീഷ്പദം ഉണ്ടായത്.

തിയോളജി എന്ന പദം കേൾക്കുമ്പോൾ ഇന്നത്തെ മനുഷ്യന്റെ മനസ്സിൽ തെളിയുന്ന ആശയം "ക്രൈസ്തവവിശ്വാസ സംബന്ധമായ ശാസ്ത്രം" എന്നാണ്. എന്നാൽ പിന്നിലേക്കു കടന്നൊരു അന്വേഷണം നടത്തിയാൽ മേല്പറഞ്ഞ പ്രകാരമായിരുന്നില്ല സ്ഥിതി എന്നു മനസ്സിലാകും. ഗ്രീക്കു സംസ്ക്കാരത്തിൽ ഉടലെടുത്ത ഈ വാക്കിന് പേഗൻ ചിന്താഗതിയനുസരിച്ച് 'പരമയാഥാർത്ഥ്യത്തെക്കുറിച്ചുള്ള മൗലികമായ ഒരു വിശദീകരണ' മെന്ന അർത്ഥമാണ് നല്കിപ്പോന്നത്. പരാശക്തിയെത്തേടിയുള്ള മനുഷ്യന്റെ അന്വേഷണത്തെയും, ഭക്ത്യാദര വികാരങ്ങളെ തൃപ്തിപ്പെടുത്തുവാൻ പ്രത്യക്ഷപ്പെട്ട സാങ്കല്പിക ദേവീദേവന്മാരെക്കുറിച്ചുള്ള പ്രതിപാദനത്തെയും സൂചിപ്പിക്കാൻ വിശ്രുത യവനതത്ത്വചിന്തകനായ പ്ലേറ്റോ ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്[1]. മറ്റൊരു പ്രസിദ്ധ ഗ്രീക്ക് തത്ത്വജ്ഞാനിയായ അരിസ്റ്റോട്ടിൽ ആകട്ടെ, തെയോളൊഗിയ എന്ന വാക്ക് ഉപയോഗിക്കുന്നത്, സ്വയം പ്രവർത്തിക്കുന്ന പരാശക്തിയോട് വിശ്വത്തെ ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്ന ആദ്യ തത്ത്വദർശനത്തോടു (First Philosophy) ബന്ധപ്പെടുത്തിയത്രേ[2]!

മേല്പറഞ്ഞ പ്രകാരം പേഗൻ ചിന്താഗതിയിൽ ദേവീദേവന്മാരോടും ഇതര പരാശക്തികളോടും ബന്ധപ്പെട്ടുനിന്ന ഈ പദം ക്രൈസ്തവലോകത്തേക്കു കടന്നുവന്നത് അഗാധപണ്ഡിതനും സത്യവിശ്വാസിയുമായ ഒരിജിൻ (Origen) വഴിയാണ്. ദൈവത്തിന്റെ ആന്തരികരഹസ്യങ്ങളെയും, സത്യവിശ്വാസത്തെയും ഉൾക്കൊള്ളിച്ചുകൊണ്ട് ക്രൈസ്തവ വിജ്ഞാനനീയത്തിൽ ഈ വാക്കിനു ചിരപ്രതിഷ്ഠ നേടിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. എങ്കിലും പാശ്ചാത്യരുടെ ഇടയിൽ ഇതിന് പ്രചാരം ലഭിച്ചില്ല. ദൈവസംബന്ധിയായ ബൗദ്ധികവും ക്രമാനുഗതവുമായ വിജ്ഞാനത്തെ ദ്യോതിപ്പിക്കുവാൻ ക്രൈസ്തവലോകത്തിൽ ദൈവശാസ്ത്രമെന്ന പദം അതിന്റെ ശാസ്ത്രീയ അർത്ഥത്തിൽ പ്രഥമമായി ഉപയോഗിച്ചത് ദാർശനികനും ദൈവശാസത്രജ്ഞനുമായ പീറ്റർ അബലാഡ് (12-ാം നൂറ്റാണ്ട്) ആണ്.





## 3. നിർവ്വചനവും വിശദീകരണവും

തിയോളജി അഥവാ ദൈവശാസ്ത്രം എന്ന പദം ഇന്ന് വളരെ വിശാലമായ തലങ്ങളെ ഉൾക്കൊള്ളുന്ന ഒന്നാണ്. ദൈവത്തെ സംബന്ധിച്ച എല്ലാ പരിചിന്തനങ്ങളും, ദൈവകേന്ദ്രിതമായ ജീവിതാനുഭവങ്ങളും, ബൗദ്ധികമായി അത്തരം അനുഭവങ്ങളെ വിശകലനം ചെയ്യുവാനും, നിർവ്വചിക്കുവാനും വിശദീകരിക്കുവാനുമുള്ള എല്ലാ ഉദ്യമങ്ങളും പൊതുവെ ദൈവശാസ്ത്രമെന്നാണ് അറിയപ്പെടുക. ഇവിടെ ഒരു കാര്യം വ്യക്തമാണ്. മേല്പറഞ്ഞതിലെല്ലാം മാനുഷികതലത്തിൽ നിന്നുള്ള ഒരു യത്നം, മനുഷ്യബുദ്ധിക്കു ദൈവത്തെ കണ്ടെത്താനുള്ള ഒരു ഉദ്യമം, ഒരു നീക്കം ദർശിക്കാനാകും തിയോളജി എന്ന വാക്കിന്റെ പ്രഥമ അർത്ഥം പൊതുവെ ഈ സമീപനത്തെ മതപരമായ ദൈവശാസ്ത്ര സമീപനമായി കാണാം.

എന്നാൽ ദൈവശാസ്ത്രമെന്നത് അതിന്റെ ആഴമായ അർത്ഥത്തിൽ ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ വാക്കോ, ആശയങ്ങളോ, വിശകലനങ്ങളോ അല്ല, പിന്നെയോ മാംസംധരിച്ച ദൈവവചനത്തിലൂടെ ദൈവം മനുഷ്യനുവേണ്ടി എന്തു ചെയ്തു, എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ വചനമല്ല, മനുഷ്യനുവേണ്ടിയുള്ള ദൈവവചനത്തിന്റെ പ്രവർത്തനമാണ് ദൈവശാസ്ത്രത്തിന്റെ അന്ത:സത്ത. ദൈവത്തിന്റെ വചനം മാംസം ധരിച്ച് ചരിത്രത്തിൽ അവതരിച്ചതാണല്ലോ ഈശോ. ഈശോയിലൂടെ മനുഷ്യചരിത്രത്തിൽ ദൈവം സ്വയം വെളിപ്പെടുത്തിയതും ഈശോയിലൂടെ ദൈവം പ്രവർത്തിച്ചതുമാണ് മിശിഹാശാസ്ത്രമായി പരിഗണിക്കുക. ഇന്നു ദൈവം തന്റെ സാന്നിദ്ധ്യവും പ്രവർത്തനവും തുടരുന്നത് ദൈവാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെയാണ്. ദൈവശാസ്ത്രമെന്നത് രക്ഷാകരചരിത്രത്തിൽ ത്രിത്വൈകദൈവം എങ്ങനെ സ്വയം വെളിപ്പെടുത്തുന്നു എന്നതു ഗ്രഹിക്കുവാനുള്ള പരിശ്രമമാണ്. മനുഷ്യന്റെ ഈ പരിശ്രമത്തിൽ മുഖ്യഹേതു മനുഷ്യൻ എന്നതിനേക്കാൾ സ്വയം 'വചന'ത്തിലൂടെ വെളിപ്പെടുത്തിയ ദൈവമാണ്. മറ്റുവാക്കിൽ പറഞ്ഞാൽ ദൈവശാസ്ത്രത്തിന്റെ ഉത്ഭവകാരണവും, ഉള്ളടക്കവും രക്ഷാകരചരിത്രത്തിലൂടെ വെളിപ്പെടുത്തുന്ന ദൈവമാണ്. ഈ ദൈവത്തെ വിശ്വാസപൂർവ്വം സ്വീകരിക്കുന്ന മനുഷ്യന്റെ ഹൃദയാവിഷ്ക്കാരമാണ് ദൈവശാസ്ത്രം.

മേല്പറഞ്ഞതിൽ നിന്നും ദൈവശാസ്ത്രത്തെ മാനുഷിക തലത്തിൽ നിന്നുകൊണ്ടുള്ള മതപരമായ ഒരു സമീപനമായും വിശ്വാ

സതലത്തിൽ നിന്നുകൊണ്ട് ദൈവിക വെളിപാടിൽ അധിഷ്ഠിതമായ വിശകലനമായും വേർതിരിച്ചു മനസ്സിലാക്കാവുന്നതാണ്. മതപരമായ ദൈവശാസ്ത്രസമീപനത്തിൽ മാനുഷിക ബുദ്ധിക്കതീതനായി നില്ക്കുന്ന ദൈവത്തെ അന്വേഷിച്ചു കണ്ടെത്തി സൈദ്ധാന്തികമായി നിർവ്വചിക്കുവാൻ യത്നിക്കുമ്പോൾ, വിശ്വാസത്തിലധിഷ്ഠിതമായ ദൈവശാസ്ത്രത്തിൽ, ചരിത്രത്തിൽ സന്നിഹിതനായ ദൈവത്തിന്റെ ആവിഷ്കാരസംഭവങ്ങളിലുള്ള ഭാഗഭാഗിത്വത്തിനാണ് മുൻതൂക്കം. ക്രൈസ്തവ ദൈവവിജ്ഞാനീയമെന്നത് അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിൽ രണ്ടാമതു പറഞ്ഞ കാര്യമാണ്. മനുഷ്യന് സ്വയമേവ ഇതു പൂർണ്ണമായി സാധ്യമല്ല. ദൈവകൃപ ഇതിനാവശ്യമാണ്. "എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്കു വരുന്നില്ല" (യോഹ 14:6) എന്നും 'ദൈവാത്മാവിന്റെ സഹായംകൂടാതെ ആർക്കും ഈശോ കർത്താവാണ്' എന്നു ഏറ്റുപറയുവാൻ സാധിക്കുകയില്ല എന്നും വി. ഗ്രന്ഥം പറയുന്നത് ഇതിനാലത്രേ.

മേല്പറഞ്ഞവയിൽ നിന്ന് ദൈവശാസ്ത്രത്തെ സംബന്ധിച്ച മറ്റൊരു കാഴ്ചപ്പാടിലേയ്ക്കു നാം നീങ്ങുകയാണ്. ദൈവശാസ്ത്രമെന്നത് 'വിശ്വാസത്തിന്റെ ശാസ്ത്രമാണ്'[3]. കുറേക്കൂടി വ്യക്തമായിപറഞ്ഞാൽ ക്രൈസ്തവദൈവവിജ്ഞാനീയം അഥവാ ക്രൈസ്തവ ദൈവശാസ്ത്രമെന്നത് 'ക്രിസ്തീയവിശ്വാസത്തിന്റെ ശാസ്ത്രമാണ്'. ഇങ്ങനെ പറയുമ്പോൾ വിശ്വാസം എന്നാൽ എന്ത് എന്നൊരു ചോദ്യമുദിക്കുന്നു. 2-ാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണമെന്ന പ്രമാണരേഖയിൽ പറയുന്നു: "വിശ്വാസത്തിൽ നിന്നു വരുന്ന അനുസരണംവഴി മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു സമ്പൂർണ്ണമായി അടിയറവെയ്ക്കുകയും ദൈവികവെളിപാടു ഹൃദയപൂർവ്വം അംഗീകരിക്കുകയും ചെയ്യുന്നു. അങ്ങനെ തന്നെത്തന്നെ സ്വമനസ്സാ അവിടുത്തേയ്ക്കു മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വിശ്വാസം ഉണ്ടാകണമെങ്കിൽ ദൈവത്തിന്റെ മുൻകൂട്ടിയുള്ള പ്രേരകപ്രസാദവരവും പരിശുദ്ധ റൂഹായുടെ ആന്തരിക സഹായവും ആവശ്യമാണ്" (DV.1,5). ഇതു വ്യക്തമാക്കുന്നതു പോലെ വിശ്വാസമെന്നത് സ്വയം മനുഷ്യനു വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ്. ഈ വീക്ഷണത്തിൽ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവിഷയം ദൈവികവെളിപാടാണ്. ഇതിനെ സ്വീകരിക്കുവാനും മനസ്സിലാക്കുവാനുമുള്ള മനുഷ്യന്റെ ഉദ്യമത്തിൽ ''വിശ്വാസ''മാണ് അവനു വെളിച്ചമായി നിലകൊള്ളുന്നത്. ഈ വിശ്വാസംതന്നെയും, മേല്പറഞ്ഞ കൗൺസിൽപഠനത്തിൽ നിന്നും വ്യക്തമാകുന്നതുപോലെ പരിശുദ്ധ റൂഹായുടെ ദിവ്യദാനമാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ ദൈവ





ശാസ്ത്രമെന്നത് മാനുഷികതലത്തിൽമാത്രം ഒതുങ്ങിനില്ക്കുന്ന ഒരു ശാസ്ത്രീയഗവേഷണമല്ല, ദൈവകൃപയുടെ സഹായത്താൽ, ദൈവദാനമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ, ചരിത്രത്തിൽ ആവിഷ്കൃതനായ ദൈവത്തെ കണ്ടെത്താനുള്ള മനുഷ്യന്റെ ഉദ്യമം ആണെന്നു വ്യക്തമാകുന്നു. മേല്പറഞ്ഞവയുടെ വെളിച്ചത്തിൽ ദൈവശാസ്ത്രം എന്തെന്നുള്ള നിർവ്വചനത്തെ ഇപ്രകാരം വിശദീകരിക്കാം:

വിശ്വാസത്താൽ സ്വീകരിച്ചതും ഗ്രഹിച്ചതുമായ ദൈവാവിഷ്ക്കാരത്തെക്കുറിച്ചുള്ള ബുദ്ധിപൂർവ്വകവും, ശാസ്ത്രീയവും, ക്രമാനുഗതവുമായ പരിചിന്തനവും, വിശകലനവും, വിശദീകരണവുമാണ് ദൈവശാസ്ത്രം. വെളിപ്പെടുത്തപ്പെട്ട വചനം എല്ലാ സത്യത്തിന്റേയും ഉറവിടവും മാനദണ്ഡവുമാകയാൽ ഇതര 'സത്യ' ങ്ങളെ കണ്ടെത്താനും അഭിമുഖീകരിക്കുവാനും വെളിപാടിന്റെ ശാസ്ത്രീയവും ക്രമാനുഗതവുമായ പരിചിന്തനം ആവശ്യമാണ്, അതു സാധ്യവുമാണ്. ദൈവശാസ്ത്രം വിശ്വാസത്തിന്റെ ശാസ്ത്രീയാപഗ്രഥനമാകുന്നത് വിശ്വാസം അതിന്റെ അടിസ്ഥാനവും മാനദണ്ഡവും ലക്ഷ്യവുമായി തീരുമ്പോഴത്രേ.

ദൈവശാസ്ത്രം വിശ്വാസത്തെ സംബന്ധിച്ച വിചിന്തനവും വിശദീകരണവുമാണ്. അതിന്റെ ഉള്ളടക്കം ദൈവാവിഷ്കരണമാകയാൽ അത് പ്രഘോഷണപര (kerygmatic) മാകുന്നു. മറ്റുവാക്കിൽ, വിശ്വാസത്തിന്റെ പ്രഘോഷണമാണ് ദൈവശാസ്ത്രത്തിന്റെ ലക്ഷ്യം. ഇതര താത്ത്വിക ശാസ്ത്രീയ മത വിജ്ഞാന മേഖലകളിൽ നിന്നും ദൈവവിജ്ഞാനീയത്തെ വ്യതിരിക്തമാക്കുന്നത് ദൈവശാസ്ത്രത്തിന്റെ പ്രഘോഷണപരമായ ഈ വശമത്രേ.

വിശ്വാസവും ദൈവശാസ്ത്രവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും ദൈവദാനമായ വിശ്വാസം സ്വാതന്ത്ര്യത്തോടെ മനുഷ്യൻ സ്വീകരിക്കുന്നതിനാലും വിശ്വാസമെന്നത് പ്രവൃത്തിയിലൂടെ വെളിവാകേണ്ട ഒരു യാഥാർത്ഥ്യമാകയാലും ദൈവശാസ്ത്രം ഒരു പ്രായോഗികശാസ്ത്രം ആണെന്നു പറയാം. ഇത്തരത്തിലുള്ള വിശ്വാസാധിഷ്ഠിത ദൈവവിജ്ഞാനീയം പ്രത്യാശയിലേയ്ക്കും ഉപവിയിലേയ്ക്കും മനുഷ്യനെ നയിക്കും.

### 4. ദൈവശാസ്ത്രം എപ്രകാരമുള്ളതായിരിക്കണം?

### വി. ഗ്രന്ഥാധിഷ്ഠിതം (Biblical)

വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ സംബന്ധിച്ച ഏറ്റം ആധികാരികവും ഒരിക്കലും മാറ്റമില്ലാതെ നിലകൊള്ളുന്നതുമായ ഉറവിടമെന്ന നിലയിൽ ദൈവശാസ്ത്രം വി. ഗ്രന്ഥാധിഷ്ഠിതമായിരിക്ക

ണം. ദൈവശാസ്ത്രത്തിന്റെ കേന്ദ്രം വി. ഗ്രന്ഥമാണെന്നു പറയാം. ദൈവവചനം ദൈവശാസ്ത്ര രൂപീകരണത്തിനുള്ള ഉറവിടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

### ത്രിത്വാത്മകം (Trinitarian)

വിശ്വാസത്തിലധിഷ്ഠിതമായ ക്രിസ്തീയദൈവശാസ്ത്രം ആധികാരികമായ ദൈവശാസ്ത്രമാകുന്നത് അതു ത്രിത്വാത്മകം ആകുമ്പോഴാണ്. സ്വാഭീഷ്ടത്താൽ മനുഷ്യരക്ഷയ്ക്ക് പദ്ധതി തയ്യാറാക്കുകയും സമയത്തിന്റെ തികവിൽ പുത്രനിലൂടെ ആ പദ്ധതി സാക്ഷാത്കരിക്കുകയും തന്റെ ആത്മാവിലൂടെ ആ പദ്ധതിയെ പൂർത്തീകരിക്കുകയും ചെയ്ത ത്രിത്വൈകദൈവമാണല്ലോ ദൈവാവിഷ്കാരത്തിന്റെ ഉറവിടം. ഈ ദൈവമാണ് സ്വയം ആവിഷ്കൃതനാകുന്നതും. ഈ ദൈവവും ദൈവികപ്രവർത്തനങ്ങളുമാണ് അപ്പോൾ ദൈവശാസ്ത്രവിഷയമായി മാറുക. അതുകൊണ്ടാണ് വി. അത്തനേഷ്യസ് പറഞ്ഞത്: ‘‘ദൈവശാസ്ത്രമെന്നത് പ. ത്രിത്വത്തെ ധ്യാനിക്കുന്നതാണ്” (Contemplation on the Trinity) എന്നും ‘ത്രിത്വത്തിൽ ദൈവശാസ്ത്രം പുർണ്ണമാണ്’ (In the Trinity Theology is complete)[3] എന്നും. അതിനാൽ എല്ലാ ദൈവശാസ്ത്രവും ത്രിത്വത്തിൽ നിന്നാരംഭിക്കുന്നതും ത്രിത്വത്തിലേയ്ക്കു നയിക്കുന്നതുമായിരിക്കണം. ത്രിത്വാത്മകമാണ് എന്നു പറയുന്നതുകൊണ്ടുതന്നെ ദൈവശാസ്ത്രം മിശിഹാകേന്ദ്രിതവും, റൂഹാകേന്ദ്രിതവുമാണ്. ദൈശാസ്ത്രത്തിനു പറയുവാനുള്ളത് പിതാവിനെക്കുറിച്ചും ഈശോയെക്കുറിച്ചും റൂഹായെക്കുറിച്ചുമാണ്.

### സഭാത്മകം (Ecclesial)

ക്രിസ്തീയമായ ദൈവശാസ്ത്രത്തിന്റെ ആധികാരികതയെ വ്യക്തമാക്കുന്ന മറ്റൊരു പ്രധാന വസ്തുത അതു സഭാത്മകമായിരിക്കണം എന്നതാണ്. ത്രിത്വൈകസ്വഭാവത്തിൽ നിന്നു ഉരുത്തിരിയുന്നതാണ് ഈ സഭാത്മകസ്വഭാവം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ ദൈവശാസ്ത്രം ത്രിത്വാത്മകവും, ദൈവമനുഷ്യകൂട്ടായ്മയുടെ പ്രകാശനവും ആകയാൽ അത് ഒരു വ്യക്തിയെന്ന നിലയിൽ ദൈവശാസ്ത്രജ്ഞന്റെ കുത്തകയോ വ്യക്തിപരമായ കുറെ വാദങ്ങളോ ബൗദ്ധികമായ സിദ്ധാന്തങ്ങളോ, നിർവ്വചനങ്ങളോ അല്ല, അങ്ങനെ ആയിരിക്കുവാൻ പാടുള്ളതുമല്ല. പ്രത്യുത വിശ്വാസത്തിലൂടെ, സഭാസമൂഹവുമായി കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് സഭയിലൂടെ ദൈവത്തെ മനസ്സിലാക്കി, ആ അറിവിൽ നിന്നുമാണ് ദൈവശാസ്ത്രം ഉരുത്തിരിയേണ്ടത്. കാരണം ദൈവിക വെളിപാട് നല്കപ്പെട്ടിരിക്കുന്നതു സഭയ്ക്കാണ്. സഭയാണ് ദൈവിക വെളിപാടിന്റെ സംവാഹകയും, സംരക്ഷകയും. അപ്പോൾ വിശ്വാസം സഭയിലും സഭയിലൂടെയുമാണ് പ്രകടമാകുക. അങ്ങനെ വരുമ്പോൾ ദൈവാവിഷ്ക്കാരത്തിന്റെ വിശ്വാസപൂർവ്വകമായ സ്വീകരണവും അതിനുള്ള പ്രത്യുത്തരവും സഭയിലാണ്. ദൈവശാസ്ത്രം ജന്മമെടുക്കുന്നതും, പുഷ്പിക്കുന്നതും, പ്രകടിതമാകുന്നതും സഭയിലും സഭയിലൂടെയുമാണ്. ദൈവാവിഷ്ക്കാരത്തെ സംബന്ധിച്ച സഭയുടെ അവബോധവും വിശ്വാസവുമാണ് ദൈവശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു. ഇങ്ങനെയൊരു സമീപനത്തിൽ വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നതുപോലെ മിശിഹായിലൂടെയും, അവിടുത്തെ ആത്മാവിലൂടെയും സംസ്ഥാപിതമായ ദൈവ-മനുഷ്യകൂട്ടായ്മയും, ജീവദായകമായ ഈ രക്ഷാകര അനുഭവത്തിന്റെ തലമുറകളിലൂടെയുള്ള കൈമാറലും (പാരമ്പര്യം) സഭാസമൂഹമാകുന്ന കൂട്ടായ്മയുടെ ഫലങ്ങളും ദൈവശാസ്ത്രത്തെ കരുപ്പിടിപ്പിക്കുന്ന പ്രധാനഘടകങ്ങളായി വർത്തിക്കുന്നു[4].

### ആരാധനക്രമാധിഷ്ഠിതം (Liturgical)

മനുഷ്യാതീതനായ ദൈവം രക്ഷാകരചരിത്രത്തിൽ മനുഷ്യനു സുഗ്രാഹ്യമായ രീതിയിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. വി. ഗ്രന്ഥത്തിലുടെ കണ്ണോടിച്ചാൽ ഈ വെളിപ്പെടുത്തലുകളിലെല്ലാം ദൈവ-മനുഷ്യ അഭിദർശനം നമുക്കു കണ്ടെത്താം. മേല്പറഞ്ഞ വെളിപാടാണ് ദൈവശാസ്ത്രത്തിനാധാരമെങ്കിൽ ഈ വെളിപ്പെടുത്തലിൽ നടക്കുന്ന ദൈവ-മനുഷ്യ കൂടിക്കാഴ്ചയാണ് ആരാധനയിലേയ്ക്കു നയിക്കുക. ദൈവ-മനുഷ്യ അഭിദർശനത്തിന്റെ ആഘോഷവും ആചരണവുമാണ് ആരാധന. രക്ഷാചരിത്രത്തിലുള്ള ദൈവത്തിന്റെ രക്ഷാകര പ്രവർത്തനം ഇവിടെ അനുസ്മരിക്കപ്പെടുന്നു. രക്ഷാകരപ്രവൃത്തികളുടെ വിശദീകരണമാണു ദൈവശാസ്ത്രം. അതിന്റെ ആഘോഷമാണ് ആരാധന. കഴിഞ്ഞുപോയ രക്ഷാകര പ്രവൃത്തികളെ ആരാധനയിലൂടെ ഇന്നിന്റെ അനുഭവമാക്കി മാറ്റുകയാണ് നാം ചെയ്യുന്നത്.

“ലിറ്റർജി” (ദൈവാരാധന) എന്നത് ദൈവജനത്തിന്റെ വിശ്വാസത്തിന്റെ ഏറ്റവും ഉദാത്തമായ പ്രകടനമാണ്. സഭയുടെ വിശ്വാസമാണ് സഭയുടെ ആരാധനയായി മാറുക. ഇങ്ങനെ വരുമ്പോൾ ദൈവശാസ്ത്രമെന്നത്, സഭയുടെ വിശ്വാസത്തിന്റെ ആഘോഷമായ ലിറ്റർജിയിൽനിന്നും ഉത്ഭവിക്കുന്നതും ആ വിശ്വാസത്തിലേയ്ക്കു തന്നെ വീണ്ടും നയിക്കുന്നതുമാണ്. ദൈവശാസ്ത്രവിചിന്തനത്തിന് ആരാധനക്രമത്തെ ആശ്രയിക്കുന്നതിനു കാരണം അതു വിശ്വാസത്തിന്റെ ഏറ്റം ഉദാത്തമായ പ്രകടനവും ഉറവിടവും ആയതിനാലാണ്. വി.ഗ്രന്ഥവും വി.പാരമ്പര്യവും ആരാധനക്രമത്തിൽ സമന്വയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ സഭയുടെ വിശ്വാസത്തിന്റെ ഏറ്റവും

നല്ല സാക്ഷ്യവും ആരാധന തന്നെ. ആരാധനാ ഗ്രന്ഥങ്ങളിലാണു സഭയുടെ ദൈവശാസ്ത്രം ഉറഞ്ഞു കൂടിയിരിക്കുന്നത്.

**പിതാക്കന്മാരുടെയും സാർവ്വത്രികസൂനഹദോസ്സുകളുടേയും പ്രബോധനങ്ങളിലധിഷ്ഠിതമാണ്**

രക്ഷാകരസംഭവങ്ങളോട് ഏറ്റം അടുത്ത കാലഘട്ടത്തിൽ ജീവിച്ചവരും, കലർപ്പുകൂടാതെ അതിനെ വ്യാഖ്യാനിച്ചവരുമായ സഭാപിതാക്കന്മാരുടെ പഠനങ്ങൾ വി. ഗ്രന്ഥം പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാകയാൽ ദൈവശാസ്ത്രം പിതാക്കന്മാരുടെ പഠനങ്ങളിൽ ഊന്നിനിന്നു കൊണ്ടുള്ളതായിരിക്കണം. അവികലമായി അവർ പഠിപ്പിച്ചതും, കാത്തുസൂക്ഷിച്ചതുമായ വിശ്വാസപൈതൃകം ദൈവശാസ്ത്രപഠനങ്ങളിൽ മാനദണ്ഡമായി നിലകൊള്ളുകയും വേണം.

കാലാകാലങ്ങളിൽ സഭയുടെ പ്രബോധനാധികാരമുപയോഗിച്ച് സഭ ഔദ്യോഗികമായി പഠിപ്പിക്കുകയും പ്രഖ്യാപിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്ത വിശ്വാസസംബന്ധവും, സഭാത്മകവും, ധാർമ്മികവുമായ പഠനങ്ങളാണ് സാർവ്വത്രികസൂനഹദോസ്സുകളുടെ പ്രബോധനങ്ങൾ. സഭയുടെ പൊതുമന:സാക്ഷിയായി നിലകൊള്ളുന്ന സൂനഹദോസ്സുകളുടെ പഠനവും ഇക്കാരണത്താൽ ദൈവശാസ്ത്രപഠനങ്ങളിൽ മാർഗ്ഗരേഖയായി നിലകൊള്ളേണ്ടതാണ്.

**എക്യുമെനിക്കൽ (Ecumenical)**

മിശിഹാ തന്റെ ദൗത്യപൂർത്തിയ്ക്കായി സ്ഥാപിച്ച സഭ ഏകമായിരുന്നു. അപ്രകാരമായിരിക്കുവാൻ അവിടുന്നാഗ്രഹിക്കുകയും ചെയ്തു. എങ്കിലും വിഭജിതരൂപത്തിലാണ് സഭ ഇന്നു നിലകൊള്ളുക. ഈ പശ്ചാത്തലത്തിൽ ദൈവശാസ്ത്രത്തിന് ഒരു എക്യുമെനിക്കൽ സ്വഭാവം കൈവരേണ്ടതും, ഇന്നിന്റെ ഒരാവശ്യമാണ്.

**ശാസ്ത്രീയമായ വിഭജനം**

ദൈവശാസ്ത്രത്തിൽ പ്രധാനമായും മൂന്നു പാരമ്പര്യങ്ങളുണ്ട്: – സുറിയാനി, ലത്തീൻ, ഗ്രീക്ക്. മേൽ പറഞ്ഞ മൂന്നു പാരമ്പര്യങ്ങളിൽ അടിയുറച്ചുനിന്നു കൊണ്ടുതന്നെ ദൈവശാസ്ത്രത്തെ ശാസ്ത്രീയമായ രീതിയിൽ നോക്കിക്കാണേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അപ്രകാരം നോക്കുമ്പോൾ ദൈവശാസ്ത്രത്തെ (a) ചരിത്രപരമായ ദൈവശാസ്ത്രം എന്നും (b) ക്രമീകൃത ദൈവശാസ്ത്രമെന്നും തിരിക്കാം. ഇവ രണ്ടിലും അനേകം ഉപശാഖകളുണ്ട്.





ചരിത്രപരമായ ദൈവശാസ്ത്രം
- വെളിപാടിന്റെ ചരിത്രം
- രക്ഷാകരചരിത്രം
- സഭയുടെ ആരംഭം
- സഭാചരിത്രം
- സഭാപിതാക്കന്മാർ
- വി.ഗ്രന്ഥപഠനങ്ങൾ
- ഡോഗ്മായുടെ ചരിത്രം
- വിശുദ്ധന്മാരുടെ ചരിത്രം
- രക്തസാക്ഷികളുടെ ചരിത്രം

ക്രമീകൃതദൈവശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ താഴെപ്പറയുന്നവയാണ്:

1. മൗലികദൈവശാസ്ത്രം (Fundamental Theology)
2. താത്ത്വിക ദൈവശാസ്തരം (Systematic or Dogmatic Theology)
3. ധാർമ്മിക ദൈവശാസ്ത്രം (Moral Theology)
4. പ്രായോഗിക ദൈവശാസ്ത്രം (Practical Theology)
5. അജപാലന ദൈവശാസ്ത്രം (Pastoral Theology)
6. അസറ്റിക്കൽ ദൈവശാസ്ത്രം (Ascetical & Monastic Theology)
7. ആരാധനക്രമ ദൈവശാസ്ത്രം (Liturgical Theology)

മേല്പറഞ്ഞ ഓരോ ശാഖയ്ക്കും (അഥവാ വിഭാഗത്തിനും) അനേകം ഉപശാഖകൾ ഉണ്ട്. ഇതിൽ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത് ആദ്യത്തെ രണ്ട് മൗലിക, താത്ത്വിക വിഭാഗങ്ങളാണ്. അവയെക്കുറിച്ച് അല്പം വിശദമായിത്തന്നെ ചിന്തിക്കാം.

**മൗലികദൈവശാസ്ത്രം (Fundamental Theology)**

ഫുന്തമെന്താലിസ് (Fundamentalis) എന്ന ലത്തീൻ വാക്കിൽ നിന്നാണ് ഫണ്ടമെന്റൽ (Fundamental) എന്ന പദം ഉരുത്തിരിയുന്നത്. അതിന്റെ പ്രത്യക്ഷാർത്ഥം സൂചിപ്പിക്കുന്നതുപോലെ 'ഏറ്റവും പ്രധാനപ്പെട്ടത്', 'മൗലികമായത്' എന്നൊക്കെയാണ് അതിന്റെയർത്ഥം. ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളെപ്പറ്റിയാണ് ഇതിൽ പ്രതിപാദിക്കുക. ദൈവശാസ്ത്രത്തിന്റെ അടിത്തറ (അടിസ്ഥാനം) എന്ന അർത്ഥവും അതിനാൽ ഇതിനുണ്ട്.

ക്രൈസ്തവമതത്തിന്റെ ആരംഭദശകങ്ങളിൽ മറ്റു മതങ്ങളോട് പലപ്പോഴും ഏറ്റുമുട്ടേണ്ടിവന്ന സാഹചര്യത്തിലാണ് ഇപ്രകാരമൊരു ദൈവശാസ്ത്രശാഖ രൂപമെടുത്തത്. ആദ്യകാലങ്ങളിൽ 'അപ്പോളജി' (apology) എന്ന പേരിലാണിതറിയപ്പെട്ടിരുന്നത്. ദൈവിക

വെളിപാടിനെ നിഷേധിക്കുന്ന ശക്തമായ ഒരു നീക്കം സഭയുടെ ആരംഭകാലത്തു കാണാം. ഇപ്രകാരമുള്ള പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് ആദ്യകാലദൈവശാസ്ത്രജ്ഞന്മാർ ക്രൈസ്തവികതയുടെ മൗലികയാഥാർത്ഥ്യങ്ങൾ ഏവയെന്നു എടുത്തുകാട്ടുവാൻ തുടങ്ങി. ഈ ദൈവശാസ്ത്രജ്ഞന്മാരെയാണ് വിശ്വാസ സംരക്ഷകർ എന്നു വിളിക്കുന്നത്. ഇവരുടെ ലിഖിതരൂപത്തിലുള്ള പ്രബോധനങ്ങൾക്കു പൊതുവേ വിശ്വാസസമർപ്പണഗ്രന്ഥങ്ങൾ എന്നു പറയും. ഇങ്ങനെ നോക്കുമ്പോൾ ആദ്യകാലങ്ങളിൽ മൗലിക ദൈവശാസ്ത്രവും വിശ്വാസസംരക്ഷണപ്രബോധനങ്ങളും ഒന്നായി കരുതപ്പെട്ടതിൽ അത്ഭുതപ്പെടാനില്ല.

### മൗലിക ദൈവശാസ്ത്രത്തിന്റെ ഉള്ളടക്കം

മൗലിക ദൈവശാസ്ത്രത്തിൽ പ്രധാനമായി മൂന്നു കാര്യങ്ങളാണ് ഉൾക്കൊള്ളുക: വെളിപാട്, വിശ്വാസം, മനുഷ്യൻ.

### വെളിപാട് (Revelation)

മൗലികദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ യാഥാർത്ഥ്യമാണു വെളിപാട്. ചരിത്രത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവംതന്നെയാണ് ഇതിന്റെ കേന്ദ്രബിന്ദു. ഇതിന്റെ വിശദാംശങ്ങൾ എന്ന വിധത്തിൽ വിവിധ മതങ്ങളുടെ ഉല്പത്തി, അവയുടെ ആവശ്യകത എന്നിവയാണ് ആദ്യമായി ഇവിടെ ചർച്ച ചെയ്യുന്ന വിഷയം. വിവിധ ലോകമതങ്ങളിലൂടെ 'ദൈവം' എപ്രകാരം സ്വയം വെളിപ്പെടുത്തുന്നു എന്നു പരിശോധിക്കുന്നതൊടൊപ്പം ക്രൈസ്തവമതവും അതിനാധാരമായ ദൈവികവെളിപാടുമാണ് ഈ ദൈവശാസ്ത്ര ശാഖയുടെ പ്രതിപാദ്യം. വെളിപാട് എന്നു പറയുന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള കൂടിക്കാഴ്ചയാണ്. തന്റെ വചനത്തിലൂടെയും പ്രവൃത്തിയിലൂടെയും സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ മനുഷ്യൻ കണ്ടെത്തുന്നു. വി.ഗ്രന്ഥവും, പാരമ്പര്യവും, വെളിപാടും തമ്മിലുള്ള ബന്ധം ഇവിടുത്തെ ഒരു കേന്ദ്ര ആശയമാണ്. മിശിഹായിലൂടെയാണല്ലോ ദൈവം ഏറ്റവും ഉദാത്തമായ രീതിയിൽ സ്വയം വെളിപ്പെടുത്തിയത്. അതുകൊണ്ട് മിശിഹായുടെ വ്യക്തിത്വം ഇവിടെ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ഈശോ തന്നെത്തന്നെ മനുഷ്യപുത്രനെന്നുവിളിച്ചു. അതേസമയം അവിടുന്ന് ദൈവപുത്രനുമാണ്. ഈ ദൈവികതയുടെ പ്രകാശനങ്ങളാണ് അവിടുത്തെ അത്ഭുതങ്ങൾ. ഈശോയുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസം ദൈവികവെളിപാടിനുള്ള മാനുഷിക ഉത്തരമാണ്.

വെളിപാടിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, ക്രൈസ്തവമതത്തിലും മറ്റു ലോകമതങ്ങളിലുമുള്ള ദൈവികവെളിപാടിന്റെ സാമ്യവും





വ്യത്യാസവും എന്ത്, ക്രൈസ്തവമതത്തിലെ വെളിപാടിന്റെ അനന്യത എന്ത് എന്നു തുടങ്ങിയവയെല്ലാം ഇന്ന് ഏറെ സജീവമായി ചർച്ചചെയ്യപ്പെടുന്ന കാര്യങ്ങളാണ്. 2-ാം വത്തിക്കാൻ കൗൺസിലിന്റെ അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള പ്രബോധനത്തിൽ ഇതരമതങ്ങളിലുള്ള ദൈവികസാന്നിധ്യത്തെ അംഗീകരിച്ചു പ്രഖ്യാപിക്കുന്നതിനാൽ സത്യത്തിന്റെ യഥാർത്ഥ അവകാശികൾ ക്രൈസ്തവരാണെങ്കിലും അതിന്റെ സമ്പൂർണ്ണ കുത്തക അവരുടേതാണെന്നു പറയുവാൻ സാധിക്കുകയില്ല. അതിനാൽ വിവിധ മതങ്ങൾ തമ്മിലുള്ള ഒരു താരതമ്യപഠനവും ഇന്നിന്റെ വലിയ ആവശ്യമാണ്.

### വിശ്വാസം (Faith)

വെളിപാട് ദൈവത്തിലുള്ള വിശ്വാസത്തിലേക്കു മനുഷ്യനെ ക്ഷണിക്കുന്നു. വിശ്വാസമാകട്ടെ വെളിപാടിനുള്ള പ്രത്യുത്തരമാണ്. ഈശോയുടെ പീഡാസഹനത്തിലൂടെയും ഉത്ഥാനത്തിലൂടെയും സ്വയം വെളിപ്പെടുത്തിയ ദൈവത്തിലുള്ള വിശ്വാസമാണ് ഇവിടെ വിവക്ഷിക്കുന്നത്. അക്കാരണത്താൽ ഈശോയും അവിടുത്തെ അത്ഭുതങ്ങളും, ഉത്ഥാനവും, അവിടുത്തെ തുടർച്ചയായ സഭയുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. പഴയനിയമത്തിൽ വിശ്വാസമെന്നത് യാഹ്‌വേയിൽ ഉള്ളതായിരുന്നുവെങ്കിൽ പുതിയ നിയമത്തിൽ ഇത് ത്രിയേകദൈവത്തിലുള്ള വിശ്വാസമാണ്. വിശ്വാസത്തെപ്പറ്റിയുള്ള ആധികാരികമായ സംഹിതകളൊക്കെ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഇവിടെ സ്ഥാപിക്കുന്നു. കത്തോലിക്കാ വിശ്വാസവും ഇതര ക്രൈസ്തവ സഭകളും തമ്മിലുള്ള വ്യത്യാസം വിശ്വാസത്തിന്റെ ഏതേതു തലങ്ങളിലാണെന്ന് ഇവിടെ പ്രത്യേകം ചിന്തിക്കുന്നു. മാർട്ടിൻ ലൂഥർ, ജോൺ കാൽവിൻ, കാൾബാർത്ത്, പോൾ ടില്ലിക്ക് തുടങ്ങിയ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാരുടെ വിശ്വാസ സംഹിതകളും ഇവിടെ ഏറെ പ്രധാനപ്പെട്ടതാണ്. രണ്ടാം ഒറാഞ്ച് (orange) കൗൺസിൽ, ട്രെന്റ് സൂനഹദോസ്സ്, ഒന്നാം വത്തിക്കാൻ കൗൺസിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ എന്നീ ഔദ്യോഗിക കൗൺസിലുകളിൽ വിശ്വാസത്തെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗങ്ങൾക്ക് ഇവിടെ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്.

### മനുഷ്യനെപ്പറ്റിയുള്ള ദൈവശാസ്ത്ര സമീപനം (Theological Anthropology)

വെളിപാടിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം, മനുഷ്യനെയാണ് തന്നിലുള്ള വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നത്. മനുഷ്യന്റെ ഉൽപത്തി, പരിണാമം, മോണോജനിസം (ഏകദമ്പതികളിൽ നിന്ന് മനുഷ്യകുലം മുഴുവൻ ആവിർഭവിച്ചു.) എന്ന സിദ്ധാന്തം, ആദത്തിനു

ശേഷമുള്ള വ്യക്തികളുടെ ആരംഭം തുടങ്ങിയവയാണ് ഈ വിജ്ഞാന ശാഖയിലെ അടിസ്ഥാന ചിന്താവിഷയങ്ങൾ. വിവിധങ്ങളായ കാര്യങ്ങൾ മനുഷ്യനെ സംബന്ധിച്ച് ഇവിടെ വിചിന്തനത്തിന് വിധേയമാക്കുന്നുണ്ട്. ഹീബ്രൂ, ഗ്രീക്ക് കാഴ്ചപാടുകളനുസരിച്ച് മനുഷ്യൻ ആരാണ്, സമാന്തര സുവിശേഷങ്ങളിലും, വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലും കാണുന്ന മനുഷ്യശാസ്ത്രം എന്താണ്, സഭയുടെ ഔദ്യോഗിക പ്രമാണരേഖകളിൽ മനുഷ്യനെ കാണുന്നതെങ്ങനെ, മനുഷ്യനെപ്പറ്റിയുള്ള ദൈവശാസ്ത്ര വിചിന്തനങ്ങളേവ, മനുഷ്യൻ ആത്മാവും ശരീരവും ചേരുന്ന യാഥാർത്ഥ്യമാണെന്നുള്ളതിന്റെ ദൈവശാസ്ത്രപരമായ വിശദീകരണമെന്ത്, ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യനെന്ന വിശുദ്ധ ഗ്രന്ഥാധിഷ്ഠിത വീക്ഷണത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ ഏവ, തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. കൂടാതെ പാപത്തിന് മുമ്പുള്ള മനുഷ്യന്റെ സ്ഥിതി, പാപിയായ മനുഷ്യൻ, ആദിപാപം, പാപത്തിന്റെ പരിണിതഫലങ്ങൾ, ആദിപാപത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക നിലപാട്, ത്രെന്തോസ് സൂനഹദോസ്സിന് മുമ്പും പിമ്പുമുള്ള സമീപനങ്ങൾ, ആദിപാപവും ലോകത്തിന്റെ പാപവും, ആദി പാപവും മോണാജനിസവും തുടങ്ങി വളരെയേറെ കാര്യങ്ങൾ ഇവിടെ പരിചിന്തനം ചെയ്യപ്പെടുന്നു.

മൗലിക ദൈവശാസ്ത്രത്തിന്റെ സ്വാഭാവം കൊണ്ട് അതിൽ പ്രതിപാദിക്കുന്ന കാര്യങ്ങളൊക്കെ മറ്റു വിഭാഗങ്ങളിലും ഒരു പരിധിവരെ ഉൾപ്പെടും. അതിനാൽ പരസ്പര ബന്ധമില്ലാത്ത രീതിയിൽ ഈ ഉപശാഖകളെ വിഭജിക്കുന്നത് ശരിയായൊരു ദൈവശാസ്ത്രസമീപനമായിരിക്കില്ല. മൗലികദൈവശാസ്ത്രം എന്നു പറയുന്നത് നമുക്കു വിശദീകരിക്കുവാൻ വിഷമമുള്ള വിശ്വാസം മാത്രമല്ല ആധുനികവിശകലനപ്രതിപാദനരീതികളും, നൂതനങ്ങളായ ഗവേഷണപ്രസ്ഥാനങ്ങളും, വളരെ വിപുലീകൃതസ്വഭാവമുള്ള ചർച്ചകളും ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ മൗലികദൈവശാസ്ത്രം അസ്തിത്വപരവും, താത്ത്വികവും, ചരിത്രപരവും പ്രായോഗികവുമായ രീതികൾ (methods) അവലംബിക്കുന്നു.

മൗലികദൈവശാസ്ത്രത്തിൽ ചില അടിസ്ഥാന സങ്കല്പങ്ങളുണ്ട്. സംശയത്തിന് ഈ ദൈവശാസ്ത്രശാഖയിൽ സ്ഥാനമില്ല. മാത്രമല്ല യാഥാർത്ഥ്യത്തോട് വിമർശനപരമായ ഒരു നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. ഈ അടിസ്ഥാന സങ്കല്പത്തെപ്പറ്റി ബോധവാനായിക്കൊണ്ട് ഒരു മൗലികദൈവശാസ്ത്രജ്ഞൻ തന്റെ നിലപാട് ആധികാരികമായി വെളിപ്പെടുത്തുന്നു.

തന്നെപ്പറ്റിയും ഈ ലോകത്തെപ്പറ്റിയുമുള്ള ഒരുവന്റെ ജീവിതാനുഭവങ്ങളാണ് മൗലികദൈവശാസ്ത്രത്തിന്റെ രണ്ടാമത്തെ ഘടകം. ഈ മാധ്യമങ്ങളിലൂടെയാണ് ഒരുവൻ വെളിപാടു മനസ്സിലാക്കുന്നതും, സ്വീകരിക്കുന്നതും. മൗലികദൈവശാസ്ത്രം വെളിപാടിനു പ്രത്യുത്തരം നല്കുന്ന വിശ്വാസത്തെ അടിസ്ഥാനഘടകമായി സങ്കല്പിക്കുന്നുവെങ്കിൽ മനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ ഈ വെളിപാടിനെ സ്വീകരിക്കുവാനുള്ള വ്യവസ്ഥകളും സങ്കല്പിക്കുന്നു.





മൗലികദൈവശാസ്ത്രത്തിന്റെ മൂന്നാമത്തെ സങ്കല്പം വിശ്വാസവും, മനുഷ്യാനുഭവവും തമ്മിലുള്ള ആന്തരികബന്ധം വ്യക്തമാക്കുന്നതിന് യുക്തി (reason) ക്ക് കഴിയും എന്നതാണ്. വിശ്വാസത്തെ മാറ്റിനിറുത്താതെയും, നശിപ്പിക്കാതെയും അതിനൊരു ശാസ്ത്രീയവിശകലനം നല്കുവാൻ സാധിക്കുമെന്ന് ഉറച്ചു വിശ്വസിക്കുന്നു.

സഭ, കൂദാശകൾ തുടങ്ങിയ യാഥാർത്ഥ്യങ്ങൾ വിശദീകരിക്കുവാനുള്ള പരിശ്രമത്തിൽ മറ്റു ദൈവശാസ്ത്രശാഖകൾ വെളിപാട് ഉപയോഗപ്പെടുത്തുമ്പോൾ, മൗലികദൈവശാസ്ത്രം വെളിപാടിനെപ്പറ്റിത്തന്നെ പഠിക്കുന്നു. വെളിപാട്, വിശ്വാസം, പാരമ്പര്യം, ദൈവനിവേശനം തുടങ്ങിയ കാര്യങ്ങൾ ആധികാരികമായി പഠിപ്പിക്കുകയാണ് ഈ ശാസ്ത്രശാഖയുടെ ലക്ഷ്യം.

## താത്ത്വിക ദൈവശാസ്ത്രം (Systematic or Dogmatic Theology)

ദൈവത്തെപ്പറ്റിയും അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള സിദ്ധാന്തപര (theoreltical) മായ പഠനമാണ് ക്രമീകൃതദൈവശാസ്ത്രം അഥവാ താത്ത്വികദൈവശാസ്ത്രം. ആരംഭകാലങ്ങളിൽ മൗലിക ദൈവശാസ്ത്രത്തെ 'പൊതുതാത്ത്വികദൈവശാസ്ത്രം' (general dogmatic theology) എന്നുവിളിച്ചിരുന്നു. താത്ത്വിക ദൈവശാസ്ത്രത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾക്ക് 'പ്രത്യേക താത്ത്വിക' ദൈവശാസ്ത്രം (Special dogmatic theology) എന്നും പേരു നല്കിയിരുന്നു. എന്നാൽ ഇന്ന് ദൈവശാസ്ത്രത്തിൽ മൗലികദൈവശാസ്ത്രമെന്നും, താത്ത്വിക ദൈവശാസ്ത്രമെന്നുമുള്ള വേർതിരിവ് വ്യക്തമായിട്ടുണ്ട്.

### എന്താണ് താത്ത്വിക ദൈവശാസ്ത്രം

താത്ത്വിക ദൈവശാസ്ത്രശാഖകളാണ് ദൈവശാസ്ത്രത്തിലെ ഏറ്റവും കാതലായ ഭാഗം. അതുകൊണ്ട് ദൈവശാസ്ത്രത്തെപ്പറ്റിയുള്ള നിർവ്വചനംതന്നെ ഇതിനുള്ള നിർവ്വചനമായും പരിഗണിക്കാറുണ്ട്. വസ്തുനിഷ്ഠ (objectively) മായി നോക്കുമ്പോൾ ദൈവശാസ്ത്രം ദൈവത്തെപ്പറ്റിയുള്ള പഠനമാണല്ലോ. വ്യക്തിനിഷ്ഠ (Subjectively) മായി പറഞ്ഞാൽ ദൈവത്തെപ്പറ്റിയും ദൈവിക യാഥാർത്ഥ്യങ്ങളെപ്പറ്റിയുമുള്ള ഒരുവന്റെ അറിവാണിത്.

വെളിപാടിലധിഷ്ഠിതമായി, ദൈവത്തെപ്പറ്റിയും, ദൈവിക കാര്യങ്ങളെപ്പറ്റിയും വസ്തുനിഷ്ഠവും ക്രമീകൃതവുമായ രീതിയിൽ പ്രതിപാദിക്കുന്നതാണ് ദൈവശാസ്ത്രം. ദൈവത്തിന്റെ അസ്തിത്വത്തേയോ, സത്തയേയോപറ്റിയുള്ള ഏതാനും ചില കാര്യങ്ങൾ മാത്രമല്ല, ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട എല്ലാ സത്യങ്ങളും ഇവിടെ പഠനവിഷയമാക്കുന്നു. വിശ്വാസത്തിന്റെ ഉറവിടങ്ങളിൽ കാണുന്ന എല്ലാ സത്യങ്ങളും ദൈവശാസ്ത്രം പരിഗണിക്കുന്നു. ദൈവശാസ്ത്രത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്: “ദൈവശാസ്ത്രം ദൈവത്തെപ്പറ്റി പഠിപ്പിക്കുന്നു, ദൈവത്താൽ പഠിപ്പിക്കപ്പെടുന്നു. ദൈവത്തിലേയ്ക്കു നയിക്കുന്നു”വെന്ന്.

കത്തോലിക്കാ ദൈവശാസ്ത്രമെന്നു പറയുന്നത് ഗണിതശാസ്ത്രമോ തത്ത്വശാസ്ത്രമോപോലുള്ള ഒന്നല്ല. പ്രത്യുത, സ്വഭാവത്താൽതന്നെ ആധികാരികമായിട്ടുള്ള ഒന്നാണ്. വിശ്വാസത്തിന്റെ രഹസ്യാത്മകതയിലും, വെളിപാടിന്റെ ആധികാരികതയിലും, ഈശോയാൽ സ്ഥാപിക്കപ്പെട്ട സഭയുടെ തെറ്റാവരത്താലും അധിഷ്ഠിതമാണ് ഈ ദൈവശാസ്ത്രത്തിന്റെ അദ്ധ്യാപനം. വിശ്വാസത്തിന്റെ ഉൾക്കാമ്പ് സമ്പൂർണ്ണമായി സൂക്ഷിക്കുകയും തെറ്റുപറ്റാതെ അതു പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് സഭയുടെ ദൗത്യം. സഭാത്മകമായ ഈ മാനം ദൈവശാസ്ത്രത്തിന്റെ സ്വഭാവത്തിൽനിന്നും നിർഗളിക്കുന്നതാണ്. വെളിപാടിന്റെ അസ്തിത്വവും വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ തെറ്റുപറ്റാതെ സൂക്ഷിക്കുവാനും പഠിപ്പിക്കുവാനുമുള്ള ചുമതലയും സഭയുടേതാണെന്ന് അംഗീകരിക്കാതെ തരമില്ല. ഒരു കത്തോലിക്കനെ സംബന്ധിച്ചിടത്തോളം സഭയെ കൂടാതെയുള്ള ദൈവശാസ്ത്രം ദൈവത്തെ കൂടാതെയുള്ള ദൈവശാസ്ത്രത്തിനു തുല്യമാണ്. സഭയിലും, സഭയിലൂടെയുമാണ് നാം ദൈവത്തെ കാണുന്നതും, അറിയുന്നതും, അനുഭവിക്കുന്നതും. അതുകൊണ്ട് താത്ത്വിക ദൈവശാസ്ത്രത്തെ, ദൈവത്തെപ്പറ്റിയും അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള താത്ത്വികവും ശാസ്ത്രീയവുമായ അവതരണമെന്നു നിർവ്വചിക്കാം.

## താത്ത്വികദൈവശാസ്ത്രശാഖയിലെ ഉപശാഖകൾ

### പരി. ത്രിത്വം (Holy Trinity)

പരി. ത്രിത്വത്തെക്കുറിച്ചുള്ള പഠനമാണ് താത്ത്വികദൈവശാസ്ത്രത്തിൽ ആദ്യത്തെ ഘടകം. ദൈവം ത്രിത്വമാണെന്ന യാഥാർത്ഥ്യമാണ് ഇവിടെ പ്രത്യേകമായും പഠനവിഷയമാക്കുന്നത്. പഴയനിയമത്തിൽ ദൈവത്തിന്റെ സ്വഭാവം പല വിധത്തിലും കാലാകാലങ്ങളിൽ വെളിപ്പെടുത്തപ്പെട്ടുവെങ്കിലും ദൈവം ത്രിത്വമാണെന്ന കാര്യം അവിടെ അത്ര വ്യക്തമല്ല. പുതിയ നിയമത്തിലാണ് ദൈത്തിന്റെ വെളിപാട് പൂർണ്ണമാകുന്നത്. ദൈവം ത്രിത്വമാണെന്ന





പ്രസ്താവന പുതിയനിയമത്തിൽ ഒരിടത്തും നാം കാണുന്നില്ലെങ്കിലും ദൈവം ത്രിത്വമാണെന്ന യാഥാർത്ഥ്യം അവിടെ വ്യക്തമാണ്. ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടിയ ഒരു പൂർണ്ണകൂട്ടായ്മയാണ്. ഈ ബന്ധത്തിന് ‘പെരിക്കൊറേസിസ്’ (Perichoresis) എന്നു പറയുന്നു. ഈ ദൈവാനുഭവം കൂടുതലായും സഭാപിതാക്കൻമാരുടെ ഗ്രന്ഥങ്ങളിലൂടെയാണ് വ്യക്തമാക്കപ്പെട്ടത്. ദൈവം മൂന്നു വ്യക്തികളുടെ കൂട്ടായ്മണെന്നും ദൈവത്തിൽ ഏകസ്വഭാവമാണുള്ളതെന്നും സഭയിലെ ആദ്യകാല സാർവ്വത്രിക സൂനഹദോസുകൾ വ്യക്തമാക്കി. അപ്രകാരം ത്രിയേകദൈവം ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രബിന്ദുവും സഭയുടെ വിശ്വാസ സത്യവുമായി. ശരിയായിട്ടുള്ള ദൈവശാസ്ത്രവീക്ഷണത്തിനും വിചിന്തനത്തിനും ദൈവം ത്രിത്വമാണെന്ന കാഴ്ചപ്പാട് കൂടിയേ തീരൂ. എന്നാൽ മദ്ധ്യകാലഘട്ടങ്ങളിൽ ദൈവം ത്രിത്വമാണെന്ന ആശയം ഒരു പരിധിവരെ വിസ്മരിക്കപ്പെട്ടു. അതിന്റെ ഫലമായി ഈ ദൈവശാസ്ത്രശാഖയിൽ പല വ്യതിചലനങ്ങളും ഉണ്ടായി. ഉദാഹരണമായി Patromonism (പിതാവിന് കൂടുൽ ഊന്നൽ കൊടുക്കുന്നു) Christo monisam (മിശിഹായ്ക്കു അധികമായ ഊന്നൽ) Pneumatomonism (പ.റൂഹായ്ക്കു കൂടുതൽ ഊന്നൽ) Filioque വിവാദം (പ. റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു - പാശ്ചാത്യ ദൈവശാസ്ത്ര ചിന്താഗതിയാണിത്) തുടങ്ങിയവയെല്ലാം. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ “ത്രിയേകദൈവ” ശാസ്ത്രം വീണ്ടും ശക്തമായി പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. വളരെയേറെ എക്യുമെനിക്കൽ പ്രാധാന്യമുള്ള ഒരു വിഷയം കൂടിയാണ് ‘ത്രിയേകദൈവശാസ്ത്രം. ഈ ത്രിയേകദൈവശാസ്ത്രത്തെ താത്ത്വികദൈവശാസ്ത്രത്തിന്റെ സിരാകേന്ദ്രമെന്നും വിളിക്കാം. ഇന്നു ദൈവശാസ്ത്രത്തിൽ വന്നിട്ടുള്ള ശരിയായ പല വീക്ഷണങ്ങളുടേയും മൂലകാരണം ദൈവം ത്രിത്വമാണെന്നുള്ള ബോദ്ധ്യമാണ്.

### സൃഷ്ടി (Creation)

ദൈവത്തെപ്പറ്റിയുള്ള ചിന്ത കഴിഞ്ഞാൽ സൃഷ്ടിയെപ്പറ്റിയാണ് അടുത്ത ചിന്ത. സൃഷ്ടിയുടെ അർത്ഥമെന്ത്? ദൈവം എന്തുകൊണ്ടു ലോകത്തെ സൃഷ്ടിച്ചു? ഈ രണ്ടു കാര്യങ്ങളാണ് ഇവിടെ കൂടുതലായി പ്രതിപാദിക്കപ്പെടുന്നത്. ഇതു മനുഷ്യശാസ്ത്ര (anthropology) വുമായി ഏറെ ബന്ധപ്പെട്ട ഒരു കാര്യമാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധം ഈ ദൈവശാസ്ത്രശാഖയിലെ അടിസ്ഥാനപരമായ പഠനവിഷയമാണ്. ഇല്ലായ്മയിൽനിന്നു (out of nothing) ദൈവം എല്ലാം സൃഷ്ടിച്ചു എന്നതാണ് ഇവിടുത്തെ കാതലായ ചിന്താവിഷയം.

## സഭാവിജ്ഞാനീയം (Ecclesiology)

സഭ എന്താണെന്നും, സഭയുടെ ആത്യന്തിക ലക്ഷ്യമെന്താണെന്നും ഇവിടെ പഠനവിഷയമാക്കുന്നു. ഇന്നു സഭയെക്കുറിച്ചു പഠിക്കുക സഭയെപ്പറ്റിയുള്ള 2-ാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണത്തിന്റെ വെളിച്ചത്തിലാണ്. സഭ എന്നു പറഞ്ഞാൽ ദൈവജനം, മിശിഹായുടെ ഭൗതികശരീരം, പരി. റൂഹായുടെ ആലയം എന്നൊക്കെയാണർത്ഥം. അതേസമയം ഈ സഭ മിശിഹായുടെ കൂദാശയുമാണ്. സഭയുടെ വി. ഗ്രന്ഥാടിസ്ഥാനം, ദൈവശാസ്ത്രപരമായ അടിസ്ഥാനം എന്നീ കാര്യങ്ങൾ സഭയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇന്നു സഭയിലൂടെ പ്രവർത്തിക്കുന്നത് ഈശോയും പരി. റൂഹായുമത്രേ. സഭ ഒരു സംഘടനയോ, പ്രസ്ഥാനമോ അല്ല പ്രത്യുത, ദൈവികമേഖലയാണ്. സഭയെപ്പറ്റിയുള്ള കൗൺസിലിന്റെ ഏറ്റവും വലിയ കാഴ്ചപ്പാട് സഭ ഒരു കൂട്ടായ്മയാണെന്നുള്ളതാണ്. കുറച്ചുകൂടി വിശദമായി പറഞ്ഞാൽ, സഭ അനേകം സഭകളുടെ, പാശ്ചാത്യപൗരസ്ത്യ സഭകളുടെ, കൂട്ടായ്മയാണ്. മൂന്നെങ്കിലും ഒന്നായിരിക്കുന്ന ദൈവത്തിലുള്ള കൂട്ടായ്മയുടെ പ്രതിഫലനമാണു സഭ. 'സഭ' എന്നുപറയുമ്പോൾ അത് അനേകം മാനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. പ്രാദേശികസഭ (Local Church) പ്രത്യേകസഭ (Particular Church) വ്യക്തിസഭ (Individual Church), സഹോദരീസഭ (Sister Church) തുടങ്ങിയവയാണവ. സാർവ്വത്രികസഭ (Universal Church) എന്നുപറയുന്നത്, ഈ പ്രാദേശികസഭകളിലും പ്രത്യേകസഭകളിലും നിന്നുമാണ് ഉടലെടുക്കുക. സഭയിലെ കൂട്ടായ്മ ഏറ്റവും പ്രധാനമായി മൂന്നു കാര്യങ്ങളിലുള്ളതാണ്: വിശ്വാസം, കൂദാശകൾ, ഹയരാർക്കി. ഈ കൂട്ടായ്മ ഒരിക്കലും ഐകരൂപ്യം കാംക്ഷിക്കുന്നില്ല. മേൽപറഞ്ഞവയിലൂടെ സഭകൾ ഐക്യപ്പെട്ടിരുന്നുവെങ്കിലും ഓരോ സഭയും അതിന്റേതായ ശ്ലൈഹികപാരമ്പര്യം, ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ഭരണക്രമം എന്നിവയിലൂടെ അതിന്റെ വ്യതിരിക്തതയും വൈവിധ്യവും പ്രകടമാക്കുന്നു. സഭയിലെ ഐക്യം വൈവിധ്യത്തിലെ ഐക്യമാണ്. കത്തോലിക്കാവിശ്വാസത്തിൽ നില്ക്കുന്ന സഭകളെല്ലാം തമ്മിൽ പൂർണ്ണമായ കൂട്ടായ്മയുണ്ട്. കത്തോലിക്കാസഭയും അകത്തോലിക്കാസഭയും തമ്മിലും കൂട്ടായ്മയുണ്ട്. പക്ഷേ, അത് അപൂർണ്ണമാണ്. അതുകൊണ്ട് എക്യുമെനിസം (സഭൈക്യം) സഭാശാസ്ത്രത്തിന്റെ തന്നെ ഒരു ഭാഗമാകുന്നു. സഭയിലെ കൗൺസിലുകൾ, മെത്രാന്മാരുടെ സംഘാതാത്മകത, വി.കുർബ്ബാന എന്നിവയെല്ലാം സഭയുടെ കൂട്ടായ്മയുടെ തനിമ വ്യക്തമാക്കുന്ന യഥാർത്ഥ്യങ്ങളത്രേ. മേല്പറഞ്ഞകാര്യങ്ങൾ കൂടാതെ സഭയുടെ പ്രേഷിത സ്വഭാവം, സഭയിലെ അധികാരം, സഭയും ലോകവും തമ്മിലുള്ള ബന്ധം തുടങ്ങിയവയെല്ലാം ഇവിടെ





പഠനവിഷയമാകുന്നു. സഭയുടെ അടിസ്ഥാഗുണവിശേഷങ്ങളായ ഏകത്വം കാതോലികത്വം, ശ്ലൈഹികത്വം വിശുദ്ധി തുടങ്ങിയ യാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള ദൈവശാസ്ത്രപരമായ സമീപനം സഭയുടെ സ്വഭാവത്തെ വെളിവാക്കും. സഭയുടെ തീർത്ഥാടന സ്വഭാവം, യുഗാന്ത്യോന്മുഖമായ പ്രയാണം എന്നിവയും പരിചിന്തനവിധേയമാക്കേണ്ടവിഷയങ്ങളാണ്.

## ക്രിസ്തുവിജ്ഞാനിയം (Christology)

ക്രിസ്തു കേന്ദ്രീകരിച്ചുകൊണ്ടുള്ള ദൈവശാസ്ത്രശാഖയാണിത്. മദ്ധ്യകാലഘട്ടങ്ങളിലെല്ലാം മിശിഹാവിജ്ഞാനിയം, മിശിഹായുടെ വ്യക്തിത്വത്തെയും സ്വഭാവങ്ങളെയും (ദൈവ-മനുഷ്യ) പറ്റിയുള്ള ഒരു പഠനം മാത്രമായി ചുരുങ്ങിയിരുന്നു. എന്നാൽ ഇന്ന് മിശിഹാവിജ്ഞാനിയം വേറൊരു പന്ഥാവിൽ എത്തിയിരിക്കുകയാണ്. എല്ലാ ദൈവശാസ്ത്രജ്ഞൻമാരും ഇന്നു ചരിത്രപുരുഷനായ ഈശോയ്ക്ക് (Historical Jesus) ഏറെ പ്രാധാന്യം കൊടുക്കുന്നു. യഹൂദനായി പിറന്ന, മനുഷ്യനായി ജീവിച്ച ഈശോയാണ് ഇവിടെ പ്രാധാനം. അതിനുശേഷമാണ് വിശ്വാസത്തിലുള്ള ഈശോയ്ക്ക് (Christ of faith) ഊന്നൽ. അതായത് വിവിധ ക്രൈസ്തവപാരമ്പര്യങ്ങളിൽ, വിവിധ സുവിശേഷങ്ങളിൽ ക്രിസ്തുവിനെപ്പറ്റിയുള്ള ധാരണയും വിശ്വാസവും എപ്രകാരം വളർന്നു എന്നുള്ള കാര്യം. ഈശോയുടെ സന്ദേശം, വ്യക്തിത്വം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയെല്ലാം ഇവിടെ പഠനവിഷയമാകുന്നു.

മിശിഹാവിജ്ഞാനീയത്തിലെ മറ്റൊരു സുപ്രധാനശാഖയാണ് ഡോഗ്മാറ്റക് മിശിഹാവിജ്ഞാനീയം. സഭയുടെ ആരംഭകാലം മുതൽ ദൈവശാസ്ത്രത്തിൽ അലക്സാണ്ഡ്രിയായിലെ ദൈവശാസ്ത്രപാഠശാല (Alexandrian School)യും അന്ത്യോക്യായിലെ ദൈവശാസ്ത്രപാഠശാല (Antiochean School)യും നിസ്സിബിയാ, എദേസ്സാ (Nisibian, Edessan) പാഠശാലകളും തങ്ങളുടേതായ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ ദൈവശാസ്ത്രത്തിന് രൂപംകൊടുത്തിരുന്നു. മിശിഹാ വിജ്ഞാനീയത്തിൽ ഇതു വളരെ ശക്തമായി അനുഭവപ്പെടുകയും ചെയ്തിരുന്നു. എഫേസൂസ്, കാത്സിഡോൺ തുടങ്ങിയ കൗൺസിലുകളിലൂടെ ഈശോയിൽ ഏകവ്യക്തിയും (ദൈവികം) ഇരുസ്വഭാവങ്ങളും (ദൈവ-മനുഷ്യ) ഉണ്ടെന്നു സമർത്ഥിച്ചു. ഇതാണ് മിശിഹാവ്യക്തിത്വത്തിന്റെ അനന്യത. ഇതിന്റെ വെളിച്ചത്തിൽ (hypostatic union) ഹ്യുപ്പോസ്റ്റാറ്റിക് യൂണിയൻ (two wills) രണ്ടു മനസ്സുകൾ (two activities) രണ്ടു പ്രവർത്തനങ്ങൾ (cross predication) ദൈവമനുഷ്യ സ്വഭാവങ്ങൾ തമ്മിലുള്ള ബന്ധം (impecability) പാപമില്ലാത്ത അവസ്ഥ തുടങ്ങിയവയെല്ലാം

പഠനവിധേയമാകുന്നു. ചരിത്രത്തിലൂടെയും, വി. ഗ്രന്ഥത്തിലൂടെയും ഡോഗ്മായിലൂടെയും വളർന്ന മിശിഹാവിജ്ഞാനീയം ഇന്ന് അനേകം തരത്തിലുള്ള ദൈവശാസ്ത്രവിചിന്തനങ്ങൾക്ക് വിഷയ മായിത്തീർന്നിരിക്കുന്നു. അതാണ് ആധുനിക മിശിഹാവിജ്ഞാനീ യം. വിമോചനദൈവശാസ്ത്രം ഉൾപ്പെടെ ദൈവശാസ്ത്രത്തിൽ വന്നിട്ടുള്ള നൂതനചിന്താധാരകളെല്ലാം മിശിഹാവിജ്ഞാനീയത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഫലമാണ്. അവസാനമായി രക്ഷയെക്കു റിച്ചുള്ള ദൈവശാസ്ത്രവും ശരിയായിട്ടുള്ള മിശിഹാവിജ്ഞാനീ യത്തിനു മകുടം ചാർത്തുന്ന ഭാഗമാണെന്നു പറയാം. ഈശോ എന്ന വ്യക്തിയെ അവിടുത്തെ പ്രവൃത്തികളിൽനിന്നു നമുക്കു വേർതിരിച്ചുകാണാൻ പറ്റില്ല. നസ്രത്തിലെ ഈശോ നമ്മുടെ രക്ഷ കൻ (Saviour) ആണ് എന്നു നമ്മൾ വിശ്വസിക്കുകയും ഏറ്റുപറയു കയും ചെയ്യുമ്പോഴാണ് മിശിഹാവിജ്ഞാനീയം പൂർണ്ണമാകുന്ന ത്. ഈശോയുടെ പീഡാസഹനത്തിന്റേയും കുരിശുമരണത്തി ന്റേയും രക്ഷാകരമൂല്യത്തിന് ഇവിടെ കൂടുതൽ പ്രാധാന്യം നല്കുന്നു.

### പരിശുദ്ധ റൂഹാവിജ്ഞാനീയം (Pneumatology)

പരിശുദ്ധ റൂഹായെപ്പറ്റിയുള്ള ദൈവശാസ്ത്രപഠനമാണിത്. പൗരസ്ത്യസഭകളിലാണ് ഇതിന് ഏറെ പ്രാധാന്യം കിട്ടിയത്. പരി ശുദ്ധ റൂഹായെ വെറും ഒരു ശക്തിയായി കാണാതെ ദൈവത്തിലെ മൂന്നാമത്തെ വ്യക്തിയായി ഈ ശാസ്ത്രശാഖ കാണുന്നു. അർത്ഥ വത്തായ ഒരു ത്രിയേക ദൈവവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മാത്രമേ റൂഹായെപ്പറ്റിയുള്ള പഠനം സുഗ്രഹമാകൂ. Filioque വിവാ ദത്തിന്റെ (പാശ്ചാത്യ ദൈവശസ്ത്രചന്താഗതിയനുസരിച്ച് പ. റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു. പൗരസ്ത്യചി ന്താഗതിയനുസരിച്ച് പിതാവിൽനിന്ന് പുത്രനിലൂടെ പ. റൂഹാ പുറ പ്പെടുന്നു. ഈ വ്യത്യസ്ത വീക്ഷണങ്ങളാണ് വിവാദങ്ങൾക്കു കാര ണമായത്) പശ്ചാത്തലത്തിൽ ശരിക്കും പരിശുദ്ധ റൂഹാ കേന്ദ്രിത മായ ഒരു ദൈവശാസ്ത്രം അവശ്യാവശ്യകമാണെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാർ എടുത്തുകാണിക്കുന്നു. അതുകൊണ്ട് ഇതിനെ റൂഹായുടെ വരങ്ങളേയും ദാനങ്ങളേയുംപറ്റിയുള്ള ഒരു പഠനമായിമാത്രം കാണുന്നത് ഒരിക്കലും ശരിയായിരിക്കില്ല. പിന്നെയോ ദൈവശാസ്ത്രത്തിൽ അടിസ്ഥാനപരമായി സ്വീകരി ക്കേണ്ട ഒരു സമീപനമായി ഇതിനെ കണക്കിലെടുക്കണം. ദൈവ ത്തിലെ മൂന്നാമാളിനെക്കുറിച്ചുള്ള ഒരു പഠനം മാത്രവുമല്ലിത്. പ്രത്യുത ദൈവശാസ്ത്രത്തിന്റെതന്നെ തനിമയെ വെളിവാക്കുന്ന നിർണ്ണായകമായ ശാസ്ത്രശാഖയാണിത്. ആധുനിക ദൈവശാ സ്ത്രത്തിലെ Pneuma - Christ ഈ അരൂപി ദൈവശാസ്ത്രത്തിന്റെ വികാസഫലമാണ്. ഈ വീക്ഷണമനുസരിച്ച് പരിശുദ്ധ റൂഹായെ





കൂടാതെ മിശിഹായോ മിശിഹായെ കൂടാതെ പരിശുദ്ധ റൂഹായോ ഇല്ല.

### കൃപാവരം (Grace)

അർത്ഥവത്തായ ഒരു ത്രിയേകദൈവശാസ്ത്രത്തിന്റെ വെളിച്ച ത്തിൽ വേണം നാം കൃപാവരത്തെ കാണുവാൻ. ഉത്ഥിതനായ മിശി ഹായുടെ അരൂപിവഴിയുള്ള ക്രൈസ്തവനീതീകരണം ഇവിടെ പഠ നവിഷയമാകുന്നു. ക്രൈസ്തവൻ റൂഹായുടെ ആലയമാണ്. റൂഹാ യുടെ പ്രവർത്തനം വഴി ഒരു മനുഷ്യനിലുണ്ടാകുന്ന മാനസാന്ത രം, ഒരു ക്രൈസ്തവന്റെ അരൂപിയിലുള്ള ജീവിതം, റൂഹായുടെ പ്രേരണകൾ ദൈവാരൂപിയോടുള്ള വിധേയത്വം തുടങ്ങി യവയൊക്കെ ഇവിടെ ചർച്ചാവിഷയങ്ങളാണ്. റൂഹായുടെ കൃപാ വരം എന്നു പറയുന്നത് അടിസ്ഥാനപരമായും ത്രിയേക ദൈവകേ ന്ദ്രിതവും, മിശിഹാകേന്ദ്രിതവുമാണ്. അതിനാൽ ആത്യന്തികമായി ചിന്തിക്കുമ്പോൾ കൃപാവരം ദൈവത്തിന്റെ കൃപാവരമാണ്.

### കൂദാശകൾ (Sacraments)

ക്രൈസ്തവദൈവശാസ്ത്രത്തിൽ കൂദാശകളെക്കുറിച്ചുള്ള പഠ നത്തിന് ഏറെ പ്രസക്തിയുണ്ട്. കൂദാശകളുടെ വി. ഗ്രന്ഥാടിസ്ഥാ നം, കൂദാശകൾ ഈശോ നേരിട്ടു സ്ഥാപിച്ചവയാണോ? ഏഴു കൂദാ ശകൾ എന്ന്, എങ്ങനെ ഉണ്ടായി? തുടങ്ങിയ കാര്യങ്ങളെല്ലാം ഈ ദൈവശാസ്ത്ര ശാഖയിലെ അടിസ്ഥാനപരമായ പരിചിന്തനവി ഷയങ്ങളാണ്. ഈശോ കൂദാശകൾ സ്ഥാപിച്ച വിധത്തെപ്പറ്റി ഇന്നു ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ വലിയ തർക്കമുണ്ട്. പലവി ധത്തിലുള്ള സിദ്ധാന്തങ്ങളും ഇതിനോടനുബന്ധിച്ചു രൂപപ്പെട്ടിരി ക്കുന്നു. കത്തോലിക്കാസഭ ഏഴു കൂദാശകൾ ഇന്നും അഭംഗുരം കാത്തു സൂക്ഷിക്കുകയും പരികർമ്മം ചെയ്യുകയും ചെയ്യുന്നു. പാശ്ചാത്യപൗരസ്ത്യസഭകൾ തമ്മിൽ ഈ കൂദാശകളുടെ അനു ഷ്ഠാനത്തിലും അതിന്റെ പിന്നിലെ ദൈവശാസ്ത്ര സമീപനത്തിലും കാതലായ വ്യത്യാസമുണ്ട്. ഏഴു കൂദാശകൾ ഇന്ന് കത്തോലിക്കാ കൂട്ടായ്മയുടെ ഒരു പ്രധാനഘടകമായി നിലകൊള്ളുന്നു (ഇതര ഘടകങ്ങൾ വിശ്വാസം, ഹയരാർക്കി എന്നിവയാണ്). ഈ കൂദാശ കളിലെല്ലാമുള്ള ഈശോയുടെ സാന്നിധ്യത്തിന്റെ പ്രകൃതം എന്ത് എന്നതാണ് മറ്റൊരു ചിന്താവിഷയം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആവിർഭാവത്തോടെ കൗദാശികദൈവശാസ്ത്രം വീണ്ടും ആഴത്തിൽ പഠനവിഷയമായി. അതോടെ കൗദാശികപ ദ്ധതി (Sacramental Economy) യുടെ പ്രാധാന്യം ഊന്നിപ്പറയുവാൻ തുടങ്ങി. ഈശോ അടിസ്ഥാനകൂദാശയായും സഭ രക്ഷയുടെ സാർവ്വത്രികകൂദാശയായും ആധുനികദൈവശാസ്ത്രത്തിൽ സ്ഥാനംപിടിച്ചു. അദൃശ്യനായ ദൈവത്തെ ദൃശ്യനാക്കിത്തന്ന

ഈശോ ദൈവത്തിന്റെ കൂദാശയാണ്. ഈശോയുടെ ഉത്ഥാനത്തിനുശേഷം അവിടുന്നു നമുക്ക് അദൃശ്യനാണ്. എന്നാൽ അദൃശ്യനായ ഈശോയെ ഇന്നു സഭയാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ട് സഭയെ ഈശോയുടെ കൂദാശ എന്നും വിളിക്കുന്നു.

എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ കൂദാശകളുടെ നേർക്കുള്ള സമീപനം ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ആധുനികകാലത്തുവിവിധസഭകൾ തമ്മിൽ നടത്തിയ എക്യുമെനിക്കൽ സമ്മേളനങ്ങളുടെയെല്ലാം തന്നെ ചർച്ചാവിഷയം കൂദാശകളായിരുന്നു. പാശ്ചാത്യസഭയും, പൗരസ്ത്യസഭയും തമ്മിൽ സമ്മേളിക്കുമ്പോൾ ഇരുസഭകളുടെയും കൂദാശകളെക്കുറിച്ചുള്ള ദൈവശാസ്ത്രവീക്ഷണത്തിലെ വ്യത്യാസങ്ങളും ലത്തീൻ കത്തോലിക്കാസഭയും അതിൽ നിന്നു വേർതിരിഞ്ഞ പാശ്ചാത്യക്രൈസ്തവസഭകളും തമ്മിൽ സമ്മേളിക്കുമ്പോൾ വേർപിരിഞ്ഞവരുടെ കൗദാശിക ദൈവശാസ്ത്രത്തിന്റെ അപൂർണ്ണതയും സഭകൾ തമ്മിലുള്ള ഐക്യത്തിൽ പ്രശ്നമായി നില്ക്കുന്നുണ്ട്.

ഏഴു കൂദാശകളെപറ്റിയുള്ള പ്രത്യേകമായ പഠനം അവയുടെ ആരാധനക്രമപരവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലത്തിൽ വേണം നടത്തുവാൻ. എങ്കിൽ മാത്രമേ സമഗ്രമായ ഒരു കാഴ്ചപ്പാട് അവയെക്കുറിച്ച് ലഭ്യമാകൂ.

**മാലാഖമാരെയും പിശാചുക്കളെയും കുറിച്ചുള്ള വിജ്ഞാനീയം (Angelology and Devilology)**

മദ്ധ്യകാലഘട്ടങ്ങളിൽ ഈ രണ്ടു ശാഖകൾക്കും ഏറെ പ്രാധാന്യം കൊടുത്തിരുന്നു. എന്നാൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ പ്രാധാന്യം കുറഞ്ഞതോടുകൂടി ദൈവശാസ്ത്രത്തിൽ ഇവയുടെ പ്രാധാന്യവും കുറഞ്ഞു.

**മരിയവിജ്ഞാനീയം (Mariology)**

മാതാവ് എന്ന വ്യക്തി, ദൈവമാതൃത്വം എന്നിവയാണ് മരിയോളജിയിലെ സുപ്രധാനമായ ചർച്ചാവിഷയങ്ങൾ. തെയോതോക്കോസ് (Theotokos) (ദൈവമാതാവ്), ക്രിസ്റ്റോതോക്കോസ് (Christokos) തുടങ്ങിയ പദങ്ങളെപ്പറ്റിയുള്ള വാഗ്വാദങ്ങളും ഇവയെപ്പറ്റിയുള്ള സഭാപിതാക്കൻമാരുടെ നിലപാടുകളും പ്രാധാന്യമർഹിക്കുന്നു. മാതാവിന്റെ നിത്യകന്യകാത്വമാണ് മറ്റൊരു ചിന്താവിഷയം. പ. മറിയത്തിന്റെ കന്യാത്വം, രക്ഷണീയകർമ്മത്തിലും സഭയിലും മറിയത്തിനുള്ള സ്ഥാനം തുടങ്ങിയവയെക്കുറിച്ച് വി.ഗ്രന്ഥകാരന്മാരും, സഭാപിതാക്കൻമാരും പരിശുദ്ധ മാർപാപ്പാമാരും രണ്ടാം വത്തിക്കാൻ സൂനഹദോസും എപ്രകാരം മനസ്സിലാക്കി എന്നുള്ള പഠനമാണ് ഇതിന്റെ ഉള്ളടക്കം.





മാതാവും സഭയും തമ്മിലുള്ള ബന്ധം ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഏറെ പ്രധാനപ്പെട്ടതാണ്. അതുപോലെതന്നെ മാതാവിന് മനുഷ്യരക്ഷയിലുള്ള പങ്ക്, മാതാവിനോടു മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നതിലുള്ള പ്രസക്തി തുടങ്ങിയവയൊക്കെ മരിയോളജിയിലെ ശ്രദ്ധേയമായ വിഷയങ്ങളത്രേ. മാതാവിന്റെ അമലോത്ഭവം, സ്വർഗ്ഗാരോപണം തുടങ്ങിയ ഡോഗ്മകളും ഈ ശാസ്ത്രശാഖയിൽ പ്രാധാന്യമർഹിക്കുന്നു. ആധുനികദൈവശാസ്ത്രത്തിൽ മാതാവിനെ കേന്ദ്രമാക്കിയുള്ള ധാരാളം ഭക്താഭ്യാസങ്ങൾ അപ്രത്യക്ഷമാവുകയും അതേസമയം ചില ദൈവശാസ്ത്രാഭിമുഖ്യങ്ങൾക്ക്-ഉദാഹരണത്തിന് സഭയും മാതാവും തമ്മിലുള്ള ബന്ധം - പ്രാധാന്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം (Eschatology)**

ക്രൈസ്തവാസ്തിത്വം തന്നെ യുഗാന്ത്യോന്മുഖ വീക്ഷണത്തിൽ വേണം നോക്കിക്കാണാൻ. ദൈവശാസ്ത്രപരമായി ചിന്തിക്കുമ്പോൾ സഭാപിതാക്കന്മാരിലും, സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിലും, ആരാധനക്രമങ്ങളിലും അന്ത്യത്തെപ്പറ്റിയുള്ള ചിന്ത എപ്രകാരം കടന്നുകൂടി, എന്തുമാത്രം ഉണ്ട് എന്നതൊക്കെ പരിഗണിക്കേണ്ട വസ്തുതകളാണ്. വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ യഹൂദപാരമ്പര്യത്തിൽ വളർന്നുവന്ന പഴയനിയമത്തിലെ യുഗാന്ത്യോന്മുഖ കാഴ്ചപ്പാടും പുതിയനിയമത്തിലെ ഓരോ ഗ്രന്ഥകർത്താവിന്റേയും യുഗാന്ത്യോന്മുഖ വീക്ഷണവും ഏറെ പ്രധാനപ്പെട്ട കാര്യങ്ങളത്രേ. ഡോഗ്മാറ്റിക് ദൈവശാസ്ത്രത്തിന്റെ മണ്ഡലത്തിൽ നിന്നു ചിന്തിക്കുമ്പോൾ അന്ത്യനാളുകൾ, മരണം, ഉയിർപ്പ്, വിധി, സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം, പാതാളം തുടങ്ങിയവയെപ്പറ്റിയുള്ള സഭയുടെ ഔദ്യോഗികനിലപാടുകളാണ് ഇതിന്റെ പഠന വിഷയമായി വരിക. ആധുനിക ദൈവശാസ്ത്രത്തിൽ യുഗാന്ത്യോന്മുഖ സമീപനമെന്ന രീതിക്ക് ഏറെ പ്രാധാന്യം കിട്ടിക്കൊണ്ടിരിക്കുകയാണ്. കാരണം മനുഷ്യനെ ലക്ഷ്യോന്മുഖനാക്കി നയിക്കുന്നതിനും തന്റെ അന്ത്യത്തെപ്പറ്റി കൂടുതൽ ബോധവാനാക്കുന്നതിനും ഇതു സഹായിക്കും. എന്നാൽ മേല്പറഞ്ഞ യുഗാന്ത്യോന്മുഖ വിഷയങ്ങളോടുള്ള സഭയുടെ ഔദ്യോഗികനിലപാടും ആധുനിക ദൈവശാസ്ത്രജ്ഞൻമാരുടെ നിലപാടുകളും തമ്മിൽ ഏറെ വ്യത്യാസങ്ങളുണ്ട്.

# 02

## ക്രിസ്തീയ ദൈവശാസ്ത്രം: ചരിത്രത്തിലൂടെ

ലോകചരിത്രത്തെത്തന്നെ രണ്ടായി വിഭജിച്ച മിശിഹാസംഭവം നവലോകസൃഷ്ടിയുടെ നാന്ദികുറിക്കലാണല്ലോ. ക്രിസ്തീയ ദൈവവിജ്ഞാനീയത്തിന്റെ ഉത്ഭവവും ഇവിടെനിന്നുതന്നെ. ലോകത്തിൽ അവതീർണ്ണനായ വചനം, തന്റെ ജീവിത മരണോത്ഥാനങ്ങളിലൂടെ മനുഷ്യരക്ഷ സാധിച്ച മിശിഹാസംഭവം, അതോടു ചേർന്നുള്ള ആദിമക്രൈസ്തവ സമൂഹത്തിന്റെ ഉത്ഭവം, സുവിശേഷങ്ങളുടെ രചന, ഇതിനെല്ലാം പശ്ചാത്തലമായി നില്ക്കുന്ന പഴയനിയമം എന്നിവയൊക്കെ ദൈവശാസ്ത്രത്തിന് "ഊടും പാവും" നൽകിയ സത്യങ്ങളാണ്. അതിനാൽ ദൈവശാസ്ത്രത്തിന്റെ ഉത്ഭവകാലമേതെന്നു ക്ലിപ്തമായി പറയാൻ പ്രയാസമുണ്ട്. വി. ഗ്രന്ഥത്തിലെ പുതിയ നിയമത്തിന്റെയും ആദിമസഭയുടെയും കാലഘട്ടങ്ങളെ സംയോജിപ്പിച്ച് ദൈവശാസ്ത്രവളർച്ചയുടെ ആദ്യകാലഘട്ടത്തിലേക്കു നമുക്കു കടന്നുചെല്ലാം.

### 1. സുവിശേഷകന്മാർ ദൈവശാസ്ത്രജ്ഞന്മാർ

വി. ഗ്രന്ഥം എന്നു പറയുന്നത് ദൈവശാസ്ത്രത്തിന്റെ ഒരു കേവല ഉറവിടം മാത്രമല്ല, ദൈവശാസ്ത്ര വിചിന്തനങ്ങൾ തന്നെയാണ്. ഈശോയാകുന്ന രഹസ്യം ശിഷ്യന്മാരും ആദിമവിശ്വാസികളും മനസ്സി





ലാക്കിയതിന്റെ സാക്ഷ്യങ്ങളാണ് സുവിശേഷങ്ങളും ലേഖനങ്ങളും. ദൈവശാസ്ത്രം വിശ്വാസത്തിന്റെ ശാസ്ത്രമാണ്, വിശ്വാസത്തിന്റെ വ്യാഖ്യാനമാണ്. ഈ അർത്ഥത്തിൽ സുവിശേഷങ്ങളും ലേഖനങ്ങളും ദൈവശാസ്ത്രഗ്രന്ഥങ്ങളും, സുവിശേഷകന്മാരും വി. പൗലോസും ദൈവശാസ്ത്രജ്ഞന്മാരുമാണ്. മിശിഹാസംഭവത്തെ വ്യാഖ്യാനിച്ചവരാണ് അവരെല്ലാം. എല്ലാ ദൈവശാസ്ത്രങ്ങളുടെയും അടിസ്ഥാനമായി നില്ക്കുന്നതിനാൽ പുതിയനിയമത്തെ 'നോർമെറ്റീവ് തിയോളജി' എന്ന് വിളിക്കാറുണ്ട്. ഈ അടിസ്ഥാനത്തിൻമേലാണ് മറ്റു ദൈവശാസ്ത്ര സമീപനങ്ങളെല്ലാം പണിയപ്പെടുന്നത്.

### 2. ആദിമസഭയുടെ കാലഘട്ടം

ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ "പിള്ളത്തൊട്ടിൽ" ആദിമസഭയാണ്. കാരണം, ദൈവാവിഷ്കാരത്തിന്റെ പരമകാഷ്ഠയായ മിശിഹാസംഭവത്തിനു സാക്ഷ്യം വഹിച്ചവരും അതിനോട് ഏറ്റം അടുത്തിടപഴകി മിശിഹായെ പ്രഘോഷിച്ചവരുമായ ശ്ലീഹന്മാരുടെ അനുഭവസാക്ഷ്യങ്ങളും സഭാകൂട്ടായ്മയുടെ ജീവിതാനുഭവങ്ങളും (Day of the Lord) ദൈവാവിഷ്കാരത്തിന്റെ മൂർത്തഭാവങ്ങളായി നിലകൊണ്ടത് ആദിമസഭയിലാണ്. ചരിത്രപുരുഷനായ മിശിഹായുടെ വാക്കുകളും, പ്രവൃത്തികളും, ജീവിതവും, പീഡാസഹനവും, മരണവും, ഉത്ഥാനവും, പരിശുദ്ധ റൂഹായുടെ ആഗമനവും, സഭാസ്ഥാപനവും മറ്റും ദൈവശാസ്ത്രത്തിന്റെ "ന്യൂക്ലിയസ്സായി" നിലകൊള്ളുമ്പോൾ ഈ അനുഭവങ്ങളുടെ പ്രഘോഷണത്തിലൂടെ, ആഘോഷത്തിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ വീണ്ടും ആവിഷ്കൃതമായി. അതോടെ ദൈവശാസ്ത്രത്തിന്റെ വളർച്ചയും ആരംഭിച്ചു.

ദൈവികസത്യങ്ങളുടെ പ്രഘോഷണത്തോടൊപ്പം അവക്കെതിരായി ഉയർന്നുവന്ന പാഷണ്ഡതകളെയും എതിർവാദങ്ങളെയും ഖണ്ഡിക്കുവാനുള്ള യത്നങ്ങളും നടന്നു, ഈശോയെ രക്ഷകനായി സ്വീകരിച്ച് വിശ്വാസത്തിലേയ്ക്ക് കടന്നുവന്നവരെ ആ രഹസ്യങ്ങളിലേയ്ക്ക് കൂടുതൽ ഉൾച്ചേർക്കുവാനുള്ള യത്നങ്ങളും, ജ്ഞാനസ്നാനം, സ്ഥൈര്യലേപനം തുടങ്ങിയ കൗദാശിക സന്ദർഭങ്ങളും ആവിഷ്കൃതസത്യങ്ങളുടെ ഗാഢമായ പരിചിന്തനത്തിനും, വിശദീകരണത്തിനും ഇടനല്കി. ഈ യത്നത്തിന്റെ തന്നെ ഏറ്റം മൂർത്തമായ രൂപമാണ് സുവിശേഷങ്ങളും, ഇതര പുതിയനിയമ ഗ്രന്ഥങ്ങളും. ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ സ്രോതസ്സും, മാനദണ്ഡവും അടിസ്ഥാനവുമായി ലിഖിതരൂപം പ്രാപിച്ച ഈ ആവിഷ്കൃതവചനസമുച്ചയം ഇന്നും നിലകൊള്ളുന്നു. തിരുലിഖിതങ്ങൾ ദൈവശാസ്ത്രത്തിന്റെ ഉറവിടമായി നിലകൊള്ളുമ്പോഴും വളരെ വ്യവ

സ്ഥാപിതവുമായ ദൈവശാസ്ത്ര വിചിന്തനങ്ങൾ അതിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് പറയാനാവില്ല. എങ്കിലും മിശിഹാസംഭവങ്ങളുടെ സാക്ഷ്യമെന്ന നിലയിൽ സുവിശേഷങ്ങളിൽത്തന്നെ ദൈവശാസ്ത്രത്തിന്റെ ഒരു വളർച്ച നാം കാണുന്നുണ്ട്.

ആധുനിക ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതുപോലെ മൂന്നു വ്യക്തമായ ഘടകങ്ങൾ സുവിശേഷരചനയിൽത്തന്നെ കാണുന്നുണ്ട്. (a) മിശിഹായുടെ തന്നെ വാക്കുകളും, പ്രവൃത്തികളും (ചരിത്രപുരുഷനായ മിശിഹായും, മിശിഹാ സംഭവങ്ങളും) (b) ആദ്യകാലമിശിഹാനുയായികളുടെ-ശ്ലീഹന്മാർ, ശിഷ്യന്മാർ, ആദിമസഭാസമൂഹം - ഒറ്റവാക്കിൽ - ആദ്യക്രൈസ്തവ സഭ-മിശിഹാസംഭവങ്ങളെക്കുറിച്ചുള്ള ഗാഢമായ പരിചിന്തനം, (c) സുവിശേഷകർത്താക്കളുടെ അനുഭവം, ചിന്താധാര, വിശദീകരണോപാധികൾ, ശൈലികൾ തുടങ്ങിയവ. ഇങ്ങനെ നോക്കുമ്പോൾ സുവിശേഷരചനയോടുകൂടിത്തന്നെ ആവിഷ്കൃതസത്യങ്ങളെ സംബന്ധിച്ച ഒരു വിശദീകരണം നടന്നുകഴിഞ്ഞു. ചുരുക്കത്തിൽ ആദിമസഭയുടെ കാലഘട്ടം ദൈവശാസ്ത്രത്തെ സംബന്ധിച്ച് അതിപ്രധാനമായ കാലഘട്ടമാണ്. തുടർന്നുവരുന്ന ദൈവശാസ്ത്ര വളർച്ചയ്ക്കു മുഴുവൻ അടിസ്ഥാനവും, ഹേതുവും ഈ ഘട്ടം തന്നെ. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ ഈ കാലഘട്ടത്തിൽ സംഭവിച്ച മിശിഹാ-സഭാ സംഭവങ്ങളാണ് ക്രൈസ്തവ ദൈവശാസ്ത്രത്തിനാധാരം.

### 3. സഭാപിതാക്കന്മാരുടെ കാലഘട്ടം

ദൈവശാസ്ത്രവളർച്ചയുടെ സുവർണ്ണകാലമെന്നും, അനുഗൃഹീതകാലഘട്ടമെന്നും വിശേഷിപ്പിക്കപ്പെടുന്ന ഒരു കാലഘട്ടമാണ് പിതാക്കന്മാരുടേത്. പുതിയ നിയമ കാലഘട്ടം ദൈവശാസ്ത്രത്തിന്റെ സ്രോതസ്സാണെങ്കിൽ പിതാക്കന്മാരുടെ കാലം അതിന്റെ കലവറയാണ്. വി. ഗ്രന്ഥത്തിന്റെ ആഴങ്ങളിൽ മുങ്ങിത്തപ്പി അവർ കണ്ടെത്തിയ മണിമുത്തുകളിലേക്ക്, ദൈവശാസ്ത്രത്തിന്റെ ആഴങ്ങളിലേക്കു, കടക്കുംമുമ്പ് എന്താണ് പട്രോളജി, ആരാണ് ഈ പിതാക്കന്മാർ എന്നൊന്നു ചുരുക്കമായി വിശദീകരിക്കാം.

ശ്ലീഹന്മാരുടെ കാലത്തിനുശേഷം 8-ാം നൂറ്റാണ്ടുവരെ സത്യപ്രബോധനം നടത്തുകയും, അതേക്കുറിച്ചു ഭാഷ്യങ്ങൾ രചിക്കുകയും ചെയ്തിട്ടുള്ളവരെ സംബന്ധിച്ചുള്ള പഠനത്തിനാണ് പൊതുവേ പട്രോളജി എന്നു പറയുക. അവരിൽ തന്നെ ദൈവികാവിഷ്കാരത്തിലൂടെ മനുഷ്യരക്ഷ സംലഭ്യമാക്കിത്തീർത്ത രക്ഷയുടെ സന്ദേശത്തെ അവികലമായ രീതിയിൽ മനസ്സിലാക്കുകയും, ജീവിതത്തിന്റെ ഭാഗമാക്കുകയും, ആ സത്യത്തെ നിർമ്മലതയോടെ





പകരുകയും ചെയ്ത വിശ്വാസത്തിന്റെ പ്രഘോഷകരും വക്താക്കളും, പോരാളികളും, സംരക്ഷകരുമായവരേയും, അവരുടെ കൃതികളേയുമാണ് കത്തോലിക്കാസഭ ഈ ശാസ്ത്രശാഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിഷ്കൃഷ്ടാർത്ഥത്തിൽ പാശ്ചാത്യസഭയിൽ 7-ാം നൂറ്റാണ്ടുവരെയും - മഹാനായ ഗ്രിഗറി (604) അഥവാ സെവിലിലെ ഇസിദോർ (636) - പൗരസ്ത്യസഭയിൽ 8-ാം നൂറ്റാണ്ടുവരെയുള്ള (ഡമാസ്ക്കസിലെ യോഹന്നാൻ - 749) കാലഘട്ടത്തിൽ ജീവിച്ചിരുന്നവരുമായ ദൈവശാസ്ത്രജ്ഞന്മാരാണ് സഭാപിതാക്കന്മാർ. അവികലവും അന്യാദൃശ്യവുമായ ചിന്തയാലും വിശകലനങ്ങളാലും വിശ്വാസരഹസ്യങ്ങളെ നിർവ്വചിക്കുകയും വിശദീകരിക്കുകയും ചെയ്തവരും ഇതിന്റെയെല്ലാം വെളിച്ചത്തിൽ സത്യപ്രബോധകരായി സഭ അംഗീകരിച്ചവരുമാണ് സഭാപിതാക്കന്മാർ എന്ന സംജ്ഞയ്ക്കർഹർ. ശ്ലീഹന്മാർ ആലേഖനം ചെയ്തുകാട്ടിയ ഈശോമിശിഹായേയും അവിടുത്തെ രക്ഷാകരസന്ദേശത്തേയും തൊട്ടടുത്ത കാലഘട്ടത്തിൽ അനുഭവിച്ചറിഞ്ഞവരെന്ന നിലയിൽ അവരുടെ പഠനങ്ങൾക്കും, വിശ്വാസവിശദീകരണങ്ങൾക്കും, വി. ഗ്രന്ഥം കഴിഞ്ഞാൽ, സർവ്വപ്രധാനമായ സ്ഥാനമാണ് സഭ കൽപിക്കുന്നത്. അതുകൊണ്ടായിരിക്കണം "മിശിഹാ മൂലക്കല്ലും, വി. ശ്ലീഹന്മാർ അടിസ്ഥാനവുമായ സഭാസൗധത്തിലെ ബലമേറിയ തൂണുകളാണ് സഭാപിതാക്കന്മാർ" എന്ന് പ. പിതാവ് ജോൺപോൾ 2-ാമൻ പാപ്പാ പറഞ്ഞത്.

### 4. സഭാപിതാക്കന്മാരുടെ സ്ഥാനം

സഭാപിതാക്കന്മാർ സ്ഥലകാല സംസ്കാരങ്ങളുടെ കാര്യത്തിൽ വിഭിന്നരായിരുന്നു എങ്കിൽത്തന്നെയും സത്യവിശ്വാസത്തിന്റെ പ്രഘോഷണത്തിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു. അവരുടെ ദൈവശാസ്ത്രമെന്നത് ആവിഷ്കൃതസത്യത്തിന്റെ ലിഖിതരൂപമായ വി. ഗ്രന്ഥത്തിന്റെ വ്യാഖ്യാനമായിരുന്നു. ദൈവവചനത്തെ തങ്ങളുടെ ചിന്തയുടേയും, അജപാലന ജീവിതത്തിന്റേയും വിഷയമാക്കിക്കൊണ്ട് ദൈവാത്മാവിന്റെ സഹായത്താൽ വ്യാഖ്യാനിച്ചുകൊണ്ട് അവർ ദൈവശാസ്ത്രത്തെ പരിപുഷ്ടമാക്കി. പ്രതീകാത്മക വ്യാഖ്യാനം (typological interpretation), രൂപകാത്മകവ്യാഖ്യാനം (allegorical irrpretation), അന്തർ വിജ്ഞാനീയ വ്യാഖ്യാനം (intutive interpretation), എന്നിങ്ങനെ പിതാക്കൻമാരുടെ വ്യാഖ്യാന വിഷയം മാംസംധരിച്ച വചനമായ മിശിഹായായിരുന്നു. ഈ മിശിഹായിലൂടെ അവർ എത്തിച്ചേർന്നതോ പിതാവും പുത്രനും, പരിശുദ്ധ റൂഹായുമായ ത്രിയേകദൈവത്തിലും! അങ്ങനെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരുലിഖിതങ്ങളിലും ശ്ലൈഹിക പ്രബോധനങ്ങളിലും അന്നുവരെയുള്ള സഭാപാരമ്പര്യത്തിലും ഉറച്ചു നിന്നു

കൊണ്ട് ദൈവത്തിന്റെ ഏകത്വം, ത്രിത്വം, മിശിഹായിലൂടെയുള്ള മനുഷ്യരക്ഷ, പരിശുദ്ധ റൂഹായുടെ പ്രവർത്തനം, സഭയുടെ സ്വഭാവം, പ. കന്യകയുടെ രക്ഷാചരിത്രത്തിലുള്ള സ്ഥാനം എന്നിങ്ങനെയുള്ള കാര്യമാത്ര പ്രസക്തമായ ദൈവശാസ്ത്ര വിഷയങ്ങൾ വികസിപ്പിക്കുവാനും വിശദീകരിക്കുവാനും അവർക്കു കഴിഞ്ഞു. അതോടൊപ്പം വളരെ ആധികാരികമായ ഒരു മനുഷ്യശാസ്ത്ര (anthropology) ത്തിനും അവർ രൂപകല്പന നൽകി. പിതാക്കന്മാരുടെ മാനുഷികവിജ്ഞാനീയത്തിനും അടിസ്ഥാനം ദൈവിക വെളിപാടായ, പരിപൂർണ്ണ ദൈവവും മനുഷ്യനുമായ മിശിഹാതന്നെയാണ്. അവർ മിശിഹാരഹസ്യത്തെ വിശ്വാസപൂർവ്വം ഉറ്റുനോക്കി. ആ മിശിഹാരഹസ്യത്തിൽ മനുഷ്യരഹസ്യം പ്രകാശിതമാകുന്നത് അവർ കണ്ടു. കാരണം, ദൈവത്തിന്റെതന്നെ സത്തയും, പ്രതിച്ഛായയുമായ ദൈവപുത്രനിലാണല്ലോ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ തികവും മികവും. അങ്ങനെ ക്രിസ്തീയമാനുഷികശാസ്ത്രത്തിനു സംഭാവന നല്കിയ പിതാക്കൻമാരുടെ കാലഘട്ടം ദൈവശാസ്ത്രവികാസത്തിന്റെ ഏറ്റം പ്രകാശമാനമായ, ഫലസമൃദ്ധമായ കാലമായി പരിലസിക്കുന്നു.

മേൽപറഞ്ഞവ കൂടാതെ, വിവിധ ആരാധനക്രമങ്ങളുടെ ആവിർഭാവം, അവയുടെ നിയതമായ രൂപംപ്രാപിക്കൽ, സൂനഹദോസ്സുകളിലൂടെയുള്ള വിശ്വാസപ്രഖ്യാപനങ്ങൾ തുടങ്ങിയവയൊക്കെയും ഈ കാലഘട്ടത്തിലെ ദൈവശാസ്ത്രവളർച്ചയിലെ ശ്രദ്ധേയമായ സംഗതികളാണ്. ചുരുക്കത്തിൽ ദൈവവിജ്ഞാനീയത്തിന്റെ വളർച്ചയുടെ ഏറ്റം ഫലസംദായകമായ ഒരു ഘട്ടമായി, ഇതിനെ കണക്കാക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

### 5. ഒന്നും രണ്ടും നൂറ്റാണ്ടുകൾ

ചരിത്രത്തിൽ നിന്നും വ്യക്തമാകുന്നതുപോലെ ക്രിസ്തീയ വിശ്വാസം, അഥവാ ക്രിസ്തുമതം, ജന്മം കൊള്ളുന്നത് യഹൂദമതത്തിന്റെ കൈക്കുമ്പിളിലാണ്. യുഗങ്ങളുടെ പ്രതീക്ഷയായി, യഹൂദജനം പ്രതീക്ഷിച്ചുകൊണ്ടിരുന്ന മിശിഹായുടെ ആഗമനം ലോകചരിത്രത്തെ തന്നെ രണ്ടായി വിഭജിച്ചു. അതോടൊപ്പം ആ മിശിഹായെ സ്വീകരിച്ച ഏതൊരാളും താൻ ആയിരുന്ന അവസ്ഥയിൽ നിന്നും വേർതിരിക്കപ്പെട്ട് മിശിഹായുടേതായിത്തീരുന്നു; ക്രൈസ്തവ മതത്തിന്റെ അംഗത്വം സ്വീകരിക്കുന്നു. ഈ അംഗത്വം അനായാസമായ ജീവിത പദ്ധതിയായിരുന്നില്ല. പിന്നെയോ, യഹൂദർക്ക്ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായിരുന്ന ക്രൂശിതനെപ്രതി സ്വജീവരക്തം വിലയായി നൽകിയ മഹത്തായൊരു സംരംഭമായിരുന്നു. ക്രൂശിതനെപ്രതി ആയിരങ്ങൾ ചുടുനിണം വീഴ്ത്തിയപ്പോൾ ആ രക്തത്തിൽ പതിനായിരങ്ങൾ ജീവൻ പ്രാപിച്ചു





കാലം മുമ്പോട്ടുപോയി, പീഢനങ്ങളും മർദ്ദനങ്ങളും വിശ്വാസമാകുന്ന പരിചക്ക് മുമ്പിൽ തകർന്നടിഞ്ഞു. ദൈവികശക്തിക്കു മുമ്പിൽ മാനുഷിക ശക്തികൾ നിഷ്പ്രഭമായി. ക്രൂശിതന്റെ പീഢകർ, ക്രൂശിതന്റെ മുമ്പിൽ അടിയറവു പറഞ്ഞതോടെ അന്നുവരെ പീഡകരായിരുന്നവർ അവിടുത്തെ വക്താക്കളായി. അങ്ങനെ റോമാസാമ്രാജ്യം, മിശിഹായുടെ സാമ്രാജ്യമായി.

രാഷ്ട്രീയതലത്തിലുണ്ടായ മാറ്റം ദൈവശാസ്ത്രവളർച്ചയെ സാരമായി സ്വാധീനിച്ചു. അക്കാലഘട്ടത്തിൽ റോമാ സാമ്രാജ്യത്തിൽ പോലും പ്രാമുഖ്യം ലഭിച്ചിരുന്ന ഗ്രീക്കുഭാഷയും തത്ത്വശാസ്ത്രവും, ചിന്താധാരയും ക്രൈസ്തവവിശ്വാസത്തെ സ്വാധീനിക്കുവാൻ തുടങ്ങി. അതോടെ പ്രസ്തുത സംസ്ക്കാരത്തിലും തത്ത്വചിന്തയിലും ആവിഷ്കൃതസത്യങ്ങളെ വിശദീകരിക്കേണ്ടതിന്റെ ആവശ്യകതയും ഉടലെടുത്തു. ഗ്രീക്കു തത്ത്വശാസ്ത്രവും, പദങ്ങളും, ചിന്താധാരയും ഉപയോഗിച്ചുകൊണ്ട് ദൈവശാസ്ത്രം ആവിഷ്ക്കരിക്കുവാനുള്ള പരിശ്രമത്തിൽ ഗണനീയമായ പങ്ക് വഹിച്ച വ്യക്തിയാണു രക്തസാക്ഷിയായ വി. ജസ്റ്റിൻ.

രണ്ടാം നൂറ്റാണ്ടിലെ ദൈവശാസ്ത്രവികാസത്തിൽ ഏറ്റവും ശ്രദ്ധേയനായ, ദൈവശാസ്ത്രത്തിന്റെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന ലയൺസിലെ വി.ഇരണേവൂസിന്റെ സംഭാവന ദൈവശാസ്ത്രത്തിന്റെ മറ്റുചില മാനങ്ങളെക്കൂടി അനാവരണം ചെയ്യുന്നതാണ്. ഇരണേവൂസ് വ്യക്തവും ശക്തവുമായ ബോദ്ധ്യത്തോടെ വിശ്വാസ സത്യങ്ങളെ ജ്ഞാനവാദം-(gnosticism) എന്ന പാഷണ്ഡതയ്ക്കെതിരായി ഏറ്റുപറയുവാനും, പഠിപ്പിക്കുവാനും ഭഗീരഥ പ്രയത്നം തന്നെ നടത്തി. അതോടെ ദൈവശാസ്ത്രം കുറേക്കൂടി ആഴത്തിൽ വിസ്തൃതിയിൽ വളർച്ച പ്രാപിച്ചുതുടങ്ങി. ജ്ഞാന വാദത്തിന്റെ കപടത തുറന്നുകാട്ടാനുള്ള തന്റെ പരിശ്രമത്തിൽ നവമായ ദൈവശാസ്ത്ര കണ്ടുപിടിത്തങ്ങൾ നടത്താനല്ല അദ്ദേഹം യത്നിച്ചത്. ക്രിസ്തീയതത്ത്വസംഹിതകൾ, ഡോഗ്മാറ്റിക് പദങ്ങളിൽ എഴുതിപ്പിടിപ്പിക്കുന്നതിന് അദ്ദേഹം യത്നിച്ചു. ഇത്തരമൊരു തീവ്ര പ്രയത്നം ആദ്യമായി നടത്തിയതും ഇദ്ദേഹം തന്നെ.

### 6. മൂന്നാം നൂറ്റാണ്ട്

മൂന്നാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റം പ്രഗത്ഭൻ, പണ്ഡിതനും വാഗ്മിയും താത്ത്വികനും ആയിരുന്ന ഒരിജൻ (Origen) ആണ്. വിശുദ്ധനെന്നു സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഒരു മിസ്റ്റിക് കൂടിയായ അദ്ദേഹത്തിന്റെ സംഭാവന ദൈവശാസ്ത്രത്തിന് എന്നും ഒരു മുതൽക്കൂട്ടുതന്നെ. കൃതാർത്ഥതയോടെയും അർഹമായ പ്രാധാന്യം നല്കിക്കൊണ്ടും സഭ അതു സ്വീകരിക്കുന്നുമുണ്ട്. അലക്സാൻഡ്രിയായിലെ പ്രസിദ്ധമായ

വേദോപദേശ പാഠശാല (Catechetical School) യിലെ പ്രധാനാദ്ധ്യാപകനായിരുന്ന വ്യക്തിയെന്ന നിലയിലും ഇദ്ദേഹവും ശ്രേഷ്ഠമായ ഒരു സ്ഥാനം ദൈവശാസ്ത്ര വളർച്ചയിൽ വഹിക്കുന്നുണ്ട്. പ്ലേറ്റോയുടെ തത്ത്വചിന്തയെ കൂടുതൽ സ്നേഹിച്ച ഒരിജൻ അതിന്റെ സ്വാധീനത്തെ ദൈവശാസ്ത്രത്തിലേക്കു തിരിച്ചുവിട്ടു.

ഒരിജന്റെ ദൈവശാസ്ത്രം ദൈവം - ത്രിത്വം - എന്ന അടിസ്ഥാന തത്ത്വത്തിലധിഷ്ഠിതമാണ്. മൂന്നാളുകൾക്ക് വ്യക്തിത്വത്തിലാണ് വ്യത്യാസമെന്നും, ദൈവം ഒരുവനാണെന്നും അദ്ദേഹം പഠിപ്പിച്ചു. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഏറ്റവും ഗഹനങ്ങളായ വിഷയങ്ങൾ സംബന്ധിച്ച് ഉദാത്തമായ സംഭാവന നല്കി ദൈവവിജ്ഞാനീയത്തെ ദീർഘദൂരം മുന്നോട്ടെത്തിച്ച ഒരിജനും ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം പിടിച്ചിരിക്കുന്നു.

### 7. നാലും അഞ്ചും നൂറ്റാണ്ടുകളിലൂടെ

ദൈവശാസ്ത്രപുരോഗതിയിലെ സർവ്വപ്രധാനമായ കാലഘട്ടമാണ് 4 – 5 നൂറ്റാണ്ടുകൾ. കത്തോലിക്കാസഭയിൽ നിന്നും വേർപെട്ടു നില്ക്കുന്ന ഓർത്തഡോക്സ് സഭാ വിഭാഗങ്ങൾപോലും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ആദ്യത്തെ സൂനഹദോസ്സുകൾ നടന്നത് ഇക്കാലഘട്ടത്തിലത്രേ. ആവിഷ്കൃത ദൈവികസത്യങ്ങളെ ബുദ്ധികൊണ്ടു മനസ്സിലാക്കുവാനും, അന്നു ലഭ്യമായിരുന്ന ചിന്താധാരകളിലൂടെ അവയെ പ്രകടിപ്പിക്കുവാനും, പ്രഘോഷിക്കുവാനും, വിശകലനം ചെയ്യുവാനും തുടങ്ങിയപ്പോൾ ദൈവശാസ്ത്രം ശീഘ്രം വളരാൻ തുടങ്ങി. ഈ വളർച്ചയ്ക്കിടയിൽ അസ്വീകാര്യമായതു പലതും ഉടലെടുത്തു. പരമരഹസ്യമായ ത്രിത്വത്തെ സംബന്ധിച്ച വിശദീകരണയത്നങ്ങൾ - എങ്ങനെ ഒരു ദൈവം മൂന്നാകും, ഈ മൂന്നുപേർ എങ്ങനെ ഒരു ദൈവമാകും അവരിൽ ഒരാൾ എങ്ങനെ മനുഷ്യനാകും ആ ആളിൽത്തന്നെ എങ്ങനെ മനുഷ്യത്വവും ദൈവത്വവും ഒന്നിച്ചിരിക്കും എന്നിങ്ങനെയുള്ള നൂറു നൂറു ചോദ്യങ്ങൾ - പ്രശ്നങ്ങൾക്കു വഴിതെളിച്ചു. ത്രിത്വസ്സംബന്ധമായും, മിശിഹാകേന്ദ്രീകൃതമായും ധാരാളം പഠനങ്ങൾക്കും ഭാഷ്യങ്ങൾക്കും ഇത് ഇടനല്കി. അക്കൂട്ടത്തിൽ തെറ്റായ പഠനങ്ങളും പൊന്തിവന്നു. തെറ്റായവരെ തിരുത്തി ശരിയായതു ഉറപ്പിക്കുവാനുള്ള സഭയുടെ നീക്കമാണ് സൂനഹദോസ്സുകളിൽ സംഭവിച്ചത്. അവയിൽ പരമപ്രാധാന്യമർഹിക്കുന്നവയാണ് നിഖ്യാ (325), കോൺസ്റ്റാന്റിനോപ്പിൾ (381) എഫേസൂസ് (431), കാത്സിഡോൺ (451) സൂനഹദോസ്സുകൾ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളായി പരിഗണിക്കപ്പെടുന്ന പ. ത്രിത്വം, ദൈവത്വവും മനുഷ്യത്വവും ഒരേ വ്യക്തിയിൽ സംയോജിച്ചിരിക്കുന്ന മിശിഹാരഹസ്യം, പ. ആത്മാവിന്റെ ദൈവികത, പ. കന്യകയുടെ ദൈവമാതൃത്വം തുടങ്ങിയവ ഇവയിലൂടെ നിർവ്വചിക്കപ്പെട്ടു. ഇതിന്റെ പിന്നിൽ കത്തോലിക്കാസഭയുടെ അഭിമാനസ്തംഭങ്ങളായ പല പിതാക്കന്മാരുടേയും സംഭാവനകൾ ഒളിമങ്ങാത്ത പ്രകാശഗോളങ്ങളായി അന്നും ഇന്നും നിലകൊള്ളുന്നു. അവരിൽ പ്രധാനികളാണ് വി. അത്തനേഷ്യസ്, കപ്പദോച്ചിയായിലെ പിതാക്കന്മാർ എന്നറിയപ്പെടുന്ന നീസ്സായിലെ വി. ഗ്രിഗരി, നസ്യാൻസിലെ വി. ഗ്രിഗരി, മഹാനായ വി. ബേസിൽ എന്നിവർ.

ക്രിസ്ത്രീയവിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെ സംബന്ധിച്ചു വിശ്വാസപരവും, അനുഭവപരവും ബൗദ്ധികവും യുക്തിപൂർണ്ണവുമായ പ്രതിപാദനങ്ങളിലൂടെയും ഭാഷ്യങ്ങളിലൂടെയും ദൈവശാസ്ത്രത്തിന് ആഴവും പരപ്പും നല്കാൻ ഈ പിതാക്കന്മാർക്കു കഴിഞ്ഞു.

4-ാം നൂറ്റാണ്ടിലെ മേല്പറഞ്ഞ ഗ്രീക്കു പിതാക്കന്മാരോട് ദൈവശാസ്ത്രചിന്തയിൽ കിടപിടിക്കത്തക്ക സ്ഥാനം വഹിക്കുന്നവരാണ് സുറിയാനി മല്പാന്മാരായ അഫ്രാറ്റസും എഫ്രേമും. ഇവരിൽ പ്രമുഖൻ എഫ്രേം തന്നെ. സുറിയാനി ഭാഷയിൽ രചിക്കപ്പെട്ട ഇവരുടെ കൃതികളിലെ വിവിധങ്ങളായ ദൈവവിജ്ഞാനീയ ചിന്താധാരകൾ, കത്തോലിക്കാസഭയുടെ ദൈവശാസ്ത്ര വളർച്ചയിൽ സുറിയാനിപാരമ്പര്യവും തനതായ സംഭാവന നല്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുന്നു.

### 8. അഞ്ചാം നൂറ്റാണ്ട്

അഞ്ചാം നൂറ്റാണ്ടിലേക്കു കടക്കുമ്പോൾ എഫേസൂസ് കൗൺസിലും (431), കാത്സിഡോൺ (451) കൗൺസിലുമാണ് ശ്രദ്ധേയമായിട്ടുള്ളത്. എഫേസൂസ് കൗൺസിലിലൂടെ ശ്രദ്ധേയനായ വ്യക്തിയാണ് അലക്സാണ്ഡ്രിയായിലെ സിറിൽ. ആ നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരിൽ അതികായൻ ആണ് ഇദ്ദേഹം. മോണോഫിസിറ്റിസം (ഏകസ്വഭാവവാദം) എന്നറിയപ്പെടുന്ന പാഷണ്ഡതയെ ഖണ്ഡിച്ചുകൊണ്ട് നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്സുകളുടെ വിശ്വാസപ്രമാണങ്ങൾ 451-ൽ സമ്മേളിച്ച കാൽസിഡോൺ കൗൺസിൽ ഒന്നുകൂടി ആവർത്തിച്ചുറപ്പിച്ചു.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളായ ദൈവത്തിന്റെ ഏകത്വം, ത്രിത്വം, ദൈവപുത്രന്റെ മനുഷ്യാവതാരം, ദൈവത്വവും മനുഷ്യത്വവും ഒന്നുചേരൽ, പരിശുദ്ധ റൂഹായുടെ ദൈവത്വം, പ. കന്യകയുടെ ദൈവമാതൃത്വം തുടങ്ങിയവ സംശയാതീതവും അനിഷേധ്യവുമായ വിധത്തിൽ നിർവ്വചിച്ച ഈ നാല് കൗൺസിലുകളും അവയുടെ വിശ്വാസപ്രമാണങ്ങളും ദൈവശാസ്ത്ര വളർച്ചയിലെ "നാഴികക്കല്ലു"കളാണ്.

അഞ്ചാം നൂറ്റാണ്ടിലെ പാശ്ചാത്യസഭാ പിതാക്കന്മാരുടെ ഗണത്തിൽ അഗ്രഗണ്യനാണ് ഹിപ്പോയിലെ മെത്രനായിരുന്ന വി. അഗസ്റ്റിൻ. സഭാപിതാക്കന്മാരുടെ ഗണത്തിൽ അഗ്രഗണ്യനും, മഹാവിശുദ്ധനും, അഗാധപണ്ഡിതനും വാഗ്മിയും ദാർശനികനുമായ വി. അഗസ്റ്റിന്റെ ഉൾക്കാഴ്ചകൾ സഭയുടെ ഇന്നോളമുള്ള ദൈവശാസ്ത്രചിന്തയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. 'ഏറ്റുപറച്ചിൽ' (Confessions) എന്ന തന്റെ ആത്മകഥയിലൂടെ വിശ്വവിഖ്യാതനായ ഈ മഹാവിശുദ്ധൻ ദൈവികകൃപാവരത്തെക്കുറിച്ചുള്ള ആഴമാർന്ന പ്രബോധനങ്ങളാൽ സഭയെ ധന്യമാക്കിയതിനാൽ 'കൃപാവരത്തിന്റെ വേദപാരംഗതൻ' (Doctor of Grace) എന്നാണ് വിളിക്കപ്പെടുന്നത്.

ചുരുക്കത്തിൽ ദൈവശാസ്ത്ര വികാസത്തിൽ പിതാക്കന്മാരുടെ കാലം സുവർണ്ണകാലഘട്ടമായിരുന്നു. അമൂല്യങ്ങളായ നിക്ഷേപങ്ങൾ സാർവ്വത്രിക സഭയ്ക്കു കാഴ്ചവെച്ച പിതാക്കന്മാരും, എഴുത്തുകാരും അവരുടെ പ്രബോധനങ്ങളും കൂടാതെയുള്ള ഒരു ദൈവശാസ്ത്രം സഭയ്ക്കില്ല.

### 9. ദൈവശാസ്ത്രം മദ്ധ്യശതകങ്ങളിൽ

മദ്ധ്യയുഗത്തിലെ പ്രഥമ ദശ ട്രുള്ളോ സുനഹദോസു മുതൽ ഗ്രിഗറി ഏഴാമൻ മാർപ്പാപ്പാവരെയുള്ള കാലഘട്ടമാണ് (692 - 1073). 9-15 നൂറ്റാണ്ടുവരെയുള്ള ക്രിസ്തീയ ദൈവശാസ്ത്രത്തെ പൊതുവെ "സ്കൊളാസ്റ്റിക് ദൈവശാസ്ത്രം" എന്നാണ് പറയുക. മദ്ധ്യശതകങ്ങളുടെ ആദ്യഘട്ടത്തിൽ ദൈവശാസ്ത്ര പ്രതിപാദനം Alcuin എന്ന സന്ന്യാസിയുടെ നേതൃത്വത്തിലുള്ള വി. ഗ്രന്ഥത്തിന്റെയും പിതാക്കന്മാരുടെ കൃതികളുടെയും പഠനത്തോടെയാണ് ആരംഭിക്കുന്നത്. സന്ന്യാസാശ്രമ ജീവിതശൈലിയിലുള്ള ധ്യാനപരമായ ഈ പഠനം മേല്പറഞ്ഞവയുടെ വ്യാഖ്യാനങ്ങൾക്കു രൂപം കൊടുത്തു. പരിചിന്തനാത്മകമായ (Speculative) ഒരു ദൈവശാസ്ത്രത്തിനു രൂപം കൊടുക്കുക എന്നതിനേക്കാൾ ദൈവൈക്യം പ്രാപിക്കുക എന്ന ലക്ഷ്യമായിരുന്നു ഇവർക്കുണ്ടായിരുന്നത്.

എന്നാൽ 11-ാം ശതകം മുതൽ ഈ രീതിക്കു വ്യതിയാനം വന്നു. സ്കൊളാസ്റ്റിക് ദൈവവിജ്ഞാനീയത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടുന്ന കാന്റർബറിയിലെ വി. ആൻസലം അതീന്ദ്രീയവും അതിബൗദ്ധികവുമായ (metaphysical) കാഴ്ചപ്പാടിലൂടെ വി. ഗ്രന്ഥത്തേയും, വി. പാരമ്പര്യത്തേയും നോക്കിക്കാണുവാനും വ്യാഖ്യാനിക്കുവാനുമാണ് തുനിഞ്ഞത്. വിശ്വാസവും മനുഷ്യയുക്തിയും തമ്മിൽ പൊരുത്തപ്പെടുത്തി മതതത്വങ്ങളെ തത്വശാസ്ത്രത്തിലൂടെ അവതരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ യത്നം സ്കൊളാസ്റ്റിക്





ദൈവശാസ്ത്രത്തിന്റെ പിതാവ് എന്ന നാമം അദ്ദേഹത്തിനു നേടിക്കൊടുത്തു.

12-ാം നൂറ്റാണ്ട് ആയപ്പോഴേയ്ക്കും അരിസ്റ്റോട്ടിലിന്റെ ഡയലെറ്റിക്സ് (Dialectics) ദൈവശാസ്ത്രത്തിൽ ഏറെ സ്വാധീനം ചെലുത്താൻ തുടങ്ങി. വാദവും, പ്രതിവാദവും അനുമാനവും, ഉപമാനവും മറ്റും കൂട്ടിച്ചേർത്ത് ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന വിധത്തിൽ വിശ്വാസസത്യങ്ങളെ ആവിഷ്ക്കരിക്കുവാനുള്ള പരിശ്രമം സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ ശൈലിയായിത്തീർന്നു. സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ ഒരു പ്രധാന പടിയാണ് അരിസ്റ്റോട്ടിലിന്റെ കൃതികൾ ഗ്രീക്കിൽ നിന്നും, അറബിയിൽ നിന്നും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിത്.

യുക്തിചിന്തയുടെയും, തത്വജ്ഞാനത്തിന്റെയും ഗുരുവായി പരിഗണിക്കപ്പെട്ടിരുന്ന അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം ദൈവശാസ്ത്ര ചിന്താധാരയുടെ അടിസ്ഥാനമാക്കി രൂപപ്പെടുത്തി എടുത്തതിൽ പ്രമുഖർ മഹാനായ വി. ആൽബർട്ടും, വി. തോമസ് അക്വീനാസുമാണ്. ഒരു പ്രകൃതിശാസ്ത്രജ്ഞനും, തത്വജ്ഞാനിയും ദൈവവിജ്ഞാനിയുമായിരുന്ന വി. ആൽബർട്ട്, വി. തോമസ് അക്വീനാസിന്റെ ഗുരുഭൂതൻകൂടിയായിരുന്നു. 13-ാം ശതാബ്ദത്തിൽ പുനരുജ്ജീവനം പ്രാപിച്ച അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തെ ദൈവശാസ്ത്ര മണ്ഡലത്തിലേയ്ക്കു പ്രവേശിപ്പിച്ച് അതിനെ പരിപോഷിപ്പിച്ചത് വി. ആൽബർട്ടാണ്. അതുകൊണ്ടായിരിക്കണം സ്കൊളാസ്റ്റിക് തിയോളജിയുടെ സ്ഥാപകനായി ഇദ്ദേഹത്തെ കണക്കാക്കുന്നത്.

യുക്തിയും വിശ്വാസവും സമന്വയിപ്പിക്കുമ്പോഴും മറ്റു പല സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞന്മാരേക്കാളുപരിയായി, വി. ഗ്രന്ഥത്തേയും പാരമ്പര്യത്തേയും കണക്കിലെടുത്ത വി. ബൊനവന്തുരായുടെ ദൈവശാസ്ത്രം മിശിഹാകേന്ദ്രിതമായിരുന്നു. അദ്ദേഹത്തിന്റെ തനതായ ശൈലിക്ക് ദൈവശാസ്ത്ര രൂപീകരണത്തിൽ ശ്രേഷ്ഠമായൊരു സ്ഥാനമുണ്ട്.

മദ്ധ്യശതകങ്ങളിലെ ദൈവശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനാണ് വി. തോമസ് അക്വീനാസ്. അദ്ദേഹത്തിന്റെ"സുമ്മാ തിയോളജിക്കെ" വിശ്വപ്രസിദ്ധമാണല്ലോ. അരിസ്റ്റോട്ടിലിന്റെ ബൗദ്ധിക വിജ്ഞാനത്തിന്റേയും ക്രിസ്തീയ പാരമ്പര്യത്തിലെ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടേയും ഒരു സമന്വയമാണ് ഇതെന്നു പറയാം. ദൈവശാസ്ത്രമേഖലയിൽ അദ്ദേഹത്തിന്റെ സവിശേഷത, ബുദ്ധിക്കു പൂർണ്ണമായ പരിഗണന നല്കുമ്പോഴും ദൈവാവിഷ്ക്കാരത്തിന് അദ്ദേഹം അതിനെ വിധേയപ്പെടുത്തുന്നു എന്നതാണ്. 2-ാം

വത്തിക്കാൻ കൗൺസിലിന്റെ സമയം വരെ സഭയുടെ ദൈവവിജ്ഞാനീയത്തിന്റെ മാനദണ്ഡമായി (Normative Theology) കരുതപ്പെട്ടിരുന്ന സ്കൊളാസ്റ്റിക് ദൈവശാസ്ത്രം സർവ്വപ്രധാനമായും അക്വീനാസിന്റേതായിരുന്നു. സുപ്രസിദ്ധ യവനദാർശനികനായ അരിസ്റ്റോട്ടിലിന്റെ കാലം മുതലുള്ള വിവിധ ശാസ്ത്രങ്ങളിൽ അന്തർലീനമായിരുന്ന തത്വങ്ങൾ തെരഞ്ഞെടുത്തു ശേഖരിച്ച് മാനുഷികവിജ്ഞാനത്തിന്റെ, പ്രത്യേകിച്ച് തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും സമഗ്രമായ സമന്വയം, അഥവാ ഉദ്ഗ്രഥനം, സാധിതമാക്കി എന്നതാണ് ഈ "മഹാസംയോജകന്റെ" (great synthesizer) ഏറ്റവും വലിയ വൈജ്ഞാനിക നേട്ടം. "ക്രിസ്തുമതത്തിലെ അരിസ്റ്റോട്ടിൽ" എന്നദ്ദേഹം അറിയപ്പെടുന്നതിനും നിദാനം മറ്റൊന്നല്ല.

വിശ്വാസത്തേയും ബുദ്ധിയേയും തമ്മിൽ സമന്വയിപ്പിച്ച് ആവിഷ്കൃത സത്യങ്ങളെ വിശദീകരിച്ചു ദൈവശാസ്ത്രത്തിനു രൂപം കൊടുക്കുന്നതിൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞന്മാർ വിജയിച്ചുവെങ്കിലും മറ്റുപല കാര്യങ്ങളും ആ കാലയളവിൽ പിന്നോക്കം പോയി എന്നു സമ്മതിച്ചേ തീരൂ. വി. ഗ്രന്ഥവും വി. പാരമ്പര്യവുമാണല്ലോ ദൈവശാസ്ത്രത്തിന്റെ ഉറവിടങ്ങൾ. ഇവയ്ക്കു വേണ്ടത്ര സ്ഥാനവും ശ്രദ്ധയും നല്കുന്നതിൽ അവർ വലിയൊരളവ് പരാജയപ്പെട്ടു. അത് ദൈവശാസ്ത്രത്തിനു നല്കേണ്ട ചരിത്രാവബോധത്തിനും കുറവുവരുത്തി. കൂടാതെ ബുദ്ധിയുടേയും ദാർശനികതയുടേയും അതിപ്രസരം ദൈവശാസ്ത്രത്തിൽ അനാവശ്യവും അനാശാസ്യവുമായ തരംതിരിവുകൾക്കും ഇടവരുത്തി.

പതിനാലും പതിനഞ്ചും നൂറ്റാണ്ടുകൾ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ തളർച്ചയുടെ കാലമാണ്. ഇക്കാലഘട്ടത്തിലാണ് വില്യം ഓഫ് ഓക്കാമിന്റെ "നോമിനലിസം" എന്ന സിദ്ധാന്തം അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തിന്മേൽ ആക്രമണം നടത്തിയത്. വില്യമിന്റെ സിദ്ധാന്തമനുസരിച്ച് ബുദ്ധികൊണ്ട് ഉണ്മയെ (Being) അറിയുക സാദ്ധ്യമല്ല. ബുദ്ധിയുടെ ബന്ധത്തിൽ നിന്നു വിശ്വാസതത്വങ്ങളെ മോചിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. പരിണിതഫലമോ? മതവും ബൗദ്ധികവിജ്ഞാനവും തമ്മിലൊരു വേർതിരിവിനു ഇടയായി. അതേതുടർന്നു വിശ്വാസം മാത്രം മതി എന്ന കാഴ്ചപ്പാട് ഉടലെടുത്തു.

ഇങ്ങനെ ഒരുവശത്തു തളർച്ചയുടെയും മറുവശത്തു നൂതനചിന്താധാരകളുടെ ആവിർഭാവങ്ങളുടേയും നടുവിൽ ക്രിസ്തീയതയ്ക്ക് ഒരു ഉണർവ്വും ഉത്തേജനവും നല്കുവാൻ കെല്പുള്ള ഒരു നവോത്ഥാനം 16-ാം നൂറ്റാണ്ടിൽ സംഭവിച്ചു. അതാണ് മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിലുണ്ടായ നവീകരണ





പ്രസ്ഥാനം (Reformation Movement) സഭയുടെ പിളർപ്പിനും പ്രോട്ടസ്റ്റന്റു സഭയുടെ സ്ഥാപനത്തിനും കാരണക്കാരനായ ലൂതറിനെ പലരും കാണാറുള്ളു. യഥാർത്ഥത്തിൽ ലൂതറിന്റെ ലക്ഷ്യം, സഭയുടെ ഭിന്നിപ്പായിരുന്നില്ല. മറിച്ച്, സഭയുടെ ആന്തരികനവീകരണമായിരുന്നു. സഭയുടെ ദൈവശാസ്ത്രമേഖലയിൽ മാത്രമല്ല, സഭാജീവിതത്തിലും അധികാരവിനിയോഗത്തിലും സാമൂഹികതലങ്ങളിലുമൊക്കെ തളർച്ചയും വിളർച്ചയും വന്നുഭവിച്ച മദ്ധ്യശതകങ്ങളിൽ സഭാഗാത്രത്തെ അവയിൽ നിന്നും മോചിപ്പിക്കുവാനുള്ള യത്നമായിരുന്നു അദ്ദേഹത്തിന്റേത്. ബുദ്ധിയിൽ കുടുങ്ങിപ്പോയ വിശ്വാസസത്യങ്ങളെ അതിൽ നിന്നു മോചിപ്പിച്ച് യഥാർത്ഥ ദൈവവചനമായ വി. ഗ്രന്ഥത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു ദൈവശാസ്ത്രത്തിനു രൂപം കൊടുക്കുവാൻ, തന്റെ 'രക്ഷ' ഉറപ്പുവരുത്തുവാനുള്ള ആഗ്രഹത്താൽ പ്രേരിതനായി, അദ്ദേഹം ശ്രമിച്ചു. നിലവിലിരുന്ന സ്കൊളാസ്റ്റിക് ചിന്താധാരയെ പരിത്യജിച്ചുകൊണ്ട് വ്യക്തിപരവും ആദ്ധ്യാത്മികവും, അസ്തിത്വപരവും, വി. ഗ്രന്ഥാധിഷ്ഠിതവുമായ ഒരു ദൈവശാസ്ത്ര ശൈലിക്ക് മാർട്ടിൻ ലൂതർ രൂപം കൊടുത്തു. ഇതു വളരെ ക്രിയാത്മകമായ ഒരു ദൈവശാസ്ത്രത്തിന് വഴിതെളിച്ചു.

പ്രോട്ടസ്റ്റന്റിസത്തിന് അടിസ്ഥാനതത്വങ്ങൾ രൂപകല്പന ചെയ്തു നല്കിയ ജോൺ കാൽവിൻ നവീകരണകാലഘട്ടത്തിലെ പ്രശസ്തനായ ഒരു ദൈവശാസ്ത്രജ്ഞനാണ്. ജോൺ നല്കിയ, പ്രോട്ടസ്റ്റന്റിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾമൂലം യൂറോപ്പിലും അമേരിക്കയിലും അദ്ദേഹം പരക്കെ അറിയപ്പെടുവാനും ഇടയായി. അദ്ദേഹത്തിന്റെ "Institute" പാശ്ചാത്യ ദൈവശാസ്ത്ര പാരമ്പര്യത്തിലെ ഒരു ക്ലാസ്സിക് കൃതിയാണ്.

പ്രോട്ടസ്റ്റന്റ് പ്രസ്ഥാനത്തിനെതിരായ കത്തോലിക്കാസഭയുടെ നിലപാട് ട്രെന്റ് സൂനഹദോസിലൂടെ പ്രഖ്യാപിതമായി. ലൂതറുടേയും കൂട്ടരുടേയും വാദങ്ങളേയും, പഠനങ്ങളേയും അവഗണിച്ചുകൊണ്ട് സ്കൊളാസ്റ്റിക് ശൈലിയിൽ കത്തോലിക്കാസഭ വിശ്വാസസത്യങ്ങളെ ഉറപ്പിച്ചു പറയുകയും വിശദീകരിക്കുകയും ചെയ്തു. അങ്ങനെ സ്കൊളാസ്റ്റിക് ദൈവശാസ്ത്രം സഭയുടെ ഔദ്യോഗികപഠനങ്ങളിലും കയറിപ്പറ്റി. ലൂതറിന്റേയും കൂട്ടരുടേയും ക്രിയാത്മകമായ ദൈവശാസ്ത്ര വിചിന്തനങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്തു.

18-ാം നൂറ്റാണ്ട് പ്രബുദ്ധത (enlightenment) -യുടെ കാലഘട്ടമാണ്. ഈ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ പ്രോട്ടസ്റ്റന്റുകാരുടെയിടയിൽ ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു പുനഃർവ്യാഖ്യാനം, പുനഃർവിചിന്തനം പ്രകടമായി.

എന്നാൽ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർക്കു "കാലത്തിന്റെ ചുവരെഴുത്തു" വായിക്കാനോ അതനുസരിച്ചു പ്രതികരിക്കുവാനോ കഴിഞ്ഞില്ല. സ്കൊളാസ്റ്റിക് ചട്ടക്കൂട്ടിൽ രൂപകല്പന ചെയ്ത സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ തളംകെട്ടി നിന്ന ചിന്താഗതിയിൽ നിന്നു വിട്ടുമാറാൻ, അതിനപ്പുറം കടന്നൊന്നു പ്രവർത്തിക്കുവാൻ ഒട്ടും ശ്രദ്ധയും താല്പര്യവും കത്തോലിക്കാവിഭാഗം കാണിച്ചില്ല. എങ്കിലും വിനാവിളംബം സ്കൊളാസ്റ്റിസിസം കാലഘട്ടത്തിനനുസരിച്ച് പ്രതികരിക്കുവാൻ അപര്യാപ്തമാണെന്നും നൂതനങ്ങളായ ദൈവശാസ്ത്ര ചിന്താധാരകൾ ആവശ്യമാണെന്നുമുള്ള ഒരവബോധം അവിടവിടെയായി പൊന്തിവരുവാൻ തുടങ്ങി. അതിന്റെ ഫലമാണ് 19-ാം നൂറ്റാണ്ടിലെ നവീകരണ ശ്രമങ്ങൾ. വളരെ സമ്പന്നവും തീവ്രവുമായ ദൈവശാസ്ത്ര പ്രയത്നങ്ങൾക്കു രൂപം നല്കിയ ഈ നൂറ്റാണ്ടിൽ വി. ഗ്രന്ഥത്തിന്റെ ശാസ്ത്രീയാപഗ്രഥന മാർഗ്ഗങ്ങളിലൂടെ അതിന്റെ ചരിത്രപരവും, സാഹിത്യപരവും, വിമർശനാത്മകവുമായ പഠനങ്ങൾ നടന്നു. ആഴമാർന്ന ദൈവവചനപഠനത്തിനും, അതിലൂടെ വെളിവായ ദൈവികസത്യങ്ങളുടെ മനസ്സിലാക്കലിനും ഇതേറെ സഹായിച്ചു. പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രജ്ഞന്മാരുടെ സംഭാവന ഇക്കാര്യത്തിൽ ഏറെ ശ്രദ്ധേയമാണ്. ഇതര ക്രൈസ്തവസഭകളിൽ നടന്ന നവീകരണയത്നങ്ങൾ കത്തോലിക്കാസഭയ്ക്ക് ഒരു വെല്ലുവിളിയും, ആത്മപരിശോധനയ്ക്കുള്ള അവസരവുമായിത്തീർന്നു.

കൂടാതെ ഈ നൂറ്റാണ്ടിൽ ഉയർന്നുവന്ന പല തത്വശാസ്ത്രങ്ങളും ആശയവാദം, അനുഭവവാദം, അസ്തിത്വവാദം, പ്രക്രിയാവാദം Idealism, Empiricism, Existentialism Process thought അരിസ്റ്റോട്ടിലിന്റെ തത്വചിന്തയിൽ നിന്നു വിട്ടുമാറി ചിന്തിക്കുവാനും, കുറേക്കൂടി വ്യക്തിപരവും അസ്തിത്വപരവും ക്രിയാത്മകവുമായ പല ദൈവശാസ്ത്ര ചിന്താധാരകൾക്കു രൂപം കൊടുക്കുവാനും ഇടയായി. കാന്റ്, ഫിക്റ്റേ, ഷെല്ലിംഗ്,ഹേഗൽ, കീർക്കെഗാഡ്, ഹ്യൂം, ലോക്ക്, മുതലായവർ വിവിധ തത്വശാസ്ത്ര ചിന്താധാരകൾക്കു രൂപം കൊടുത്തവരിൽ പ്രമുഖരാണ്.

ഷ്ലയിമാകർ ഇക്കാലഘട്ടത്തിലെ പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രജ്ഞന്മാരിൽ പ്രമുഖൻ ആണ്. അദ്ദേഹത്തിന്റെ ആദ്യകാലകൃതിയായ Speeches on Religion പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രത്തിൽ ചെലുത്തിയ സ്വാധീനം അതുല്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ സത്യങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്ന The Christian Faith ഉം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു.

നാനാവശത്തുനിന്നുമുണ്ടായ നവീകരണയത്നങ്ങൾ കത്തോലിക്കാസഭയിലും ചലനങ്ങൾ സൃഷ്ടിച്ചുതുടങ്ങി. വ്യക്തമായ രണ്ടു





ദൈവശാസ്ത്ര ചിന്താധാരകളാണ് ഇക്കാലത്തു സഭയിൽ പ്രകടമായത്.

(a) സഭയുടെ നിലവിലിരുന്ന ദൈവശാസ്ത്ര ചിന്താഗതിയെ അംഗീകരിക്കുകയും, ഉറപ്പിക്കുകയും, അതിനെ സാധൂകരിച്ചുകൊണ്ട് ഭാഷ്യങ്ങൾ രചിക്കുകയും ചെയ്ത ചിന്താഗതി. സഭയെ പരിപൂർണ്ണമായ ഒരു സമൂഹ (Perfect Society) മായി വീക്ഷിക്കുന്ന ഒരു നിലപാടായിരുന്നു അത്. അൾട്രാമൊണ്ടേനിസ്റ്റുകൾ എന്നറിയപ്പെട്ടിരുന്ന അവർ മാർപ്പാപ്പായുടെ പരമാധികാരത്തിന്റേയും, റോമൻ ആരാധനാക്രമപാരമ്പര്യത്തിന്റേയും വക്താക്കളായിരുന്നു. സഭയെന്നത് ഹയരാർക്കിയാണെന്ന ധാരണയിൽ കഴിഞ്ഞിരുന്ന അവരുടെ ദൈവശാസ്ത്രവീക്ഷണം സാർവ്വത്രിക സഭയെ സംബന്ധിച്ചുള്ളതായിരുന്നു. റോം സഭയുടെ കേന്ദ്രം മാത്രമല്ല, പ്രാദേശിക സഭകളുടെ ഐക്യത്തിന്റെ കേന്ദ്രവും, ഉറവിടവും കൂടിയാണെന്നു അവർ കരുതി. കൂടാതെ മെത്രാന്മാരുടെ അധികാരം മാർപ്പാപ്പയിൽ നിന്നും വരുന്നതാണെന്നും അവർ പഠിപ്പിച്ചു. സാർവ്വത്രികവും, കേന്ദ്രീകൃതവും, നൈയാമികവുമായ ഒരു സഭാശാസ്ത്രത്തിനു രൂപം കൊടുത്ത അൾട്രാമൊണ്ടേനിസ്റ്റുകളിൽ പ്രമുഖർ Cappellri, W.G.Ward, H.Manning എന്നിവരാണ്. ഇവരുടെ ചിന്താഗതിയ്ക്കുള്ള സഭയുടെ ഔദ്യോഗിക അംഗീകാരമായിരുന്നു ഒന്നാം വത്തിക്കാൻ കൗൺസിൽ. മാർപ്പാപ്പായുടെ പരമാധികാരവും, അപ്രമാദിത്വവും നിർവ്വചിച്ചുകൊണ്ട് സർവ്വാധികാരങ്ങളും റോമൻകൂരിയായിൽ, അതിന്റെ കേന്ദ്രമായ മാർപ്പാപ്പയിൽ കേന്ദ്രീകരിച്ച ഈ ദൈവശാസ്ത്ര ചിന്താധാരയുടെ തിക്തഫലം പിന്നീട് സഭാജീവിതത്തിൽ വളരെ രൂക്ഷമായി അനുഭവപ്പെട്ടു.

(b) യോഹന്നാസ് ആഡം മ്യേളർ (Johannes Adam Moehler) എന്ന ജർമ്മൻ ദൈവശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ നടന്ന നവീകരണ യത്നങ്ങൾ മറ്റൊരു ദൈവശാസ്ത്ര ചിന്താസരണിക്കു വഴി തെളിച്ചു. വി. ഗ്രന്ഥത്തിന്റെയും, ആരാധനാക്രമ പാരമ്പര്യങ്ങളുടെയും, പിതാക്കന്മാരുടെ കൃതികളുടെയും ആഴത്തിലുള്ള പഠനങ്ങളിലൂടെ ആവിഷ്കൃത സത്യങ്ങളെ അതിന്റെ തനിമയിലും പരിശുദ്ധിയിലും കണ്ടെത്താൻ അദ്ദേഹത്തിനും അനുയായികൾക്കും കഴിഞ്ഞു. ഫലമോ? സഭയെന്നത് വ്യവസ്ഥാപിതമായ ഒരു സംഘടനയോ, റോമാമാർപാപ്പയോ, മെത്രാന്മാരോ മാത്രമല്ലെന്നും, പ്രത്യുത മൂന്നെങ്കിലും ഒന്നായിരിക്കുന്ന പ. ത്രിത്വത്തിന്റെ കൂട്ടായ്മയുടെ മാതൃകയിൽ പിതാവിനാൽ വിളിക്കപ്പെട്ട്, പ. റൂഹായിൽ ഒന്നുചേർക്കപ്പെട്ട് മിശിഹായുടെ മൗതികശരീരമായിത്തീർന്ന വിശ്വാസികളുടെ കൂട്ടായ്മയാണെന്നുള്ള ബോദ്ധ്യത്തിലേയ്ക്ക് അവർ കട

ന്നുവന്നു. ദൃശ്യമായ സംഘടനാസ്വഭാവമല്ല അദൃശ്യമായ ദൈവികസാന്നിദ്ധ്യമാണ് സഭാസമൂഹത്തെ സജീവവും ചലനാത്മകവുമാക്കുന്നതെന്നും അവർ വാദിച്ചു. അതിനാൽ സഭയുടെ ഐക്യത്തിനു നിദാനം പ. ത്രിത്വമാണ്, ദൈവത്തിന്റെ ആത്മാവാണ് എന്നിങ്ങനെയുള്ള ഉന്നതവും ഉദാത്തവുമായ ഒരു കാഴ്ചപ്പാടിലേയ്ക്കു വരുവാൻ മ്യേളർക്കും കൂട്ടർക്കും കഴിഞ്ഞു. ഈ നവീകരണപ്രസ്ഥാനത്തെ "ഉറവിടങ്ങളിലേയ്ക്കുള്ള നീക്കം" (Re-sourcement movement) എന്നാണ് പറയുന്നത്. ജർമ്മനിയിലെ ട്യൂബിങ്ങൻ സ്കൂളിലെ ദൈവശാസ്ത്രജ്ഞന്മാരായ Peronne, Scheeban എന്നിവർ മ്യേളരുടെ സഹായികളും ഇതിന്റെ വക്താക്കളുമായിരുന്നു. ഇതര ദൈവശാസ്ത്രജ്ഞന്മാർ ധാർമ്മിക ദൈവശാസ്ത്രജ്ഞനായ Hirscher, സഭാചരിത്രകാരനായ Hefte, ഡോഗ്മാറ്റിക് ദൈവശാസ്ത്രജ്ഞന്മാരായ Staudenmeir, ഗൗവി തുടങ്ങിയവരാണ്. ചരിത്രപരവും പരിചിന്തനാത്മകവുമായ ചിന്തകളെ സമന്വയിപ്പിക്കുക എന്നതായിരുന്നു ഇവരുടെ പ്രധാനപ്പെട്ട പരിഗണന.

സഭയുടെ വി. ഗ്രന്ഥാധിഷ്ഠിതവും ചരിത്രപരവുമായ വശങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ദൈവശാസ്ത്ര വിപുലീകരണത്തിന് ഇംഗ്ലണ്ടിൽ നേതൃത്വം നല്കിയത് ഹെൻറി ന്യൂമാൻ (Henri Newmann) ആണ്. അദ്ദേഹത്തിന്റെ Theory of the Development of Christian Doctrine എന്ന കൃതി ജർമ്മൻകാരായ J.S.Drey, J.A.Moehler എന്നിവരുടെ ചിന്താധാരയോടു സാധാർമ്മ്യവും, താല്പര്യവും കാണിക്കുന്നുണ്ട്. ഇപ്രകാരമുള്ള നവീകൃതചിന്താധാരയ്ക്ക് ഓർത്തഡോക്സു ദൈവശാസ്ത്രജ്ഞന്മാരുടെ സംഭാവനയും സ്വാധീനവും പ്രത്യേകം സ്മർത്തവ്യമാണ്. അവരിൽ പ്രമുഖരാണ്. A.Khomiakov, S.Bulgakov, G.Florovsky എന്നിവർ.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന് വീണ്ടും ഒരു ഉയിർത്തെഴുന്നേല്പുണ്ടായി. ഒന്നാം വത്തിക്കാൻ കൗൺസിൽ അതിന്റെ പരമകാഷ്ഠയായിരുന്നു. ന്യൂനപക്ഷമായിരുന്ന ട്യൂബിങ്ങൻ സ്കൂളും അതിലെ പ്രമുഖരായ ദൈവശാസ്ത്രജ്ഞന്മാരുടെ ചിന്താധാരകളും നിഷ്പ്രഭമായി. മദ്ധ്യശതകങ്ങളിലെപ്പോലെ സ്കൊളാസ്റ്റിക് ദൈവശാസ്ത്രമാണ് കത്തോലിക്കാ വിശ്വാസം പ്രകടമാക്കുവാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗമെന്നു സഭ കരുതി. അതു മറ്റു ക്രിയാത്മകമായ ചിന്താധാരകളെ കീഴ്പ്പെടുത്തുന്ന ദുരവസ്ഥയിലെത്തി. എങ്കിലും കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ ഭാവിയിൽ സംഭവിക്കാനിരുന്ന, ഉയിർത്തെഴുന്നേല്പിനും, അത്ഭുതാവഹമായ നവീകരണത്തിനും പശ്ചാത്തലമൊരുക്കിക്കൊണ്ട് അവയൊക്കെയും വീറോടെ പിടിച്ചു നിന്നു.





## 10. 20-ാം നൂറ്റാണ്ട്

"സഭയുടെ നൂറ്റാണ്ട്" എന്നു വിശേഷിപ്പിക്കപ്പെടുന്ന 20-ാം നൂറ്റാണ്ട് സഭാതലത്തിലൊന്നാകെ നവീകരണത്തിനു വഴി തുറന്നു. അടിസ്ഥാനപരമായ ദൈവവിജ്ഞാനീയ നവീകരണം ഇതിനു പ്രേരകമായി വർത്തിച്ചു. വി. ഗ്രന്ഥം, പിതാക്കന്മാരുടെ കൃതികൾ, ആരാധനാപരവും ചരിത്രപരവുമായ ഗ്രന്ഥങ്ങൾ എന്നിവയുടെ പഠനങ്ങൾ സഭാതലത്തിലൊന്നാകെ ചലനമുളവാക്കി. വി. ഗ്രന്ഥപഠനത്തെ പ്രോത്സാഹിപ്പിക്കുവാൻ "Divino Affalnte Spiritu" (1943) എന്ന ചാക്രികലേഖനം 12-ാം പീയൂസ് മാർപ്പാപ്പ പ്രസിദ്ധപ്പെടുത്തി. ആഗോളതലത്തിൽ ഒരു ബിബ്ലിക്കൽ കമ്മീഷൻ രൂപവൽക്കരിക്കപ്പെട്ടു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള ഒരു കോൺഗ്രിഗേഷൻ (Congregation for the Oriental Churches) സ്ഥാപിക്കപ്പെട്ടു. പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്രം, ചരിത്രം എന്നിവ പഠനവിധേയമായി; അങ്ങനെ വിവിധതലങ്ങളിലും തരങ്ങളിലും നവീകരണയത്നങ്ങൾ ഊർജ്ജിതമായി നടന്നു. ഇവയെല്ലാം സഭാതലത്തിലൊന്നാകെ അനുരണനങ്ങളുളവാക്കി. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് ഇവ വഴിതെളിച്ചു. "ഉറവിടങ്ങൾ" തേടിയുള്ള ഈ അന്വേഷണത്തിൽ ഒളിഞ്ഞുകിടന്നിരുന്ന, വിസ്മരിക്കപ്പെട്ടിരുന്ന, വിലയേറിയ ദൈവശാസ്ത്ര സമ്പന്നതകൾ കണ്ടെത്താൻ നേതൃത്വം നല്കിയ M.D.Chenu, Y.Congar, H.de-Lubac, L.Bouyer, C.Duquock എന്നിവർ ഫ്രാൻസിൽ നിന്നുള്ളവരാണ്. ജർമ്മനിയിൽ നിന്നും K.Rahner, W.Kasper, K.Neufeld, ഹോളണ്ടിൽ നിന്നും E.Schillebeeckx, അമേരിക്കയിൽ നിന്നും A.Dulles, E.Kilmartin, G.Komonchak, M.Fahey മുതലായവർ ഉറവിടങ്ങളിലധിഷ്ഠിതമായ ദൈവത്തിന്റെ ശാസ്ത്രവക്താക്കളാണ്. പ്രോട്ടസ്റ്റന്റുകാരുടെ ഇടയിൽ നിന്നു K.Barth ഈ പ്രസ്ഥാനത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ Church Dogmatics എന്ന ഗ്രന്ഥം സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. ഓർത്തഡോക്സ് സഭകളിൽ നിന്ന് O.Clement, J.Meyendorff, N.Nissiotis, J.D.Zizioulas എന്നിവരും പൗരസ്ത്യകത്തോലിക്കാസഭകളിൽ നിന്ന് P.Jousif, T.Spidlik, P.B.T.Bilaniuk, E.Lanne എന്നിവരുമാണ് ഈ പ്രസ്ഥാനത്തിന്റെ വക്താക്കൾ. ഈ നവീകരണയത്നം ഫലമണിഞ്ഞത് വത്തിക്കാൻ കൗൺസി (1962-65) ലിൽ ആണ്. 2-ാം പന്തക്കുസ്താ എന്നറിയപ്പെടുന്ന ഈ മഹത്സംഭവം ക്രിസ്തീയദൈവശാസ്ത്രത്തിന്റെയും സഭാശാസ്ത്രത്തിന്റെയും വളർച്ചയ്ക്കു മാത്രമല്ല, സഭ ഒന്നാകെയുള്ള അടിസ്ഥാനപരമായ മാറ്റങ്ങൾക്കും വേദിയായി. ദൈവശാസ്ത്രചിന്തയിൽ വന്ന വ്യതിയാനമാണ് ഇവയിലേറെ പ്രധാനം.

ദൈവശാസ്ത്രവളർച്ചയിലെ നവംനവങ്ങളായ കണ്ടെത്തലുകളുടെ ഒരു കാലമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള ഇക്കാലഘട്ടം. ഉന്നതവും ഉദാത്തവുമായ ദൈവശാസ്ത്ര ചിന്തകളാൽ നിബിഡമായ രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ ആനുകാലികമായ പഠനം, സഭൈക്യത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള പൊതുവായ ഉറവിടമന്വേഷിക്കൽ, ആധുനികലോകത്തിന്റെ പ്രശ്നങ്ങളേയും ആവശ്യങ്ങളേയും കാലത്തിന്റെ ഇതര അടയാളങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ള ആവിഷ്കൃത സത്യവിശദീകരണങ്ങൾ എന്നിങ്ങനെ നാനാതരത്തിലുള്ള ദൈവശാസ്ത്ര വിചിന്തനങ്ങൾ അതിനെ ധന്യവും സമ്പുഷ്ടവുമാക്കിക്കൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ പരമസത്തയും, പരമരഹസ്യവുമായ ദൈവത്തെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനുമുള്ള മനുഷ്യചേതനയുടെ അഭിനിവേശം കാലഘട്ടത്തിന്റെ മുന്നോട്ടുള്ള നീക്കത്തിൽ പുതുപുത്തൻ ചിന്താധാരകൾക്കും, ആശയാവിഷ്ക്കരണങ്ങൾക്കും രൂപം നല്കി. ചിലർ ആവിഷ്കൃതസത്യങ്ങളെ നിർമ്മലമായി പരിപാലിച്ചു. എന്നാൽ മറ്റു ചിലർ അതു മനസ്സിലാക്കിയതിൽ തെറ്റുപറ്റി. അങ്ങനെ വിവിധങ്ങളായ ദൈവവിജ്ഞാനീയശാഖകൾ രൂപംകൊണ്ടു. എന്നിട്ടും നിത്യസത്യത്തെ മനുഷ്യൻ പൂർണ്ണമായി ഉൾക്കൊണ്ടില്ല. ഇനിയും ദൈവശാസ്ത്രവളർച്ചയ്ക്കു അതു വഴിതുറക്കുന്നു. ചിന്താസരണികളിൽ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. എങ്കിലും മാറ്റമില്ലാത്തതായി നിത്യസത്യം എന്നും നിലനിൽക്കുന്നു. ഈ നിത്യസത്യത്തിനു മുമ്പിൽ തലകുനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ!



# 03

## ദൈവാവിഷ്കരണം വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും

ആയിരത്തിൽപരം വർഷങ്ങൾ കൊണ്ടു രൂപം പ്രാപിച്ച എഴുപത്തിമൂന്നു പുസ്തകങ്ങളടങ്ങുന്ന സമാഹാരമാണ് ബൈബിൾ. അതിനെ പഴയനിയമം എന്നും പുതിയനിയമം എന്നും രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. പഴയനിയമം യഹൂദരും ക്രൈസ്തവരും ഒരുപോലെ, എഴുതപ്പെട്ട ദൈവവചനമായി സ്വീകരിക്കുന്നു. 'നിയമം' എന്ന പേര് ബൈബിളിന്റെ ഉള്ളടക്കത്തെ പൂർണ്ണമായി പ്രകാശിപ്പിക്കുന്നില്ല. മനുഷ്യർ അനുവർത്തിക്കേണ്ട ജീവിത നിയമങ്ങൾ എന്ന സൂചന മാത്രമേ ഈ പേരു നൽകുന്നുള്ളു. ബൈബിളിൽത്തന്നെ കാണുന്ന 'ഉടമ്പടി' എന്ന പേരാണ് അർത്ഥം വ്യക്തമാക്കാൻ കൂടുതൽ പര്യാപ്തം. സീനായ് മലയിൽവച്ച് മോശവഴി നൽകപ്പെട്ട ഉടമ്പടിയാണ് ആദ്യഭാഗത്തിന്റെ കേന്ദ്രം; യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട പുതിയ ഉടമ്പടി രണ്ടാം ഭാഗത്തിന്റെയും.

### പഴയനിയമം

ദൈവം പ്രത്യേകം തെരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിന്റെ ചരിത്രമായിട്ടാണ് പഴയനിയമം (46 പുസ്തകങ്ങൾ) പ്രത്യക്ഷപ്പെടുന്നത്. *ഉൽപത്തി* പുസ്തകം

ആ ജനത്തിന്റെ ആരംഭവും പ്രപഞ്ചത്തിലും ലോക ജനതകൾക്കിടയിലും അവർക്കുള്ള സ്ഥാനവും വിവരിക്കുന്നു. ഒരുപറ്റം അടിമകൾ ദൈവജനമായി തിരഞ്ഞെടുക്കപ്പെടുന്നതാണ് *പുറപ്പാടു* പുസ്തകത്തിന്റെ പ്രമേയം. ജീവിത വിശുദ്ധിയുടെ ആവശ്യകതയും ജനം ദൈവത്തിനർപ്പിക്കേണ്ട ആരാധനയുടെ പ്രത്യേകതകളും അതിന് ആവശ്യമായ നിയമങ്ങളും *ലേവ്യർ* പുസ്തകം പ്രതിപാദിക്കുന്നു. ജനത്തിന്റെ ഘടനയും മരുഭൂമിയിലൂടെയുള്ള അവരുടെ പ്രയാണവുമാണ് *സംഖ്യാ*പുസ്തകത്തിൽ വിവരിക്കുന്നത്. ആ ജനത്തിന്റെ ജീവിതത്തെ നയിക്കേണ്ട സ്നേഹത്തിന്റെ ചൈതന്യത്തെ *നിയമാവർത്തനപുസ്തകം* വിശദീകരിക്കുന്നു. ഈ അഞ്ചു പുസ്തകങ്ങൾ *പഞ്ചഗ്രന്ഥം* എന്ന പേരിൽ അറിയപ്പെടുന്നു.

ദൈവരാജ്യത്തെ സംബന്ധിച്ച് അതിപ്രധാനമായൊരു പ്രമേയമാണ് വാഗ്ദത്തഭൂമി. ദൈവജനം വാഗ്ദത്തഭൂമി കരസ്ഥമാക്കുന്നതിന്റെ ചരിത്രം ജോഷ്വായുടെ പുസ്തകത്തിലും, തങ്ങൾക്കവകാശമായ ഭൂമി സ്വന്തമായി സൂക്ഷിക്കുവാൻ വേണ്ടി നടത്തുന്ന പോരാട്ടങ്ങൾ ന്യായാധിപന്മാരുടെ പുസ്തകത്തിലും വിവരിക്കുന്നു. അബ്രാഹത്തിൽനിന്ന് ജനിച്ചവർ മാത്രമല്ല, ദൈവഹിതം അനുസരിക്കുന്ന എല്ലാവരും ദൈവരാജ്യത്തിലേക്ക് സ്വീകരിക്കപ്പെടുന്നു എന്ന് റൂത്തിന്റെ പുസ്തകം വ്യക്തമാക്കുന്നു. സാമുവേലിന്റെ രണ്ടു പുസ്തകങ്ങളിൽ ദൈവജനം രാജഭരണത്തിൻ കീഴിൽ വരുന്നതും, വിശ്വസ്തനായ ദാവീദിന്റെ കീഴിൽ ഇസ്രായേൽ ശക്തമായ ഒരു രാഷ്ട്രമായിത്തീരുന്നതും വിവരിക്കുന്നു. രാജാവായ സോളമന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിൽ എത്തിയ ഇസ്രായേൽ ദൈവത്തിൽനിന്നകലുന്നതും ക്രമേണ തകർന്ന്, രാജ്യം നഷ്ടപ്പെട്ട്, അടിമത്തത്തിൽ എത്തുന്നതും ചിത്രീകരിക്കുന്നു. ദാവീദിന്റെ ഭരണകാലമാണ് മുഖ്യമായും ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്തകം വിവരിക്കുന്നത്. രണ്ടാം പുസ്തകമാവട്ടെ സോളമൻ മുതൽ പ്രവാസം വരെയുള്ള കാലത്തെ ചരിത്രം അവതരിപ്പിക്കുന്നു.

പ്രവാസത്തിൽനിന്നു മടങ്ങിയെത്തിയ ജനം വീണ്ടും ദേവാലയം പണിയുകയും നിയമങ്ങൾ ക്രോഡീകരിച്ച് ദൈവജനത്തെ ദൈവഹിതാനുസാരം നയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിന്റെ ചരിത്രമാണ് *എസ്രാ, നെഹമിയ* എന്നീ ഗ്രന്ഥങ്ങളുടെ വിഷയം. നിയമത്തോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ് *തോബിത്, യൂദിത്, എസ്തേർ* എന്നീ ഗ്രന്ഥങ്ങൾ. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ മതമർദ്ദനത്തിനെതിരേ ഇസ്രായേൽ ജനം നടത്തിയ ഐതിഹാസികമായ ചെറുത്തുനിൽപ്പിന്റെ ചരിത്രം *മക്കബായരുടെ* രണ്ടു പുസ്തകങ്ങൾ വിവരിക്കുന്നു. മേൽ വിവരിച്ച 21 പുസ്തകങ്ങൾ *ചരിത്രഗ്രന്ഥങ്ങൾ* എന്നാണ് അറിയപ്പെടുന്നത്.





ജീവിതത്തെയും ജീവൽപ്രശ്നങ്ങളെയും കുറിച്ച് ദൈവജനത്തിനു ലഭിച്ച ഉൾക്കാഴ്ചകൾ അവതരിപ്പിക്കുന്ന ഏഴ് പുസ്തകങ്ങൾ *ജ്ഞാനഗ്രന്ഥങ്ങൾ* എന്ന പേരിൽ അറിയപ്പെടുന്നു. "നീതിമാന്റെ സഹനം" എന്ന രഹസ്യമാണ് *ജോബിന്റെ* പ്രമേയം. ഇസ്രായേൽ ജനത്തിന്റെ ദൈവാനുഭവം ഏറ്റം പ്രകടമാകുന്ന പ്രാർത്ഥനകളാണ് *സങ്കീർത്തനങ്ങൾ. സഭാപ്രസംഗകൻ* എന്ന ഗ്രന്ഥമാകട്ടെ ജീവിതത്തിന്റെ നശ്വരതയും ദൈവത്തെ മറന്നുള്ള സുഖഭോഗങ്ങളുടെ വ്യർത്ഥതയും വ്യക്തമാക്കുന്നു. സ്ത്രീ-പുരുഷ സ്നേഹത്തിൽ പ്രതിഫലിക്കുന്ന ദൈവമനുഷ്യബന്ധത്തിന്റെ ഉദാത്തമായ കീർത്തനമാണ് *ഉത്തമഗീതം. പ്രഭാഷകനും ജ്ഞാനവും* ഐശ്വര്യപൂർണ്ണമായ ജീവിതത്തിനുവേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

വാഗ്ദത്തഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാൻ തിരഞ്ഞെടുക്കപ്പെട്ട രാജാക്കൻമാർ സ്വാർത്ഥമതികളായ മർദ്ദകരായിത്തീരുകയും ദൈവാരാധനയ്ക്കായി ജനത്തെ ഒരുക്കാൻ വിളിക്കപ്പെട്ട പുരോഹിതൻമാർ അവർക്ക് കൂട്ടുനിൽക്കുകയും ജനം ദൈവത്തിൽനിന്നകലുകയും ചെയ്തപ്പോൾ തന്റെ ഹിതം ശക്തവും വ്യക്തവുമായ ഭാഷയിൽ ജനത്തെ അറിയിക്കാനായി ദൈവം അയച്ചവരാണ് പ്രവാചകൻമാർ. ആമോസ് ദൈവത്തിന്റെ നീതിയും ഹോസിയ അവിടുത്തെ സ്നേഹവും പ്രഘോഷിച്ചുകൊണ്ട് വടക്കൻ രാജ്യമായ ഇസ്രായേലിനെ മാനസാന്തരത്തിനു ക്ഷണിച്ചു. അവരുടെ സ്വരത്തിന് കാതടച്ച രാജ്യം നശിപ്പിക്കപ്പെട്ടു. ഹോസിയയുടെ സമകാലിനരാണ് യുദയായിൽ പ്രസംഗിച്ച വിശുദ്ധിയുടെ പ്രവാചകനായ *ഏശയ്യായും* നീതിയ്ക്കും കരുണയ്ക്കും വേണ്ടി ശബ്ദമുയർത്തിയ *മിക്കായും.* സുനിശ്ചിതമായ നാശത്തിലേക്കു നീങ്ങുന്ന ജനത്തെ *ജെറമിയ, സെഫാനിയ, നാഹും, ഹബക്കുക്ക്, ഒബാദിയാ* എന്നി പ്രവാചകൻമാർ മാനസാന്തരത്തിന് ആഹ്വാനം ചെയ്തു. ജറുസലെമിന്റെ പതനത്തിനും പ്രവാസത്തിനും തൊട്ടു മുമ്പാണ് ഇവർ അഞ്ചുപേരും യൂദയായിൽ പ്രസംഗിച്ചത്. ജറുസലെമിന്റെ നാശത്തെക്കുറിച്ചുള്ള വിലാപവും അതിനു കാരണമായ പാപത്തെക്കുറിച്ചുള്ള അനുതാപവുമാണ് 'വിലാപങ്ങൾ'. ജെറമിയായുടെ ശിഷ്യനായ *ബാറൂക്കിന്റെ* പേരിലുള്ള പുസ്തകം പ്രവാസകാലത്തും അതിനു ശേഷവുമായി രചിക്കപ്പെട്ട അനുതാപപ്രാർത്ഥന, കൃതജ്ഞതാഗീതം, വിഗ്രഹാരാധനയുടെ മൗഢ്യം വ്യക്തമാക്കുന്ന വിചിന്തനങ്ങൾ മുതലായവയുടെ സമാഹാരമാണ്.

പ്രവാസകാലത്ത് *എസെക്കിയേലും* രണ്ടാം ഏശയ്യ (ഏശ 40 -55)യും ജനത്തിനു പ്രതീക്ഷ പകർന്നു. തിരിച്ചെത്തിയ ജനത്തെ ഉടമ്പടിയുടെ പ്രമാണമനുസരിച്ച് നീതിനിഷ്ഠവും വിശുദ്ധവുമായ ജീവിതം നയിക്കുന്നതിന് *ഹാഗ്ഗായി, സഖറിയ,* മൂന്നാം ഏശയ്യ

(ഏശ 56-66) *ജോയേൽ, മലാക്കി* എന്നിവർ ഉദ്ബോധിപ്പിച്ചു. നിയമപണ്ഡിതൻമാരുടെ കീഴിൽ വീണ്ടും സ്വാർത്ഥമതികളും ദേശീയവാദികളുമായിത്തീർന്ന ജനത്തെ ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തേയും സാർവ്വത്രിക രക്ഷാപദ്ധതിയേയും കുറിച്ചു ബോദ്ധ്യപ്പെടുത്തുന്നതാണ് *യോനാ* പ്രവാചകന്റെ പുസ്തകം. മതപീഢനങ്ങളിൽ മനം തകരാതെ ഉറച്ചുനിൽക്കാൻ *ദാനിയേൽ* പ്രചോദനം നൽകുന്നു. ഈ പതിനെട്ടു പുസ്തകങ്ങൾ *പ്രവാചക ഗ്രന്ഥങ്ങൾ* എന്നപേരിൽ അറിയപ്പെടുന്നു.

## പുതിയനിയമം

മനുഷ്യന് വഴിയും വഴികാട്ടിയും, ലക്ഷ്യവും നായകനുമായി ദൈവം തന്നെ മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങിവന്നതിന്റെ ചരിത്രമാണ് *സുവിശേഷങ്ങൾ നാലും* രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ ജനനം മുതൽ പുനരുത്ഥാനംവരെയുള്ള സംഭവങ്ങൾ ദൈവത്തിന്റെ അന്തിമവും പൂർണ്ണവുമായ സ്വയം വെളിപ്പെടുത്തലാണ്. യേശു സ്ഥാപിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്ത ലോകം മുഴുവൻ എത്തിക്കുന്നതിന്റെ ചരിത്രം *അപ്പസ്തോലപ്രവർത്തനങ്ങൾ* വിവരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചവരുടെ സമൂഹങ്ങൾ നേരിട്ട നിരവധി പ്രതിസന്ധികളിൽ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി വി. പൗലോസ് എഴുതിയ കത്തുകളാണ് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പതിമൂന്ന് ലേഖനങ്ങൾ. യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തെ ഊന്നിപ്പറയുന്നതാണ് *ഹെബ്രായർക്കെഴുതിയ ലേഖനം.* ആഗോളസഭയെ മുന്നിൽ കണ്ടുകൊണ്ട് അപ്പസ്തോലൻമാരായ *യാക്കോബ്, പത്രോസ്, യൂദാ, യോഹന്നാൻ* എന്നിവർ എഴുതിയ ലേഖനങ്ങൾ 'കാതോലിക ലേഖനങ്ങൾ' എന്നറിയപ്പെടുന്നു. പീഡനങ്ങളുടെ മദ്ധ്യേ നാഥനോടു വിശ്വസ്തമായി ഉറച്ചുനിൽക്കുന്ന സഭയെ വെളിപാട് പുസ്തകം വരച്ചുകാട്ടുന്നു. ദൈവം മനുഷ്യരുടെ മദ്ധ്യേ തന്റെ കൂടാരം ഉറപ്പിക്കുകയും സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ നവീകരിച്ച് പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെടുത്തുകയും ചെയ്യുന്നതോടെ ബൈബിളിന്റെ ഇതിവൃത്തം പൂർണ്ണമാകുന്നു.

## കാനോനിക ഗ്രന്ഥങ്ങൾ

വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥം എന്ന് സഭ ഔദ്യോഗികമായി അംഗീകരിച്ച പുസ്തകങ്ങളുടെ പട്ടിക "കാനോൻ" എന്നും ആ പട്ടികയിൽപ്പെട്ട ഗ്രന്ഥങ്ങൾ "കാനോനികഗ്രന്ഥങ്ങൾ" എന്നും അറിയപ്പെടുന്നു. "മാനദണ്ഡം" എന്നാണ് "കാനോൻ" എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. ഞാങ്ങണ എന്നർത്ഥമുള്ള "ഖനു" എന്ന ബാബിലോണിയൻ പദത്തിൽനിന്നാണ് "കാനോൻ" എന്ന ഗ്രീക്കുപദം രൂപം കൊണ്ടത്. അളവുകോലായി ഞാങ്ങണ ഉപയോഗിച്ചതിനാലാണ് ഈ പേരുണ്ടായത്. ഔദ്യോഗികമായി അംഗികരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ പട്ടിക എന്ന അർത്ഥത്തിൽ ഏ.ഡി. 4ാം നൂറ്റാണ്ടു മുതൽ ഈ പദം ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിൽ വന്നു.

'പഴയനിയമം', 'പുതിയനിയമം' എന്ന രണ്ടു ഭാഗങ്ങളിലായി 73 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥസമാഹാരമാണ് ബൈബിൾ. "പഴയനിയമം" എന്നു ക്രൈസ്തവർ വിളിക്കുന്ന ആദ്യഭാഗം യഹൂദരുടെയും മതഗ്രന്ഥമാണ്. പുസ്തകങ്ങളുടെ എണ്ണത്തെക്കുറിച്ചുപറയുമ്പോൾ പഴയനിയമവും പുതിയനിയമവും വേറിട്ടു കാണേണ്ടതുണ്ട്. ബൈബിളിൽ എത്രപുസ്തകങ്ങൾ ഉണ്ട് എന്ന കാര്യത്തിൽ യഹൂദരുടെയും ക്രൈസ്തവരുടെയും ഇടയിൽ ദിർഘകാലത്തേക്ക് സംശയങ്ങളും തർക്കങ്ങളും നിലനിന്നു. പുതിയനിയമത്തിൽ 27 പുസ്തകങ്ങൾ ഉണ്ട് എന്ന് എല്ലാ ക്രൈസ്തവരും അംഗീകരിക്കുന്നുണ്ട്. എന്നാൽ പഴയനിയമത്തെക്കുറിച്ചുള്ള നിലപാട് വ്യത്യസ്തമാണ്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ത്രെന്തോസ് സൂനഹദോസ് (ഏ.ഡി. 1545–1563) ഈ കാര്യത്തിൽ അന്തിമ തീർപ്പുകൽപിച്ചു.1546 ഏപ്രിൽ 8-ാം തിയതി നടന്ന സൂനഹദോസിന്റെ നലാം സമ്മേളനം "കാനോനികഗ്രന്ഥങ്ങളെക്കുറിച്ച്" (De Canonicis Scripturis) എന്ന ഡിക്രിയിലൂടെ പഴയനിയമത്തിൽ 45 ഉം ("വിലാപങ്ങൾ" എന്ന പുസ്തകം "ജെറമിയാ" യുടെ അനുബന്ധമായി കരുതി, രണ്ടും കൂടി ഒരു പുസ്തകമായിട്ടാണ് എണ്ണിയത്) പുതിയനിയമത്തിൽ 27 ഉം പുസ്തകങ്ങൾ ആണ് ഉള്ളതെന്ന് വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

ഏ.ഡി. നലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വി. ജെറോം മൂലഭാഷകളിൽനിന്നു ലത്തീനിലേക്കു വിവർത്തനം ചെയ്തതും "വുൾഗാത്ത" എന്ന പേരിൽ അറിയപ്പെടുന്നതുമായ ബൈബിളിന്റെ പതിപ്പിനെയാണ് സൂനഹദോസ് ആധികാരികഗ്രന്ഥമായി സ്വീകരിച്ചത്. എന്നാൽ പ്രോട്ടസ്റ്റന്റുസഭകൾ ത്രെന്ത്രോസ് സൂനഹദോസിന്റെ ഈ തീരുമാനത്തെ അംഗികരിക്കുന്നില്ല. പഴയനിയമത്തെ സംബന്ധിച്ചാണ് അഭിപ്രായവ്യത്യാസം ഉള്ളത്.

പഴയനിയമം യഹൂദരുടെ മതഗ്രന്ഥമാകയാൽ യഹൂദർ "കാനോനികം" എന്ന് അംഗികരിച്ച പുസ്തകങ്ങൾ മാത്രമേ ക്രിസ്ത്യാനികളും കാനോനികമായി സ്വീകരിക്കാവു എന്നതാണ് പ്രോട്ടസ്റ്റന്റു നിലപാട് ഹെബ്രായ ബൈബിളിൽ ഇല്ലാത്തതും കത്തോലിക്കർ പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ ഉള്ളതുമായ പുസ്തകങ്ങളെ പ്രോട്ടസ്റ്റന്റുകാർ "അപ്പോക്രിഫ" അഥവ അപ്രമാണിക ഗ്രന്ഥങ്ങൾ എന്നുവിളിക്കുന്നു. കത്തോലിക്കരാകട്ടെ ഈ ഗ്രന്ഥങ്ങളെ "ഉത്ത

രകാനോനിക" (deutero-canonical) ഗ്രന്ഥങ്ങൾ എന്നാണു വിളിക്കുന്നത്.

തോബിത്, യൂദിത്, 1-2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, ബാറുക് എന്നീ ഏഴുപുസ്തകങ്ങളും എസ്തേർ 10,4-16,24; ദാനിയേലിന്റെ പുസ്തകം 3-ാം അധ്യായം 23 ാം വാക്യത്തിനും 24-ാം വാക്യത്തിനുമിടയിൽ ചേർത്തിരിക്കുന്ന "അസറിയായുടെ പ്രാർത്ഥനയും മൂന്നുയുവാക്കളുടെ കീർത്തനവും" ദാനിയേൽ 13 (സൂസന്ന); ദാനിയേൽ 14 (ബേലും വ്യാളവും) എന്നീ ഭാഗങ്ങളും ഉത്തര കാനോനിക ഗ്രന്ഥങ്ങളിൽപ്പെടുന്നു.

ഈ പുസ്തകങ്ങളും പുസ്തകഭാഗങ്ങളും പ്രോട്ടസ്റ്റന്റു നവീകരണക്കാർ ആരംഭം മുതലേ ഉപേക്ഷിച്ചിരുന്നില്ല. നവീകരണപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നറിയപ്പെടുന്ന മാർട്ടിൻ ലൂഥർ 1534-ൽ പ്രസിദ്ധീകരിച്ച ബൈബിൾ വിവർത്തനത്തിൽ മേൽപറഞ്ഞ ഭാഗങ്ങൾ പഴയനിയമത്തിന്റെ അവസാനത്തിൽ ചേർത്തിരുന്നു. അവതരണക്കുറിപ്പ് എന്ന നിലയിൽ "അപ്പോക്രിഫ" - ഈ പുസ്തകങ്ങൾ വിശുദ്ധഗ്രന്ഥത്തോടു തുല്യമല്ലെങ്കിലും വായിക്കുന്നത് നല്ലതും ഉപയോഗപ്രദവും ആയിരിക്കും എന്ന് ഈ സമാഹാരത്തിന്റെ ആരംഭത്തിൽ ലൂഥർ എഴുതിച്ചേർത്തിരുന്നു. പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ മറ്റൊരു പ്രമുഖനേതാവായ സ്വിംഗ്ലി 1527-29 ൽ സൂറിച്ചിൽ നിന്നു പ്രസിദ്ധീകരിച്ച ബൈബിൾ വിവർത്തനത്തിലും ഉത്തരകാനോനിക ഗ്രന്ഥങ്ങൾ അവസാനത്തെ വാല്യമായി ചേർത്തിരുന്നു. കാൽവിൻ നേതൃത്വം നൽകിയ വിവർത്തനത്തിലും (1534-35) ഈ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജെയിംസ് രാജാവിന്റെ വിവർത്തനം (King James Version) എന്നറിയപ്പെടുന്ന ഇംഗ്ലീഷ് പരിഭാഷയിൽ (1611) ഉത്തര കാനോനികഗ്രന്ഥങ്ങൾ പഴയനിയമത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്. കാലക്രമത്തിൽ പല പ്രോട്ടസ്റ്റന്റുവിഭാഗങ്ങളും ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ബൈബിളിൽ നിന്നുമാറ്റി. എന്നാൽ അടുത്തകാലത്ത്, പ്രത്യേകിച്ചും യൂറോപ്പിൽ, പ്രോട്ടസ്റ്റന്റു സഭകളും ഉത്തര കാനോനിക ഗ്രന്ഥങ്ങളോടു കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. യഹൂദരുടെ ബൈബിളിൽ ഇല്ലാത്ത പുസ്തകങ്ങൾ പഴയനിയമത്തിന്റെ ഭാഗമായി കരുതാൻ പാടില്ല എന്നുവാദിക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. പുതിയനിയമം രൂപംകൊണ്ട ഒന്നാംനൂറ്റാണ്ടിൽ യഹൂദരെ സംബന്ധിച്ചിടത്തോളം എല്ലാവരും അംഗികരിച്ച ഒരു കാനോൻ ഉണ്ടായിരുന്നില്ല. പലസ്തീനായിലെ യഹൂദരുടെ ഇടയിൽ ഹെബ്രായഭാഷയിലുള്ള ബൈബിളും റോമാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വസിച്ചിരുന്ന യഹൂദരുടെ ഇടയിൽ അലക്സാണ്ഡ്രിയായിൽ വിവർത്തനം ചെയ്യപ്പെട്ട "സപ്തതി" എന്നറിയപ്പെടുന്ന ഗ്രീക്കു ബൈബിളുമാണ് പ്രചാരത്തിലിരുന്നത്. രണ്ടും തമ്മിൽ പുസ്തകങ്ങളുടെ എണ്ണത്തിൽ വ്യത്യാസവും ഉണ്ടായിരുന്നു.





2. ഉത്തര കാനോനികഗ്രന്ഥങ്ങൾ സപ്തതിയിൽ മാത്രമേ കാണുന്നുള്ളു എന്നതിനാൽ അവ ഗ്രീക്കുഭാഷയിൽ രചിക്കപ്പെട്ടതാവണം എന്നില്ല. "പ്രഭാഷകൻ" എന്ന പുസ്തകം ഹെബ്രായഭാഷയിൽ നിന്നുള്ള വിവർത്തനമാണെന്ന് ഗ്രന്ഥകർത്താവുതന്നെ പറയുന്നുണ്ട്. (പ്രഭാഷകൻ, മുഖവുര). ചാവുകടൽ തീരത്തെ ഗുഹകളിൽനിന്നു കണ്ടെത്തിയ ഖുമ്റാൻ സന്യാസസമൂഹത്തിന്റെ ചുരുളുകളിൽ ബാറുക്, തോബിത്, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇവയെ ബൈബിളിന്റെ ഭാഗമായി അംഗീകരിച്ചിരുന്ന യഹൂദർ (ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ) പലസ്തീനായിൽ ഉണ്ടായിരുന്നു എന്നതിന് ഇതു തെളിവാണ്.

3. പലസ്തീനായ്ക്കു പുറത്ത് ഗ്രീക്കുകാരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച അപ്പസ്തോലൻമാർ "സപ്തതി" എന്ന ഗ്രീക്കു ബൈബിളാണ് ഉപയോഗിച്ചിരുന്നത്. പുതിയനിയമ ഗ്രന്ഥകർത്താക്കൾ ഉദ്ധരിക്കുന്നതും സപ്തതിയിൽനിന്നാണ്. തന്നെയുമല്ല, ഇന്ന് ബൈബിളിന്റെ ഭാഗമായി ആരും അംഗികരിക്കാത്ത ചില പുസ്തകങ്ങളിൽനിന്നുള്ള ഉദ്ധരണികളും പുതിയനിയമത്തിൽ കാണാം. ഉദാ: യൂദാസ് എഴുതിയ ലേഖനം 14-ാം വാക്യം. "കണ്ടാലും, കർത്താവ് തന്റെ വിശുദ്ധരുടെ പതിനായിരങ്ങളുടെ കൂടെ ആഗതനായിരിക്കുന്നു". ഏനോക്കിന്റെ ഒന്നാം പുസ്തകം 1,9-ൽ നിന്നുള്ള ഉദ്ധരണിയാണിത്. യൂദാ 9-ൽ കൊടുത്തിരിക്കുന്ന മോശയുടെ ശരീരത്തെച്ചൊല്ലി പിശാചിനോടു തർക്കിച്ച മിഖായേലിന്റെ ചിത്രം, "മോശയുടെ സ്വർഗ്ഗാരോഹണം" എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ്. 'അവൻ നസ്രായൻ എന്നു വിളിക്കപ്പെടും' (മത്താ. 2,23) എന്ന പ്രവചനം ഇന്ന് അംഗികരിക്കപ്പെട്ടിരിക്കുന്ന പഴയനിയമത്തിൽനിന്നല്ല, മറ്റേതോ പുസ്തകത്തിൽനിന്നെടുത്തതായിരിക്കണം. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് പുതിയനിയമം രചിക്കപ്പെട്ടകാലത്ത് ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് യഹൂദരുടെ ഇടയിൽ അന്തിമമായ ഒരു തീരുമാനം നിലവിൽ വന്നിരുന്നില്ല എന്നാണ്.

4. ഏ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം പാലസ്തീനായിലെ യഹൂദർ ബൈബിൾ ഗ്രന്ഥങ്ങളുടെ അന്തിമമായ പട്ടിക തയ്യാറാക്കിയത് എന്നാണ് ബൈബിൾ പണ്ഡിതൻമാർ കരുതുന്നത്. ഈ തീരുമാനത്തെ ലോകമെങ്ങുമുള്ള മറ്റു യഹൂദരും സ്വികരിച്ചു. ഇപ്രകാരം ഒരു തീരുമാനത്തെ ആധാരമാക്കി ക്രൈസ്തവർ വിശുദ്ധഗ്രന്ഥ

ത്തിന്റെ "കാനോൻ" സംബന്ധിച്ച തീരുമാനം എടുക്കുന്നതു യുക്തി പുർവ്വമായിരിക്കില്ലല്ലോ.

ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് ത്രെന്തോസ് സൂനഹദോസ് പെട്ടന്ന് ഒരു തീരുമാനം എടുക്കുകയായിരുന്നില്ല. ഏ.ഡി. 393 ലെ ഹിപ്പോ പട്ടണത്തിൽ കൂടിയ പ്രാദേശിക സൂനഹദോസും ഏ.ഡി. 397 ലെ രണ്ടാം കർത്തേജ് സൂനഹദോസും കാനോനികഗ്രന്ഥങ്ങളെ സംബന്ധിച്ച പ്രഖ്യാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഏ.ഡി. 405 ൽ ഇന്നസെന്റ് ഒന്നാമൻ മാർപാപ്പ ടുളുസിലെ മെത്രാനയച്ച കത്തിൽ കാനോനിക ഗ്രന്ഥങ്ങൾ ഏവയെന്ന് പ്രഖ്യാപിക്കുന്നുണ്ട് ഏ.ഡി. 1441 ൽ ഫ്ളോറൻസിൽ സമ്മേളിച്ച സാർവ്വത്രിക സൂനഹദോസ് ഇപ്രകാരമൊരു പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി. മേല്പറഞ്ഞ തീരുമാനങ്ങളും പ്രഖ്യാപനങ്ങളും എല്ലാം ഒരേ പട്ടിക തന്നെയാണ് അവതരിപ്പിക്കുന്നത്. ഈ പട്ടികയാണ് ത്രെന്തോസ് സൂനഹദോസ് വിശ്വാസസത്യമായി പ്രഖ്യാപിച്ചത്.

### ദൈവനിവേശിത ഗ്രന്ഥം

ബൈബിളിന്റെ രചനയ്ക്കായി ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുത്തു. താൻ വെളിപ്പെടുത്താൻ ഇച്ഛിച്ച കാര്യങ്ങൾ ഗ്രഹിക്കാൻ ദൈവം അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഗ്രഹിച്ചവ തെറ്റുകൂടാതെ എഴുതാൻ അവരുടെ മനസ്സിനെ ഉത്തേജിപ്പിക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥകാരൻമാരിലുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തെയാണ് "ദൈവനിവേശനം" (divine inspiration) എന്നുവിളിക്കുന്നത്. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ നിവേശനത്തിൻ കീഴിൽ രചിക്കപ്പെട്ട ഗ്രന്ഥമായതിനാൽ ബൈബിളിനെ ദൈവനിവേശിത ഗ്രന്ഥം എന്നു വിളിക്കുന്നു.

പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊണ്ടവയല്ല പരിശൂദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ് (2 പത്രോ.1,21) എന്ന് വിശുദ്ധ പത്രോസും, "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു" (2 തിമോ. 3,16 ) എന്ന് വി. പൗലോസും രേഖപ്പെടുത്തിയിരിക്കുന്നു. "പ്രവചനങ്ങൾ" എന്നു വി. പത്രോസ് വിളിക്കുന്നത് പ്രവാചകഗ്രന്ഥങ്ങളെ മാത്രമല്ല പഴയനിയമത്തെ മുഴുവനുമാണ്.

ദൈവനിവേശിത ഗ്രന്ഥമായതിനാൽ ബൈബിൾ ദൈവത്തിന്റെ വചനമാണ്. ചില വ്യക്തികളോട് തന്റെ വചനങ്ങൾ എഴുതി പിൻതലമുറകൾക്കായി സൂക്ഷിക്കാൻ ദൈവം തന്നെ ആവശ്യപ്പെടുന്നതായി ബൈബിളിൽകാണാം. "കർത്താവ് മോശയോട് അരുൾചെയ്തു : ഇതിന്റെ ഓർമ്മ നിലനിർത്താനായി നീ ഇത് ഒരു പുസ്തകത്തിലെഴുതി ജോഷ്വായെ വായിച്ചു കേൾപ്പിക്കുക" (പുറ.17, 14) കർത്താവ് ഏശയ്യായോട് അരുളിച്ചെയ്തു : "വരും നാളിൽ എന്നേക്കുമുള്ള സാക്ഷ്യത്തിനായി ഇത് അവരുടെ മുമ്പിൽ ഒരു ഫലകത്തിൽ രേഖപ്പെടുത്തുകയും പുസ്തകത്തിൽ എഴുതുകയും ചെയ്യുക" (ഏശ.30, 8) "സൈന്യങ്ങളുടെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ നിന്നോടു പറഞ്ഞതെല്ലാം ഒരു പുസ്തകത്തിൽ എഴുതുക" (ജറെ. 30-2). ദൈവം നല്കിയ പ്രത്യേക പ്രചോദനം അനുസരിച്ചാണ് തങ്ങൾ എഴുതിയത് എന്ന വിശുദ്ധ ഗ്രന്ഥകാരൻമാർക്കുണ്ടായിരുന്ന അവബോധത്തെയാണ് മേലുദ്ധരിച്ച വാക്യങ്ങൾ വ്യക്തമാക്കുന്നത്.

യേശുവും അപ്പസ്തോലൻമാരും പഴയനിയമത്തെ ദൈവവചനമായി കരുതിയിരുന്നു. (മത്താ. 4,4; 11,10; 19,4-5; ലൂക്കാ 18,31; 24,44). യേശുവിന്റെ സഭ പുതിയനിയമത്തെയും ദൈവവചനമായി കരുതുന്നു. സഭാപിതാക്കൻമാരും സൂനഹദോസുകളും ഈ പഠനം ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്. ദൈവനിവേശനത്തെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ പഠനത്തെ രണ്ടാം വത്തിക്കാൻ സൂനഹദോസ് "ദൈവികവെളിപാട്" എന്ന പ്രമാണരേഖയിൽ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു: "അപ്പസ്തോലൻമാരിൽനിന്നു സ്വീകരിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മതാവായ തിരുസഭ ഇങ്ങനെ പഠിപ്പിക്കുന്നു. പുതിയനിയമത്തിലും പഴയനിയമത്തിലുമുള്ള എല്ലാ പുസ്തകങ്ങളും പൂർണ്ണമായി അവയുടെ എല്ലാ ഭാഗങ്ങളുമുൾപ്പെടെ സംപൂജ്യവും കാനോനികവുമാണ്. കാരണം അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽനിന്നാകുന്നു. ദൈവമാണ് അവയുടെ കർത്താവ്" (നമ്പർ 11).

ദൈവനിവേശിതമായി സഭ അംഗീകരിക്കുന്നത് മൂലഭാഷകളിൽ രചിക്കപ്പെട്ട ബൈബിൾ ഗ്രന്ഥങ്ങളാണ്. വിവർത്തനങ്ങൾ മൂലഭാഷയോടു വിശ്വസ്തത പുലർത്തുമ്പോൾ മാത്രമേ ദൈവനിവേശിതമാവുകയുള്ളു. ഗ്രന്ഥകാരൻമാർ ഉദ്ദേശിച്ച കാര്യങ്ങൾ വിശ്വസ്തമായി വിവർത്തനം ചെയ്യാൻ പരിഭാഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. വിവർത്തനം മൂലഗ്രന്ഥത്തോടു വിശ്വസ്തമാണെന്ന കാര്യത്തിന് സഭയുടെ അംഗീകാരം നൽകുന്നത് ഇതുകൊണ്ടാണ്. വിശുദ്ധ ഗ്രന്ഥകാരൻമാർ എഴുതിയ കയ്യെഴുത്തുപ്രതികൾ ഇന്ന് ലഭ്യമല്ല. പല തവണ പകർത്തിയെഴുതിയതിന്റെ പകർപ്പുകൾ മാത്രമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. ഈ കൈയ്യെഴുത്തുപ്രതികളിൽ ഏതാണ് മൂല ഗ്രന്ഥത്തോട് ഏറ്റം വിശ്വസ്തമായത് എന്നുനിശ്ചയിക്കാൻ സൂക്ഷ്മമായ പഠനം ആവശ്യമുണ്ട്. ബൈബിൾ വിജ്ഞാനീയത്തിന്റെ ഒരു ശാഖ (Textual criticism) ഈ വിഷയത്തിൽ ദീർഘകാലമായി

ശാസ്ത്രീയമായ വിധത്തിൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടാണി രിക്കുന്നത്.

## ദൈവനിവേശനത്തിന്റെ ഫലങ്ങൾ

ദൈവനിവേശനത്തിന്റെ ഫലമാണ് ബൈബിൾ ഗ്രന്ഥം. ദൈവ മാണ് ആത്യന്തികമായി അതിന്റെ കർത്താവ്. ഇതിൽനിന്നും സുപ്ര ധാനമായ ചില കാര്യങ്ങൾ ഓർത്തിരിക്കേണ്ടതുണ്ട്.

1. ദൈവീക വെളിപാട്: ബൈബിൾ ദൈവനിവേശിതമായ ഗ്രന്ഥ മായതിനാൽ അതു വായിക്കുന്നവർക്ക് ദൈവം സ്വയം വെളിപ്പെടു ത്തുന്നു. ദൈവത്തെ അറിയാനും ദൈവികജീവനിൽ പങ്കുചേരാനും ബൈബിൾ സഹായിക്കുന്നു.

2. ബൈബിൾ ഒറ്റഗ്രന്ഥമാണ്: ഏകദേശം ആയിരത്തിൽപരം വർഷങ്ങൾക്കുള്ളിൽ അനേകം പേരാൽ രചിക്കപ്പെട്ട 73 പുസ്തക ങ്ങളുടെ സമാഹാരമാണു ബൈബിളെങ്കിലും അവയുടെയെല്ലാം കർത്താവ് ദൈവമാകയാൽ ഈ സമാഹാരം ഒറ്റ ഗ്രന്ഥമായി കരു തണം. ഒറ്റപ്പെട്ട പുസ്തകങ്ങളും അവയിലെ വാക്യങ്ങളും വ്യാഖ്യാ നിക്കുമ്പോൾ ബൈബിളിന്റെ മൊത്തമായ ഐക്യം മനസ്സിലുണ്ടാ യിരിക്കണം. എങ്കിൽ മാത്രമേ ബൈബിളിലൂടെ സ്വയം വെളിപ്പെ ടുത്തുന്ന ദൈവത്തെ കണ്ടെത്താനാവു. ബൈബിളിലെ അനേകം പുസ്തകങ്ങൾ യേശുക്രിസ്തുവിനെ കേന്ദ്രമാക്കിയാണ് രചിക്കപ്പെ ട്ടിരിക്കുന്നത്. യേശുവിലൂടെ സംഭവിച്ച ദൈവാവിഷ്കരണത്തിന്റെ വിശദീകരണമാണ് പുതിയനിയമം. ദൈവനിവേശനത്തിന്റെ ഫല മായി പഴയനിയമത്തിൽ പുതിയനിയമം നിഗൂഢമായി സ്ഥിതിചെ യ്യുന്നു; പുതിയനിയമത്തിൽ പഴയനിയമം പ്രകടമാകുന്നു. അഥവാ, പഴയനിയമം പുതിയനിയമത്തിനു വഴിയൊരുക്കുന്നു. പുതിയനി യമത്തിൽ പഴയനിയമം പൂർത്തിയാവുന്നു.

3. ബൈബിൾ ഒരു കൂദാശ: യേശുക്രിസ്തുവിലൂടെ മനുഷ്യർ ദൈവവുമായി കണ്ടുമുട്ടുന്ന വേദിയാണല്ലോ കൂദാശകൾ. രക്ഷാക രമായ ഈ കണ്ടുമുട്ടൽ അടയാളങ്ങളിലൂടെയാണ് നടക്കുന്നത്. ഏഴു കൂദാശകളാണ് സഭ ഔദ്യോഗികമായി അംഗികരിച്ചിട്ടുള്ളത്. എന്നാൽ, യേശുക്രിസ്തുവിലൂടെ ദൈവത്തെ കണ്ടുമുട്ടാനുള്ള വേദി യാണ് ബൈബിളും. മനുഷ്യബുദ്ധിയെയും ഭാവനയെയും വികാര ങ്ങളെയും നേരിട്ടു സ്പർശിക്കുന്നതാകയാൽ ബൈബിളിലൂടെ നട ക്കുന്ന കണ്ടുമുട്ടൽ വളരെ പ്രധാനപ്പെട്ടതാണ്.

4. അപ്രമാദിത്വം: സത്യം തന്നെയായ ദൈവമാണ് ബൈബി ളിന്റെ കർത്താവ്. അതിനാൽ ബൈബിളിൽ സത്യവിരുദ്ധമായ പഠ നങ്ങൾ ഉണ്ടായിരിക്കുകയില്ല. മനുഷ്യന്റെ നിത്യരക്ഷയ്ക്ക് ആവ ശ്യകമായ കാര്യങ്ങളാണ് ദൈവം വെളിപ്പെടുത്തുന്നത്. ഈ നില





യിൽ വേണം ബൈബിളിൽ ആവിഷ്ക്കരിക്കപ്പെടുന്ന സത്യങ്ങളെ മനസ്സിലാക്കാൻ. ആധുനിക ശാസ്ത്രത്തിന്റെയും ചരിത്രപഠനങ്ങ ളുടെയും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ തെറ്റായി തോന്നിയേക്കാം. ശാസ്ത്രമോ ലോക ചരിത്രമോ പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല, രക്ഷാകരചരിത്രമാണ് ബൈബിൾ എന്ന ബോദ്ധ്യത്തോടെ വേണം ബൈബിളിലെ പഠന ങ്ങളെ സമീപിക്കാൻ. ഓരോ പുസ്തകവും എഴുതപ്പെട്ടകാലത്തു നിലവിലിരുന്ന പ്രപഞ്ചവീക്ഷണവും സാഹിത്യശൈലികളും മാനു ഷികഗ്രന്ഥകാരൻമാരെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യം മറക്കാവുന്ന തല്ല. ഗ്രന്ഥകാരൻമാർ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന രക്ഷാകര സത്യം എന്ത് എന്നു മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. അപ്പോൾ പ്രത്യ ക്ഷത്തിൽ തെറ്റെന്നു തോന്നിയേക്കാവുന്ന പല പ്രസ്താവനകളും തെറ്റല്ല എന്നു തെളിയും.

ദൈവമാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ് എന്നതുകൊണ്ട് വിശുദ്ധ ഗ്രന്ഥകാരൻമാർക്ക് യാതൊരു പ്രാധാന്യവും ഇല്ല എന്നു വരുന്നില്ല. അവർ സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഭാവനയും ഉള്ള യഥാർത്ഥ ഗ്രന്ഥകാരൻമാരായിത്തന്നെയാണ് പ്രവർത്തിക്കു ന്നത്.

## ബൈബിളും പാരമ്പര്യവും

ബൈബിളിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നതെ ങ്കിൽ ബൈബിളിൽ കാണാത്ത കാര്യങ്ങൾ വിശ്വാസസത്യമായി കരുതുന്നതു ശരിയോ? കത്തോലിക്കാ സഭ പഠിപ്പിക്കുന്ന പലകാ ര്യങ്ങളും ബൈബിളിൽ കാണുന്നില്ല. ഉദാ. മാതാവിന്റെ സ്വർഗ്ഗാ രോപണം, ശുദ്ധീകരണസ്ഥലം. മാത്രമല്ല, ബൈബിളിന്റെ സ്പഷ്ട മായ പഠനത്തിനു വിരുദ്ധമെന്നു തോന്നാവുന്ന പല ആചാരങ്ങളും കത്തോലിക്കാസഭ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉദാ. പ്രതി മാവണക്കം, മധ്യസ്ഥപ്രാർത്ഥന. ഇന്ന് സാധാരണ കേൾക്കാറുള്ള ഒരു ചോദ്യമാണിത്.

ബൈബിളിന്റെ ഉത്ഭവത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച വികലമായ ധാരണകളാണ് ഈ ചോദ്യത്തിൽ പ്രതിഫലിക്കുന്ന ത്. 'ദൈവം ചില വ്യക്തികളെ പ്രത്യേകം തെരഞ്ഞെടുത്ത് ദൈവി കരഹസ്യങ്ങൾ അവർക്കു വെളിപ്പെടുത്തി. അവർ എഴുതി പ്രസി ദ്ധീകരിച്ച ഗ്രന്ഥമാണ് ബൈബിൾ. അതുവായിക്കുന്ന ആർക്കും ദൈവം വെളിപ്പെടുത്തിയ സത്യം മുഴുവൻ തെറ്റുകൂടാതെ ഗ്രഹി ക്കാൻ കഴിയും'. ഏതാണ്ട് ഈ വിധത്തിലുള്ള ചിന്തയാണ് മേലു ദ്ധരിച്ച ചോദ്യത്തിനു പിന്നിലുള്ളത്. എന്നാൽ ബൈബിളിന്റെ ഉത്ഭവം ഇത്ര ലളിതമായവിധത്തിലായിരുന്നില്ല. അതിസങ്കീർണ്ണ

മായ ഒരു പ്രയാണത്തിലൂടെയാണ് ദൈവവചനം ലിഖിതരൂപത്തിലായത്. പഴയനിയമത്തെയും പുതിയനിയമത്തേയും സംബന്ധിച്ച് ഇതു വാസ്തവമാണ്.

ബി.സി. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രാഹത്തെ സംബന്ധിച്ച കാര്യങ്ങൾ ബി.സി. 10-ാം നൂറ്റാണ്ടിൽ ദാവിദിന്റെയും സോളമന്റെയും കാലത്താണ് ലിഖിതരൂപത്തിലായത്. ബി.സി.13-ാം നൂറ്റാണ്ടിൽ നടന്ന പുറപ്പാടും സീനായ് ഉടമ്പടിയും മറ്റും ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിധത്തിൽ അന്തിമമായി എഴുതപ്പെട്ടതു ബി.സി. 5-ാം നൂറ്റാണ്ടിലാണ്. ക്രിസ്ത്വാനുഭവത്തെ ലിഖിതരൂപത്തിൽ അവതരിപ്പിക്കുന്ന സുവിശേഷങ്ങൾ എഴുതപ്പെട്ടത് ഏ.ഡി. 60-നു ശേഷമാണ്- യേശുവിന്റെ മരണത്തിന് മുപ്പതിൽപ്പരം വർഷങ്ങൾക്കു ശേഷം. അപ്പോൾ, എഴുതപ്പെട്ട ബൈബിൾ ഉണ്ടാകുന്നതിനുമുമ്പേ ദൈവീക വെളിപാട് ഒരു സമൂഹത്തിന് ലഭിക്കുകയും ആ സമൂഹം അത് പിൻതലമുറകൾക്കു കൈമാറുകയും ചെയ്തിരുന്നു എന്നു വ്യക്തം. ദൈവവചനമായി കണ്ട് അവ ശേഖരിച്ചു സൂക്ഷിച്ചതും പിൻതലമുറകൾക്കു കൈമാറിയതും സഭയാണ്. ഇതുതന്നെയാണ് മറ്റെല്ലാ പുസ്തകങ്ങളുടെയും അവസ്ഥ. അതിനാൽ സഭയിലാണ് ബൈബിൾ രൂപം കൊണ്ടത്; സഭയാണ് ബൈബിൾ സൂക്ഷിക്കുന്നതും കൈമാറുന്നതും. സഭയ്ക്കാണ് ബൈബിൾ ഏൽപിച്ചുകൊടുത്തിരിക്കുന്നത്. ദൈവവചനമാകുന്ന ബൈബിൾ വിശ്വസ്തമായി സൂക്ഷിക്കുകയും പ്രഘോഷിക്കുകയും ചെയ്യുക സഭയുടെ ദൈവദത്തമായ ദൗത്യമാണ്.

**ബൈബിൾ മാത്രമോ ?**

ദൈവികവെളിപാടിന്റെ ഉറവിടം ബൈബിൾ മാത്രമാണെന്നും ബൈബിളിൽ എഴുതപ്പെട്ടിട്ടില്ലാത്ത യാതൊന്നും വിശ്വാസത്തിന്റെയോ ധാർമ്മികതയുടെയോ മാനദണ്ഡമായി സ്വീകരിക്കാൻ പാടില്ല എന്നും ഉള്ള വാദഗതി യുക്തിസഹമല്ല. സഭാസമുഹത്തിനു ലഭിച്ച ദൈവാവിഷ്കരണത്തിന്റെ ലിഖിതരൂപത്തിലുള്ള പ്രകാശനമാണ് ബൈബിൾ. എന്നാൽ തങ്ങൾക്കു ലഭിച്ചതെല്ലാം എഴുതപ്പെട്ടിട്ടില്ല എന്നു സുവിശേഷകൻമാർതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങൾ യേശു ശിഷ്യൻമാരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു" (യോഹ. 20,30). "യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കുതോന്നുന്നത്" (യോഹ. 21, 25). കോറിന്തോസിലെ സഭയ്ക്കു നാലുലേഖനങ്ങൾ എഴുതിയതായി വി. പൗലോസ് പറയുന്നുണ്ട്. അവയിൽ രണ്ടെണ്ണം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ലാവോദിക്യായിലെ സഭയ്ക്കെഴുതിയ കത്ത് (കൊളൊ. 4,16) നമുക്കു കിട്ടിയിട്ടില്ല. ഇന്നു ലഭിച്ചിരിക്കുന്ന ബൈബിളിൽ ഉൾക്കൊണ്ടിട്ടില്ലാത്ത പലതും യേശുവും അപ്പസ്തോലൻമാരും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.





തന്നെയുമല്ല, യേശു പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാര്യങ്ങളെയും, സർവ്വോപരി അവിടുത്തെ വ്യക്തിത്വത്തിന്റെ ആഴങ്ങളെയും കുറിച്ചുള്ള പൂർണ്ണമായ അവബോധം സാവധാനമാണ് അപ്പസ്തോലൻമാർക്കും സഭാസമൂഹത്തിനും ലഭിച്ചത്. "ഇനിയും വളരെ കാര്യങ്ങൾ നിങ്ങളോടുപറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" (യോഹ. 16, 12). ക്രിസ്തുസംഭവത്തിലൂടെ നടന്ന ദൈവികവെളിപാടിന്റെ പൂർണ്ണതയിലേക്കു പരിശുദ്ധാത്മാവാണ് സഭയെ സാവധാനം കൈപിടിച്ചു നടത്തുന്നത്. അതിനാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ സഭയിൽ വളർച്ചയുണ്ടായിട്ടുണ്ട് ബൈബിളിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന പലകാര്യങ്ങളും ക്രമേണയാണ് സഭ മനസ്സിലാക്കിയത്. പരിശുദ്ധത്രിത്വത്തെയും യേശുവിന്റെ ദൈവ-മനുഷ്യസ്വഭാവത്തെയും കുറിച്ചുള്ള സഭയുടെ പഠനങ്ങൾ ഉദാഹരണങ്ങളാണ്.

പാരമ്പര്യത്തെക്കുറിച്ചുള്ള സഭയുടെ ഈ കാഴ്ചപ്പാട് ബൈബിളിന്റെ പ്രാധാന്യത്തെ യാതൊരുവിധത്തിലും കുറച്ചുകാണിക്കുന്നില്ല. ബൈബിൾ പഠിപ്പിക്കുന്ന സത്യങ്ങൾക്കെതിരായി സഭാപാരമ്പര്യങ്ങൾ ഒന്നും പഠിപ്പിക്കുന്നില്ല. രണ്ടിന്റെയും ഉറവിടം ദൈവം തന്നെയാകയാൽ അവ തമ്മിൽ വൈരുദ്ധ്യം ഉണ്ടാവുകയില്ല. ബൈബിളിനെ മറന്നുകൊണ്ടു പാരമ്പര്യത്തിനോ, പാരമ്പര്യത്തെ മറന്നുകൊണ്ട് ബൈബിളിനോ നിലനില്ക്കാനാവില്ല.

അടിസ്ഥാനപരമായ വെളിപാടിന്റെ കാലം ശ്ലീഹൻമാരുടെ കാലത്തോടെ അവസാനിച്ചു. അതുകൊണ്ട് ഈ വെളിപാടിനെ കേന്ദ്രീകരിച്ചും ബന്ധപ്പെടുത്തിയുമാണ് വിശ്വാസികൾ ജീവിക്കുന്നത്. അപ്പോൾ പാരമ്പര്യമെന്നത് ആത്മാവിനാൽ നയിക്കപ്പെടുന്ന സഭയുടെ തെറ്റുപറ്റാനാവാത്ത ജീവിതമാണെന്നു പറയാം. കുറേക്കൂടി വ്യാപകമായ അർത്ഥത്തിൽ, ശ്ലീഹൻമാരിലും, സഭാപിതാക്കൻമാരിലും, സഭാജീവിതത്തിലും കൂടി അവിച്ഛിന്നമായി നിലനിന്നുപോരുന്ന രക്ഷയുടെ സന്ദേശമാണ്, സിദ്ധാന്തമാണ്, പാരമ്പര്യം. വിശ്വാസത്തിന് അധിഷ്ഠിതമായ തത്വസംഹിതകൾ മാത്രമല്ല, സഭയുടെ ആരാധനക്രമം, ആചാരനുഷ്ഠാനങ്ങൾ, നിയമങ്ങൾ, ജീവിതശൈലി എന്നിവയെല്ലാം പാരമ്പര്യത്തിൽപ്പെടുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ മിശിഹാതന്നെയാണ് യഥാർത്ഥ പാരമ്പര്യം (The Tradition).

## വെളിപാടും പാരമ്പര്യവും

ശ്ലീഹൻമാർ മിശിഹായിൽനിന്ന് ഏതെങ്കിലുമൊരു ലിഖിതരേഖ സ്വീകരിച്ചില്ല. മിശിഹായുടെ വചനങ്ങൾ കേട്ടും അവിടുത്തെ കണ്ടും തൊട്ടും, അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ അവർ ഹൃദയത്തിൽ സ്വീകരിച്ചു, ധ്യാനിച്ചു, പ്രഖ്യാപിച്ചു. ഇതിന്റെയെല്ലാം പിന്നിൽ ദൈവമാതാവ് നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു. അതുപോലെ തന്നെ വിശ്വാസികൾ ദൈവവചനം ശ്ലീഹൻമാരുടെ അധരങ്ങളിൽ നിന്നും സ്വീകരിച്ചു. ദൈവവചനത്തോടു സഹകരിച്ച അവർ ദൈവാത്മാവിന്റെ കൃപാവരത്താൽ നല്കപ്പെട്ട സത്യത്തെ ഹൃദയത്തിൽ സൂക്ഷിച്ചു; ജീവിതത്തിൽ പാലിച്ചു. അവസരം കിട്ടിയപ്പോഴൊക്കെയും അതു ആഘോഷിച്ചു പ്രഖ്യാപിച്ചു. അങ്ങനെയാണ് വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ നിക്ഷേപമായ പാരമ്പര്യം ഉണ്ടാകുന്നത്.

### ലിഖിതവും അലിഖിതവുമായ കൈമാറൽ

മേൽപറഞ്ഞതിൽനിന്നും ഒരു കാര്യം വ്യക്തമാകുന്നു. ലിഖിതവചനമായ വി. ഗ്രന്ഥം ഉണ്ടാകുന്നതിനുമുമ്പ് ഒരു വാചിക പാരമ്പര്യം ഉണ്ടായിരുന്നു. പുതിയനിയമത്തിന്റെ ഉള്ളടക്കമായിത്തീർന്നത് അതാണ്. എങ്കിലും ഒന്ന് തീർച്ചയാണ്: തിരുലിഖിതങ്ങൾ എഴുതപ്പെട്ടതുകൊണ്ട് പാരമ്പര്യം ഇല്ലാതാവുകയോ തീർന്നുപോവുകയോ ചെയ്യുന്നില്ല. മറ്റുവാക്കിൽ പറഞ്ഞാൽ തിരുലിഖിതം പാരമ്പര്യത്തെ മാറ്റി മറിക്കുന്നില്ല. പാരമ്പര്യത്തിന്റെ ഭാഗമായി ലിഖിതരൂപം നിലനില്ക്കുകയാണ്.

വി. ഗ്രന്ഥവും വി. പാരമ്പര്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തേക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണം 7-10ൽ (പ്രധാനമായും 9-ൽ) പറയുന്നുണ്ട്. വി.ലിഖിതവും പാരമ്പര്യവും തമ്മിൽ സുദൃഢമായ ബന്ധവും വിനിമയവും ഉണ്ട്. അവ രണ്ടിന്റെയും ഉത്ഭവം ഒരു ദിവ്യ സ്രോതസ്സിൽ നിന്നാണ്. ഒരുവിധത്തിൽ രണ്ടും ഒന്നായിച്ചേർന്ന് ഒരേ ലക്ഷ്യത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. കാരണം പരിശുദ്ധ റൂഹായുടെ നിവേശനത്താൽ ദൈവവചനം ലിഖിതരൂപത്തിലേയ്ക്കു പകർത്തിയിരിക്കുന്നതുകൊണ്ട് വി. ലിഖിതങ്ങൾ ദൈവവചസ്സുകളാണ്.... ദൈവികാവിഷ്ക്കരണത്തിലെ എല്ലാ വസ്തുതകളെയും സംബന്ധിച്ചുള്ള അസന്ദിഗ്ദ്ധമായ ബോധം വി. ലിഖിതങ്ങളിൽ നിന്നു മാത്രമല്ല സഭയ്ക്കു ലഭ്യമാകുന്നത്. അതുകൊണ്ട്, വി. ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ആദരവോടും കൂടി നാം സ്വികരിച്ചുവണങ്ങേണ്ടതാണ്.മേൽ പറഞ്ഞ കൗൺസിൽ പഠനത്തിന്റെ വെളിച്ചത്തിൽ വി. ഗ്രന്ഥവും പാരമ്പര്യവും തമ്മിൽ താഴെപ്പറയുന്ന സാമ്യങ്ങൾ കണ്ടെത്താനാവും.





i. വി. ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രഭവം ഒരേ സ്രോതസ്സിൽ നിന്നാണ്.
ii. രണ്ടിന്റെയും ധർമ്മം വെളിപാടിന്റെ കൈമാറലാണ്
iii. രണ്ടിന്റെയും ഉള്ളടക്കവും - ദൈവികവെളിപാട്-ഒന്നുതന്നെ
iv. ഇവ രണ്ടിന്റെയും ലക്ഷ്യവും -ദൈവികരഹസ്യങ്ങളെ വെളിപ്പെടുത്തുക- ഒന്നുതന്നെ.
v. ഇവയ്ക്കുരണ്ടിനും തുല്യസ്ഥാനവും ആദരവുമാണ് സഭ നല്കിയിരിക്കുന്നത്.

സഭയുടെ ആന്തരികവും വസ്തുനിഷ്ഠവുമായ നിയമങ്ങളായി വി.ഗ്രന്ഥവും, പാരമ്പര്യവും സഭയിൽ നിലകൊള്ളുന്നു. അവയാണ് സഭയെ അവളാക്കിത്തീർക്കുന്ന തത്വങ്ങൾ. കാരണം അവയിലൂടെ ദൈവാത്മാവ് പ്രവർത്തിക്കുന്നു. ഈ ആത്മാവാണ് ആത്യന്തികമായി സഭയെ അവളാക്കി രൂപപ്പെത്തുന്നത്.

തിരുലിഖിതം വി. പാരമ്പര്യത്തിന്റെതന്നെ ഭാഗമാണ്. പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വേണം അതിനെ മനസ്സിലാക്കുവാൻ. വി. ഗ്രന്ഥത്തെ പാരമ്പര്യത്തിൽനിന്നു മാറ്റി നിർത്തി കാണാനാവാത്തതുപോലെ പാരമ്പര്യത്തെ സഭയിൽനിന്നും, സഭയെ തിരുലിഖിതത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും, വേർപെടുത്താനും സാധിക്കില്ല. ഇവ മൂന്നും പരസ്പരബന്ധിതങ്ങളാണ്. വി. ഗ്രന്ഥം കൂടാതെ ശ്ലൈഹീക പ്രബോധനത്തിന്റെ ഉള്ളടക്കം എന്തെന്നുഗ്രഹിക്കാനാവില്ല. വി. ഗ്രന്ഥവും വി. പാരമ്പര്യവും കൂടാതെ സഭയില്ലാത്തതുപോലെ സഭയില്ലെങ്കിൽ വി. ഗ്രന്ഥവും, പാരമ്പര്യവുമില്ല. കാരണം, ദൈവാവിഷ്കാരത്തിന് ജനം നല്കിയ സ്വീകരണത്തിന്റെയും പ്രത്യുത്തരത്തിന്റെയും - അതായത് വിശ്വാസം - പ്രതിഫലനവും, പ്രകടനവും കൂടിയാണ് വി. ലിഖിതവും വി. പാരമ്പര്യവും. അതു സ്വീകരിച്ച ജനമായ സഭയാണ് ഇന്നിവയെ കാത്തുസൂക്ഷിക്കുന്നതും, പരിപോഷിപ്പിക്കുന്നതും.

### വെളിപാടും പാരമ്പര്യവും തിരുലിഖിതങ്ങളും

ഈശോയിലൂടെ സാക്ഷാത്കൃതമായ അടിസ്ഥാനപരമായ ദൈവത്തിന്റെ വെളിപാട് ശ്ലീഹൻമാരും, കൂട്ടാളികളും അനുഭവിച്ചറിഞ്ഞു. ശ്ലീഹൻമാരുടെ കാലമെന്നത് സഭയുടെ ആരംഭത്തിന്റെയും, പുതിയനിയമത്തിന്റെ രൂപീകരണത്തിന്റെയുംകൂടി കാലമാണ്. പല ക്രിസ്തീയസമൂഹങ്ങളിലും നിലവിലിരുന്ന പ്രധാനപ്പെട്ട പാരമ്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ട് ആത്മാവിന്റെ സഹായത്താൽ രൂപം പ്രാപിച്ചവയാണ് തിരുലിഖിതങ്ങൾ . വെളിപാടും തിരുലിഖിതങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുള്ളതുപോലെ അടിസ്ഥാ

നപരമായ വ്യത്യാസവുമുണ്ട്. വെളിപാട് എന്നത് ഒരു യാഥാർത്ഥ്യ വും (Reality) തിരുലിഖിതമെന്നത് അതിന്റെ ലിഖിതരൂപവുമാണ് (Record). യാഥാർത്ഥ്യം എന്നത് ലിഖിതരൂപമല്ല. എന്നാൽ ലിഖി തരൂപത്തിൽ യാഥാർത്ഥ്യമുണ്ട്. എന്നാൽ, അതു യഥാർത്ഥമായ അനുഭവമല്ല. അതിനാൽ വി. ഗ്രന്ഥത്തെ വെളിപാട് എന്ന യാഥാർത്ഥ്യവുമായി അന്ധമായി തുല്യപ്പെടുത്തുകയോ സാധർമ്മ്യ പ്പെടുത്തുകയോ ചെയ്യുവാൻ സാധിക്കുകയില്ല. വെളിപാട് എന്ന അനുഭവത്തിന്റെ സാക്ഷ്യമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നത്. അതിനാൽ വെളിപാട് തിരുലിഖിതങ്ങൾ ഉൾക്കൊള്ളുന്നു എന്നു പറയുമ്പോഴും വെളിപാട് എന്ന യാഥാർത്ഥ്യം പൂർണ്ണമായി ലേശം പോലും കുറവുകൂടാതെ അതിലുണ്ട് എന്നു ശാഠ്യം പിടിക്കേണ്ട തില്ല. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ തിരുലിഖിതം ഉൾക്കൊ ള്ളുന്നു എന്നു പറയുന്നതാകും ഉത്തമം.

വെളിപാടിനെയും പാരമ്പര്യത്തേയും സംബന്ധിച്ചും ഇങ്ങനെ തന്നെ പറയാവുന്നതാണ്. വെളിപാട് എന്ന യാഥാർത്ഥ്യത്തെ സംബന്ധിച്ച് അതനുഭവിച്ചറിഞ്ഞവരും അതുകേട്ടറിഞ്ഞവരും (സഭ) നല്കുന്ന വ്യാഖ്യാനമാണ് അവരുടെ അനുഭവത്തിന്റെ പ്രകടനമാണ്, പ്രഘോഷണമാണ് പാരമ്പര്യമായി രൂപം പ്രാപിച്ചത്. ചുരുക്കത്തിൽ വെളിപാടിനെ തിരുലിഖിതവുമായോ, പാരമ്പര്യവുമായോ താദാ ത്മ്യപ്പെടുത്തുന്നതു ഉചിതമായിരിക്കുകയില്ല. അതേസമയം തന്നെ തിരുലിഖിതത്തിലും, പാരമ്പര്യത്തിലും വെളിപ്പെടുത്തപ്പെട്ട സത്യ ങ്ങളാണുള്ളത്.

**പാരമ്പര്യം: വിവിധമാനങ്ങൾ**

വെളിപാടിന്റെ പ്രകടനത്തിൽ എഴുതപ്പെട്ടതും എഴുതപ്പെടാത്ത തുമായ പാരമ്പര്യങ്ങളാണ് സമാന്തരമായിട്ടുള്ളത്. അവസാനത്തെ ശ്ലീഹായുടെ മരണത്തോടെ ലിഖിതപാരമ്പര്യം ദിവ്യാത്മാവിന്റെ സഹായത്താൽ രൂപവത്ക്കരിക്കപ്പെടുകയും സഭയിൽ സംരക്ഷി ക്കപ്പെടുകയും ചെയ്യുന്നു. ആദ്യം വാചികമായിരുന്നെങ്കിലും പിന്നീട് പ്രാമാണികരേഖകളായി സഭയുടെ മഹത്തായ പാരമ്പര്യമായി, അതായത് ശ്ലൈഹികമോ സഭാത്മകമോ ആയ സ്മാരകങ്ങളായി അവ നിലകൊള്ളുന്നു.

ശ്ലൈഹികവും സഭാത്മകവുമായ പാരമ്പര്യം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്.? എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. കാലികമായ ഒരു കാഴ്ചപ്പാടിലൂടെ പരിഗണിച്ചാൽ പാരമ്പര്യത്തെ രണ്ടു വ്യത്യസ്തരൂപത്തിൽ വേർതിരിക്കാനാവും. അതായത് ശ്ലൈഹികപാരമ്പര്യവും സഭാത്മകപാരമ്പര്യവും ഇവ രണ്ടും പര സ്പര വിരുദ്ധമായവയല്ല. അപ്പസ്തോലിക പാരമ്പര്യം സഭാത്മക മാണ്. സഭാത്മകപാരമ്പര്യമാകട്ടെ, പാരമ്പര്യത്തിന്റെ മറ്റുചില രൂപ





ങ്ങളെക്കൂടി ഉൾക്കൊള്ളുന്നു. അവയെല്ലാം നേരിട്ടു ശ്ലൈഹികമായി രിക്കണമെന്നില്ല.

ശ്ലീഹൻമാരിലൂടെ നൽകപ്പെട്ട പാരമ്പര്യത്തിൽ ദൈവജനത്തിന്റെ ജീവിതം വിശുദ്ധമായി നയിക്കുന്നതിനും വിശ്വാസത്തിൽ അഭി വൃദ്ധി പ്രാപിക്കുന്നതിനുമാവശ്യമായവയെല്ലാം അടങ്ങിയിട്ടുണ്ട്. പാരമ്പര്യം കൈമാറപ്പെടുന്നത് സഭയുടെ ജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും ആരാധനയിലൂടെയും ആണ്. ഇവ പര സ്പരം ബന്ധപ്പെട്ടവയുമാണ്.

പരിശുദ്ധാത്മാവിന്റെ സഹായത്താൽ പാരമ്പര്യം നിരന്തരം വളർന്നുകൊണ്ടാണിരിക്കുന്നത്. കാരണം, മിശിഹ പറയുന്നു: "ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയുവാനു ണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്കവ ഗ്രഹിക്കുവാൻ കഴിയുകയി ല്ല. എന്നാൽ സത്യാത്മാവായ അവിടുന്നു വരുമ്പോൾ നിങ്ങളെ സക ലസത്യങ്ങളിലേയ്ക്കും നയിക്കും" (യോഹ 16:12-13). സത്യത്തിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കുന്ന ദൈവത്തിന്റെ ആത്മാവിനാൽ രക്ഷാകരമായ ഈ സന്ദേശം കൂടുതൽ ആഴത്തിൽ, മിഴിവിൽ വെളി പ്പെടുകയും തലമുറകളിലേയ്ക്കു പകരുകയും ചെയ്തുകൊണ്ടിരി ക്കുന്നു.

ശ്ലീഹൻമാരുടെ കാലശേഷമുള്ള സഭയുടെ പാരമ്പര്യത്തെ എങ്ങ നെയാണ് മനസ്സിലാക്കേണ്ടത് എന്നതാണ് അടുത്തതായി ചിന്തി ക്കേണ്ടത്. ഇതിന് ആദ്യമേ തന്നെ പാരമ്പര്യത്തിന്റെ ക്രിയാത്മകമായ പ്രക്രിയയും (active process of tradition) ഉള്ളട ക്കവും (content of tradition) തമ്മിലുള്ള വ്യത്യാസമെന്തന്നു കാണേ ണ്ടിയിരിക്കുന്നു. ദൃശ്യമായ തലത്തിൽ ദൈവവചനം ഒന്നാകെ പാര മ്പര്യം കൈമാറുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയാണ്. വി. ഗ്രന്ഥ ത്തിന്റെ പാരായണം, വി. കുർബ്ബാനയുടെ ആഘോഷം, കൂദാശക ളുടെ പരികർമ്മം, ദൈവവചനത്തിന്റെ പ്രഘോഷണം, അദ്ധ്യാപനം തുടങ്ങിയവയിലൂടെയാണ് അത് നിർവ്വഹിക്കുന്നത്. ഇതിൽനിന്നും വ്യക്തമാകുന്നത് ശ്ലീഹൻമാർക്കു ശേഷമുള്ള സഭയുടെ പാരമ്പര്യം എഴുതപ്പെട്ട പാരമ്പര്യമായ വി. ഗ്രന്ഥം മാത്രമല്ല, മറ്റുപലതും ഉൾക്കൊള്ളുന്നുണ്ട് എന്നാണല്ലോ. സഭയുടെ പാരമ്പര്യമെന്നത് നമ്മൾ കൈവശമാക്കുന്ന ഒരു വസ്തു (object) അല്ല, പിന്നയോ നമ്മെകൈവശമാക്കുന്ന ഒരു യഥാർത്ഥ്യമാണ്. (The tradition of the church not an object which we posses but a reality by which we are possessed.) ദൈവജനമാണ് ഇതിന്റെ ദൃശ്യമായ വാഹകർ.

ശ്ലൈഹികപാരമ്പര്യത്തിൽനിന്ന് സഭാത്മകപാരമ്പര്യത്തിലേ ക്കുള്ള നീക്കത്തെ സംബന്ധിച്ചുപറയുമ്പോൾ ദൈവശാസ്ത്ര ജ്ഞൻമാർ അതിനെ വിശദീകരിക്കുന്നതു താഴെ പറയും വിധമാ

ണ്. താരതമ്യേന ദീർഘമായ ഒരു കാലഘട്ടം വാചികമായാണ് വെളിപാടനുഭവം കൈമാറിക്കൊണ്ടിരുന്നത്. ഈ ആദ്യകാലഘട്ടത്തിലെ 'പാരമ്പര്യ'ത്തെ (tradition) ചെറിയ അക്ഷരം 't' കൊണ്ടു സൂചിപ്പിക്കുന്നു. ഇതിനെ തുടർന്നുവന്ന രണ്ടാംഘട്ടവിരചിതമായ വചനത്തിലൂടെയുള്ള കൈമാറൽ ആണ്. അതാണ് തിരുവചനം (Scripture); വലിയ അക്ഷരം 'S' കൊണ്ടു സൂചിപ്പിക്കുന്നു. മൂന്നാമത്തെ ഘട്ടം വെളിപ്പെടുത്തപ്പെട്ട സത്യത്തെ കേന്ദ്രീകരിച്ചുള്ള വിവിധ രൂപത്തിലുള്ള വ്യാഖ്യാനങ്ങളുടെയും ഭാഷ്യങ്ങളുടെയും ഘട്ടമാണ്. അതിനെ (scripture) ചെറിയ അക്ഷരം 's' സൂചിപ്പിക്കുന്നു. മേൽപറഞ്ഞവയെല്ലാം ഉൾപ്പെട്ടതാണ് പാരമ്പര്യം. (tradition-Scripture-Tradition (t-S-s-T). ഈ വിധമാണ് പാരമ്പര്യം സഭയുടെതായിത്തീരുന്നത്.

വെളിപാടിന്റെ ഈ കൈമാറൽ പ്രക്രിയയിലെ നാലാമത്തെഘട്ടമായ പാരമ്പര്യത്തിൽ, മിശിഹായും ശ്ലീഹൻമാരും കൈമാറിയതും സഭയിൽ സൂക്ഷിക്കപ്പെടുന്നതുമായ പഠനങ്ങൾ ദർശ്ശിക്കാൻ കഴിയും. സഭയുടെ പഠനങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് താഴെപ്പറയുന്നവയാണ്. (a) തിരുലിഖിതങ്ങളെ സംബന്ധിച്ച വ്യാഖ്യാനങ്ങൾ (b) ഔദ്യോഗികമായ വിശ്വാസത്തിന്റെ പ്രസ്താവനകളും ഏറ്റുപറച്ചിലുകളും (c) സാർവ്വത്രികസൂനഹദോസ്സുകളുടെ വിശ്വാസപ്രമാണങ്ങളും നിർവ്വചനങ്ങളും (d) പിതാക്കൻമാരുടെയും ഇതര ക്രൈസ്തവഗ്രന്ഥകാരൻമാരുടെയും പ്രബോധനങ്ങളും പഠനങ്ങളും (e) ആദിമസഭയിലെ ആരാധനാക്രമങ്ങളും വിവിധ ആരാധനാരൂപങ്ങളും. വിശുദ്ധപാരമ്പര്യവും തിരുലിഖിതത്തെപോലെ ദൈവീകോൽഭവത്തിൽ മാറ്റമില്ലാത്തത് ആണെങ്കിലും അതിന്റെ ബാഹ്യമായ രൂപത്തിൽ അത് ചലനാത്മകമാണ്. അത് ദൈവീകവെളിപാടിന്റെ തുടർച്ചയും സജീവമായ പ്രകടനവുമായി പ്രശോഭിക്കുന്നു.

### പാരമ്പര്യവും പാരമ്പര്യങ്ങളും

**കത്തോലിക്കാസഭയിൽ:** വിശുദ്ധപാരമ്പര്യം ഏറ്റുവാങ്ങിയ സഭ ഏകമാണെങ്കിലും ആസഭ പലസഭകളുടെ കൂട്ടായ്മയാണ്. ഈ സഭകളോട് ബന്ധപ്പെട്ട് മാത്രമേ പാരമ്പര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. പാരമ്പര്യത്തിന്റെ സഭാത്മകതയാണ് ഇവിടെ പ്രകടമാകുന്നത്. ക്രിസ്തു സംഭവം ഒന്നാണെങ്കിലും ശ്ലീഹൻമാരുടെ ക്രിസ്ത്വനുഭവം വ്യത്യസ്തമായിരുന്നു. ശ്ലീഹൻമാരുടെ ക്രിസ്ത്വനുഭവങ്ങളും വിശ്വാസികളുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളും പരിശുദ്ധാത്മാവിനാൽ സമന്വയിക്കപ്പെട്ടതിന്റെ പരിണതഫലമാണ് വിവിധ സഭകൾ. വ്യത്യസ്ത സഭകളുടെ പാരമ്പര്യങ്ങൾ പരസ്പരവിരുദ്ധങ്ങളല്ല. സാർവ്വത്രികസഭയുടെ പൊതുസ്വത്താണ





വ. കത്തോലിക്കാസഭയിൽ പൊതുവെ മുന്നു പാരമ്പര്യങ്ങളാണുള്ളത്. 1.) ലത്തീൻ (പാശ്ചാത്യ) സഭാപാരമ്പര്യം, 2.) ഗ്രീക്ക് സഭാപാരമ്പര്യം.

3.) സുറിയാനി സഭാപാരമ്പര്യം. അവസാനത്തെ രണ്ടിനെയും പൊതുവായി പൗരസ്ത്യ പാരമ്പര്യമെന്നാണ് സർവ്വസാധാരണമായി പറയുക. ഈ രണ്ടു പാരമ്പര്യമങ്ങൾക്കും സ്വന്തമായ സവിശേഷതകൾ ഉണ്ട്. എങ്കിലും സഭ പഠിപ്പിക്കുന്നതുപോലെ, "ആദ്ധ്യാത്മികത്വത്തിന്റെയും നിയമത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പിതൃസ്വത്ത് അവയുടെ വിവിധ പാരമ്പര്യങ്ങളിൽ പൂർണ്ണവും കാതോലികവും അപ്പസ്തോലികവുമായ സഭയുടെ സ്വഭാവത്തിലുൾപ്പെടുന്നു" (എക്യുമെനിസം 17). ചുരുക്കത്തിൽ ഈ മൂന്നു പാരമ്പര്യങ്ങളും 'പാരമ്പര്യം' തന്നെയാണ്. അതുപലതായിപ്രകാശിതമാകുന്നുവെന്നുമാത്രം. അതുകൊണ്ടാണ് മേല്പറഞ്ഞ ഡിക്രി പഠിപ്പിക്കുന്നത്, "ആവിഷ്കൃതത്തെ സംബന്ധിച്ചുള്ള പഠനങ്ങളിൽ കിഴക്കും, പടിഞ്ഞാറും അവലംബിക്കുന്ന മാർഗ്ഗങ്ങൾ വ്യത്യസ്തങ്ങളാണ്. ദൈവികസത്യങ്ങളുടെ അറിവിലും അതിന്റെ ഏറ്റുപറച്ചിലിലും അവർ വിവിധ പന്ഥാവിലൂടെത്തന്നെയാണ് മുന്നേറിയത്. ചിലപ്പോൾ ഒരു പാരമ്പര്യം മറ്റൊന്നിനെ അപേക്ഷിച്ച് ആവിഷ്കൃത രഹസ്യങ്ങളിലെ ചില വശങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ സഹായിച്ചെന്നുവരാം; അല്ലെങ്കിൽ കൂടുതൽ കാര്യക്ഷമമായ വിധത്തിൽ അവതരിപ്പിച്ചിട്ടുണ്ടെന്നുവരാം. ഇങ്ങനെയുള്ള അവസരത്തിൽ വൈവിദ്ധ്യമാർന്ന ഈ ദൈവശാസ്ത്രാവതരണങ്ങളെ പരസ്പര വിരുദ്ധങ്ങളായി ചിത്രീകരിക്കാതെ പരസ്പര പൂരകങ്ങളായി കണക്കാക്കണം. ചുരുക്കത്തിൽ, കത്തോലിക്കാസഭയുടെ പഠനമനുസരിച്ച് പാരമ്പര്യവും, പാരമ്പര്യങ്ങളും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. ഒരേ ഒരു പാരമ്പര്യത്തിന്റെ വിവിധ പ്രകടനങ്ങൾ ആണ് പാരമ്പര്യങ്ങൾ.

### പാരമ്പര്യങ്ങളിലുള്ള പാരമ്പര്യത്തെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങൾ

**സഭയുടെ പ്രബോധനാധികാരം (Magisterium):** ദൈവവചനം ലിഖിതരൂപത്തിൽ ലഭിച്ചതായാലും അലിഖിത പാരമ്പര്യമായി ലഭിച്ചതായാലും അതിനെ ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല ജീവിക്കുന്ന സഭയുടെ അദ്ധ്യാപനാധികാരത്തിനുമാത്രം നല്കപ്പെട്ടിട്ടുള്ള ഒന്നാകുന്നു. ഈ അധികാരം ഈശോമിശിഹായുടെ നാമത്തിൽ അവൾ കൈകാര്യം ചെയ്യുന്നു. ദൈവാവിഷ്കൃതങ്ങളാണെന്ന് അദ്ധ്യാപനാധികാരം പഠിപ്പിക്കുന്നതെല്ലാം വിശ്വാസത്തിന്റെ ഏക കലവറയിൽനിന്ന് എടുത്തിട്ടുള്ളവയാണ് (ദൈവാവിഷ്ക്കരണം, 10). വി. ഗ്രന്ഥത്തിലും വി.

പാരമ്പര്യത്തിലുമുള്ള ആവിഷ്കൃത സത്യങ്ങളെ തെറ്റുകൂടാതെ അവികലമായി പഠിപ്പിക്കുന്നതിനും, വ്യാഖാനിക്കുന്നതിനുമുള്ള കത്തോലിക്കാ തിരുസ്സഭയുടെ പ്രമാദരഹിതമായ അദ്ധ്യാപനാധികാരമാണ് മജിസ്സ്തേരിയം. ഈ പ്രബോധനാധികാരം തിരുവചനത്തിന് അതീതമല്ല പിന്നയോ അതിനെ സേവിക്കാനുള്ളതാണ് (ദൈവാവിഷ്ക്കരണം, 10) സഭയുടെ ഈ പ്രബോധനാധികാരവും, വി. പാരമ്പര്യവും തിരുലിഖിതങ്ങളും പരസ്പരം ബന്ധപ്പെട്ടവയത്രേ. സഭയുടെ ഈ അധികാരമുപയോഗിച്ചു സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ സ്വീകരിക്കുക എന്നത് വി.പാരമ്പര്യത്തോടുള്ള വിശ്വസ്തതയുടെ അടയാളം കൂടിയാണ്.

**സാർവ്വത്രിക പുരാതനത്വം, അഭിപ്രായയൈക്യം:** വിശുദ്ധവും വഴിതെറ്റാത്തതുമായ സത്യമായി നിലകൊള്ളുക എന്നതാണ് രണ്ടാമത്തെ മാനദണ്ഡം. അതായത് എല്ലായിടത്തും എല്ലായ്പ്പോഴും എല്ലാവരാലും വിശ്വസിക്കപ്പെടുന്ന സത്യം.

**വിശ്വാസപ്രമാണം:** വിശ്വാസപ്രമാണങ്ങൾ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണല്ലോ. വിശ്വാസത്തിന്റെ സാര സംഗ്രഹം അതിൽ ഉൾക്കൊണ്ടിട്ടുണ്ട്. ശ്ലീഹൻമാരുടെ വിശ്വാസ പ്രമാണം, നിഖ്യാസൂനഹദോസിന്റെ വിശ്വാസപ്രമാണം എന്നിവ മേല്പറഞ്ഞ പ്രകാരം ക്രിസ്തിയവിശ്വാസത്തിന്റെ ആകെത്തുകയാണ്. പാരമ്പര്യങ്ങളുടെ ആധികാരികതയെ പരിശോധിച്ചറിയുവാൻ ഇവയെ മാനദണ്ഡമായി ഉപയോഗിക്കാം.

**ശ്ലൈഹികത:** മിശിഹാസംഭവങ്ങളോട് ഏറ്റവും അടുത്തിടപെഴകിയവരെന്ന നിലയിൽ ശ്ലീഹൻമാരുടെ അനുഭവവും പ്രഖ്യാപനവും, വിശ്വാസവും എല്ലാക്കാലത്തിലും സഭയുടെ വിശ്വാസത്തെയും പാരമ്പര്യത്തേയുമൊക്കെ സംബന്ധിച്ച്ഏറ്റവും തനതായ (unique) മാനദണ്ഡങ്ങളാണ്. വി. പാരമ്പര്യവുമായുള്ള അവികലമായ ബന്ധം നൈയാമികമായി തുടരുന്നവരും പ്രസ്തുത പാരമ്പര്യത്തെ ഭംഗംകൂടാതെ സൂക്ഷിക്കുന്നവരും, സൂക്ഷിക്കേണ്ടവരുമാണ് ശ്ലീഹൻമാരുടെ പിൻഗാമികൾ. ഓരോ സഭയുടെയും പാരമ്പര്യത്തിന്റെ വക്താക്കളും, പരിപോഷകരുമാണവർ. ഈ പാരമ്പര്യം ബൗദ്ധികതലത്തിൽ എന്നപോലെ ജീവിതസാക്ഷ്യത്തിലൂടെ പിന്തുടരേണ്ടവരുമാണവർ.

## ബൈബിൾ വ്യാഖ്യാനം

“പ്രഭാതം പൊട്ടിവിരിയുകയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയത്തിൽ ഉദിക്കുകയും ചെയ്യുന്നതുവരെ ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്നപോലെ പ്രവാചകവചനത്തെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല” (2 പത്രോ.1.20).





പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. ദൈവം ബൈബിളിലൂടെ എന്താണ് നമ്മോടു പറയുന്നതെന്നു മനസ്സിലാക്കാൻ പരിശുദ്ധാത്മാവിന്റെ പ്രകാശം ദൈവം എല്ലാവർക്കും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ, പാപത്താൽ പങ്കിലവും പരിമിതവുമായ അറിവും കഴിവുകളുമാണ് ഓരോ വ്യക്തിക്കുമുള്ളത്. അതിനാൽ പലപ്പോഴും സ്വന്തം താല്പര്യങ്ങളും ചിന്തകളും നിഗമനങ്ങളും പ. ആത്മാവിന്റെ പ്രകാശനങ്ങളായി തെറ്റിദ്ധരിക്കപ്പെട്ടു എന്നുവരാം. ഈ സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടാവണം ആരും സ്വന്തം താല്പര്യം അനുസരിച്ചു ബൈബിൾ വ്യാഖ്യാനിക്കാൻ പാടില്ല എന്ന് വി. പത്രോസ് താക്കീതുചെയ്യുന്നത്. പലരും ബൈബിൾ വാക്യങ്ങൾ വളച്ചൊടിക്കുന്നു എന്ന് മേലുദ്ധരിച്ച ലേഖനത്തിൽ തുടർന്നു പറഞ്ഞിട്ടുണ്ട് (2പത്രോ. 3,16-17). അതിനാൽ ബൈബിൾ വായിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ബൈബിൾ ദൈവത്തിന്റെ വചനമാണ്. അതിനാൽ അർഹിക്കുന്ന ആദരവോടും ഭക്തിയോടും കൂടെ വേണം ബൈബിൾ വായിക്കാൻ. ദൈവം വെളിപ്പെടുത്തുന്നതും വിശുദ്ധഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നതുമായ അർത്ഥം ഗ്രഹിക്കുന്നതിനായി ബുദ്ധിയെ പ്രകാശിപ്പിക്കാൻ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ചുകൊണ്ടു വായിക്കുക.

2. വിശ്വാസികൾക്കുവേണ്ടി വിശ്വാസികളിലൂടെ രചിക്കപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് ഇതു വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടത്. വിശ്വാസം മാനുഷി കബുദ്ധിക്കും യുക്തിക്കും വിരുദ്ധമല്ല, അതീതമാണ്. ലോകത്തിന്റ ദൃഷ്ടിയിൽ ജ്ഞാനികളും ബുദ്ധിമാൻമാരും ആയവർക്കല്ല, ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ശിശുക്കളെപ്പോലുള്ളവർക്കാണ്

ദൈവവചനം വെളിപ്പെടുത്തുക. ബൈബിളിലെ സത്യം ഗ്രഹിക്കാൻ ഈ മനോഭാവം ആവശ്യമാണ്.

3. ബൈബിൾ രക്ഷാകരസന്ദേശമാണ്. നമ്മുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനല്ല, നമുക്കു നിത്യരക്ഷ പ്രദാനം ചെയ്യാൻവേണ്ടിയാണ് ബൈബിൾ രചിക്കപ്പെട്ടത്. കേൾവിക്കാർമാത്രമാകാതെ വചനം അനുസരിച്ചു ജീവിക്കാനുള്ള സന്നദ്ധതയോടെ ആയിരിക്കണം നാം വി. ഗ്രന്ഥം വായിക്കുന്നത്. ഇന്നു ജീവിക്കുന്ന നമ്മോടാണ് ദൈവം സംസാരിക്കുന്നത്. നിത്യജീവനിലേയ്ക്കുള്ള തീർത്ഥാ

ടനത്തിൽ ദൈവവചനം നമ്മുടെ പാതയിൽ പ്രകാശമാകുന്നത് വചനം അനുസരിച്ചുജീവിക്കൻ നാം തയ്യാറാകുമ്പോൾ മാത്രമാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതപരിവർത്തനം ലക്ഷ്യം വച്ചുകൊണ്ടാവണം ബൈബിൾ വായിക്കാൻ.

4. ബൈബിൾ മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ദൈവവചനമാണ്. ഓരോ ഗ്രന്ഥകർത്താവും ഉപയോഗിച്ച സാഹിത്യരൂപങ്ങളും ഭാഷയുടെ പ്രത്യേകതകളും കണക്കിലെടുക്കേണ്ടതുണ്ട്. കഥകളെ ചരിത്രമായി തെറ്റിദ്ധരിക്കരുത്. എതെങ്കിലും ഒരു പ്രത്യേക സന്ദേശം നല്കുന്നതിനുവേണ്ടിയായിരിക്കും കഥകൾ ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ കഥകളുടെ വിശദാംശങ്ങളിൽ തങ്ങിനിൽക്കുകയല്ല, അവ നല്കുന്ന സന്ദേശം എന്തെന്നു ഗ്രഹിക്കാൻ ശ്രമിക്കുകയാണു വേണ്ടത്. ഓരോ ഗ്രന്ഥകാരനും തനതായ കാഴ്ചപ്പാടും ശൈലിയും ഉണ്ടായിരിക്കും സുവിശേഷങ്ങളെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകം പ്രസക്തമാണ്. അതിനാൽ ഗ്രന്ഥകാരൻമാർ എന്താണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻ ശ്രമിക്കണം. ഇതിനു വിശദമായ പഠനം ആവശ്യമാണ്. ബൈബിളിലെ പല ഭാഗങ്ങളിലും പ്രതീകാത്മകമായ ഭാഷയാണുപയോഗിച്ചിരിക്കുന്നത്. ഒരാശയം തറപ്പിച്ചുപറയാൻവേണ്ടി ആവർത്തനങ്ങളും അതിശയോക്തികളും ഉപയോഗിച്ചിട്ടുണ്ട്. ഇതു കണക്കിലെടുക്കാതെ ബൈബിളിലെ എല്ലാപുസ്തകങ്ങളും ഒരുപോലെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ സാധിക്കാതെ പോകും.

5. ബൈബിൾ ഒരു ശാസ്ത്ര ഗ്രന്ഥമല്ല. ശാസ്ത്രീയമായ സത്യങ്ങൾ അവതരിപ്പിക്കുകയല്ല ബൈബിളിന്റെ ലക്ഷ്യം. പ്രപഞ്ചോൽപ്പത്തി, പ്രപഞ്ചഘടന മുതലായ കാര്യങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ബൈബിളിൽനിന്നു കിട്ടിയെന്നുവരില്ല. ഇന്നത്തെ ശാസ്ത്രീയമായ അറിവുവച്ചുനോക്കുമ്പോൾ ബൈബിളിലെ പല പരാമർശങ്ങളും പ്രാകൃതവും വികലവും ആയി തോന്നിയേക്കാം. അന്നത്തെ മനുഷ്യർക്കു മനസ്സിലാവുന്ന ഭാഷയിലാണ് ബൈബിൾ എഴുതപ്പെട്ടത് എന്ന കാര്യം മറക്കാതിരിക്കുക.

6. ബൈബിൾ രക്ഷാചരിത്രമാണ്. വസ്തുതകളും സംഭവങ്ങളും അനിഷേധ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്ന ഒരു ലോകചരിത്രമോ ഇസ്രായേൽ ചരിത്രമോ അല്ല ബൈബിൾ. ദൈവ മനുഷ്യബന്ധത്തിന്റെ ചരിത്രമാണത്-പാപിയായ മനുഷ്യന് ദൈവം നല്കുന്ന രക്ഷയുടെ ചരിത്രം. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രഗ്രന്ഥം എന്നതിനേക്കാൾ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്ന ഗ്രന്ഥമായി ബൈബിളിനെ കാണണം.





7. യേശുവിൽ പൂർത്തിയാകുന്ന രക്ഷാചരിത്രമാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ദൈവാവിഷ്കരണത്തിന്റെ പലഘട്ടങ്ങൾ ബൈബിളിൽകാണാം. പഴയനിയമത്തിലെ പലകാര്യങ്ങളും നമുക്ക് അപ്രസക്തമായിരിക്കും. ഉദാ:- ബാഹ്യമായ ശുദ്ധിയെയും ബലിയർപ്പണത്തെയും മറ്റും കുറിച്ച് ലേവ്യരുടെ പുസ്തകത്തിലെ നിയമങ്ങൾ; സങ്കീർത്തനങ്ങളിലെ ശത്രുക്കൾക്കെതിരായ പ്രാർത്ഥനകൾ മുതലായവ. ഈ കാര്യങ്ങൾ ഇന്ന് അക്ഷരാർത്ഥത്തിൽ അനുവർത്തിക്കുകയല്ല അവയുടെ ചൈതന്യവും ഉദ്ദേശ്യവും മനസ്സിലാക്കുകയും യേശു നല്കിയ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ വിവേചനാപൂർവ്വം സ്വീകരിക്കുകയുമാണു ചെയ്യേണ്ടത്.

8. ബൈബിളിനെ ഒറ്റപ്പെട്ട വാക്യങ്ങളായല്ല ഒറ്റ ഗ്രന്ഥമായി കാണണം. 73 പുസ്തകങ്ങൾ ഉണ്ടെങ്കിലും അവയുടെയെല്ലാം ഉറവിടവും ആത്യന്തികമായ കർത്താവും ദൈവവമാകയാൽ ഓരോ പുസ്തകത്തേയും വേറിട്ടു വ്യാഖ്യാനിക്കുകയല്ല, ബൈബിളിൽ മൊത്തമായി വെളിപ്പെടുത്തുന്ന രക്ഷാകര സത്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുകയാണു വേണ്ടത്. ബൈബിളിൽത്തന്നെ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധങ്ങളായ പ്രസ്താവനകൾ കണ്ടെന്നുവരാം. ഓരോ പ്രസ്താവനയും തനിച്ചു കാണുമ്പോഴാണ് ഈ പ്രശ്നം ഉണ്ടാവുന്നത്. പടിപടിയായി വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ഭാഗികമായ അവതരണമായിരിക്കും ചിലപ്പോൾ ഈ പ്രസ്താവനകൾ. മറ്റുചിലപ്പോൾ പ്രസ്താവനകളുടെ ശരിയായ അർത്ഥം ഗ്രഹിക്കാത്തതു കൊണ്ടായിരിക്കും അവ പരസ്പരവിരുദ്ധങ്ങളായി അനുഭവപ്പെടുന്നത്. ദൈവം പരസ്പരവിരുദ്ധമായി സംസാരിച്ചു എന്നു വിശ്വസിക്കാനാവില്ല. അതിനാൽ ഒറ്റപ്പെട്ട വാചകങ്ങളിൽ വ്യാഖ്യാനം ഒതുക്കി നിർത്താതെ ആ വാക്യത്തിന് അതു പ്രത്യക്ഷപ്പെടുന്നപുസ്തകത്തിലും ബൈബിളിൽ മൊത്തമായും ഉള്ള സ്ഥാനം എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കണം.

9. സഭയുടെ ആധികാരികമായ പഠനവും ബൈബിളും തമ്മിൽ വൈരുദ്ധ്യമോ പൊരുത്തക്കേടോ ഉണ്ടായിരിക്കുകയില്ല.ബൈബിൾ രചനയ്ക്കായി ഗ്രന്ഥകാരൻമാരെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്ത പരിശുദ്ധാത്മാവുതന്നെയാണ് സഭയെയും നയിക്കുന്നത്. ഒരേ ആത്മാവുതന്നെ പരസ്പരവിരുദ്ധമായ വെളിപാടുകൾ നല്കുകയില്ല. സാർവ്വത്രിക സഭയുടെ ഏതെങ്കിലും ഔദ്യോഗിക പഠനം ബൈബിളിന്റെ പഠനത്തിനു വിരുദ്ധമെന്നു പ്രത്യക്ഷത്തിൽ തോന്നുന്നുണ്ടെങ്കിൽ അത് ബൈബിളിൽ വെളിപ്പെടുത്തുന്ന സത്യം ശരിക്കും ഗ്രഹിക്കാത്തതുകൊണ്ടാവും.

10. സഭയുടെ പ്രബോധനാധികാരമാണ് ബൈബിളിന് ഔദ്യോഗികവും അന്തിമവുമായ വ്യാഖ്യാനം നല്കുന്നത് സഭയിലാണ്

ബൈബിൾ രൂപം കൊണ്ടത്; ബൈബിൾ കാത്തു സൂക്ഷിക്കാനും പ്രഘോഷിക്കാനുമുള്ള അധികാരം സഭയ്ക്കാണു നല്കപ്പെട്ടിരിക്കുന്നത്. അതിനാൽ സഭയുടെ ഔദ്യോഗിക പഠനത്തിനു വിരുദ്ധമായുള്ള ബൈബിൾ വ്യാഖ്യാനം ശരിയാവുകയില്ല.

11. ബൈബിൾ മാത്രം പോരാ, പാരമ്പര്യവും പരിഗണിക്കണം. ബൈബിളിൽ നിഗൂഢവും വ്യംഗ്യവുമായി സ്ഥിതി ചെയ്യുന്ന സത്യങ്ങൾ പാരമ്പര്യത്തിലൂടെയാണ് പൂർണ്ണമായി വെളിപ്പെടുത്തപ്പെടുന്നത്. വെളിപ്പെടുത്തപ്പെട്ട ദൈവസത്യങ്ങളെ കുറിച്ചുള്ള അറിവ് സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവാണ് സത്യത്തിന്റെ ആഴങ്ങളിലേക്ക് വ്യക്തികളെയും സഭാസമൂഹത്തെയും നയിക്കുന്നത്. അതിനാൽ ബൈബിളിൽ സ്പഷ്ടമായി കാണാത്ത ചില സത്യങ്ങൾ പില്ക്കാലത്തു സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടെന്നുവരാം. പാരമ്പര്യവും ബൈബിളും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്.

12. ബൈബിൾ ജീവിതത്തിനു മാനദണ്ഡമാണ്. നമ്മുടെ ജീവിതവീക്ഷണങ്ങളെയും താല്പര്യങ്ങളെയും സാധൂകരിക്കാൻവേണ്ടി ബൈബിൾ ഉപയോഗിക്കുകയല്ല, ബൈബിൾ വെളിപ്പെടുത്തുന്ന സത്യത്തിന്റെ വെളിച്ചത്തിൽ അവയെ ചോദ്യം ചെയ്യുകയും തിരുത്തുകയും ആണ് വേണ്ടത്. ഇത് വ്യക്തികൾക്കും സഭാസമൂഹങ്ങൾക്കും ബാധകമാണ്. ബൈബിൾ 'കാനോനികം' ആണെന്നു പഠിപ്പിക്കുമ്പോൾ ഇതും അർത്ഥമാക്കുന്നുണ്ട്. ജീവിതത്തിന്റെ മാനദണ്ഡമാണ് ബൈബിൾ, മറിച്ചല്ല. സഭയിൽ കാലാകാലങ്ങളിൽ, മാനുഷിക ബലഹീനതകൾ കാരണം, കടന്നുകൂടാവുന്ന അനാചാരങ്ങളെയും തെറ്റായ പ്രവണതകളെയും തിരുത്താൻ ബൈബിൾ ആവശ്യപ്പെടും. ആചാരാനുഷ്ഠാനങ്ങളെ അപ്പസ്തോലിക സഭയുടെ പാരമ്പര്യത്തിൽ നിന്നു വ്യവച്ഛേദിച്ചറിയണം. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറി ഹൃദയത്തിന്റെ വികാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ. 4.12). ചില മനോഭാവങ്ങളും വീക്ഷണങ്ങളും പ്രവർത്തന ശൈലികളും മാറ്റുക ശസ്ത്രക്രിയ പോലെ വേദനാജനകമായേക്കാം. എന്നാലും ദൈവവചനമാകുന്ന വാൾ നടത്തുന്ന ഈ പരിവർത്തനപ്രക്രിയയ്ക്ക് വ്യക്തികളും സഭാസമൂഹം ഒന്നടങ്കവും വിധേയമാകണം.

13. ആഴമേറിയ അർത്ഥം (Sensus Plenior). ബൈബിളിലെ പല വാക്യങ്ങളും പ്രഖ്യാപനങ്ങളും അവയുടെ ഗ്രന്ഥകാരൻമാരും സമകാലികരായ വായനക്കാരും മനസ്സിലാക്കിയതിനേക്കാൾ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നവയാണ്; പ്രത്യേകിച്ചും പഴയനിയമത്തിലെ പ്രവചനങ്ങൾ. ബൈബിളിൽ നിഗൂഢമായിരിക്കുന്ന ഈ അർത്ഥത്തിന്റെ പൂർണ്ണതയിലേക്ക് പരുശുദ്ധാത്മാവിന്റെ സഹായത്തോടെ സഭ സാവധാനം കടന്നു വരുന്നു. യേശുവിന്റെ കന്യാജനനം (ഏശ 7.14), മിശിഹായുടെ ദൈവത്വം (സങ്കീ 110.1) മുതലായവ ഉദാഹരണങ്ങൾ.





14. പഴയനിയമത്തെ പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക. ദൈവിക വെളിപാടിന്റെ പൂർണ്ണത യേശു ക്രിസ്തുവിലാണ് നൽകപ്പെട്ടത്. അതിനാൽ വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച പഴയനിയമത്തിന്റെ പഠനങ്ങൾ യേശുവിലൂടെ നൽകപെട്ടതും അപ്പസ്തോലിക സഭ ഗ്രഹിച്ചതുമായ പൂർണ്ണമായ വെളിപാടിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കണം.

## പഞ്ചഗ്രന്ഥി (Pentateuch)

പഞ്ചഗ്രന്ഥി (Pentateuch) വി. ഗ്രന്ഥത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെ (ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം) പൊതുവായി വിളിക്കുന്ന സംജ്ഞയാണ് തോറാ (Thorah-നിയമഗ്രന്ഥം) പഞ്ചഗ്രന്ഥിയെന്നും ഇതറിയപ്പെടുന്നു. പരമ്പരാഗത വിശ്വാസമനുസരിച്ച് മോശയാണ് പഞ്ചഗ്രന്ഥിയുടെ കർത്താവ്. ദൈവം മോശയോട് എഴുതി സൂക്ഷിക്കാൻ ആവശ്യപ്പെട്ടതായും (പുറ. 17:4;34:27) ദൈവം പറഞ്ഞതെല്ലാം മോശ എഴുതിയെടുത്തതായും പഞ്ചഗ്രന്ഥിയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട് (പുറ. 24:4 cfr സംഖ്യ 33:2; നിയ. 31:9). പഞ്ചഗ്രന്ഥിക്കുവെളിയിലും മോശയുടെ ഗ്രന്ഥകർതൃത്വത്തിന് തെളിവുകളുണ്ട് (1 രാജ. 2:3; 2ദിന.34:14; നെഹെ.8:1; മത്താ 8:4; 19:8; മാർക്കോ 12:26; ലൂക്കാ 16:31; 24:44) 19-ാം നൂറ്റാണ്ടുവരെ മോശയാണ് പഞ്ചഗ്രന്ഥിയുടെ കർത്താവെന്ന് അംഗീകരിക്കപ്പെട്ടിരുന്നു.

### മോശയുടെ കർത്തൃത്വം ചോദ്യം ചെയ്യപ്പെടുന്നു

19-ാം നൂറ്റാണ്ടിൽ വളർച്ചപ്രാപിച്ച ബൈബിൾ സാഹിത്യവിമർശനം (Literary Criticism) പഞ്ചഗ്രന്ഥി മോശയുടെ രചനയാണന്ന വിശ്വാസം തിരുത്തികുറിച്ചു. കാരണം,

1. ഒരേ സംഭവങ്ങൾ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഉദാ: സൃഷ്ടിവിവരണം (ഉൽപ. 1:1-2:4a, 2: 4b 24), പ്രളയം (ഉൽപ. 6:5-9:18), മന്നാ (പുറ; 16:സംഖ്യ11) മോശയുടെ വിളി (പുറ. 3,6) പത്ത് കല്പനകൾ (പുറ. 20; നിയ. 5) ഈ സമാന്തര വിവരണങ്ങളിൽ ആവർത്തനം മാത്രമല്ല പരസ് പര വൈരുദ്ധ്യങ്ങളുമുണ്ട് (ഉദാ. പെട്ടകത്തിൽ പ്രവേശിച്ച മൃഗങ്ങളുടെ എണ്ണം).

2. ചില വിവരണങ്ങളുടെ ഇടയിൽ മറ്റൊരു സംഭവം ഉൾചേർക്കപ്പെട്ടിട്ടുണ്ട്. പുറ. 2:23ന്റെ തുടർച്ച 4:19ലാണ്. കോറഹിന്റെ കലഹം വിവരിക്കുന്നതിനിടയിൽ ദാത്താന്റെയും അബിറാമിന്റെയും കഥ ഉൾചേർത്തിരിക്കുന്നു (സംഖ്യ 16).

ഈ വസ്തുതകളുടെ വെളിച്ചത്തിൽ പഞ്ചഗ്രന്ഥി വ്യത്യസ്ത പാരമ്പര്യങ്ങളിൽ എഴുതപ്പെട്ട വിവരണങ്ങളുടെ ക്രോഡീകൃത രൂപമാണെന്ന് പണ്ഡിതൻമാർ കരുതിതുടങ്ങി. ഈ പാരമ്പര്യങ്ങളെ ചില പൊതു മാനദണ്ഡങ്ങളുടെ വെളിച്ചത്തിലാണ് വേർതിരിച്ചത്. (1) ദൈവത്തെ വിളിക്കാൻ ഉപയോഗിക്കുന്ന പേര് (യാഹ്‌വെ, എലോഹിം), (2) പുറപ്പാടിലെ വിശുദ്ധ മലയെ സൂചിപ്പിക്കാനുപയോഗിക്കുന്ന പേര് (ഹോറെബ്, സീനായ്), (3) കാനാൻ ദേശത്തെ ആദിവാസികളെ വിളിക്കുന്ന പേര് (അമോര്യർ, കാനാന്യർ) എന്നിവ വിവിധ പാരമ്പര്യങ്ങളിൽ വ്യത്യസ്തമാണ്.

## വിവിധ പാരമ്പര്യങ്ങൾ

മോശയുടെ രചനയല്ല പഞ്ചഗ്രന്ഥി എന്ന വസ്തുത ബൈബിൾ പണ്ഡിതരെ പല നിഗമനങ്ങളിലേക്കും നയിച്ചു.

1. ഫ്രഞ്ചുകാരനായ ഷാൻ ആസ്ട്രക്കും ജർമ്മൻ കാരനായ എയ്ക്ക് ഹോണും (1781) ഉൽപത്തി പുസ്തകത്തിന്റെ രചനക്കു പിന്നിൽ രണ്ടു പാരമ്പര്യങ്ങളുണ്ടെന്ന് വാദിച്ചു (ദൈവത്തെ യാഹ്‌വെ എന്നും എലോഹിം എന്നും വിളിക്കുന്ന പാരമ്പര്യങ്ങൾ).

2. ഇൽജണിന്റെ (1798) അഭിപ്രായത്തിൽ എലോഹിം എന്നു വിളിക്കുന്ന പാരമ്പര്യം (എലോഹിസ്റ്റ്) ഒന്നല്ല രണ്ടെണ്ണമുണ്ട്.

3. ദെവെ എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ നിയമാവർത്തന പുസ്തകം വ്യത്യസ്തമായ മറ്റൊരു പാരമ്പര്യത്തിൽ നിന്നുള്ളതാണ്. എലോഹിസ്റ്റ് പാരമ്പര്യത്തിലെ വിവരണങ്ങൾ വികസിപ്പിച്ചെഴുതിയപ്പോൾ മറ്റു പാരമ്പര്യങ്ങളിലെ ചില വസ്തുതകൾ ഉൾച്ചേർക്കപ്പെട്ടതാണെന്നും (compliementory Theory) അദ്ദേഹം വാദിച്ചു.

4. ഗ്രാഫ് - വെൽ ഹൗസൺ, ക്യൂനൻ എന്നിവരുടെ സിദ്ധാന്തം അനുസരിച്ച് (1865) പഞ്ചഗ്രന്ഥിയുടെ രചനയിൽ നാല് പാരമ്പര്യങ്ങളുണ്ട്. (I) ദൈവത്തെ യാഹ്‌വെ എന്ന് അഭിസംബോധന ചെയ്യുന്ന പാരമ്പര്യം (J). ഇത് ബി.സി. 9-ാം നൂറ്റാണ്ടിൽ യൂദയായിൽ രൂപംകൊണ്ടതാണെന്ന് പറയപ്പെടുന്നു. (II) ദൈവത്തെ എലോഹിം എന്ന് അഭിസംബോധന ചെയ്യുന്ന പാരമ്പര്യം (E). ഇത് ബി.സി. 8-ാം നൂറ്റാണ്ടിൽ വടക്കൻ രാജ്യമായ ഇസ്രായേലിൽ രൂപംകൊണ്ടു (III) പുരോഹിത പാരമ്പര്യം (P) പൗരോഹിത്യത്തെകുറിച്ചും ആചാരാനുഷ്ഠാനങ്ങളെകുറിച്ചും പരാമർശിക്കുന്ന ഈ പാരമ്പര്യം ബി.സി. 5-ാം നൂറ്റാണ്ടിലോ യവന കാലഘട്ടത്തിലോ രൂപം കൊണ്ടതാണ്. (IV) നിയമാവർത്തന പാരമ്പര്യം (D) ഇത് ജോസിയായുടെ മതനവീകരണ കാലത്ത് (ബി.സി. 621) രൂപം കൊണ്ടതാകാനാണ് സാധ്യത.





കത്തോലിക്കാ സഭ ഈ സിദ്ധാന്തത്തെ ആദ്യം തള്ളി കളഞ്ഞു (Response of Pontifical Biblical Commission, June 27, 1906) എന്നാൽ 1945 ൽ 12-ാം പിയൂസ് പാപ്പായുടെ ''ദിവിനോ അഫ്‌ളാന്തെ സ്പിരിത്തു" എന്ന ചാക്രിക ലേഖനം വി. ഗ്രന്ഥത്തെ ശാസ്ത്രീയമായും സമീപിക്കാം എന്ന ആശയം മുന്നോട്ടു വച്ചതോടെ മേൽപറഞ്ഞ ആശയം കത്തോലിക്കരായ ബൈബിൾ പണ്ഡിതരും അംഗീകരിച്ചു തുടങ്ങി.

## യാഹ്‌വിസ്റ്റ് പാരമ്പര്യം (Yahwist-J)

നാലു പാരമ്പര്യങ്ങളിൽ ആദ്യത്തേത് യാഹ്‌വിസ്റ്റ് എന്നപേരിൽ അറിയപ്പെടുന്നു. ദൈവനാമമായി യാഹ്‌വേ എന്നപേര് ഉപയോഗിക്കുന്നതിനാലാണ് ഈ പാരമ്പര്യത്തിന് യാഹ്‌വിസ്റ്റ് എന്നപേര് ലഭിച്ചത് ജർമ്മൻ ബൈബിൾ പണ്ഡിതൻമാരാണ് ഈ സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത് അതിനാൽ ജർമ്മൻ ഭാഷയിൽ യാഹ്‌വേ (Jahweh) എന്ന പേരിന്റെ ആദ്യഅക്ഷരമായ J ഈ പാരമ്പര്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. മനുഷ്യസൃഷ്ടി മുതൽ മോശയുടെ മരണം വരെയുള്ള സംഭവപരമ്പരകൾ ഈ രചനയിൽ പ്രതിപാദിക്കപ്പെടുന്നു. എന്നാൽ മുഖ്യമായും ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളിലാണ് ഈ രചനയുടെ ഭാഗങ്ങൾ കാണപ്പെടുന്നത്. ഭാഷശൈലിയും ദൈവശാസ്ത്രപരമായ കാഴ്ച്ചപ്പാടും ഊന്നൽ നല്കുന്ന പ്രമേയങ്ങളും കണക്കിൽ എടുത്തുകൊണ്ട്, ദാവിദിന്റെയും സോളമന്റെയും ഭരണകാലത്ത്, ജറുസലെമിൽ വച്ചായിരിക്കണം യാഹ്‌വിസ്റ്റ് പാരമ്പര്യം എഴുതപ്പെട്ടത് എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു. മനുഷ്യനോട് അടുത്തു നില്ക്കുകയും അവനുമായി സംഭാഷണത്തിലേർപ്പെടുകയും ചെയ്യുന്ന ദൈവമാണ് യാഹ്‌വിസ്റ്റ് രചനയിലെ ദൈവം. പൂർവ്വപിതാക്കൻമാർക്കു നല്കിയ വാഗ്ദാനവും അവയുടെ പൂർത്തികരണവും J യുടെ മുഖ്യപ്രമേയമാണ്. യൂദാഗോത്രത്തിന് J വലിയപ്രാധാന്യം നല്കുന്നുണ്ട്. അബ്രാഹത്തിനു നല്കിയ വാഗ്ദാനം ഒരു പരിധിവരെ ദാവീദിൽ പൂർത്തിയായതായി J കരുതിയിട്ടുണ്ടാവണം.

## ഏലോഹിസ്റ്റ് പാരമ്പര്യം (Elohist- E)

ദൈവത്തെ സൂചിപ്പിക്കാൻ "ഏലോഹിം" എന്ന പേരുപയോഗി

ക്കുന്നതിനാൽ ഇതിനെ ഏലോഹിസ്റ്റ് പാരമ്പര്യം എന്നുവിളിക്കുന്നു. (E എന്ന് ഹ്രസ്വരൂപം). അബ്രാഹത്തിന്റെ വിളി മുതൽ ആരംഭിക്കുന്ന E യുടെ വിവരണം J യുടെതുപോലെ തന്നെ ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നി പുസ്തകങ്ങളിലാണുള്ളത്. യൂദാ ഗോത്രത്തേക്കാൾ റൂബെൻ, ജോസഫ് (എഫ്രേം, മനാസ്സെ) ഗോത്രങ്ങൾക്കും വാഗ്ദാനത്തിന്റെ പൂർത്തികരണത്തേക്കാൾ മോശയിലൂടെ നല്കപ്പെട്ട ഉടമ്പടിക്കും E പ്രാധാന്യം നല്കുന്നു. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ പ്രമുഖ ആരാധനാകേന്ദ്രമായ ഷെക്കെമിൽ വച്ച് ജെറൊബൊവാം രണ്ടാമൻ രാജാവിന്റെ കാലത്തായിരിക്കണം (ബി.സി. 783-743) ഇതു വിരചിതമായത്.

രാജാക്കൻമാരുടെ ദുർവൃത്തികളും നാട്ടിൽ നടമാടിയ വിഗ്രഹാരാധനയും അവയ്ക്കെതിരായി ഏലിയ, ഏലിഷാ, ആമോസ് മുതലായ പ്രവാചകൻമാർ നടത്തിയ വിമർശനങ്ങളും E യുടെ രചനയെ സ്വാധീനിച്ചിട്ടുണ്ട്. പരമപരിശുദ്ധനും സൃഷ്ടികളിൽ നിന്ന് അനന്തമായി ഉയർന്നു നിൽക്കുന്നവനുമാണ് E യുടെ വിവരണങ്ങളിലെ ദൈവം. അവിടുന്ന് സ്വപ്നങ്ങൾ വഴിയും മലാഖാമാർ വഴിയുമാണ് മനുഷ്യരോട് സംസാരിക്കുന്നത്. സമറിയായുടെ പതനത്തിനുശേഷം ഈ രേഖ ജറുസലേമിൽ കൊണ്ടുവന്ന് J യുമായി സംയോജിപ്പിച്ചു എന്നുബൈബിൾ പഠിതാക്കൾ കരുതുന്നു.

### നിയമാവർത്തനപാരമ്പര്യം (Deuteronomist-D)

സീനായ് മലയിൽവെച്ച് നൽകിയ നിയമങ്ങൾ മോശ വിണ്ടും ഒരിക്കൽ കൂടി ആവർത്തിച്ച് ജനങ്ങളെ അനുസ്മരിപ്പിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് നിയമാവർത്തന പുസ്തകം. ഇതിന്റെ പിന്നിലുള്ള രചനയെ നിയമാവർത്തനപാരമ്പര്യം എന്നുവിളിക്കുന്നു. (ഹ്രസ്വരൂപം.D). ബി.സി. 721-ൽ വടക്കൻ രാജ്യമായ ഇസ്രായേലിനെ അസീറിയാ ആക്രമിച്ചു നശിപ്പിച്ചു. ഈ നാശത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ചരിത്രത്തെ വിലയിരുത്തുകയും പരാജയത്തിന്റെ കാരണങ്ങൾ ആരായുകയും ചെയ്ത പുരോഹിതൻമാരുടെയും പ്രവാചകൻമാരുടെയും ഒരുഗണമാണ് നിയമാവർത്തന പാരമ്പര്യത്തിനു രൂപം നൽകിയത്. ഇതും ഷെക്കിമിൽവച്ചുതന്നെ എഴുതപ്പെട്ടിരിക്കണം. ദൈവസ്നേഹത്തിന്റെ പ്രവാചകനായ ഹോസിയായുടെ പ്രസംഗങ്ങളുടെ സ്വാധീനം ഈ രേഖയിൽ ദൃശ്യമാണ്.

ജനത്തെ അചഞ്ചലമായി സ്നേഹിക്കുകയും സൗജന്യമായി തെരഞ്ഞെടുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് D വരച്ചുകാട്ടുന്നത്. ദീർഘമായ ഉപദേശത്തിന്റെ ശൈലിയാണ് D യുടേത്. നിയമത്തിന്റെ ആന്തരികതയ്ക്കും സ്നേഹത്തിന്റെ പ്രമാണത്തിനും





ഇത് ഊന്നൽ നൽകുന്നു. നിയമാവർത്തനപുസ്തകം മിക്കവാറും മുഴുവനായും D യുടെ രചനയാണ്.

### പുരോഹിത പാരമ്പര്യം (Priestly- P)

പുരോഹിതൻമാർക്കു പ്രത്യേക താൽപര്യമുള്ള വിഷയങ്ങളായ ബലിയർപ്പണം, തിരുനാളുകൾ, അവയുമായി ബന്ധപ്പെട്ട നിയമങ്ങൾ, വംശാവലികൾ മുതലായവയ്ക്ക് പ്രധാന്യം നല്കുന്നതിനാൽ ഇത് പുരോഹിത പാരമ്പര്യം എന്നറിയപ്പെടുന്നു. ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ചരിത്രത്തെ വീണ്ടും അപഗ്രഥിച്ച പുരോഹിതൻമാരുടെ ഒരുഗണമാണ്, ഈ രചന നിർവ്വഹിച്ചത്. ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ജറുസലേമിൽവച്ച് ഈ രചന പൂർത്തിയായി. "യാഹ്‌വേ" എന്നപേര് മോശയ്ക്ക് വെളിപ്പെടുത്തുന്നതുവരെ "ഏലോഹിം" എന്നപേരാണ് ദൈവത്തെ സൂചിപ്പിക്കാൻ ഈ രേഖ ഉപയോഗിക്കുന്നത്. ഇത് ദൈവത്തിന്റെ വിശുദ്ധിക്കു വലിയ ഊന്നൽ നല്കുന്നു. ദൈവജനം തങ്ങളെത്തന്നെ വിശുദ്ധമായി കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള നിയമങ്ങളും എടുത്തുകാട്ടുന്നു. ലേവ്യരുടെ പുസ്തകം മുഴുവൻ P യുടേതാണ്. അതിനു പുറമെ ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളിലും P യുടെ വിവരണങ്ങൾ കാണാം.

ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ, എസ്രായുടെ കാലത്തായിരിക്കണം ഈ നാലുരേഖകളും സംയോജിപ്പിച്ച് പഞ്ചഗ്രന്ഥി ഇന്നത്തെ അവസ്ഥയിൽ അന്തിമമായി പ്രസാധനം ചെയ്തത്. ഈ പാരമ്പര്യങ്ങൾ ഓരോന്നിന്റെയും സവിശേഷതകൾ അതതിന്റെ ഭാഗങ്ങൾ പഠനവിഷയമാക്കുമ്പോൾ കൂടുതൽ വ്യക്തമാകുന്നതാണ്.

നൂറ്റാണ്ടുകളിലൂടെ അനേകം വ്യക്തികളുടെ പ്രയത്നഫലമായാണ് ബൈബിൾ എഴുതപ്പെട്ടത് എന്ന നിഗമനം അവ ദൈവനിവേശിത ഗ്രന്ഥങ്ങളാണ് എന്ന വിശ്വാസത്തിനുവിരുദ്ധമല്ല. ഈ പ്രക്രിയയിലുടനീളം ദൈവത്തിന്റെ പരിപാലനയും പ്രചോദനവും ഉണ്ടായിരുന്നു. എന്നാൽ ഇന്നു ലഭിച്ചിരിക്കുന്ന ഗ്രന്ഥങ്ങൾക്കുപിന്നിലുണ്ട് എന്ന് ബൈബിൾ പണ്ഡിതൻമാർ അനുമാനിക്കുന്ന പാരമ്പര്യങ്ങളല്ല, അന്തിമമായി പ്രസാധനം ചെയ്തതും നമുക്കു ലഭിച്ചിരിക്കുന്നതുമായ ബൈബിൾ ഗ്രന്ഥങ്ങൾ മാത്രമാണ് ദൈവനിവേശിതമായി സഭ അംഗികരിക്കുന്നത്. പാരമ്പര്യങ്ങളെ ക്കുറിച്ചുള്ള പഠനം പുസ്തകങ്ങളിലെ സന്ദേശം ഗ്രഹിക്കാൻ ഉപകരിക്കുന്നിടത്തോളം മാത്രമേ പ്രസക്തമാകുന്നുള്ളു.

*(ഡോ. മൈക്കിൾ കാരിമറ്റം, ഡോ. ജോസഫ് പാംപ്ലാനി)*

# 04

## ത്രിത്വൈക ദൈവശാസ്ത്രം

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'' എല്ലാ പ്രവൃത്തികളും തുടങ്ങുകയും "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുക ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസാധാരണമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നും എന്നാൽ ഈ മൂവരുംകൂടി മൂന്നു ദൈവങ്ങളല്ല, ഒരേ ഒരു ദൈവം മാത്രമാണെന്നും ഉള്ള സത്യത്തെ സൂചിപ്പിക്കാനാണ് "പരിശുദ്ധത്രിത്വം" അഥവാ "ത്രിയേകദൈവം'' എന്ന പദം ഉപയോഗിക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തിന്റെ കാതലും അടിത്തറയുമാണ് ഈ സത്യമെങ്കിലും ഇത്രയേറെ തെറ്റിദ്ധാരണകൾക്കും വിവാദങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇടനല്കിയ മറ്റൊരു വിശ്വാസസത്യമില്ല. കാരണം ഇത്ര മാത്രം നിഗൂഢവും ദുർജ്ഞേയവുമായ മറ്റൊരു രഹസ്യമില്ല എന്നതുതന്നെ. അതിനാൽ വേദപാഠക്ലാസുകളിലും ദൈവശാസ്ത്രക്ലാസുകളിലും അധ്യാപകർ പഠിപ്പിക്കാൻ ഏറ്റവുമധികം മടിക്കുന്നതും ബുദ്ധിമുട്ടുന്നതുമായ ഒരു വിഷയമാണ് ''പരിശുദ്ധത്രിത്വം''.



നമുക്കു മനസ്സിലാക്കാനാവാത്ത ഒരു കാര്യമാണിത് എന്നുപറഞ്ഞ് സൗകര്യപൂർവ്വം ഒഴിഞ്ഞുമാറാനാണ് പലരും ശ്രമിക്കുക. എന്നാൽ ഈ ഒഴിഞ്ഞുമാറൽ അസാധ്യമാക്കിക്കൊണ്ട് ഇന്ന് അനേകം ചോദ്യങ്ങൾ ഉയർന്നുവരുന്നു.

തങ്ങളുടെ വിശ്വാസം എന്തെന്ന് മനസ്സിലാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും അല്പം ചിന്തിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഉള്ളിൽ ഉയർന്നുവരുന്ന ഒരു ചോദ്യമാണ് "ഒന്ന് എങ്ങനെ മൂന്നാകും? മൂന്നെങ്ങിനെ ഒന്നാകും?" ഒന്നുകിൽ ഒരു ദൈവം, അല്ലെങ്കിൽ മൂന്നു ദൈവങ്ങൾ. പക്ഷേ ദൈവം ഒരുവനേയുള്ളു എന്ന് ബൈബിൾ അനിഷേധ്യമായി പഠിപ്പിക്കുന്നു. ഏകദൈവവിശ്വാസമാണ് മനുഷ്യബുദ്ധിക്കും യുക്തിക്കും കൂടുതൽ സ്വീകാര്യം. "ത്രിയേകദൈവം" എന്ന വിശ്വാസം പിന്നെ എങ്ങനെ ഉണ്ടായി എന്ന ചോദ്യം അവശേഷിക്കുന്നു.

യഹോവാ സാക്ഷികൾ മുതലായവരുടെ ചോദ്യങ്ങൾ ഈ ദിശയിൽ ചിന്തിക്കാൻ കത്തോലിക്കരെ ഇന്നു നിർബന്ധിക്കുന്നുണ്ട്. 'ഒരു ദൈവം മാത്രമേയുള്ളു. അവന്റെ നാമം യഹോവാ എന്നാണ്. യേശുക്രിസ്തു ഏറ്റം ഉന്നതനായ മനുഷ്യനാണെങ്കിലും ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്. പിതാവു തന്നെക്കാൾ വലിയവനാണെന്നും, തനിക്കജ്ഞാതമായ രഹസ്യങ്ങൾ ഉണ്ടെന്നും യേശുക്രിസ്തുതന്നെ ഏറ്റുപറഞ്ഞിട്ടുണ്ട്. അതിനാൽ ക്രിസ്തു ദൈവമല്ല, ദൈവത്തിന്റെ ശക്തി മാത്രമാണ്'. ബൈബിളിലെ ചില വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം വാദിക്കുന്നതു കേൾക്കുമ്പോൾ എന്തുത്തരം പറയണമെന്നറിയാതെ അനേകർ കുഴങ്ങുന്നു.

അനേകം കത്തോലിക്കരുടെ വിശ്വാസത്തെ ഇതൊരു പ്രതിസന്ധിയിൽ എത്തിക്കുന്നുണ്ട്. 'പരിശുദ്ധത്രിത്വം' എന്ന സത്യം എന്താണ് അർത്ഥമാക്കുന്നത്? ഇതു ബൈബിളിന്റെ പഠനത്തിനു വിരുദ്ധമാണോ? എപ്രകാരമാണ് സഭ ഈ നിർവ്വചനത്തിൽ എത്തിച്ചേർന്നത്? ഇപ്രകാരം ഒരു സത്യം ഏറ്റുപറയുന്നതിന് വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ എന്തെങ്കിലും പ്രസക്തിയുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കാനാണ് ''ത്രിയേകദൈവം" എന്ന ഈ രണ്ടാംഭാഗത്ത് ശ്രമിക്കുന്നത്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഒന്നാം ഭാഗം- നമ്പർ 26-1065 ഈ വിഷയം വിശദമായി അവതരിപ്പിക്കുന്നുണ്ട്.

ക്രിസ്തീയ ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ

വിശ്വാസസത്യമാണ് പരി. ത്രിത്വം. ദൈവം ഏകനാണ്, എങ്കിലും മൂന്ന് ആളുകളായി സ്ഥിതിചെയ്യുന്നു; പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിങ്ങനെയാണ് ഈ മൂന്ന് ആളുകൾ.

പിതാവ് ത്രിത്വത്തിലെ ഒന്നാമത്തെ ആളാണ്. പിതാവ്, പുത്രന് അനാദിയിലെ ജന്മം നൽകിയതിനാൽ, പിതാവായി. പിതാവായതിനാൽ പുത്രനേക്കാളോ, പരിശുദ്ധാത്മാവിനേക്കാളോ അധികമായ ദൈവികതയോ, പ്രായമോ പിതാവിനില്ല. ത്രിത്വത്തിലെ രണ്ടാമത്തെ ആളാണ് പുത്രൻ. സമയത്തിന്റെ പൂർണ്ണതയിൽ കന്യകാമറിയത്തിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായി പിറന്നത് പുത്രനായ ദൈവമാണ്. ത്രിത്വത്തിലെ മൂന്നാമത്തെയാള് പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്നു.

ക്രിസ്തീയ വിശ്വാസത്തിന്റെ ആരംഭം മുതലേ, ദൈവത്തിൽ മൂന്ന് ആളുകൾ ഉണ്ട് എന്നും ഈ മൂന്നാളുകൾ വ്യത്യസ്തരാണെങ്കിലും നിത്യമായി പരസ്പരബന്ധിതരും, അവിഭാജ്യവും ഏകവുമായ ദൈവികസത്തയും കേവലമായ ഏകഅസ്തിത്വവുമാണ് എന്നും പഠിപ്പിച്ചിരുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസമാണ്. രക്ഷാകരചരിത്രത്തിന്റെ അടിസ്ഥാന മാനദണ്ഡമായ ത്രിത്വൈക ദൈവവിശ്വാസം ആരാധനാക്രമത്തിലൂടെ നാം ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാ പ്രവൃത്തികളും തുടങ്ങുകയും, പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതിഅർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്ന പതിവ് ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസാധാരണമാണ്. ഇവിടെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തുല്യരായി, ദൈവമായി കരുതുന്നു. പക്ഷേ ഇവർ, മൂന്ന് ദൈവങ്ങളല്ല, മൂവരും കൂടി ഏകദൈവം മാത്രമാണ്. ഈ യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനാണ് - ത്രിത്വം, അഥവാ ത്രിയേകദൈവം എന്ന പദം ഉപയോഗിക്കുന്നത്.

ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിത്വൈക ദൈവത്തിലുള്ള വിശ്വാസമാണെങ്കിലും, ഒത്തിരിയേറെ തെറ്റിദ്ധാരണകൾക്കും, വിവാദങ്ങൾക്കും, ദുർവ്യാഖ്യാനങ്ങൾക്കും ഈ വിശ്വാസം ഇടയായിട്ടുണ്ട്. അതിനു കാരണം പരി. ത്രിത്വത്തിന്റെ രഹസ്യാത്മകതയും നിഗൂഢതയുമാണ്. ആയതിനാൽ ത്രിത്വൈക രഹസ്യപഠനം സഭയിൽ ഇന്ന് വളരെ വലിയ പ്രധാ





ന്യം നേടിയിരിക്കുന്നു. തങ്ങളുടെ വിശ്വാസമെന്തെന്ന് മനസ്സിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും, ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഉള്ളിൽ പോലും ഉയർന്നു വരുന്ന ചോദ്യമാണ് ഒന്ന് എങ്ങനെ മൂന്നാകും? മൂന്ന് എങ്ങനെ ഒന്നാകും? ഒന്നുകിൽ ഒരു ദൈവം, അല്ലെങ്കിൽ മൂന്ന് ദൈവങ്ങൾ. പക്ഷേ ദൈവം ഒന്നേയുള്ളൂവെന്ന് ബൈബിൾ അനിഷേധ്യമായി പഠിപ്പിക്കുന്നു.

## ത്രിത്വൈക ദൈവശാസ്ത്രത്തിലെ സുപ്രധാന പദങ്ങൾ

**1. പെരിക്കൊറേസിസ് (Perichoresis):** ത്രിത്വൈക ദൈവത്തിലെ മൂന്നു വ്യക്തികൾ തമ്മിലുള്ള അഭേദ്യവും അന്യൂനവുമായ ഐക്യത്തെ സൂചിപ്പിക്കുന്ന പദമാണിത്. ത്രിത്വത്തിലെ ഓരോ ആളിന്റെയും വ്യതിരിക്തത നിലനിൽക്കുമ്പോൾ തന്നെ മറ്റു രണ്ടു പേരുടെയും ജീവനിൽ പങ്കുചേരുന്നു എന്നാണ് ഇതിന്റെ ആശയം. യോഹ 17:21 നെ ആധാരമാക്കി രൂപപ്പെടുത്തിയ ഈ ഗ്രീക്കു പദത്തിന്റെ ലത്തീൻ രൂപം (cirmincession) എന്നാണ് പെരിക്കൊറേവോ (perichoreo) എന്ന ക്രിയ (ഉൽപ 13:10, മത്താ 14:35) നിശ്ചിത സ്ഥലത്തുള്ള അനുസ്യൂതമായ വാസം എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ആഴമേറിയതും സത്താപരവുമായ ബന്ധത്തെ സൂചിപ്പിക്കാനുള്ള ഈ പദത്തിന്റെ ദൈവശാസ്ത്രമാനങ്ങളെ സൗമ്യക്കായി അവതരിപ്പിച്ചത് ദമാസ്കസിലെ വി. യോഹന്നാനാണ് (A.D. 7ാം നൂറ്റാണ്ട്).

**2. ഹോമോഊസിയ (Homoousia):** പരിശുദ്ധ ത്രിത്വത്തിൽ മൂന്നു വ്യതിരിക്ത വ്യക്തികളുണ്ടെങ്കിലും അവർതമ്മിൽ സത്താപരമായി ഐക്യമുണ്ട് എന്ന വിശ്വാസ സത്യത്തെയാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. പിതാവുമായി പുത്രൻ സത്തയിൽ ഏകനാണ് എന്നു സൂചിപ്പിക്കാൻ നിഖ്യാ വിശ്വാസ പ്രമാണത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഒരേസത്ത എന്നാണ് ഈ പദത്തിന്റെ വാച്യാർത്ഥം. പൗരസ്ത്യ സഭകളിൽ പലതും ഹോമോയ് ഊസിയ (homoiousia) എന്ന് ഉപയോഗിച്ചിരിക്കുന്നു. ഒരേസത്ത എന്നതിനുപകരം ഒരുപോലെയുള്ള സാമ്യമുള്ള സത്ത എന്നാണ് ഈ പദത്തിനർത്ഥം. സഭാപിതാവായ ഹിലാരി പോർട്ടിയേഴ്സിന്റെ കാലം മുതൽ (A.D. നാലാം നൂറ്റാണ്ട്) പൗരസ്ത്യസഭകളും ഹോമോ ഊസിയ എന്ന പദം ഉപയോഗിച്ചുതുടങ്ങി.

**3. പ്രോസോപ്പോൻ (Prosopan), ഹുപോസ്റ്റാസിസ് (hypostasis):** പ്രോസോപ്പോൻ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം

"മുഖം" എന്നാണ്. വ്യക്തി (ഹൂപോസ്റ്റാസിസ്) അഥവാ പ്രത്യക്ഷമാകുന്ന രൂപം എന്ന് ഇതിനെ നിയതാർത്ഥത്തിൽ നിർവ്വചിക്കാം. പോസോപ്പോൻ, ഹുപോസ്റ്റാസിസ് എന്നീ പദങ്ങളെ സമാനാർത്ഥത്തിലാണ് ഔദ്യോഗിക ക്രിസ്തു വിജ്ഞാനീയം ഉപയോഗിക്കുന്നത് (രണ്ടു പദങ്ങളെയും persona-വ്യക്തി - എന്നാണ് ലത്തീനിൽ വിവർത്തനം ചെയ്യുന്നത്). എന്നാൽ മൊപ്സുവെസ്തിയായിലെ തെയഡോറും നെസ്തോറിയസും ഈ രണ്ടുപദങ്ങളെ വേർതിരിച്ചുമനസ്സിലാക്കി. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പരിപൂർണ്ണമായി ദൈവവ്യക്തിത്വത്തിൽ ഒന്നുചേരുന്നു എന്ന വിശ്വാസ സത്യത്തെ (hypostatic union) നിഷേധിച്ചുകൊണ്ട് നെസ്തോറിയൻ പാഷാണ്ഡതയുടെ വക്താക്കളായ ഇവർ ക്രിസ്തുവിലെ ദൈവ- മനുഷ്യസ്വഭാവങ്ങളെ രണ്ടു വ്യതിരിക്ത വ്യക്തിത്വങ്ങളുടെ സമ്മേളനമായി (prosopic union) അവതരിപ്പിച്ചു. പരിശുദ്ധത്രിത്വത്തിൽ ഒരു സത്തയും (ousia) മൂന്നു വ്യക്തികളും (hypostases) ഉണ്ട്. യേശുവിൽ രണ്ടു സ്വഭാവങ്ങളും (phuses) ഒരു വ്യക്തിത്വവും (hypostasis) ആണുള്ളത്.

*(ഡോ. മൈക്കിൾ കാരിമറ്റം, ഡോ. ജോസഫ് പാംപ്ലാനി)*



# 05

## സഭാവിജ്ഞാനീയം

സഭയെക്കുറിച്ചുള്ള പഠനമാണ് സഭാവിജ്ഞാനീയം. സഭ എന്താണെന്നും അത് എങ്ങിനെ ആയിരിക്കണമെന്നും, അത് എങ്ങിനെയൊക്കെ ആയിരുന്നുവെന്നും അറിയാനുള്ള ശ്രമമാണ് സഭാവിജ്ഞാനീയ പഠനം. "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ 1,8) എന്ന ലക്ഷ്യത്തോടെ ഈശോ സ്ഥാപിച്ച സഭയെ - നമ്മുടെ അമ്മയെ അടുത്തറിയുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സഭാതനയരുടെ ഏറ്റവും വലിയ കടമകളിലൊന്നാണ് സ്വന്തം അമ്മയായ സഭയെ അറിയുക എന്നത്. 'അമ്മയായ' സഭയെക്കുറിച്ച് കൂടുതൽ അറിയുന്നത് അവളെ കൂടുതൽ സ്നേഹിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സഭാ തനയരായി ജീവിക്കുന്നതിനും അതുവഴി 'എനിക്കു സാക്ഷികളാകണമെന്ന' ഈശോയുടെ ആഗ്രഹത്തെ നിറവേറ്റുന്നതിനും നമ്മെ സഹായിക്കും.

20-ാം നൂറ്റാണ്ടിന്റെ സവിശേഷശ്രദ്ധ പതിഞ്ഞ വിഷയങ്ങളിലൊന്നാണ് സഭാവിജ്ഞാനീയം. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും ലോകസഭാ കൗൺസിലും,

രണ്ടാം വത്തിക്കാൻ കൗൺസിലും സഭയെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും ശക്തമായി പ്രേരിപ്പിച്ചതുവഴി 20-ാം നൂറ്റാണ്ട് 'സഭയുടെ നൂറ്റാണ്ട്' എന്നുകൂടി വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അധികാരത്തിന്റെയും സമ്പത്തിന്റെയും പിടിയിലമർന്നിരിക്കുന്ന ഒരു ചിന്താധാരയിൽ നിന്നും ഉറവിടങ്ങളിലേക്ക് - വി. ഗ്രന്ഥത്തിലേക്കും വി. പാരമ്പര്യങ്ങളിലേക്കും - മടങ്ങിച്ചെന്നുകൊണ്ടുള്ള ഒരു സഭാവിജ്ഞാനീയ നിർമ്മിതി സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ കണ്ടെത്തിയതോടെയാണ് ഈ വിജ്ഞാനശാഖ ഇത്രയധികം ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയത്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ വായിച്ചു മനസ്സിലാക്കികൊണ്ട് അധികാരത്തെ ശുശ്രൂഷയുടെ ശൈലിയായി സ്വീകരിച്ചുകൊണ്ട് സഭയ്ക്ക് അകത്തും പുറത്തുമുള്ള നവീകരണ സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുത്തുകൊണ്ട് കൂടുതൽ ഫലപ്രദമായരീതിയിൽ സുവിശേഷം പ്രഘോഷിക്കാനും ജീവിക്കാനും സഭയെയും സഭാതനയരെയും പ്രാപ്തരാക്കുക എന്നതാണ് സഭാവിജ്ഞാനീയ പഠനത്തിന്റെ ലക്ഷ്യം.

## മൂലാർത്ഥം

ഇംഗ്ലീഷിലെ എക്ലേസിയോളജി (Ecclesiology) എന്ന പദമാണ് സഭാവിജ്ഞാനീയം എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. 'എക്ലേസിയ' (Ecclesia) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് എക്ലേസിയോളജി എന്ന വാക്കിന്റെ അർത്ഥം (ek = out + kalein = to call- വിളിച്ചുചേർക്കുക) ഇംഗ്ലീഷിൽ സഭയെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് ചർച്ച് (Church) എന്ന പദമാണ്. ദൈവത്തിന്റേത് എന്നർത്ഥമുള്ള കീറിയോസ് (Kyrios) എന്ന പദത്തിൽ നിന്നാണ് ചർച്ച് (Church) ഉത്ഭവിച്ചിരിക്കുന്നത്. കർത്താവിന്റെ കുടുംബാംഗങ്ങൾ, കർത്താവിന്റെ ജനം എന്നൊക്കെ അർത്ഥമുള്ള Kirche (ജർമ്മൻ), Kyrke (സ്വീഡിഷ്), Kerk (ഡച്ച്), Carkor (സ്ലാവിക്) എന്നീ പദങ്ങൾ കീരിയോസ് എന്ന ഗ്രീക്ക്പദത്തിൽ നിന്ന് ഉത്ഭവിച്ച പദങ്ങളാണ്.

## പഴയനിയമത്തിൽ

എക്ലേസിയ എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് വി. ഗ്രന്ഥത്തിന്റെ സപ്തതി (Lxx) വിവർത്തനത്തിലാണ്. 'ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട' എന്നർത്ഥമുള്ള കഹാൽ (Qhal) എന്ന ഹീബ്രുപദത്തെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചത്. ശബ്ദം എന്നർത്ഥം വരുന്ന qol എന്ന ഹീബ്രുപദത്തിൽ നിന്നാണ് qhal ഉരുത്തിരിഞ്ഞത്. 'വിളിച്ചുചേർക്കപ്പെട്ട' എന്നർത്ഥമുള്ള കഹാൽ





(Qhal) എന്ന പദത്തിനെ സൂചിപ്പിക്കാനായി ഗ്രീക്കു വിവർത്തകൻ എക്ലേസിയ (Ecclesia) എന്ന വാക്കുപയോഗിച്ചപ്പോൾ ഒരു പ്രത്യേക വ്യക്തിയാൽ വിളിച്ചുചേർക്കപ്പെട്ട ഒരു സമൂഹം എന്ന അർത്ഥം ഇതിന് കൈവന്നു. ഈ അർത്ഥത്തിന് മൂന്ന് തലങ്ങൾ കണ്ടെത്താനാകും.

1. ഇസ്രായേൽ ജനത്തെ വിളിച്ചുകൂട്ടിയത് ദൈവമാണ്. അതുകൊണ്ട് ഇസ്രായേൽ 'ദൈവജനം' (Kahal YHWH-People of God) എന്നറിയപ്പെടണം.

2. ഇസ്രായേലിനെ ഒരു ജനതയായി ദൈവം വിളിച്ചുകൂട്ടിയത് ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടിയാണ്. ഈ ലക്ഷ്യം ദൈവത്താൽ സ്ഥാപിതമായതിനാൽ ഈ ലക്ഷ്യം നേടുന്നതിനായി ഇസ്രായേൽ പരിശ്രമിക്കണം.

3. ഇസ്രായേലിനെ ദൈവം വിളിച്ചുകൂട്ടി ഒന്നിപ്പിച്ചത് പല 'ഇടങ്ങളിൽ'നിന്നുമാണ് (calling from). പലയിടങ്ങളിൽനിന്നും ഒന്നിച്ചുകെട്ടപ്പെട്ടവർ ഒന്നായി ദൈവത്തോട് ചേർന്ന് നിൽക്കണം.

## സുവിശേഷങ്ങളിലെ സഭാവിജ്ഞാനീയ ആശയങ്ങൾ

അധികാരത്തെ ശുശ്രൂഷയ്ക്കുവേണ്ടി വിനിയോഗിക്കുന്ന ശിഷ്യന്മാരുടെ ഒരു സമൂഹത്തെയാണ് സഭ എന്ന പദംകൊണ്ട് വി. മർക്കോസ് ഉദ്ദേശിക്കുന്നത്. ഈശോയുടെ കുരിശുമരണത്തോടെ ചിതറിക്കപ്പെട്ട ജനസമൂഹം ഉത്ഥാനത്തോടെ വീണ്ടും ഒന്നിച്ചു ചേർക്കപ്പെടുകയും മറ്റു ജനതകളോട് സുവിശേഷം പ്രഘോഷിക്കുന്ന ഒരു മിഷനറി സമൂഹമായി മാറുകയും ചെയ്തു (മാർക്കോ. 13,10). സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ ഈശോ ആദ്യശിഷ്യന്മാരെ വിളിക്കുന്നു (മാർക്കോ. 1,16,20). പിന്നീട് 12 പേരെ പ്രത്യേകം തിരഞ്ഞെടുക്കുകയും അവർക്ക് 'അപ്പസ്തോലർ' എന്ന പേരു നൽകുകയും ഇവരിൽ നിന്നും പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം ഉൾപ്പെടുത്തി വീണ്ടും ഒരു പ്രത്യേക സമൂഹത്തെ രൂപീകരിക്കുകയും, ശിഷ്യത്വത്തെക്കുറിച്ചും അധികാരത്തെ സേവനത്തിനായി വിനിയോഗിക്കേണ്ടതിനെക്കുറിച്ചുമുള്ള പ്രബോധനങ്ങൾ നൽകിക്കൊണ്ട് ഒരു സമൂഹമെന്ന നിലയിൽ ഒന്നിച്ചു പോകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ സമൂഹത്തെയാണ് സഭ എന്ന പ്രയോഗത്തിലൂടെ വി. മർക്കോസ് വിവക്ഷിക്കുന്നത്.

അൽപംകൂടി വളർച്ച നേടിയ സഭാവിജ്ഞാനീയ ചിന്തകളാണ് വി. മത്തായി അവതരിപ്പിക്കുന്നത്. മലമുകളിലെ പ്രസംഗം, ശിഷ്യ

ത്വത്തെക്കുറിച്ചുള്ള പ്രഭാഷണം, ഉപമകളിലൂടെയുള്ള പ്രബോധന ങ്ങൾ (മത്താ. 13) സഭാത്മക ജീവിതത്തെക്കുറിച്ചുള്ള പ്രബോധന ങ്ങൾ (മത്താ. 18) യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങൾ എന്നിവയി ലൂടെ നീളുന്ന പ്രഭാഷണ പരമ്പരയിലൂടെയാണ് വി. മത്തായി സഭ യുടെ ഘടന, നിയമങ്ങൾ മുതലായവ വിവരിക്കുന്നത്. മിശിഹ ആയി അവതരിച്ച ഈശോയുടെ പ്രബോധനങ്ങൾ ശ്രവിച്ച് അവയെ ജീവിതത്തിൽ പകർത്തുന്ന സമൂഹമായ സഭയെ മലയിലെ പ്രസം ഗത്തിലൂടെ വിശുദ്ധ മത്തായി അവതരിപ്പിക്കുന്നു. സഭയുടെ ഒരു സമൂഹമെന്ന നിലയിൽ സഭയിലെ എല്ലാ കാര്യങ്ങളും ശുഭമായി രിക്കില്ല എന്ന ചിന്തയാണ് കളകളുടെ ഉപമ (മത്താ. 13) കടലിലെ റിയപ്പെട്ട വലയുടെ ഉപമ എന്നിവയിലൂടെ മത്തായി നൽകുന്നത്, സഭാംഗങ്ങൾക്ക് വീഴ്ചകൾ വരാം, വ്യക്തിപരമായി തിരുത്തണം, കുറവുകൾ കണ്ടാൽ സഭയോട് പറയണം, സഭയുടെ നിർദ്ദേശങ്ങൾ അനുസരിക്കണം, പാപങ്ങൾ ബന്ധിക്കാനും മോചിക്കാനും സഭയ്ക്ക് അധികാരമുണ്ട് തുടങ്ങിയ സഭാസമൂഹത്തിന്റെ ശിക്ഷണ വശങ്ങളിലേക്കുപോലും വി. മത്തായി വെളിച്ചം വീശുന്നു. മണവാ ളനെ കാത്തിരിക്കുന്ന കന്യകമാരെപ്പോലെ, യജമാനനെ കാത്തിരി ക്കുന്ന വിശ്വസ്തനായ ഭൃത്യനെപ്പോലെ സഭ എപ്പോഴും ശ്രദ്ധാലു വായിരിക്കണമെന്ന് യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങളിലൂടെ വി. മത്തായി ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ ഇസ്രായേലിന്റെ തുടർച്ചയും മിശിഹായാൽ സ്ഥാപിതവും സ്വഭാവത്താൽ മിഷന റിയും വ്യക്തമായ നിയമ വ്യവസ്ഥകളോടും കൂടി ശുശ്രൂഷയിൽ ആഴപ്പെട്ടുവളരുന്നതുമായ ഒരു സമൂഹത്തെയാണ് വി. മത്തായി സഭയിലൂടെ വിഭാവനം ചെയ്യുന്നത്.

സഭയുടെ സാർവ്വദേശീയ മാനത്തെക്കുറിച്ചാണ് വി. ലൂക്കാ വിവ രിക്കു ന്നത്. ലോകരക്ഷകനായ ഈശോയുടെ വചനത്തിൽ ആകൃ ഷ്ടരായി വിജാതീയർ സഭയിൽ വന്നുചേരുന്നതിന് ലൂക്കാ വലിയ ഊന്നൽ കൊടുക്കുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളുടെ ഒന്നാംഭാഗമായ സുവിശേഷത്തിൽ സഭയുടെ വിജാതീയരിലേക്കുള്ള വളർച്ച, ഈശോയുടെ നസറത്തിലെ വാസം, ആദം വരെയെത്തി നിൽക്കുന്ന വംശാവലി. ശിമയോന്റെ പ്രവചനം (ഈശോ വിജാ തീയരുടെ പ്രകാശം) (ലൂക്ക 2,21) സമരിയാക്കാർ, വിജാതീയർ, പാപികൾ, വിജാതീയനായ ശതാധിപൻ, സിറിയാക്കാരനായ നാമാൻ, സ്റെപ്തായിലെ വിധവ എന്നിവർക്ക് ഈശോ കൊടു ക്കുന്ന പരിഗണന, നസ്രത്തിലെ അത്ഭുതങ്ങൾ, സുവിശേഷ പ്രഘോഷണത്തിനായി 70 പേരെ അയക്കൽ തുടങ്ങിയവയിലൂടെ സഭയുടെ സാർവ്വദേശീയ മാനത്തെ ലൂക്കാ വ്യക്തമായി അവതരി





പ്പിക്കുന്നു. വിജാതീയരിലേക്ക് കടന്നുചെന്ന സഭ എപ്രകാരം പരി ശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് പടർന്നു പന്തലിച്ചു വെന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ ലൂക്കാ വിവരിക്കുന്നു.

ക്രിസ്തു വിജ്ഞാനീയത്തിന് ഊന്നൽ കൊടുത്തിട്ടുള്ള യോഹ ന്നാനും സഭയേക്കുറിച്ചുള്ള ചില ദർശനങ്ങൾ ചർച്ചചെയ്യുന്നുണ്ട്. മനോഹരമായ പ്രതീകങ്ങളിലൂടെയാണ് യോഹന്നാൻ സഭയെ അവ തരിപ്പിക്കുന്നത്. ഇടയനും ആടുകളും, മുന്തിരിച്ചെടിയും ശാഖക ളും, ഈശോയും സഭാതനയരും തമ്മിലുണ്ടാകേണ്ട ആത്മബന്ധ ത്തിന്റെ ആഴത്തെ വ്യക്തിബന്ധത്തിന്റെ തീവ്രതയെ യോഹന്നാൻ ഇവയിലൂടെ സൂചിപ്പിക്കുന്നു.

**അപ്പസ്തോല പ്രവർത്തനങ്ങളിലെ സഭ**

സുവിശേഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വ്യക്തവും വിശദവു മായൊരു സഭാവിജ്ഞാനീയമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ നല്കുന്നത്. എക്ലേസിയ (സഭ) എന്ന പദം 23 തവണ അപ്പസ്തോല പ്രവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സഭ എന്നപദം കൂടാതെ മറ്റ നേകം സംജ്ഞകളും ലൂക്കാ സഭയെ കുറിക്കാനായി ഉപയോഗി ച്ചിട്ടുണ്ട്. ഉദാ: സഹോദരങ്ങൾ, വിശുദ്ധർ, ക്രിസ്ത്യാനികൾ, വിശ്വ സിച്ചവർ, മാർഗ്ഗം, ശിഷ്യർ... പന്തക്കുസ്താനാളിൽ ഉദ്ഘാടനം ചെയ്യ പ്പെട്ട പരിശുദ്ധാത്മാവിന്റെ സൃഷ്ടിയായിട്ടാണ് വി. ലൂക്കാ സഭയെ അവതരിപ്പിക്കുന്നത്. ആദ്യ അധ്യായങ്ങളിൽ സഭ എന്ന പദത്തി ലൂടെ വിശ്വസിച്ച് സ്നാനം സ്വീകരിച്ച ഇസ്രായേൽക്കാരെ സൂചി പ്പിക്കുന്ന ലൂക്കാ പിന്നീടിത് ഇസ്രായേലിൽനിന്നും വേർതിരിക്ക പ്പെട്ട ഒരു സമൂഹമെന്ന നിലയിൽ ആദിമസഭയെ ഒന്നിപ്പിച്ചു നിർത്തിയ 4 ഘടകങ്ങളെ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. അപ്പസ്തോ ലന്മാരുടെ പ്രബോധനം (Didascalia), അപ്പം മുറിക്കൽ (Eucharistia), പ്രാർത്ഥന (Eulogia), കൂട്ടായ്മ (Koinonia) ഇഎന്നിവയാണവ. യേശുവിന്റെ ജീവിതത്തിന്റെ ദൃക്സാക്ഷികളായിരുന്ന 12 ശിഷ്യ ന്മാരായിരുന്നു സഭാസമൂഹത്തിന്റെ നെടുംതൂണുകൾ. സഭയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും അപ്പസ്തോലന്മാർക്ക് വച നപ്രഘോഷണത്തിൽ മുഴുവൻ സമയവും ചിലവഴിക്കേണ്ടിവരി കയും ചെയ്തപ്പോൾ സഭാസമൂഹത്തിന്റെ സംഘടനാപരമായ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം സർവ്വസമ്മതരായി ഏഴുഡീ ക്കന്മാരെ തിരഞ്ഞെടുത്ത് കൈവയ്പ്പ്മൂലം അവരെ ദൗത്യം ഭര മേൽപ്പിക്കുകയും ചെയ്തു. സഭാസമൂഹങ്ങൾ ജറുസലേമിനു പുറ ത്തേക്ക് വ്യാപിച്ചതോടെ പ്രാദേശിക സഭകൾ എന്ന ഒരു സംജ്ഞ കൂടി അപ്പസ്തോല നടപടികളിൽ കാണാം. അന്തോക്യായിലെ

സഭ, കേസറിയായിലെ സഭ, എഫേസൂസിലെ സഭ എന്നിങ്ങനെ ചില പ്രാദേശിക സഭകളെക്കുറിച്ചും അവയ്ക്കിടയിൽ ജറുസലേമി നുണ്ടായിരുന്ന കേന്ദ്രസ്ഥാനത്തെക്കുറിച്ചും ലൂക്കാ വിവരിക്കുന്നു.

**വി. പൗലോസിന്റെ ലേഖനങ്ങളിൽ**

സഭാവിജ്ഞാനീയം ഒരു ദൈവശാസ്ത്രശാഖ എന്നരീതിയിൽ ഏറ്റവും പുരോഗതി പ്രാപിച്ചിരിക്കുന്നത് വി. പൗലോസിന്റെ ലേഖ നങ്ങളിലാണ്. വിജാതീയർക്കിടയിൽ പ്രേഷിതപ്രവർത്തി നടത്തിയ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള വി. പൗലോസിന്റെ സഭാവി ജ്ഞാനീയ ദർശനങ്ങൾ അതിസമ്പന്നമാണ്. 'എക്ലേസിയ' എന്ന പദം 62 തവണ തന്റെ ലേഖനങ്ങളിൽ അദ്ദേഹം ഉപയോഗിക്കുന്നു ണ്ട്. കൂടാതെ, ക്രിസ്തുവിന്റെ ശരീരം (Body of Christ) ദൈവ ത്തിന്റെ ആലയം (Temple of god) എന്നീ വാക്കുകളും സഭയെ കുറിക്കാനായി വി. പൗലോസ് ഉപയോഗിക്കുന്നുണ്ട്. സഭ ഏകമാ ണെന്ന കാഴ്ചപ്പാടിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള സഭാവി ജ്ഞാനീയമാണ് വി. പൗലോസ് പഠിപ്പിക്കുന്നത്. സഭ ഏകമാണ്, അത് ദൈവത്തിന്റെ സഭയാണ് (ഫിലിപ്പി 3, 6). ഈ സഭയുടെ അടിത്തറ അപ്പസ്തോലന്മാരും പ്രവാചകരുമാണ്. ഈ അടിത്തറ യുടെ ആധാരശില ക്രിസ്തുവാണ് (എഫേ 2,20). ദൈവത്തിന്റെ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റപ്പെട്ട ഒരു ദൈവജനസമൂഹമാണ് സഭ.

മൂന്ന് വ്യത്യസ്ത അർത്ഥങ്ങളിലാണ് സഭ (എക്ലേസിയ), എന്ന പദം പൗലോസ് ഉപയോഗിക്കുന്നത്. 1) ഒരു പ്രാദേശിക സഭാസമൂ ഹത്തെ സൂചിപ്പിക്കാൻ (റോമാ 16,1 1 കോറി 1,2). 2) ഒരു പ്രത്യേക നഗരത്തിലെയോ പ്രവിശ്യയിലെയോ വിശ്വാസികളുടെ സമൂഹത്തെ സഭയെന്ന് വി.പൗലോസ് സംബോധന ചെയ്യുന്നുണ്ട്. 3) സമൂഹ ത്തെയോ കുടുംബാംഗങ്ങളെയോ സംബോധനചെയ്യയുന്നതിനായി സഭ എന്നവാക്ക് പൗലോസ് ഉപയോഗിക്കുന്നുണ്ട്. പ്രിസ്ക്ക, അക്വീല (റോമ 16,1-5), (1 കോറി 11,18), (1 കോറി 14,23) എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

**വി. പത്രോസിന്റെ ലേഖനങ്ങളിൽ**

എക്ലേസിയ (സഭ) എന്ന പദത്തിനു പകരം ദൈവജനം എന്ന വാക്കാണ് പത്രോസ് ഉപയോഗിക്കുന്നത്. നിങ്ങൾ തെരഞ്ഞെടു ക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജന തയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് (1 പത്രോസ് 2,9). ഈ ഒറ്റവാക്യത്തിൽ പത്രോസിന്റെ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത





നമുക്ക് ദർശിക്കാനാകും. ക്രിസ്തുവിന്റെ രക്തത്താൽ വിമോചി ക്കപ്പെട്ടവരുടെ ഗണമായ സഭയിലെ (1 പത്രോസ് 9,19) എല്ലാ അംഗ ങ്ങളും മൂലക്കല്ലായ ക്രിസ്തുവിനോട് ചേർന്ന് ആധ്യാത്മിക സൗധം പണിയുന്നതിനായുള്ള ശിലകളായി വർത്തിക്കണം. ഈയൊരു പ്രബോധനമാണ് തന്റെ ലേഖനത്തിലൂടെ വി. പത്രോസ് നല്കു ന്നത്.

**വെളിപാടു പുസ്തകത്തിലെ സഭാവിജ്ഞാനീയ ദർശനങ്ങൾ**

അപ്പോക്കല്പ്റ്റിക് ശൈലിയിൽ വിരചിതമായ വെളിപാടുഗ്രന്ഥം അതിന്റെ ആശയങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഏഴു സഭ കൾക്കുള്ള കത്തുകളാണ്. സഭകളുടെ ഇപ്പോഴത്തെ അവസ്ഥയെ ക്കുറിച്ചും അവ എത്തിപ്പിടിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും അതിനു സാധിക്കാതെവന്നാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളെക്കു റിച്ചും ആദ്യ അദ്ധ്യായങ്ങൾ പ്രതിപാദിക്കുന്നു. തുടർന്നുവരുന്ന അധ്യായങ്ങൾ സഭയുടെ രണ്ട് സാർവ്വത്രിക മാനങ്ങളെയാണ് വിശ ദീകരിക്കുന്നത്. 1) തിന്മയുടെ ശക്തികളുമായുള്ള സഭയുടെ നിര ന്തര സമരം. 2) തിന്മയ്ക്കുമേൽ സഭ നേടുന്ന അന്തിമവിജയം. സഭയെ വിശുദ്ധ നഗരമെന്നും, പുതിയ ജറുസലേമെന്നും യോഹ ന്നാൻ വെളിപാട് പുസ്തകത്തിൽ വിളിക്കുന്നുണ്ട്.

സമഗ്രവും സമ്പൂർണ്ണവുമായ ഒരു സഭാവിജ്ഞാനീയ ദർശനം പുതിയനിയമ പുസ്തകങ്ങളിൽ കാണുന്നില്ലെങ്കിലും ഇവയെല്ലാം കൂട്ടിച്ചേർത്തുവയ്ക്കുമ്പോൾ, ധ്യാനപൂർവ്വം അവയിലൂടെ കടന്നു പോകുമ്പോൾ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത ഇവയിൽ നമുക്ക് ദർശിക്കാനാകും.

**സഭകളുടെ ഉത്ഭവം**

പരിശുദ്ധാരൂപിയെ സ്വീകരിച്ച ക്രിസ്തുശിഷ്യന്മാർ ദിവ്യരക്ഷ കന്റെ സദ്വാർത്ത അറിയിക്കുവാൻ പല സ്ഥലങ്ങളിലും പോയി. അവർ സുവിശേഷം പ്രസംഗിച്ചു; സഭകൾ സ്ഥാപിച്ചു. ഈ സഭ കൾ റോമാ സാമ്രാജ്യത്തിനകത്ത് പലയിടത്തും മർദ്ദിക്കപ്പെട്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ചു. സാമ്രാജ്യത്തിലെ വിവിധ കേന്ദ്ര ങ്ങൾ ക്രമേണ സഭാഭരണകേന്ദ്രങ്ങളുമായി.

ഓരോ സഭയിലും രൂപംകൊണ്ട ആരാധനാക്രമമായിരുന്നു സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദു. ബലിയർപ്പണം, കൂദാശാനുഷ്ഠാന ങ്ങൾ, നോമ്പ്, ഉപവാസം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവ യെല്ലാം സഭകളുടെ തനിമയാർന്ന വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. അപ്പസ്തോലന്മാർ രൂപം നൽകിയ അടിസ്ഥാന

സഭാജീവിതരീതി വിവിധ ദേശീയസംസ്ക്കാരങ്ങളിലൂടെ വൈവിധ്യമാർന്ന സഭാജീവിതശൈലികളുമായി വളർന്നുവന്നു. യാമപ്രാർത്ഥനകൾ, തിരുവസ്ത്രങ്ങൾ മുതലായവയിലും സഭകൾക്കു തമ്മിൽ കുറെയൊക്കെ വ്യത്യാസങ്ങളുണ്ട്. ആരാധനാക്രമം, ദൈവശാസ്ത്രം, കാനൻനിയമം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവയെല്ലാം സഭയുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി. ഇവയെല്ലാം ആചരിക്കുന്ന ക്രിസ്തീയ വിഭാഗത്തിന് പില്ക്കാലത്ത് പാശ്ചാത്യർ 'റീത്തെ'ന്ന പേരു നല്കി. എന്നാൽ, റീത്ത് എന്ന പേര് പൗരസ്ത്യർക്കു സ്വീകാര്യമല്ല. റീത്ത് എന്ന പദത്തിന് ബാഹ്യമായ ആചാരവിധികൾ എന്ന അർത്ഥമാണ് ഉള്ളത്. ആചാരവിധികൾക്കപ്പുറത്തുള്ള സഭാപൈതൃകമാണ് സഭയുടെ വ്യക്തിത്വത്തിന് നിദാനം. ഇപ്രകാരം മലബാർ സഭ എന്നുപറയുമ്പോൾ മലബാർസഭയുടെ ആരാധനക്രമം, കാനൻനിയമം, ഹയരാർക്കി, നോമ്പ്, ഉപവാസം, ഭരണരീതി, ആചാരങ്ങൾ, ആദ്ധ്യാത്മികത, പാരമ്പര്യം, അവ പാലിക്കുന്ന ആളുകൾ എന്നെല്ലാം അർത്ഥമാകും. (CCEO 27, 28). പാശ്ചാത്യർ ഇപ്രകാരമുള്ള സഭകൾക്ക് 'റീത്തുകൾ' എന്ന പദം ഉപയോഗിക്കുമ്പോൾ പൗരസ്ത്യർ അവയെ 'സഭകൾ'എന്നാണ് വിളിക്കുക.

ആരാധനാക്രമത്തെയും ശ്ലൈഹിക പൈതൃകത്തെയും അടിസ്ഥാനമാക്കിയാണ് വിവിധ സഭകൾ വളർന്നത്. ഈശോമിശിഹാ സ്ഥാപിച്ച വി. കുർബാനയും മറ്റു കൂദാശകളുമാണ് ആരാധനാക്രമമെന്നു പറഞ്ഞാൽ പ്രഥമമായി മനസ്സിലാക്കുന്നത്. ക്രിസ്തുനുയായികൾ ഒരുമിച്ചുകൂടി ദിവ്യപ്രബോധനങ്ങളെപ്പറ്റി ധ്യാനിച്ചിരുന്ന സാബത്തുദിനാചാരണം യഹൂദപാരമ്പര്യമായിരുന്നല്ലോ. യഹൂദരിൽനിന്നു മാനസാന്തരപ്പെട്ട അനുയായികൾ സിനഗോഗിലെ പാരമ്പര്യം കുറെയൊക്കെ നിലനിർത്തി. അപ്പമെടുത്തുവാഴ്ത്തി സ്തുതി പറഞ്ഞ് എല്ലാവരും ദിവ്യബലിയിൽ പങ്കുകൊണ്ടിരുന്നു; മാമ്മോദീസാ നൽകിയിരുന്നു. ഇതോടുചേർന്ന് ശ്രേഷ്ഠാചാര്യന്മാർ കൈകൾ അവർക്ക് തലയിൽ വച്ച് പരിശുദ്ധാരൂപിയുടെ ദാനങ്ങൾക്കായി പ്രാർത്ഥിക്കുകയും ആത്മീയ നേതൃത്വം നൽകുകയും ചെയ്തിരുന്നതായി കാണാം. എന്നാൽ ഇന്നത്തെപ്പോലെ വ്യക്തമായ രീതിയിലായിരുന്നില്ല അന്നത്തെ ആരാധനാക്രമം. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ക്രമക്കേടുകളൊഴിവാക്കാൻ വേണ്ടി പ്രാർത്ഥനകളുടെ രീതിക്കും ദൈർഘ്യത്തിനും കൂദാശകളുടെ കർമ്മ വിധിക്കുമെല്ലാം കുറെയൊക്കെ വ്യക്തവും ക്ലിപ്തവുമായ രൂപം നല്കേണ്ടതായി വന്നു. വിശുദ്ധരും പണ്ഡിതരുമായ സഭാപിതാക്കന്മാർ ഈ പ്രാർത്ഥനകളും ആചാരങ്ങളും ആരാധനാരീതിയുമൊക്കെ ശ്ലൈഹിക പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ സമ്പുഷ്ടമാക്കി. ദൈവശാസ്ത്ര കേന്ദ്രങ്ങൾ ഇവയെ സ്വാധീനിച്ചു. ഇപ്രകാരമുള്ള ആരാധനാപാരമ്പര്യം വിശ്വസ്തതയോടെ സഭകൾ ആചരിച്ചുപോന്നു. അഞ്ചാം നൂറ്റാണ്ടോടെ ആരാധനാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വിവിധ സഭകൾ വ്യക്തമായി രൂപം കൊണ്ടു. പ്രാചീന ക്രൈസ്തവപഠനകേന്ദ്രങ്ങൾ ആസ്ഥാനമാക്കി ഇവ വളർന്നു.





### കത്തോലിക്കാസഭ: സഭകളുടെ കൂട്ടായ്മ

കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടായ്മ (Communion) യാണ്. ഈ സഭകൾ തമ്മിൽ ഗാഢമായ ഐക്യമുണ്ട്. വിശ്വാസം, സന്മാർഗ്ഗം, കൂദാശകൾ, പരിശുദ്ധ കുർബാന, ഹയരാർക്കി എന്നിവയാണ് ഐക്യത്തിന്റെ ഘടകങ്ങൾ. എന്നാൽ ഈ ഐക്യം വൈവിധ്യാമാർന്ന പാരമ്പര്യങ്ങളിലൂടെയാണ് പ്രകടമാവുക. ആരാധനാക്രമം, ആദ്ധ്യാത്മികത, ഭരണരീതി, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിങ്ങനെ പലതിലും ഈ സഭകളുടെ ഇടയിൽ വൈവിധ്യമുണ്ട്. ഈ വൈവിധ്യം ഐക്യത്തിന്റെ ആഴവും പരപ്പും പ്രകടമാക്കുന്നു. ഈ രംഗത്ത് കത്തോലിക്കാസഭ ബാഹ്യമായ ഐക്യരൂപ്യം ആവശ്യപ്പെടുന്നില്ല. വൈവിധ്യമാർന്ന സഭാപാരമ്പര്യങ്ങൾ അഭംഗം നിലനിർത്തണമെന്ന് വ്യക്തമായ നിർദ്ദേശം സഭ നൽകുന്നു.

കത്തോലിക്കാസഭയിലെ വിവിധ സഭകളെ വ്യക്തിഗത സഭകൾ (Individual Churches) എന്ന് പറയുന്നു. തനതായ വ്യക്തിത്വം (Individuality) ഉള്ളതിനാലാണ് ഇങ്ങനെ അറിയപ്പെടുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പരിഷ്കരിച്ച പൗരസ്ത്യകാനൻ നിയമസംഹിത (Codex Canoum Ecclesiarum Orientalium) വ്യക്തിവ്യക്തിഗത സഭകളെ "Sui Juris Churches" എന്നാണ് വിളിക്കുക. ഇതനുസരിച്ച് കത്തോലിക്കാസഭയിൽ താഴെപ്പറയുന്ന വ്യക്തിഗത സഭകളാണുള്ളത്. അവ ആചരിക്കുന്ന ആരാധനക്രമപാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ വിഭജനം.

| | |
|---|---|
| 1. റോമാസഭ (ലത്തീൻ) | |
| 2. അലക്സാണ്ഡ്രിയൻ സഭ | കോപ്റ്റിക് സഭ |
| | എത്യോപ്യൻ സഭ |
| 3. അന്ത്യോക്യൻ സഭ | സിറിയൻ സഭ |
| | സിറിയൻ മാറൊനൈറ്റ് സഭ |
| | സീറോ - മലങ്കര സഭ |
| 4. പൗരസ്ത്യ സുറിയാനിസഭ | കൽദായ സഭ |
| | (പൗരസ്ത്യ സുറിയാനി സഭ) |
| | സീറോ മലബാർ സഭ |

5. അർമേനിയൻ സഭ — ഗ്രീക്ക് മെൽകൈറ്റു സഭ, ഉക്രേനിയൻ സഭ, റുമേനിയൻ സഭ, റുത്തേനിയൻ സഭ സ്ലോവാക് സഭ, ഹങ്കേറിയൻ സഭ ഇറ്റാലോ

6. ബൈസന്റൈൻ സഭ — അൽബേനിയൻ സഭ
ക്രിസ്സേവ് ചി സഭ
ബൾഗേറിയൻ സഭ
ഗ്രീക്ക് സഭ
റഷ്യൻ സഭ
ബൈലോ - റഷ്യൻ സഭ
അൽബേനിയൻ

പൗരസ്ത്യ സഭകളെ സംബന്ധിച്ചുള്ള കൗൺസിൽ ഡിക്രിയിൽ ഈ ആശയം തന്നെ പ്രകടമാക്കുന്നു.

"വിശ്വാസികൾ വിവിധ സമൂഹങ്ങളായി, ഹയരാർക്കിയുടെ കീഴിൽ വ്യതിരിക്ത (Separate) സഭകൾ അല്ലെങ്കിൽ റീത്തുകളുമായി സമ്മേളിച്ചിരുന്നു. ഈ സഭകൾ തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വൈവിദ്ധ്യം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്" (പൗരസ്ത്യ സഭകൾ 2).

## പാശ്ചാത്യ പൗരസ്ത്യസഭകൾ

പൗരസ്ത്യം പാശ്ചാത്യം എന്നീ സംജ്ഞകൾ റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയക്ലീഷൻ ചക്രവർത്തി (284-305) സാമ്രാജ്യം നാലായി വിഭജിച്ചു. ക്രമേണ അതു രണ്ടായിത്തീർന്നു; പാശ്ചാത്യവും പൗരസ്ത്യവും. പൗരസ്ത്യ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ; പാശ്ചാത്യ സാമ്രാജ്യത്തിലേത് പാശ്ചാത്യ സഭകളും. റോമാ സാമ്രാജ്യത്തിനു പുറത്തും അപ്പസ്തോലന്മാർ സഭകൾ സ്ഥാപിച്ചു. തോമാശ്ലീഹായാൽ സ്ഥാപിതമായ പേർഷ്യൻ സഭയും ഭാരതസഭയും ഇതിനുദാഹരണങ്ങളാണ്. പാശ്ചാത്യ വിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം ക്രമേണ പൗരസ്ത്യസഭകളെന്ന പേര് പ്രാബല്യത്തിൽ വന്നു. ഇങ്ങനെയാണ് പേർഷ്യയിലെയും ഭാരതത്തിലെയും സഭകളും പൗരസ്ത്യ സഭകളെന്നറിയപ്പെടുക. പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സഭകൾ സ്ഥാപിച്ച ഇതര സഭകൾക്കും ഈ പേരുതന്നെ ലഭിച്ചു.

പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ റോമൻ, ഗാള്ളിക്കൻ, അംബ്രോസിയൻ, മൊസ്സാറബിക്ക് എന്നിങ്ങനെ പല പ്രാദേശിക ആരാധനാ





രീതികളുമുണ്ടായിരുന്നു. എന്നാൽ റോമിന്റെ പ്രാമുഖ്യം വർദ്ധിച്ചു വന്നതോടെ മേല്പറഞ്ഞ മറ്റു വൈവിധ്യം ക്ഷയിക്കുകയും റോമൻ ആരാധനാക്രമത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. ഇവ ഇന്നും നാമമാത്രമായി ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. റോമൻ സഭയും പാശ്ചാത്യസഭയും ഇന്നത്തെ വ്യവസ്ഥിതിയിൽ ഒന്നാണെന്നുപറയാം. ആരാധനക്രമഭാഷയുടെ പേരിൽ ലത്തീൻ റീത്തെന്നും ഇതറിയപ്പെടുന്നു.

എന്നാൽ പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. അവിടെ വിവിധ സഭകൾ സ്വതന്ത്രമായി വളർന്നു. ഒന്നു മറ്റൊന്നിനെ വിഴുങ്ങിയില്ല! സാമ്രാജ്യത്തിന്റെ പൗരസ്ത്യതലസ്ഥാനത്ത് വളർന്നു വികസിച്ചത്, ബൈസന്റൈൻ സഭയാണ്. ഇതു മറ്റുസഭകളുടെ വളർച്ചയ്ക്ക് പ്രതിബന്ധമായില്ല. ക്രമേണ ഇത് മറ്റുസ്ഥലങ്ങളിലേയ്ക്കു വ്യാപിച്ചു. ഇന്ന് പല ഉപ വിഭാഗങ്ങൾ ഇതിനുണ്ട്. ഇവയ്ക്കു പുറമേ, അലക്സാൺഡ്രിയൻ, അന്ത്യോക്യൻ, പൗരസ്ത്യ സുറിയാനി, അർമേനിയൻ എന്നീ ആരാധനക്രമങ്ങൾ പൗരസ്ത്യസഭകളിൽ കാണാം. അർമ്മേനിയൻ സഭയൊഴിച്ച് മറ്റുള്ളവയ്ക്ക് ഉപവിഭാഗങ്ങളുണ്ട്.

കോപ്റ്റിക്, എത്യോപ്യൻ എന്നീ വിഭാഗങ്ങൾ അലക്സാഡ്രിയൻ സഭയ്ക്കുണ്ട്. കേരളത്തിലുള്ള മലങ്കര സഭയും ലെബനോണിലെ മാറോനീത്താസഭയും സിറിയായിലെ സുറിയാനിസഭയും അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പൊതുവായ പൈതൃകങ്ങളുള്ളവയാണ്. ഒരേ ശ്ലൈഹിക പൈതൃകത്തിൽ വേരുന്നി പേർഷ്യയിലും മെസൊപ്പൊട്ടേമിയായിലും ഇൻഡ്യയിലും വളർന്നു പന്തലിച്ച, പൗരസ്ത്യ ആരാധനക്രമം ആചരിക്കുന്ന രണ്ട് സഭകളാണുള്ളത്. അവയാണ് സീറോ മലബാർസഭയും പൗരസ്ത്യ സുറിയാനിസഭയും. തോമ്മാശ്ലീഹായുടെ ശ്ലൈഹികപൈതൃകമാണ് ഈ അയൽസഭകൾക്ക് പൊതുവായിട്ടുള്ളത്. തന്മൂലം ഹയരാർക്കി തലത്തിലും ഈ ബന്ധം ക്രമേണ വളർന്നുവന്നു. എങ്കിലും ഭാരതത്തിലെ സഭയ്ക്ക് തനതായ ഭരണ സംവിധാനമുണ്ടായിരുന്നു.

സഭയിലെ വൈവിധ്യം തിരുസ്സഭയുടെ സാർവ്വത്രികതയുടെ മാത്രമല്ല വളർച്ചയുടെയും സാംസ്ക്കാരികോദ്ഗ്രഥനത്തിന്റെയും അടയാളമാണ്. ആദിമസഭയുടെ ശ്ലൈഹികപാരമ്പര്യമാണിവയിലുള്ളത്. സഭാപിതാക്കന്മാരുടെ നേതൃത്വത്തിൽ വളർന്നു വന്ന ഈ സഭകൾ തിരുസ്സഭയുടെ അമൂല്യസമ്പത്താണ്. ഓരോ സഭയുടെയും ഈ ശ്ലൈഹികപൈതൃകം സഭ മുഴുവന്റെയും പൊതുസ്വത്താണ്. ഇടുങ്ങിയ ദേശീയ ചിന്തകളുടെ പരിമിതികളിൽ ഇവയെ ഒതുക്കാ

വുന്നതല്ല. ശ്ലൈഹിക പൈതൃകത്തിന്റെ കേന്ദ്രബിന്ദു ആരാധനക്രമമാണ്. ഇവയെ വെറും 'ദേശീയ സഭകളായി' മുദ്രകുത്താവുന്നതല്ല. തിരുസ്സഭയുടെ ആദ്ധ്യാത്മിക പൈതൃകമാണ് ഇവയിലൂടെ തുടരുന്നത്. വർഗ്ഗവർണ്ണദേശഭേദമന്യേ ലോകമെങ്ങും വളർന്നു വികസിക്കാൻ ഇവയ്ക്കവകാശമുണ്ട്.

## സഭകളുടെ തുല്യപദവി

ശ്ലൈഹിക പൈതൃകത്തിന്റെയും ആദിമസഭാപാരമ്പര്യത്തിന്റെയും അവകാശികളാണ് സഭകൾ. തന്മൂലം രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു;

"അഭികാമ്യമായ അവയുടെ പൗരാണികത്വം കൊണ്ട് ഒരു പ്രത്യേക സ്ഥാനം ഈ സഭകൾക്കുണ്ട്. അപ്പസ്തോലന്മാരിൽ നിന്ന് സഭാപിതാക്കളിലൂടെ കൈവന്ന പാരമ്പര്യം അവയിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാവട്ടെ, സാർവ്വത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗവുമാകുന്നു.... പ്രസ്തുത സഭകൾ ഈ പാരമ്പര്യത്തിന്റെ സജീവ സാക്ഷികളാണല്ലോ. അവ വളർന്നു വികസിക്കാനും, അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ ശ്ലൈഹിക ചൈതന്യത്തോടെ പൂർണ്ണമാകാനും ഈ സുനഹദോസ് ആഗ്രഹിക്കുന്നു".

വിശുദ്ധ ലിഖിതവും വിശുദ്ധ പാരമ്പര്യവും ഒരേ ആദരവോടെ സ്വീകരിക്കുകയും വിലമതിക്കുകയും ചെയ്യണമെന്നും കൗൺസിൽ പഠിപ്പിക്കുന്നു.

സഭാപൈതൃകത്തിന്റെ അവകാശികളാകയാൽ സഭകളെല്ലാം തുല്യമാണ്. ഒരേ കടമയും ഒരേ അവകാശങ്ങളുമാണവയ്ക്കുള്ളത്. റോമാമാർപ്പാപ്പയുടെ കീഴിൽ ലോകം മുഴുവനും സുവിശേഷമറിയിക്കുക എല്ലാ സഭകളുടെയും കടമയാകുന്നു.

സുവിശേഷ പ്രഘോഷണം നടത്തുകയും സഭാംഗത്വം സ്വീകരിച്ചവർക്ക് അജപാല സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക ഓരോ സഭയുടെയും കടമയും അവകാശവുമാകുന്നു. ഈ അവകാശം ആർക്കും നിഷേധിക്കുവാൻ അവകാശമില്ല. കാരണം, ദൈവദത്തമാണിവ. ഈ ദൗത്യനിർവ്വഹണത്തെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് സഭാനേതൃത്വത്തിന്റെ കടമ.

"സഭയുടെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല" ഇത് തിരുസ്സഭയുടെ ഘടനയിലെ അടിസ്ഥാനപരമായൊരു തത്വമാണ്. പല സഭകൾ സഭയിലുണ്ട്. ഓരോന്നിനുമുണ്ട് അതാതിന്റെ സവി





ശേഷതകൾ. എല്ലാ സഭകൾക്കും സ്ഥാനവും മാഹാത്മ്യവും ഉത്തരവാദിത്വവും തുല്യമാണ്. ശ്ലൈഹിക പാരമ്പര്യത്തിന്റെ തുല്യാവകാശികളാണ് ഈ സഭകളെല്ലാം.

വിശ്വാസത്തിലും സന്മാർഗ്ഗത്തിലും കൂദാശകളിലും സഭാനേതൃത്വത്തിലും പൂർണ്ണമായ ഐക്യമാണ് വിവിധ സഭകളുടെ ഇടയ്ക്കുള്ളത്. ഒന്നു മറ്റൊന്നിനെക്കാൾ പദവി കൂടിയതെന്നു അവകാശപ്പെടാനാവില്ല. അംഗസംഖ്യ മേന്മയുടെ മാനദണ്ഡമല്ല. പല രാഷ്ട്രീയകാരണങ്ങളും കാലാകാലങ്ങളിൽ അംഗസംഖ്യ വർദ്ധിക്കുന്നതിനോ കുറയുന്നതിനോ കളമൊരുക്കാം. യൂറോപ്യൻ രാജ്യങ്ങളിൽ പൗരാവകാശം ലഭിക്കാൻ ക്രിസ്ത്യാനിയാകണമെന്നു നിർബന്ധമുണ്ടായിരുന്നു. റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയനും (627-565) കാറൽമാനുമൊക്കെ (768-814) നിർബന്ധമുണ്ടായിരുന്നു. എല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരായിരിക്കണമെന്ന് പൊതുവെ പറഞ്ഞാൽ 16-ാം നൂറ്റാണ്ടുവരെ പാശ്ചാത്യ യൂറോപ്പിൽ ഒതുങ്ങിയിരുന്നു ലത്തീൻ സഭ എന്നാൽ പിന്നീട് തെക്കേ അമേരിക്കയിൽ പോർട്ടുഗീസുകാരും സ്പെയിൻകാരും കോളനികൾ സ്ഥാപിച്ചപ്പോൾ ഭരണത്തലവന്മാരുടെ മതം ഭരണീയരുടേതുമായിരിക്കണമെന്ന നിയമമുണ്ടാക്കി. പാശ്ചാത്യമിഷനറിമാർ പോയിടത്തും പാശ്ചാത്യസഭാപാരമ്പര്യങ്ങൾ തന്നെ പ്രചരിപ്പിച്ചു. ഭാരതത്തിൽ വന്ന പോർട്ടുഗീസുകാർ മാർത്തോമ്മാ ക്രിസ്ത്യാനികളെക്കൂടി ലത്തീൻസഭയിൽ ചേർക്കാൻ കരുക്കൾ നീക്കി.

പൗരസ്ത്യസഭകൾ നിലവിലിരുന്ന പല രാജ്യങ്ങളിലും രാഷ്ട്രീയഗതി പ്രതികൂലമായിരുന്നു. അറബികളുടെ ആക്രമണം മദ്ധ്യപൂർവ്വദേശത്തെ ക്രിസ്തുമതം നാമാവശേഷമാക്കിയെന്നു പറയാം. പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ വരെ ഇസ്ലാം വ്യാപിച്ചു. കമ്മ്യൂണിസ്റ്റ് ആധിപത്യകാലത്ത് സോവിയറ്റ് യൂണിയനിലും സഭകൾ ഇരുമ്പഴികൾക്കുള്ളിലായി. ഇപ്രകാരമുള്ള ഗതിവിഗതികൾ പരിശോധിച്ചാൽ അവ പ്രാദേശിക സഭകളുടെ വളർച്ചയെ വികസിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നതായി കാണാം. ഇക്കാരണങ്ങളാൽ അംഗസംഖ്യയുടെ മാനദണ്ഡമനുസരിച്ച് സഭകളെ വിലയിരുത്താനാവില്ലെന്നു വ്യക്തം. എന്നാൽ ഈ തുല്യാവകാശം നിഷേധിക്കപ്പെട്ട നിരവധി സംഭവങ്ങൾ സഭാചരിത്രത്തിന്റെ കറുത്തപൊട്ടുകൾ തന്നെ. ഇൻഡ്യയിൽതന്നെ ഇതിനു നിരവധി ഉദാഹരണങ്ങളുണ്ടല്ലോ.

*(ഡോ. തോമസ് നീണ്ടൂർ)*

# 06

## ക്രിസ്തീയ ധാർമ്മികത

തന്നെ സൃഷ്ടിക്കുകയും സ്നേഹിച്ചുപരിപാലിക്കുകയും ചെയ്യുന്ന ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധമാണ് മനുഷ്യപ്രവൃത്തികളിലെ നന്മതിന്മകളെ വേർതിരിക്കുന്നത്. ദൈവഹിതത്തിനനുസൃതമായുള്ള മനുഷ്യപ്രവൃത്തികൾ നന്മയായിട്ടുള്ളതും ദൈവഹിതത്തിനുവിരുദ്ധമായ പ്രവൃത്തികൾ തിന്മയായിട്ടുള്ളതുമാണ്. ക്രൈസ്തവ ധാർമ്മികതയുടെ മാനദണ്ഡം ദൈവമാണെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

തന്റെ ജനത്തിൽനിന്ന് താൻ എന്തു പ്രതീക്ഷിക്കുന്നുവെന്ന് ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ദൈവിക വെളിപാടിന്റെ ലിഖിതരൂപമാണ് ബൈബിൾ. തന്റെ ജനവുമായി മോശയിലൂടെ നടത്തിയ പഴയ നിയമ ഉടമ്പടിയും അതിനെ പൂർത്തീകരിച്ചുകൊണ്ട് ദൈവപുത്രനായ ക്രിസ്തുവിലൂടെ നടത്തിയ പുതിയ ഉടമ്പടിയും ധാർമ്മിക ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ശിലകളാണ്. "എന്റെ ഉടമ്പടി പാലിച്ചു ജീവിച്ചാൽ നിങ്ങൾ എന്നേക്കും എന്റെ സ്വന്തം ജനമായിരിക്കും" (പുറ.19:5) എന്ന ദൈവിക നിബന്ധനയോട് "ദൈവം പറഞ്ഞതെല്ലാം ഞങ്ങൾ അനുസരിച്ച് ജീവിക്കും" (പുറ. 19:8) എന്ന് ദൈവജനം മറുപടി പറയുന്നതായി സീനായ് ഉടമ്പടിയുടെ വിവരണത്തിൽ നാം വായിക്കുന്നു. ദൈവ മനുഷ്യബന്ധത്തിന്റെ ധാർമ്മികതയെ അളക്കുന്ന ദൃശ്യമായ അടയാളമായി പഴയനിയമം അവതരിപ്പിക്കുന്നത് സീനായ് ഉടമ്പടിയിലൂടെ ലഭിച്ച പത്തുകല്പനകളെയാണ്. കല്പനകളുടെ ലിഖിതരൂപത്തെ വാഗ്ദാനപേടകത്തിൽ മാത്രമല്ല ഓരോ യഹൂദനും തന്റെ ശിരോവസ്ത്രത്തിലും സൂക്ഷിച്ചിരുന്നു. പാപമെന്നത് ദൈവവുമായി ഏർപ്പെട്ട ഉടമ്പടിയുടെ ലംഘനമാണെന്ന് പ്രവാചകന്മാർ അനുസ്മരിപ്പിക്കുന്നുണ്ട്. സീനായ് ഉടമ്പടിയിലൂടെ മനുഷ്യകുലവുമായ് ദൈവം സ്നേഹബന്ധത്തിലായി എന്ന് വി. ഗ്രന്ഥം സമർത്ഥിക്കുന്നു. ദൈവം പിതാവും ഇസ്രായേൽ മകനുമാണെന്നും (ഹോസി 11:14), ദൈവം ഇടയനും ഇസ്രായേൽ അജഗണവുമാണെന്നും (എസെ 34:11-23), ഇസ്രായേൽ വധുവും ദൈവം വരനുമാണെന്നും (എശ 54:1-10) പ്രവാചകന്മാർ ഓർമ്മിപ്പിക്കുന്നതിന്റെ അർത്ഥം ഉടമ്പടിയിലൂടെ നിലവിൽവന്ന ദൈവ മനുഷ്യബന്ധം തീവ്രമായ സ്നേഹത്തിന്റേതാണ് എന്ന വസ്തുതയാണ്. ഈ സ്നേഹബന്ധത്തെ പാപംമൂലം നിരസിച്ച ഇസ്രായേൽ ജനത ഉടമ്പടിയെ നിഷേധിക്കുയായിരുന്നു. (ജെറെ 22:8-9). ഇസ്രായേലിന്റെ ഉടമ്പടി ലംഘനത്തെ വ്യഭിചാരം മൂലം ദാമ്പത്യ ഉടമ്പടിയെ നശിപ്പിക്കുന്ന അഭിസാരികയായ ഭാര്യയുടെ നടപടിയോടാണ് ഹോസിയ പ്രവാചകൻ ഉപമിക്കുന്നത് (2:2-5). ചുരുക്കത്തിൽ, മനുഷ്യനെ അഗാധമായി സ്നേഹിക്കുന്ന ദൈവത്തിന്റെ സ്നേഹത്തോടുള്ള മനുഷ്യന്റെ പ്രതികരണമാണ് മാനുഷിക ധാർമ്മികതയുടെ മാനദണ്ഡമായി ബൈബിൾ അവതരിപ്പിക്കുന്നത്. മനുഷ്യൻ നഷ്ടമാക്കിയ ഉടമ്പടിയുടെ സദ്ഫലങ്ങളെ പുതിയ ഉടമ്പടിയിലൂടെ വീണ്ടെടുത്തതിനാൽ ദൈവജനം ദൈവമക്കളുടെ പദവിയിലേക്കുയർത്തപ്പെട്ടു. അതുകൊണ്ട് ക്രിസ്തു സംഭവത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ധാർമ്മികതയെക്കുറിച്ചു പുതിയ നിയമം പ്രതിപാദിപ്പിക്കുന്നുള്ളൂ. പഴയനിയമ, പുതിയനിയമ ഉടമ്പടികളുടെ പരിപ്രേക്ഷ്യത്തിലാണ് ക്രിസ്തീയധാർമ്മികതയെ നാം മനസ്സിലാക്കേണ്ടത്.

ദൈവവുമായുള്ള ബന്ധം പുന:സ്ഥാപിച്ച് ദൈവത്തിൽ എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുക എന്നതാണ് ധാർമ്മിക ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ലക്ഷ്യം. ധാർമ്മിക ദൈവശാസ്ത്രത്തെക്കുറിച്ചുള്ള പഠനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ധാർമ്മിക ദൈവശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളായ സ്വാതന്ത്ര്യം, മനസാക്ഷി, മനുഷ്യപ്രവൃത്തി, പാപം തുടങ്ങിയവയാണ് ഇവിടെ വിശദീകരിക്കുന്നത്.

**സ്വാതന്ത്ര്യം: നമ്മുടെ തിരഞ്ഞെടുപ്പ്**

സ്വതന്ത്രമായ പ്രവർത്തനം എപ്പോഴും ഒരു തിരഞ്ഞെടുപ്പാണ്.

(Choice). ഒരു പ്രവൃത്തി ചെയ്യുവാൻ നാം തയ്യാറാകുന്നതോടുകൂടി മറ്റൊന്നിനെ നാം ഉപേക്ഷിക്കുന്നു. ഒരു നന്മയെ സ്വീകരിക്കുമ്പോൾ മറ്റൊന്നിനെ നാം സ്വതന്ത്രമായി നിരസിക്കുന്നു. അങ്ങനെ ഒന്നിനുവേണ്ടി മറ്റൊന്നിനെ സ്വതന്ത്രമായി പരിത്യജിച്ചുകൊണ്ടാണ് മനുഷ്യൻ പ്രവർത്തിക്കുന്നത്. സ്വതന്ത്രമായ ഈ തെരഞ്ഞെടുപ്പിലാണ് ആത്യന്തികമായി മനുഷ്യന്റെ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്.

ഈ തിരഞ്ഞെടുപ്പ് നന്മയുടെ തിരഞ്ഞെടുപ്പാണ്. അടിസ്ഥാനപരമായി നന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യമനസ്സ് നന്മയുടെ തിരഞ്ഞെടുപ്പിൽ മാത്രമേ സംതൃപ്തമാവുകയുള്ളൂ. അതുകൊണ്ട് സാക്ഷാൽ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത് സ്വതന്ത്ര മനസ്സ് നന്മ തിരഞ്ഞെടുക്കുന്നതിലാണ്.

**ബുദ്ധി: സ്വതന്ത്ര മനസ്സിന്റെ നാരായവേര്**

മനുഷ്യൻ ബുദ്ധിയുള്ളവനായതുകൊണ്ടാണ് സ്വതന്ത്രനായിരിക്കുന്നത്. അവന്റെ ബുദ്ധി ഉപയോഗിച്ച് നന്മ തിന്മകളെ വേർതിരിക്കുകയും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെ വിവേചിച്ച് സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും ആവശ്യങ്ങളും മനസ്സിലാക്കി അതിനുവേണ്ട അവികലങ്ങളായ തീരുമാനങ്ങളിലേയ്ക്ക് മനുഷ്യനെ എത്തിക്കുകയാണ് അവന്റെ നൈസർഗ്ഗികമായ ബുദ്ധി. ഈ വിശിഷ്ടദാനമുപയോഗിച്ചാണ് മനുഷ്യൻ സാഹചര്യങ്ങളെ വിലയിരുത്തുന്നതും, തീരുമാനങ്ങളെടുക്കുന്നതും പ്രവർത്തിക്കുന്നതും. ബുദ്ധിരഹിതങ്ങളായ ചെടികളും ജീവികളും പ്രേരണകൾക്കും വാസനകൾക്കും വശംവദരായിട്ടാണ് ഓരോ പ്രവർത്തനവും നടത്തുന്നത്. എന്നാൽ, മനുഷ്യൻ അവ ഒരോന്നിനെക്കുറിച്ചും ബോധവാനായി അവയെ സ്വാഭീഷ്ടമനുസരിച്ച് നിയന്ത്രിക്കുന്നു. ബുദ്ധിപൂർവ്വമായ ഈ വിവേചനമാണ് മനുഷ്യനെ സ്വതന്ത്രനാക്കുന്നതും ധാർമ്മികത അംഭംഗുരം കാത്തുസൂക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നതും. അതുകൊണ്ട് ബുദ്ധിയുടെ അഭാവം, വസ്തുക്കളെപ്പറ്റിയുള്ള അജ്ഞാനം മനുഷ്യനെ അടിമത്തത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കും.

സ്വാതന്ത്ര്യത്തിന് അടിസ്ഥാനമായ ബുദ്ധി മനുഷ്യനിൽ പരിമിതമായ തോതിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കാരണം മനുഷ്യൻ പരിമിതനാണ്. മാത്രവുമല്ല, മനുഷ്യന്റെ ആദ്യപതന (Orginal fall) ത്തോടുകൂടി അവന്റെ തിന്മയിലേക്കുള്ള ആകർഷണത്തിന് ശക്തി കൂടുകയും ബുദ്ധിയുടെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തിട്ടുണ്ട്. ബുദ്ധിയുടെ വിഷയമായ നന്മ (goodness) അനന്ത നന്മ (infinite good ness - God) വിവേചിച്ചറിയുന്നതിന് മനുഷ്യൻ പരാജയപ്പെടുന്നതിന്റെ കാരണമിതാണ്.





**മനസ്സിന്റെ പങ്ക്**

ഒരു പ്രവൃത്തി ചെയ്യുന്നതിനു മുമ്പായി നാം അതിന്റെ നാനാവശങ്ങളെപ്പറ്റി ബുദ്ധികൊണ്ടറിഞ്ഞാൽ മാത്രം പോരാ; അതുചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ നമ്മുടെ മനസ്സുകൊണ്ട് തീരുമാനിക്കുക കൂടി വേണം. അതുകൊണ്ട് മനുഷ്യ സ്വാതന്ത്ര്യത്തിന്റെ അഭിഭാജ്യ ഘടകമാണ് മനസ്സ് (Will). ബുദ്ധി അറിവ് പ്രധാനം ചെയ്യുമ്പോൾ മനസ്സ് തെരഞ്ഞെടുപ്പിന് (Choice) മനുഷ്യനെ പ്രാപ്തനാക്കുന്നു. മനസ്സിന്റെ ലക്ഷ്യം എല്ലായ്പ്പോഴും നന്മയാണ്. എങ്കിലും ബുദ്ധിയെപ്പോലെ തന്നെ മനസ്സിനും പരിമിതികളുണ്ട്. അതിനാൽ മറ്റുസാഹചര്യങ്ങളുടെ സ്വാധീനം മൂലം വലിയ നന്മയെ ഉപേക്ഷിച്ച്, ചെറിയ നന്മയെ അല്ലെങ്കിൽ താല്ക്കാലിക ഗുണം നല്കുന്ന വസ്തുക്കളെ തെരഞ്ഞെടുക്കുന്നതിന് നമ്മെ പ്രേരിപ്പിച്ചേക്കാം. സുശക്തമായ ശിക്ഷണത്തിലൂടെ മനസ്സിനെ ഈ പരിമിതിയിൽനിന്നും കുറെയൊക്കെ നമുക്ക് മോചിപ്പിക്കുവാൻ സാധിക്കും. അങ്ങനെ മനുഷ്യ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന കാരണം മനസ്സാണ്. കാരണം മനസ്സാണ് ആത്യന്തകമായി തെരഞ്ഞെടുപ്പ് നടത്തുന്നത്.

മനുഷ്യന്റെ വികാരങ്ങ (Passions)ളും ശീല (habit)ങ്ങളും സ്വാതന്ത്ര്യത്തെ ഹനിക്കുന്നുണ്ട്. എന്നാൽ ഇവയെക്കാളേറെ സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങിടുന്നത് മനുഷ്യന്റെ സ്വാർത്ഥതയാ (selfishness) ണ്. മനുഷ്യനു സ്വതസിദ്ധമായ കൂർമ്മബുദ്ധിയും സുശക്തമായ മനസ്സും കരഗതമായിട്ടുണ്ടെങ്കിലും സ്വാർത്ഥത അവനെ അടിമയാക്കിയേക്കും. സ്വാർത്ഥത പോലെതന്നെ ദൂഷ്യം ചെയ്യുന്ന മറ്റൊന്നാണ് സ്വന്തം ശക്തിയിലുള്ള അതിരുകടന്ന ആത്മവിശ്വാസവും അതിൽനിന്നും ഉടലെടുക്കുന്ന അഹംഭാവവും. ഈ രണ്ടു കാര്യങ്ങളാണ് ലോകത്തിൽ കുറ്റവാളികളെയും അസൻമാർഗ്ഗികളെയും പ്രദാനം ചെയ്യുന്നത്. ഇക്കൂട്ടർ അടിമകളാണ്- സ്വാർത്ഥതയുടെയും അഹംഭാവത്തിന്റെയും അടിമകൾ.

തൻമൂലം മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് ബുദ്ധിയും വിവേചനവും പൂർണ്ണമായ മനസ്സും മാത്രം പോരാ, സ്വാർത്ഥതയുടെയും അഹംഭാവത്തിന്റെയും കരാളഹസ്തങ്ങളിൽ നിന്നും മോചനം നല്കുന്ന ജീവദായകമായ - കർമ്മദ്യോതകമായ സ്നേഹവും കൂടി വേണം. കാരണം സ്നേഹജന്യമായ പ്രവർത്തികൾ മനുഷ്യന്റെ ഹൃദയ ശൂന്യതയെ അകറ്റുന്നു. നന്മയ്ക്കു പ്രേരണ നല്കുന്നു, അതാണ് യഥാർത്ഥമായ സ്വാതന്ത്ര്യം.

**എന്തിനുള്ള സ്വാതന്ത്ര്യം**

പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു (ഗലാ. 5:1). ഈ സ്വാതന്ത്ര്യം

എന്തിനുവേണ്ടിയുള്ളതാണ്?. "സഹോദരരെ സ്വാതന്ത്ര്യത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നവരാണു നിങ്ങൾ. എന്നാൽ, ഇത് ഭൗതീക സുഖത്തിനുള്ള സ്വാതന്ത്ര്യമായി കരുതരുത്. പ്രത്യുത സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ" (ഗലാ. 5:13). വി. അപ്പസ്തോലന്റെ വാക്കുകളിൽനിന്നും വ്യക്തമാകുക, ദൈവസ്നേഹത്തിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പിനും, അതനുസരിച്ചുള്ള പ്രവർത്തനത്തിനുമാണ് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത് എന്നാണ്. അതുകൊണ്ടു ദൈവ സ്നേഹപ്രവർത്തനങ്ങൾക്ക് എതിരായിനിൽക്കുന്നവയിൽനിന്നുമുള്ള – സ്വാർത്ഥതയിൽനിന്നും അതിൽനിന്നും ഉയിർകൊള്ളുന്ന ജഡികാഭിലാഷങ്ങളിൽനിന്നുമുള്ള – മോചനമാണ് ആത്മാവിന്റെ ആന്തരിക പ്രചോദനങ്ങൾക്കനുസരിച്ച് ദൈവത്തിനും മനുഷ്യനും സേവനം ചെയ്യുന്നത്. വി. അപ്പസ്തോലൻ പറയുന്നു. "കർത്താവ് അരൂപിയാകുന്നു. കർത്താവിന്റെ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട് (2 കൊറി. 3:17).

**മാനുഷിക പ്രവൃത്തി (Human Act)**

പൊതുവിൽ മാനുഷിക പ്രവൃത്തി എന്നതുകൊണ്ടു വിവക്ഷിക്കുക മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയുമാണ്. എന്നാൽ, ക്ലിപ്താർത്ഥത്തിൽ ബുദ്ധിയും സ്വതന്ത്രമനസ്സും ഉപയോഗിച്ച് മനുഷ്യൻ ചെയ്യുന്ന പ്രവൃത്തിയാണ് മാനുഷിക പ്രവൃത്തി. മാനുഷിക പ്രവൃത്തി സ്വതന്ത്രമനസ്സിന്റെ തീരുമാനത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്.

**യുക്തിയും വിവേചനവും**

സ്വതന്ത്രതീരുമാനത്തിനുശേഷം ചെയ്യുന്ന ഓരോ പ്രവൃത്തിയും നടപ്പാക്കുന്നത് ആ പ്രവൃത്തിയെക്കുറിച്ചുള്ള അറിവിന്റെ വെളിച്ചത്തിലാണ്. അറിവിനുശേഷമാണ് മാനുഷിക പ്രവൃത്തി രൂപം കൊളളുന്നത്. അപ്പോൾ ആ പ്രവൃത്തിയുടെ മൂല്യത്തെ (Value) മനസ്സ് അംഗീകരിക്കുന്നു. മനസ്സിന്റെ ശരിയായ വിഷയം നന്മയാണ്. (Goodness) എന്നാൽ ഓരോ പ്രത്യേക നന്മയും അനന്തനന്മ (Absolute goodness) യുടെ മുമ്പിൽ നിസ്സംഗ മനോഭാവം പ്രകടിപ്പിക്കുന്നു. കാരണം, അനന്തനന്മയൊഴിച്ച് സൃഷ്ടിക്കപ്പെട്ട എല്ലാ നന്മയും പരിമിതമാണ്. തൻമൂലം ഈ പരിമിത നന്മകളിൽ നല്ല വശവും തിന്മയുടെ വശവുമുണ്ട്. അതുകൊണ്ട് ഇപ്രകാരമുള്ള പരിമിതനന്മകളുടെ മുമ്പിൽ, മനസ്സിന് ബുദ്ധിയുടെ വിവേചനം കൂടാതെ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അങ്ങനെ ബുദ്ധിയുടെ വിവേചനത്തിലൂടെ മനസ്സ് സ്വീകാര്യമായവ തിരഞ്ഞെടുക്കുന്നു. (തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം-freedom of Choice).

ഒരു വസ്തുവിനെയോ പ്രവൃത്തിയേയോ വിവേചിച്ചറിയുന്നത് അതിനെക്കുറിച്ചുള്ള അറിവിന്റെയും മനനത്തിന്റെയും അടിസ്ഥാനത്തിലുള്ള മൂല്യനിർണ്ണയത്തിന്റെ വെളിച്ചത്തിലാണ് (assessment of values). ഒരു മൃഗം പോലും അതു ദർശിക്കുന്നതിനെ മനസ്സിലാക്കുന്നു. എന്നാൽ, ഈ അറിവ് ഇന്ദ്രിയപരവും പദാർത്ഥപരവുമാണ് (Sensibile and material). തദ്ഫലമായി അത് പെട്ടന്നൊരു പ്രതികരണം കാണിക്കുന്നു. ഇതുപോലെ തന്നെ മനുഷ്യനും ചില പ്രതികരണങ്ങൾ കാണിക്കാറുണ്ട്. ഉദാഹരണമായി വീഴാൻ തുടങ്ങുമ്പോൾ കൈകൾ നിലത്തുകുത്തുന്നു. ഇത് " ഒരു മനുഷ്യ പ്രവൃത്തി" (human act, actus hominis) ആണ്. എന്നാൽ മാനുഷിക പ്രവൃത്തി (human act, actus humanus) യല്ല. മാനുഷിക പ്രവൃത്തി അറിവിന്റെയും മനസ്സിന്റെയും പ്രവർത്തന ഫലമായി ചെയ്യുന്ന പ്രവൃത്തിയാണ് മനുഷ്യപ്രവൃത്തിയിൽ ഈ രണ്ടു ഘടകങ്ങൾ ആവശ്യം ഉണ്ടായിരിക്കണമെന്നില്ല.

**ഇച്ഛാശക്തിയുടെ പ്രവർത്തനം**

മാനുഷിക പ്രവൃത്തി എപ്പോഴും സ്വതന്ത്രമായ തീരുമാനത്തിൽ നിന്നും ഉയിർക്കൊള്ളുന്ന പ്രവൃത്തിയാണ്. അതുകൊണ്ട് അതിനെ സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntary act, actus voluntarius) എന്നു പറയുന്നു. സ്വേച്ഛയാ ചെയ്യുന്ന ഈ പ്രവൃത്തിയിൽനിന്നും വ്യതിരക്തമാണ്. നമ്മുടെ മനസ്സ് ആഗ്രഹിക്കുക മാത്രം ചെയ്യുന്ന പ്രവൃത്തി (actus volitum)കൾ. ഉദാഹരണമായി, മരിച്ചുകാണുവാനായി നാം ആഗ്രഹിക്കുന്ന വ്യക്തി മരിക്കുമ്പോൾ നാം സന്തോഷിക്കുന്നു. ഈ പ്രവൃത്തിക്ക്, അതായത് നാം ആഗ്രഹിക്കുകമാത്രം ചെയ്ത പ്രവൃത്തിക്ക്, നാം പൂർണ്ണമായി ഉത്തരവാദികളല്ല. ബുദ്ധിയുടെയും മനസ്സിന്റെയും പ്രവർത്തനഫലമായുണ്ടാകുന്ന തീരുമാനത്തിലധിഷ്ഠിതമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിക്ക് (voluntary act) നാം പൂർണ്ണമായി ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികൾ രണ്ടുതരത്തിലുണ്ട്.

**അറിവിന്റെ അടിസ്ഥാനത്തിൽ:** പൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (Fully voluntary, voluntarium perfectum) കളും അപൂർണ്ണമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntarium imperfectum) കളും. പൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികൾ വ്യക്തമായ അറിവിന്റെയും സ്വാതന്ത്രമനസ്സിന്റെയും തീരുമാനത്തിന്റെ വെളിച്ചത്തിൽ ചെയ്യുന്ന പ്രവൃത്തികളാണ്. അപൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികളിൽ ഭാഗികമായ അറിവോ അപൂർണ്ണമായ സമ്മതമോ ആണ് ഉള്ളത്.

**നിർവ്വഹണ** (execution)**ത്തിന്റെ അടിസ്ഥാനത്തിൽ:** പ്രത്യക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntarium indirctum) കളും പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntarium indirctum) കളും ഈ ഗണത്തിൽപെടുന്നു. ഒരു വ്യക്തി ഒരു പ്രവൃത്തി ചെയ്യു

വാൻ തീരുമാനമെടുക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആ പ്രവൃത്തി അതിൽ തന്നെ (inse) പ്രത്യക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിയാകുന്നു. ഉദാ. പ്രതികാര ബുദ്ധി യോടുകൂടിയ പ്രവൃത്തി, പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃ ത്തിയിൽ ആ പ്രവൃത്തിയെക്കുറിച്ച് മുൻകൂട്ടി കാണുന്നു. അത് പ്രകാരം സംഭവിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും പ്രത്യക്ഷമായി തീരു മാനിച്ച പ്രവൃത്തിയുടെ ഒരു പരിണിതഫലം (Consequence) എന്ന നിലയിൽ അതിനു മൗനാനുവാദം നല്കുന്നു. ഉദാഹരണമായി ഗർഭാശയത്തിനു ക്യാൻസർ ബാധിച്ച രോഗിയുടെ ഗർഭാശയം എടു ത്തുകളയുന്നു, രോഗവിമോചനത്തിനായി ഇവിടെ ഗർഭാശയവിച്ഛേ ദനം പരോക്ഷമായി മാത്രമേ ആഗ്രഹിക്കുന്നുള്ളു. രോഗവിമുക്തി ക്കായി ചികിത്സിച്ചപ്പോൾ ഒരു അനുബന്ധഫലം (Side effect) ആയി ഗർഭാശയ വിച്ഛേദനം സംഭവിച്ചു എന്നുമാത്രം. ഇത്തരത്തി ലുള്ള പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികൾക്ക് നാം ധാർമ്മികമായി ഉത്തരവാദികളല്ല.

**മാനുഷിക പ്രവൃത്തികൾക്കുള്ള തടസ്സങ്ങൾ**

അറിവോടും സമ്മതത്തോടും കൂടി ചെയ്യുന്ന മാനുഷിക പ്രവൃ ത്തികൾക്ക് വിഘാതം സൃഷ്ടിക്കുന്നവയാണ് സമ്മർദ്ദം, ഭയം, വികാ രവിക്ഷോഭം, അശ്രദ്ധ, അജ്ഞത, ശീലം, ശാരിരീക മാനസിക സ്വാധീനങ്ങൾ തുടങ്ങിയവ.

സമ്മർദ്ദത്തിനു വിധേയമായി ചെയ്യുന്ന പ്രവൃത്തി സ്വതന്ത്രമല്ല എന്നു മനസ്സിലാക്കാൻ വിഷമമില്ല. എനിക്കിഷ്ടമില്ലാത്ത ഭക്ഷണം അടിച്ചും ഇടിച്ചും എന്നെക്കൊണ്ടു കഴിപ്പിച്ചെന്നിരിക്കാം. ചെയ്യാൻ ആഗ്രഹിക്കുന്നില്ലെങ്കിലും കൈക്കുപിടിച്ച് എന്നെക്കൊണ്ട് ഒരാളെ അടിപ്പിച്ചെന്നിരിക്കാം. ഇച്ഛാശക്തിയുടെ കുറവുകൊണ്ട് ആ പ്രവൃ ത്തികൾ സ്വതന്ത്രമാകുന്നില്ല.

സമ്മർദ്ദം ശാരീരികമല്ലാതെ മാനസീകമാകുമ്പോൾ അതു ഭയ ത്തിന്റെ രൂപം പ്രാപിക്കുന്നു. ഒരു പ്രത്യേക വ്യക്തിയെ വിവാഹം കഴിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നു മകളോടു പറയുന്ന പിതാവ് അവളെ ഭയപ്പെടുത്തുകയാണ്. ആ ഭയപ്പാടുകൊണ്ടുള്ള വിവാഹ സമ്മതം മാനുഷിക പ്രവൃത്തി എന്നുപറയുക വയ്യ. വിഷ മസന്ധിയിൽ ആന്തരീകമായി പരപ്രേരണ കൂടാതെ ഒരു ഭയം എല്ലാ വർക്കുമുണ്ടാകാം. അത് സ്വാതന്ത്ര്യത്തെ നിഹനിക്കുന്നില്ല. വിവാ ഹാവസരത്തിൽ ഏറ്റെടുക്കുന്ന ഉത്തരവാദിത്വത്തെപറ്റി ഭയം തോന്നിയ ചുറ്റുപാടിൽ വിവാഹസമ്മതം കൊടുത്താൽ ആ സമ്മ തവും തത്ഫലമായി ആവിവാഹവും ആസാധുവാകുന്നില്ല, വിവാഹം വാസ്തവമായിരിക്കും.





വികാരവിക്ഷോഭം സ്വാതന്ത്ര്യം കുറയ്ക്കുകയോ നിശ്ശേഷം എടു ത്തുകളയുകയോ ചെയ്തെന്നുവരാം. തന്നോട് അസഭ്യം പറയുന്ന ഒരു മനുഷ്യനോട് വെറുപ്പും ദേഷ്യവും തോന്നുകയും അതിന്റെ ഫലമായി അസഭ്യം പറയുന്നവനെ അടിക്കുകയും ചെയ്താൽ (Antecedent passion) ആ പ്രവൃത്തി സ്വതന്ത്രമായിരിക്കുകയില്ല. പ്രത്യേകിച്ച് പെട്ടെന്ന് ദേഷ്യം വരുന്ന പ്രകൃതിയാണുള്ളതെങ്കിൽ ശത്രുവിനെ വഴക്കുപറയുന്നതുകൊണ്ടുതന്നെ വികാരം രൂക്ഷമായി വിക്ഷോഭിക്കുകയും അതുകൊണ്ട് ശക്തമായി വഴക്കുപറയുകയും ചെയ്താൽ (Concomtant Passion) അവിടെയും ഉത്തരവാദിത്വം കുറയുകയും ചെയ്യുന്നു.

എന്നാൽ മൂന്നാമതൊരു തരത്തിലുള്ള വികാരവിക്ഷേഭമുണ്ട്. എന്നെ അസഭ്യം പറഞ്ഞിട്ടുള്ള ഒരു മനുഷ്യനോടു പകരം വീട്ടണ മെന്നു ഞാൻ തീരുമാനിച്ചുറയ്ക്കുക. എപ്പോൾ എങ്ങനെ ആ പകരം വീട്ടൽ പ്രാവർത്തികമാക്കണമെന്നെല്ലാം നിശ്ചയിക്കുക. അങ്ങനെ എടുത്ത തീരുമാനത്തിന്റെ ഫലമായി (Consequent Passion) ശത്രു വിനെ ഉപദ്രവിക്കുക. ഇവിടെ ഉത്തരവാദിത്വം കൂടുതലാണ്.

**അശ്രദ്ധ (Inattention)**

അശ്രദ്ധയോടുകൂടി ചെയ്യുന്ന ഒരു പ്രവൃത്തി മാനുഷിക പ്രവൃത്തി ആകുന്നില്ല. കാരണം ബുദ്ധിയുടെയും സ്വതന്ത്രമന സ്സിന്റെയും പ്രവർത്തനം നടക്കുന്നില്ല. ഉദാഹരണം ഒരാളെ യാദൃ ച്ഛികമായി മുറിവേൽപ്പിക്കുന്നു. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ധാർമ്മിക ഉത്തരവാദിത്വം ആ പ്രവൃത്തിയിലുണ്ടായ അശ്രദ്ധയുടെ ഉത്തരവാദിത്വത്തെ ആശ്രയിച്ചിരിക്കുന്നു.

**അജ്ഞത**

ആവശ്യം വേണ്ട അറിവിന്റെ അഭാവമാണ് അജ്ഞത. ഇപ്രകാ രമുള്ള അജ്ഞത രണ്ടുവിധത്തിലാകാം. ഒന്ന്: അജയ്യമായ അജ്ഞത (Invincible ignorance) യാതൊരുവിധേനയും മറിക്കടക്കുവാൻ സാധ്യമല്ലാത്ത വിധമുള്ള അജ്ഞതയാണിത്. അജയ്യമായ അജ്ഞത സ്വേച്ഛയേ ഹനിക്കുന്നു. അതുകൊണ്ട് അപ്രകാരം ചെയ്യുന്ന പ്രവൃത്തി ഒരു മാനുഷിക പ്രവൃത്തി ആകാത്തതിനാൽ നാം അതിന് ഉത്തരവാദികളല്ല. രണ്ട് : ഈ അജ്ഞതയെ (Invincible ignorance) മനുഷ്യന്റെ പരിശ്രമത്തിലൂടെ നിർമ്മാർജനം ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള അജ്ഞതയോടെ ചെയ്യുന്ന പ്രവൃത്തിയുടെ ധാർമ്മിക ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല.

**ശീലം**

നല്ല ശീലങ്ങൾ നല്ല പ്രവൃത്തികൾ ചെയ്യുക സുഖകരമാക്കുന്നു. എങ്കിലും ശീലങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യുന്ന പ്രവൃത്തി

സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിയല്ല. കാരണം, അവിടെ ബുദ്ധിയുടെയും മനസ്സിന്റെ വിവേചനത്തിന്റെയും അടിസ്ഥാനമില്ല.

ഒരുവൻ പ്രവർത്തിക്കുക അത് പെട്ടെന്നുള്ള ഒരു പ്രേരണയുടെ ഫലമായി ചെയ്യുന്ന പ്രവൃത്തിയാണ്. തന്മൂലം അത് ഒരു മാനുഷിക പ്രവൃത്തിയല്ലാത്തതായിരുന്നു.

**ശാരീരിക, മാനസിക സ്വാധീനങ്ങൾ**

മാനുഷിക പ്രവൃത്തിയെ തടസ്സപ്പെടുത്തുന്നവയാണ് ശരീരികവും മാനസികവുമായ ചില സ്വാധീനങ്ങൾ. മനുഷ്യമനസ്സിന്റെ തീരുമാനത്തിനനുസൃതമായി പ്രവർത്തിക്കുവാൻ ശാരീരിക ബലഹീനതകൾ ചിലപ്പോൾ അനുവദിച്ചില്ലെന്നു വരാം. അതുപോലെ ഭയം, അമിതമായ ഉൽക്കണ്ഠ തുടങ്ങിയവയും ബുദ്ധിയുടെയും മനസ്സിന്റെയും തീരുമാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാം.

**ധാർമ്മികതയുടെ അന്ത:സത്ത**

ഒരു പ്രവൃത്തി ധാർമ്മികമായി ശരിയോ തെറ്റോ എന്ന് വിധിയെഴുതുന്നത് ഒരു മാനദണ്ഡം (Norm) ത്തിന്റെ അടിസ്ഥാനത്തിലാണ്. ആ മാനദണ്ഡത്തിന് അനുയോജ്യമായ പ്രവൃത്തികൾ ധാർമ്മികമായി നല്ലവയാണ്. അതിനെതിരായിട്ടുള്ളവ അധാർമ്മികവും. എല്ലാത്തിന്റെയും ഉറവിടം ദൈവമാകയാൽ ധാർമ്മികതയുടെ ആദ്ധ്യാത്മിക മാനദണ്ഡം നൽകുന്ന മാനദണ്ഡം (unnormed norm) അതായത് മാനദണ്ഡം നൽകുന്ന മാനദണ്ഡം (ദൈവം തന്നെ). എന്നാൽ, ഒരു വിശ്വാസി ദൈവവിശ്വാസത്താൽ ഉജ്ജ്വലമാക്കപ്പെട്ടു മനസ്സിലാക്കുകയും അതിന്റെ വെളിച്ചത്തിൽ സ്വാതന്ത്ര്യത്തെ ക്രമീകരിക്കുകയും ചെയ്യുന്നു. അപരൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ അവന്റെ സ്വാതന്ത്ര്യത്തെയും നമുക്കു ബഹുമാനിക്കാൻ കടമയുണ്ട്. ആ ബഹുമാനം നൽകികൊണ്ടുമാത്രമേ സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ നമ്മുക്ക് അവകാശമുള്ളൂ. വിശ്വാസിയല്ലാത്ത മനുഷ്യനും അവനു ലഭ്യമായിട്ടുള്ള പ്രായോഗിക ജ്ഞാനത്തിന്റെ വെളിച്ചത്തിൽ, സ്വന്തം സഹോദരന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നതാണ് തന്റെ സ്വാതന്ത്ര്യം എന്നു മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്നു.

ധാർമ്മികമായി നന്മയായിട്ടുള്ളത് അവശ്യം സ്വതന്ത്രമായി തീരുമാനിക്കപ്പെട്ടതാകണമെന്നില്ല. കാരണം, അപ്രകാരം തീരുമാനിക്കുക എന്നത് മനസ്സിന്റെ കടമയാണ്. ധാർമ്മികതയുടെ സംരക്ഷണാർത്ഥമുള്ള മനസ്സിന്റെ തീരുമാനങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്നില്ല.





ധാർമ്മികോത്തരവാദിത്വം (Moral Obligation) നമ്മുടെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുന്ന ചങ്ങലയല്ല. അത് ഭൗതികവും ശാരീരികവും മാനസികവുമായ പ്രേരണ (Force) - കളിൽ നിന്നും വിഭിന്നമാണ്. അതുപോലെ തർക്കശാസ്ത്രാധിഷ്ഠിതമായ സത്യ (Logical necessity of Truth) ത്തിൽ നിന്നും വ്യത്യസ്തമാണ്. എന്നാലത് ഉദാത്ത (Superior) മായ ഒരു മനസ്സിന്റെ പ്രതിഫലനമാണ്. ഇവിടെ മനുഷ്യൻ അടിമയാകേണ്ട ആവശ്യം വരുന്നില്ല. ഒരു തീരുമാനത്തിലെത്താനുള്ള സ്വാതന്ത്ര്യം അവന് എപ്പോഴുമുണ്ട്.

**ഉപസംഹാരം**

സത്തയിലധിഷ്ഠിതമാണ് മനുഷ്യന്റെ സ്വാതന്ത്ര്യദാഹം. ചുറ്റുപാടുകളുടെയും പാരമ്പര്യങ്ങളുടെയും നീരാളിപ്പിടുത്തത്തിലിരുന്ന മനുഷ്യൻ സ്വയം അടിമയായി കരുതുന്നു. അതുപോലെ സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യുന്നതിനുള്ള ലൈസൻസാണെന്നുള്ള വികലധാരണയോടെ സ്വാതന്ത്ര്യാസ്തിത്വത്തെ നിഷേധിക്കുന്നവരുമുണ്ട്. എന്നാൽ സൂഷ്മദൃഷ്ട്യാ മനുഷ്യൻ തന്റെ പ്രവർത്തനങ്ങളെയും ലോകത്തിലെ സ്ഥിരസ്ഥായിയായ ധാർമ്മിക മൂല്യങ്ങളെയും അപഗ്രഥിച്ചാൽ വ്യക്തമാകും, അവനിൽത്തന്നെ സ്വാതന്ത്ര്യം സ്ഥിതി ചെയ്യുന്നുണ്ടെന്ന യാഥാർത്ഥ്യം. ആത്യന്തികമായി ഈ സ്വാതന്ത്ര്യം എന്തും ചെയ്യുന്നതിനുള്ള അനുവാദമല്ല. നന്മയുടെ തിരഞ്ഞെടുപ്പാണെന്നാണ് അവന്റെ ബുദ്ധിയും മനസ്സും സാമൂഹിക പ്രകൃതിയും വ്യക്തമാക്കുന്നത്. ഈ നന്മയുടെ തിരഞ്ഞെടുപ്പിനു ദൈവം തന്റെ കൃപാവരം മനുഷ്യനു നൽകുന്നു. അനന്തനന്മയായ ദൈവം രക്ഷാകരപദ്ധതിയിലൂടെ മനുഷ്യനെ പാപ-മൃത്യു-നിയമ ദാസ്യങ്ങളിൽനിന്നും മോചിപ്പിച്ച് കൃപാവര സഹായത്തിലൂടെ മാനുഷിക പ്രവൃത്തി ചെയ്യുന്നതിനു പ്രാപ്തനാക്കി. ഈ കൃപാവരത്തോടു സഹകരിച്ച് യുക്തിയും മനസ്സും ഉപയോഗിച്ച് നന്മ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്. ഇതാണ് ധാർമ്മിക ഉത്തരവാദിത്വം. ഈ ധാർമ്മിക ഉത്തരവാദിത്വം സ്വാതന്ത്ര്യത്തിന് ഒരിക്കലും പ്രതിബന്ധമല്ല. അതിന്റെ നിർവ്വഹണത്തിലൂടെ മാത്രമേ ഒരുവൻ യാഥാർത്ഥ്യത്തിൽ സ്വതന്ത്രനാകുന്നുള്ളൂ.

*(ഡോ. ജോസഫ് കോയിക്കക്കുടി)*

07

## ആരാധനക്രമങ്ങളുടെ രൂപീകരണം

പന്തക്കുസ്തയെ തുടർന്ന് അപ്പസ്തോലന്മാർ മിശിഹായുടെ സുവിശേഷത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുകയും സഭാസമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ദൈവത്തിന്റെ അനന്തമായ സ്നേഹവും അവർണ്ണനീയമായ കരുണയും അനിർവചനീയമായ രക്ഷയും മിശിഹായിൽനിന്നും അപ്പസ്തോലന്മാർ അനുഭവിച്ചറിഞ്ഞത് തങ്ങളുടെ വ്യക്തിത്വ സവിശേഷതകളോടുകൂടിയായിരുന്നു. വൈവിധ്യമാർന്ന സംസ്കാരങ്ങളും ഭാഷകളും ആചാരാനുഷ്ഠാനങ്ങളുമുള്ള ജനപദങ്ങൾ അപ്പസ്തോലന്മാരിൽനിന്നും മിശിഹാനുഭവം ഏറ്റുവാങ്ങിയതും അവരവരുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ തന്നെയാണ്. ഇപ്രകാരം സ്ഥാപിക്കപ്പെട്ട സഭാസമൂഹങ്ങൾ അതാതു സംസ്കാരങ്ങളും പ്രത്യേകതകളും ഉൾക്കൊണ്ട് വളർന്നുവന്നു. ഇപ്രകാരം അപ്പസ്തോലന്മാരാൽ സ്ഥാപിതവും വിവിധ സ്ഥലങ്ങളിലും സംസ്കാരങ്ങളിലും വളർന്നു വികസിതവുമായ വിവിധ സഭകളുടെ കൂട്ടായ്മയാണ് തിരുസ്സഭ.

വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപ്പസ്തോലിക പ്രവർത്തനങ്ങളുടെ ഫലമായി റോമിലും തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ഭാരതത്തിലും സഭകൾ രൂപം കൊള്ളുകയും വളർന്ന് പരിപുഷ്ടമാവുകയും ചെയ്തു. ഇതുപോലെ ജറുസലേമിലും, എഫേസൂസിലും ഗ്രീസിലും, ഈജിപ്തിലും അന്ത്യോക്യായിലുമൊക്കെ സഭകൾ രൂപംകൊണ്ടു. ഇങ്ങനെ രൂപംകൊണ്ട സഭകളുടെ ഐക്യമാണ്, കൂട്ടായ്മയാണ് സാർവ്വത്രിക സഭ. ഇപ്രകാരമുള്ള വ്യക്തിസഭകളെയാണ് റീത്ത് എന്ന് സാധാരണ വിളിക്കുക.





ഒരു റീത്തിന്റെ തനതായ വ്യക്തിത്വത്തെ ഏറ്റവും കൂടുതൽ പ്രകടമാക്കുന്നത് അവയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മിക ജീവിതശൈലി, ഭരണസംവിധാനം, ശിക്ഷണക്രമം എന്നിവയിലൂടെയാണ്. ചിലപ്പോൾ ഇവയിൽതന്നെ ചിലതെല്ലാം പരസ്പരം പങ്കുവയ്ക്കാറുമുണ്ട്. ഉദാഹരണത്തിന്, ഒരേ ആരാധനാക്രമം തന്നെ പല സഭകൾ ഉപയോഗിക്കുന്നുണ്ട്.

എന്നാൽ ഇവയോടൊപ്പം എല്ലാ സഭകളെയും പരസ്പരം ബന്ധിപ്പിക്കുന്ന പൊതുവായ ചില ഘടകങ്ങളുണ്ട്. വിശ്വാസം, വി. ഗ്രന്ഥം, കൂദാശകൾ, സന്മാർഗ്ഗം, ദൈവികാധികാരം എന്നിവ എല്ലാവരെയും പൊതുവായി ബാധിക്കുന്നതും പരസ്പരം ബന്ധപ്പെട്ടതുമാണ്. അതിനാൽ സഭകളുടെ ഐക്യം അതിന്റെ ബാഹ്യരൂപത്തിലല്ല, ആന്തരികതയിലാണ്. എന്നാൽ ബാഹ്യഘടകങ്ങളാണ് ഇവയെ പരസ്പരം വ്യത്യാസപ്പെടുത്തിക്കാണിക്കുന്നത്. ഇവയിലൂടെയാണ് ഓരോ സഭയുടേയും വി. പാരമ്പര്യങ്ങൾ പ്രകടമാകുന്നതും.

സാർവ്വത്രിക സഭയെ ഒരു പൂന്തോട്ടത്തോട് ഉപമിക്കാവുന്നതാണ്. ഒരു പൂന്തോട്ടം മനോഹരമാകുന്നതു വിവിധ ചെടികളും പുഷ്പങ്ങളും അതിൽ നിറഞ്ഞുനിൽക്കുമ്പോഴാണ്. പൂന്തോട്ടം മുഴുവനിലും ഒരേ ജാതി ചെടികളും പുഷ്പങ്ങളുമാണുള്ളതെങ്കിൽ അത് അത്രമാത്രം മനോഹരമായിരിക്കുകയില്ല. അതിനാൽ ഭൂമിയിൽ മനോഹരങ്ങളായ വിവിധയിനം പുഷ്പങ്ങൾ (പ്രാർത്ഥനാരീതികൾ, ആദ്ധ്യാത്മികത etc...) വിടർന്നു പുഷ്പിക്കുന്ന മനോഹരമായ മലർവാടിയാണ് സഭ. വൈവിധ്യത്തിൽ ഏകത്വം എന്ന പൊതുതത്വമാണ് ഇവിടെ ഏറ്റവും പ്രകടമാകുന്നത്.

വിവിധ സ്ഥലങ്ങളിൽ അപ്പസ്തോലന്മാരോടു ബന്ധപ്പെട്ടു രൂപമെടുത്ത സഭാസമൂഹങ്ങളിൽ അംഗങ്ങളെല്ലാം അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കെടുത്തു (അപ്പ 2:46). ഇപ്രകാരം അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും നേതൃത്വത്തിൽ സഭാസമൂഹം ഒരുമിച്ചു കൂടുമ്പോൾ അതു പ്രഥമവും പ്രധാനവുമായി ഒരു ആരാധനാസമൂഹമായിട്ടാണ് വർത്തിച്ചിരുന്നത്.

അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തങ്ങൾക്കു മിശിഹാനുഭവം ഏറ്റവും കൂടുതലായി പങ്കുവച്ച സന്ദർഭങ്ങളായിരുന്നു

ഇപ്രകാരമുള്ള ആരാധനാ സമ്മേളനങ്ങൾ. ആരാധനാ സമ്മേളനങ്ങളിൽ വച്ച് വി. ഗ്രന്ഥഭാഗങ്ങൾ വായിക്കുകയും ധ്യാനിക്കുകയും വ്യാഖ്യാനിച്ചു പഠിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണവും അനുഷ്ഠാനവുമായ അപ്പംമുറിക്കൽ ശുശ്രൂഷ നടത്തുകയും ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുപോന്നു.

യഹൂദ പശ്ചാത്തലത്തിൽ രൂപംകൊണ്ട സഭ യഹൂദരുടെ പ്രാർത്ഥനാരീതികൾ തന്നെയാണ് അടിസ്ഥാനപരമായി അനുവർത്തിച്ചു പോന്നത്. പുതിയനിയമ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതോടുകൂടി പഴയനിയമ ഗ്രന്ഥങ്ങളെക്കാൾ പുതിയനിയമഗ്രന്ഥങ്ങൾക്കു പ്രാമുഖ്യം ലഭിക്കുകയും അവ ഇപ്രകാരമുള്ള ആരാധനാസമൂഹത്തിൽവച്ചു പരസ്യമായി വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരുന്നു.

ആദ്യമാദ്യം ഇപ്രകാരമുള്ള സമ്മേളനങ്ങളിൽ വി. ഗ്രന്ഥവായനയ്ക്കും അപ്പംമുറിക്കൽ കർമ്മങ്ങൾക്കും പ്രാർത്ഥനാരീതികൾക്കും ക്ലിപ്തമായ രൂപമൊന്നും ഉണ്ടായിരുന്നില്ല. കൂടാതെ മതപീഡനം ശക്തമായിരുന്നതിനാൽ ഇപ്രകാരമുള്ള സഭാസമ്മേളനങ്ങൾ പലപ്പോഴും രഹസ്യമായിട്ടാണ് നിർവ്വഹിച്ചിരുന്നത്. എന്നാൽ കാലം മുന്നോട്ടു പോയതനുസരിച്ചു പ്രാർത്ഥനാസമ്മേളനങ്ങൾക്കും പ്രാർത്ഥനാരീതികൾക്കുമെല്ലാം നിയതമായ രൂപങ്ങൾ കൈവന്നു തുടങ്ങി. ഏതാണ്ട് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയും ഇവയ്ക്കെല്ലാം ഒരു ഏകദേശരൂപം ലഭിക്കുകയുണ്ടായി. ഇത് എല്ലാ സഭകളുടെയും കാര്യത്തിൽ വാസ്തവമാണ്. എങ്കിൽത്തന്നെയും അവയൊന്നും ഈ കാലയളവിൽ പൂർണ്ണമായി ലിഖിത രൂപങ്ങൾ സ്വീകരിച്ചിരുന്നില്ല.

അപ്പസ്തോലന്മാരുടെയും അവരുടെ ആദ്യകാല പിൻഗാമികളുടെയും കാലം കഴിഞ്ഞപ്പോൾ ക്രിസ്തുസംഭവത്തിനു ദൃക്സാക്ഷികളായവരുടെ നിര അവസാനിക്കുവാനും അനുഭവസാക്ഷ്യം നൽകാൻ കഴിയുന്നവരുടെ സംഖ്യ കുറയുവാനും തുടങ്ങി. തന്മൂലം, ഈ കാലയളവിൽ സമൂഹത്തിൽ ആരാധനാരീതികൾക്ക് ക്ലിപ്തമായ ഒരു രൂപം ഉണ്ടാകേണ്ടതായി വന്നു. അക്കാലത്തെ പ്രമുഖങ്ങളായ മതാദ്ധ്യായന കേന്ദ്രങ്ങളോടും സഭാകേന്ദ്രങ്ങളോടും ബന്ധപ്പെട്ട് ആരാധന ക്രമങ്ങൾ രൂപംകൊള്ളുവാൻ ഇടയായപ്പോൾ അതാതുകേന്ദ്രങ്ങളോടു ബന്ധപ്പെട്ട സഭകൾ അവിടെ രൂപംകൊണ്ട ആരാധനാക്രമങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.

ചില സഭകൾക്ക് ശ്രദ്ധേയങ്ങളായ മതാദ്ധ്യായന കേന്ദ്രങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള സഭകൾ തങ്ങൾ





ഏറ്റവും അടുത്ത ബന്ധം പുലർത്തിയിരുന്ന മതാദ്ധ്യയന കേന്ദ്രത്തിലോ സഭാ കേന്ദ്രത്തിലോ രൂപംകൊണ്ട ആരാധനക്രമങ്ങൾതന്നെ ഉപയോഗിക്കുവാൻ ഇടയായി. അതിനാൽ എല്ലാ സഭകളും സ്വന്തമായി ആരാധനക്രമങ്ങൾക്കു രൂപം കൊടുക്കണമെന്നു വരുന്നില്ല; മറിച്ച്, ഒരേ ആരാധനക്രമം തന്നെ പല സഭകൾ ഉപയോഗിക്കാൻ ഇടയാവുന്ന സാഹചര്യങ്ങളാണുള്ളത്. അതുപോലെതന്നെ ഒരു സ്ഥലത്തു രൂപംകൊണ്ട ആരാധനക്രമം ആ സ്ഥലത്തു മാത്രം ഉപയോഗിക്കപ്പെടേണ്ടതാണെന്നും വരുന്നില്ല. മറിച്ച്, അതാതു സഭകളോടു ബന്ധപ്പെട്ട് ലോകത്ത് എവിടെ വേണമെങ്കിലും അത് ഉപയോഗിക്കപ്പെടാം. ഭാരതത്തിലെ സീറോ മലബാർ സഭയുടെയും മലങ്കര സഭയുടെയും ലത്തീൻ സഭയുടെയും ആരാധനക്രമങ്ങൾ  ഇവയിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല എന്നു നമുക്കു കാണാവുന്നതാണ്.

തന്നിമിത്തം എല്ലാ അപ്പസ്തോലിക സഭകളുടെയും ആരാധനക്രമങ്ങൾ അതാത് അപ്പസ്തോലൻമാരാൽ തന്നെ വിരചിതമാവണമെന്നില്ല. കാരണം, അപ്പസ്തോലന്മാരാണ് ഓരോ സ്ഥലത്തും സഭയ്ക്കു രൂപം കൊടുത്തതെങ്കിലും ആരാധന ക്രമങ്ങൾ അതിൽതന്നെ അതിന്റെ വികാസപരിണാമങ്ങൾക്കു വിധേയമായി ക്ലിപ്തമായ രൂപം സ്വീകരിച്ചത് മൂന്നു നാലു നൂറ്റാണ്ടുകളിലാണ്. ഇതു സുവിശേഷ രചനയുടെ കാര്യത്തിലും വാസ്തവമാണല്ലോ. സുവിശേഷം പ്രസംഗിച്ച എല്ലാ അപ്പസ്തോലന്മാരും സുവിശേഷം എഴുതിയിട്ടില്ല; അതേ സമയം അപ്പസ്തോലന്മാരല്ലാത്തവർ എഴുതുകയും ചെയ്തിട്ടുണ്ട്. സുവിശേഷങ്ങൾ എഴുതിയതാവട്ടെ സുവിശേഷപ്രഘോഷണം ആരംഭിച്ചിട്ടു ദശാബ്ദങ്ങൾ പിന്നിട്ടതിനു ശേഷം മാത്രമാണ്. എഴുതപ്പെട്ട സുവിശേഷങ്ങൾ ഇന്ന് എല്ലാ സഭകളും സ്വന്തമെന്നപോലെയാണ് കാണുകയും അംഗീകരിക്കുകയും ചെയ്തിരിക്കുന്നത്.

## വിവിധ ആരാധനക്രമ കുടുംബങ്ങൾ

പ്രമുഖങ്ങളായ മതാദ്ധ്യാപന കേന്ദ്രങ്ങളോടും സഭാകേന്ദ്രങ്ങളോടും ബന്ധപ്പെട്ടാണ് ആരാധനക്രമങ്ങളുടെ രൂപീകരണം നടന്നത് എന്നു നാം കാണുകയുണ്ടായി. അതിൻപ്രകാരം നാലു പ്രമുഖ മതാദ്ധ്യായന കേന്ദ്രങ്ങളും നാലു ആരാധനക്രമ കുടുംബങ്ങളുമാണ് നമുക്കു കാണുവാൻ കഴിയുക. റോം, അന്ത്യോക്യാ, അലക്സാണ്ഡ്രിയാ, എദേസാ എന്നിവയാണ് ആ നാലു മതാദ്ധ്യായന കേന്ദ്രങ്ങൾ. തന്നിമിത്തം ഈ കേന്ദ്രങ്ങളോടു ബന്ധപ്പെട്ടാണ് നാല് ആരാധനാക്രമ കുടുംബങ്ങളെ നാം കണ്ടെത്തുക.

## റോമൻ (ലത്തീൻ) ആരാധനാക്രമ കുടുംബം

അപ്പസ്തോല പ്രമുഖനായ വി. പത്രോസിന്റെയും വിജാതീയ

രുടെ അപ്പസ്തോലനായിരുന്ന വി. പൗലോസിന്റെയും പ്രവർത്തനകേന്ദ്രമായിരുന്ന റോം ആദിമകാലംമുതലേ ഒരു മതാദ്ധ്യാപന കേന്ദ്രവും സഭാകേന്ദ്രവുമായിരുന്നു. റോമിനെ കേന്ദ്രമാക്കി വളർന്ന ആരാധനാക്രമത്തെയാണ് റോമൻ ആരാധനാക്രമം എന്നും ഭാഷയുടെ അടിസ്ഥാനത്തിൽ ലത്തീൻ ക്രമം എന്നും വിളിക്കുന്നു. റോമൻ ആരാധനാക്രമം റോമിൽമാത്രം ഉപയോഗിക്കപ്പെടുന്നതാണെന്നു വരുന്നില്ല. റോമിനെ കേന്ദ്രീകരിച്ചുകൊണ്ട് ആദിമകാല മിഷനറിമാർ പാശ്ചാത്യ നാടുകളിൽ മുഴുവൻ പ്രേഷിത പ്രവർത്തനം നടത്തിയപ്പോൾ ആ നാടുകളിലെല്ലാം റോമൻ ആരാധനാക്രമമാണ് അവർ ഉപയോഗിച്ചത്. 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷനറിമാർ ഭാരതത്തിൽ വരുകയും പ്രേഷിതപ്രവർത്തനം നടത്തുകയും ചെയ്തപ്പോൾ മുതൽ ഇവിടെയും ലത്തീൻ ആരാധനാക്രമം ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെയാണ് കേരളത്തിലും ലത്തീൻ സഭയും ലത്തീൻ ആരാധനക്രമവും പ്രചാരത്തിൽ വന്നത്.

റോമൻ ആരാധനാക്രമ കുടുംബത്തിൽ വേറെ നാലു ആരാധനക്രമങ്ങൾ കൂടിയുണ്ട്. അവയാണ് അംബ്രോസിയൻ, മൊസാറബിക്, കെൽട്ടിക്, ഗാള്ളിക്കൻ ആരാധനാക്രമങ്ങൾ. പാശ്ചാത്യനാടുകളിലെ ചില സഭാകേന്ദ്രങ്ങളെ ആസ്ഥാനമാക്കിയാണ് അവ രൂപം പ്രാപിച്ചതെങ്കിലും അവയ്ക്കൊന്നും കാര്യമായ വളർച്ചയോ പ്രചാരമോ ലഭിച്ചില്ല. ഇന്നവ നാമമാത്രമായി ചില സ്ഥലങ്ങളിൽ മാത്രം ഉപയോഗിക്കുന്നുണ്ട്. അതിൻപ്രകാരം അംബ്രോസിയൻ ആരാധനക്രമം ഇറ്റലിയിലെ മിലാൻ രൂപതയിലും, കെൽട്ടിക് ആരാധനാക്രമം ഫ്രാൻസിലെ ലിയോൺസിലും മൊസാറബിക് ആരാധനക്രമം സ്പെയിനിലെ ടൊളേഡോ കത്തീഡ്രലിലും മാത്രമാണ് ഇന്നു ഉപയോഗത്തിലുള്ളത്.

**അന്ത്യോക്യൻ ആരാധനാക്രമ കുടുംബം**

ആദിമകാലങ്ങളിൽ തന്നെ അന്ത്യോക്യാ സഭാപ്രവർത്തനങ്ങളുടെ ഒരു ആസ്ഥാനവും മതാദ്ധ്യായനകേന്ദ്രവുമായിരുന്നു. അവിടെ രൂപംകൊണ്ട ആരാധനാക്രമം അന്ത്യോക്യൻ ആരാധനക്രമം എന്നാണറിയപ്പെടുക. ഈ ആരാധനാക്രമം ഭാഷയുടെ അടിസ്ഥാനത്തിൽ "പാശ്ചാത്യ സുറിയാനി ആരാധനക്രമം" എന്നും വിളിക്കപ്പെടുന്നുണ്ട്. ഈ ആരാധനാക്രമമാണ് ഇന്ന് അന്ത്യോക്യായിലെ സിറിയൻ കത്തോലിക്കരും, മാറോനീത്താ സഭക്കാരും, കേരളത്തിലെ സീറോ മലങ്കര കത്തോലിക്കാസഭയും ഉപയോഗിക്കുന്നത്. കൂടാതെ യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും തൊഴിയൂർ സഭയും ഈ ആരാധനക്രമം ഉപയോഗിക്കുന്നുണ്ട്. പാശ്ചാത്യ മിഷണറിമാർ കേരളത്തിലെ നമ്മുടെ സഭയുടെ ഭരണം നടത്തിയപ്പോഴുണ്ടായ സഭാവിഭജനത്തെ തുടർന്നാണ് ഈ ആരാധനക്രമം കേരളത്തിൽ പ്രചരിച്ചത്.





**ബൈസന്റയിൻ ആരാധനാക്രമം**

അന്ത്യോക്യ ഒരു മതാദ്ധ്യയന കേന്ദ്രവും സഭാകേന്ദ്രവുമായിരുന്നെങ്കിലും പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം ബൈസാൻസിയം ആയതിനെ തുടർന്ന് അതും ഒരു സഭാകേന്ദ്രമായി പരിണമിക്കുവാൻ തുടങ്ങി. ബൈസാൻസിയം കേന്ദ്രമായി വളർന്നുവന്ന ആരാധനാക്രമത്തെയാണ് ബൈസന്റയിൻ ആരാധനാക്രമം എന്നു വിളിക്കുക. ഇന്നു ഗ്രീസിലേയും റഷ്യയിലേയും മറ്റും നിരവധി സഭകൾ ഈ ആരാധനാക്രമമാണ് ഉപയോഗിക്കുക. ഗ്രീക്കു മൽക്കൈറ്റ്, യുക്രേനിയൻ, അൽബേനിയൻ, റൊമേനിയൻ തുടങ്ങി കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലുള്ള 13 സഭകളും ഗ്രീക്ക് ഓർത്തഡോക്സ് സഭ, ബൈസന്റയിൻ ഓർത്തഡോക്സ് സഭ തുടങ്ങി ഒട്ടേറെ അകത്തോലിക്കാ സഭകളും ഈ ആരാധനാക്രമമാണ് ഇന്ന് ഉപയോഗിക്കുക. ഗ്രീക്കു ഭാഷയിലാണ് ഈ ആരാധനാക്രമം രൂപം കൊണ്ടിട്ടുള്ളത്.

**അർമേനിയൻ ആരാധനാക്രമം**

എ.ഡി. 384 മുതൽ മറ്റു സഭകളുമായുള്ള ബന്ധം വിടർത്തി സ്വതന്ത്രമായ ശൈലിയിൽ വർത്തിക്കുവാനിടയായ അർമേനിയൻ സഭ ഉപയോഗിക്കുന്ന ആരാധനക്രമത്തെയാണ് അർമേനിയൻ ആരാധനക്രമം എന്നു വിളിക്കുക.

**അലക്സാണ്ഡ്രിയൻ ആരാധനാക്രമ കുടുംബം**

അലക്സാണ്ഡ്രിയ ആദിമകാലത്തെ ഒരു പ്രമുഖ മതബോധന കേന്ദ്രമായിരുന്നു. അലക്സാണ്ഡ്രിയയെ കേന്ദ്രമാക്കി രണ്ടു ആരാധനക്രമങ്ങൾ രൂപം പ്രാപിക്കുകയുണ്ടായി: കോപ്റ്റിക് ആരാധനക്രമവും എത്യോപ്യൻ ആരാധനക്രമവും. എത്യോപ്യായിലും ഈജിപ്തിലുമുള്ള സഭകളാണ് ഇവ പ്രധാനമായും ഉപയോഗിക്കുക.

**പേർഷ്യൻ ആരാധനാക്രമ കുടുംബം**

ഏറെനാൾ പേർഷ്യൻ സാമ്രാജ്യത്തിൻ കീഴിലായിരുന്ന എദേസ്സായിലാണ് ഇത് രൂപംകൊണ്ടത്. അതുകൊണ്ടാണ് ഇതിനെ പേർഷ്യൻ ആരാധനാക്രമം എന്നുവിളിക്കുക. എദേസ്സ ഒരു ആദിമകാല മതാദ്ധ്യായന കേന്ദ്രമായിരുന്നു. സഭാപിതാവായ മാർ അപ്രേം ഈ മതാദ്ധ്യായന കേന്ദ്രത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. റോം, അന്ത്യോക്യാ, അലക്സാണ്ഡ്രിയ ഇവയെല്ലാം റോമാ സാമ്രാജ്യത്തിലെ മതാദ്ധ്യായന കേന്ദ്രങ്ങളായിരുന്നപ്പോൾ എഡേസാ മാത്രമാണ് അതിന് അപവാദമായി നിലകൊണ്ടത്. അതിനാൽതന്നെ എഡേസായിൽ രൂപംകൊണ്ട ആരാധനാക്രമം റോമാ സാമ്രാജ്യത്തിനു വെളിയിൽ രൂപംകൊണ്ട ഏക ആരാധനക്രമവുമാണ്. അതിനാൽ ഇതിന് സാർവ്വത്രിക പൈതൃകത്തിൽ അതുല്യവും അഭികാമ്യവുമായ ഒരു സ്ഥാനവും മാഹാത്മ്യവുമുണ്ട്.

ഭാഷാപരമായി "പൗരസ്ത്യ സുറിയാനി ആരാധനക്രമം" എന്ന പേരിലാണ് ഇത് ഏറ്റവും കൂടുതലായി അറിയപ്പെടുന്നത്. എഡേസായിൽ ഈ ആരാധനക്രമം രൂപംകൊണ്ടതിനെ തുടർന്ന് തോമാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകമുള്ള ഭാരതത്തിലെയും എഡേസായിലെയും, പാർസിലെയും സെലൂഷ്യ-സ്റ്റെസിഫോണിലെയും സഭകൾ ഈ ആരാധനാക്രമം തന്നെയാണ് ഉപയോഗിച്ചു പോന്നത്. എഡേസായിലേയും പാർസിലെയും സെലൂഷ്യ-സ്റ്റെസിഫോണിലെയും സഭകളാണ് പില്ക്കാലത്ത് കാൽഡിയൻ സഭ എന്ന് അറിയപ്പെടുവാൻ തുടങ്ങിയത്. ഇന്നു കാൽഡിയൻ കത്തോലിക്കാ സഭയും സീറോ മലബാർ സഭയും ഈ ആരാധനാക്രമമാണ് ഉപയോഗിക്കുന്നത്.

**പാശ്ചാത്യ-പൗരസ്ത്യ സഭകളും ആരാധനാക്രമങ്ങളും**

സഭ വിവിധ സഭകളുടെ കൂട്ടായ്മയാണെന്ന് നാം കാണുകയുണ്ടായി. ഈ സഭകളെ പൊതുവിൽ രണ്ടായി തിരിക്കാവുന്നതാണ് -പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും. ഈ തിരിവിനു അടിസ്ഥാനമായിട്ടുള്ളത് റോമാ സാമ്രാജ്യത്തിന്റെ വിഭജനം തന്നെയാണ്. റോമാ സാമ്രാജ്യത്തെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വേർതിരിച്ചപ്പോൾ, പാശ്ചാത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിൽ വന്ന സഭയെ പാശ്ചാത്യസഭയെന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിൽ വന്ന സഭകളെ പൗരസ്ത്യസഭകളെന്നും വിളിക്കുവാനിടയായി.

പിന്നീട് ഈ തിരിവ് ആഗോളവ്യാപകമായ ഒരു തിരിവായി പരിണമിച്ചു. അതിൻപ്രകാരം പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ പരിധിയിൽപ്പെട്ടതും അതിനു പടിഞ്ഞാറോട്ടുള്ളതുമായ സഭയെ പാശ്ചാത്യ സഭയെന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിലുള്ളതും അതിനു കിഴക്കോട്ടുള്ളതുമായ സഭകളെ പൗരസ്ത്യ സഭകളെന്നും വിളിക്കുവാനിടയായി.

അതിനാൽ ഇന്ന് പാശ്ചാത്യ-പൗരസ്ത്യ സഭകൾ എന്നു പറയുമ്പോൾ അതു ഭൂമിശാസ്ത്രപരമായ ഒരുതരം തിരിവിലേക്കല്ല; മറിച്ച് വ്യക്തിസഭകളുടെ ഉത്ഭവത്തിലേക്കാണ് വിരൽ ചൂണ്ടുക. അതായത് പാശ്ചാത്യ നാട്ടിലും പൗരസ്ത്യ നാട്ടിലുമായി രൂപം കൊണ്ടതും വളർന്നു വികസിച്ചതുമായ സഭകളെയാണ് അർത്ഥമാക്കുക. അതിൻപ്രകാരം ഇന്ന് പൗരസ്ത്യസഭകളെ പാശ്ചാത്യ നാടുകളിലും പാശ്ചാത്യ സഭകളെ പൗരസ്ത്യ നാടുകളിലും നമുക്ക് കണ്ടെത്താനാവും. ഉദാഹരണത്തിന്, ലത്തീൻ സഭയ്ക്ക് ഇന്നു കേരളത്തിൽ പല രൂപതകളുമുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ന് അമേരിക്കയിലെ ചിക്കാഗോയിൽ ഒരു രൂപതയുണ്ട്.

പാശ്ചാത്യ സഭയിൽ ലത്തീൻസഭ മാത്രമാണുള്ളത്. റോമിൽ





കേന്ദ്രീകരിച്ചു വളർന്ന ലത്തീൻസഭ എല്ലാ പാശ്ചാത്യരാജ്യങ്ങളിലും ഒട്ടേറെ പൗരസ്ത്യരാജ്യങ്ങളിലും ഇന്നു നിലനിൽക്കുന്നു. ലത്തീൻസഭയൊഴിച്ചുള്ള മറ്റെല്ലാ സഭകളും പൗരസ്ത്യസഭകളുടെ നിരയിലാണ് വരിക. അതിൻപ്രകാരം സീറോ മലബാർ സഭയും സീറോ മലങ്കരസഭയും ബൈസന്റയിൻ സഭയും അലക്സാണ്ഡിയൻ സഭയും അന്ത്യോക്യൻ സഭയുമെല്ലാം പൗരസ്ത്യ സഭകളാണ്.

പാശ്ചാത്യ-പൗരസ്ത്യ ആരാധനക്രമങ്ങളുടെ തിരിവും ഏതാണ്ട് ഇപ്രകാരം തന്നെയാണ്. പാശ്ചാത്യ സഭയിൽ രൂപംകൊണ്ട ആരാധനക്രമം പാശ്ചാത്യ ആരാധനക്രമമെന്നും, പൗരസ്ത്യസഭകളിൽ രൂപംകൊണ്ട ആരാധനക്രമങ്ങൾ പൗരസ്ത്യ ആരാധനക്രമങ്ങൾ എന്നുമാണ് അറിയപ്പെടുക. ദൈവശാസ്ത്രം, ആദ്ധ്യാത്മികത, സഭാനിയമം, ഭരണരീതി എന്നീ തലങ്ങളിലും പാശ്ചാത്യ-പൗരസ്ത്യ വിഭജനം നമുക്ക് കണ്ടെത്താനാവുന്നതാണ്. ഇതനുസരിച്ച് സീറോ മലബാർ സഭയുടെ ആരാധനാക്രമം പൗരസ്ത്യ ആരാധനക്രമമാണ്. അതിനാൽ, സീറോ മലബാർ സഭയുടെ ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും സഭാഭരണവും സഭാനിയമവുമെല്ലാം പൗരസ്ത്യം തന്നെയായിരിക്കുക യുക്തിയുക്തമാണല്ലോ.

**പൗരസ്ത്യസഭകളും പൗരസ്ത്യ-ആരാധനക്രമങ്ങളും**

രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ അഭിമാനത്തോടെയാണ് പൗരസ്ത്യസഭകളെയും പൗരസ്ത്യ ആരാധനക്രമങ്ങളെയും നോക്കിക്കാണുന്നത്. അപ്പസ്തോലികമായ ഉറവിടങ്ങളോടുകൂടിയും സമ്പന്നവും ആദരണീയവുമായ വി. പാരമ്പര്യങ്ങളുടെ ചുവടുപിടിച്ചും തനതായ വ്യക്തിത്വം കാത്തുസൂക്ഷിച്ചും വളർന്നുവന്നിട്ടുള്ള പൗരസ്ത്യസഭകൾ സാർവ്വത്രിക സഭയുടെ വലിയ മുതൽക്കൂട്ടാണെന്ന് ഈ കൗൺസിൽ വ്യക്തമാക്കുന്നു. പൗരസ്ത്യസഭയെയും ആരാധനക്രമങ്ങളെയും കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ "പൗരസ്ത്യസഭകൾ", "എക്യുമെനിസം" എന്നീ ഡിക്രികളിൽ വ്യക്തമാക്കുന്ന ശ്രദ്ധേയങ്ങളായ ചില പരാമർശങ്ങൾ ഇവിടെ എടുത്തു കാട്ടുവാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

**പൗരസ്ത്യസഭകൾ എന്ന പ്രമാണരേഖ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു:**

* "പൗരസ്ത്യസഭയുടെ ആരാധനക്രമങ്ങൾ, ക്രൈസ്തവജീവിത രീതി എന്നിവയെ വലിയ മതിപ്പോടെയാണ് കത്തോലിക്കാസഭ വീക്ഷിക്കുന്നത്. കാരണം, അഭികാമ്യമായ അവരുടെ പൗരാണികത്വം ഒരു പ്രത്യേകസ്ഥാനം അവർക്കു നല്കുന്നുണ്ട്. സഭാപിതാക്കന്മാരിലൂടെ കൈവന്ന അപ്പസ്തോലിക പാരമ്പര്യം അവരിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാകട്ടെ, സാർവത്രികസഭയുടെ

ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസമ്പത്തിന്റെ ഭാഗമാണ്. അതിനാൽ പൗരസ്ത്യസഭകളുടെ കാര്യത്തിൽ പ. സൂനഹദോസിന് അതിയായ താല്പര്യമാണുള്ളത്. പ്രസ്തുത സഭകൾ ഈ പാരമ്പര്യത്തിന്റെ സജീവസാക്ഷികളാണല്ലോ. അവ വളർന്നു വികസിക്കുവാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലികചൈതന്യത്തോടെ പൂർണ്ണമാക്കാനും ഈ സൂനഹദോസ് ആഗ്രഹിക്കുന്നു" (പൗരസ്ത്യസഭകൾ 1).

* "സാർവത്രികസഭ പൗരസ്ത്യസഭകളോടു വളരെ അധികം കടപ്പെട്ടിരിക്കുന്നു. ഇതിന് ചരിത്രവും എണ്ണമറ്റ സഭാ സ്ഥാപനങ്ങളും വ്യക്തമായ സാക്ഷ്യം വഹിക്കുന്നുണ്ട്. സഭാപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്തിനെ കൗൺസിൽ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇതിനെ ക്രിസ്തുവിൽ സാർവത്രികസഭയുടേതായി പരിഗണിക്കുകയും ചെയ്യുന്നു. അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെ തന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കുവാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. ഇവയെല്ലാം സംപൂജ്യമായ പൗരാണികത്വത്താൽ വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങളോട് ഏറ്റം ഒത്തുപോകുന്നതും ആത്മാക്കളുടെ നന്മക്ക് കൂടുതൽ ഉപകരിക്കുന്നതുമാണ്. അതിനാൽ അവ അത്യന്തം അഭിനന്ദനീയം തന്നെ." (പൗരസ്ത്യസഭകൾ. 5)

**എക്യുമെനിസം എന്ന പ്രമാണ രേഖയിൽ പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു:**

* "തുടക്കംമുതലേ പൗരസ്ത്യസഭകൾക്ക് ഒരു ആധ്യാത്മിക ഭണ്ഡാഗാരം ഉണ്ടായിരുന്നു. അതിൽനിന്നാണ് പാശ്ചാത്യസഭ ആരാധനക്രമവും ആദ്ധ്യാത്മികപാരമ്പര്യവും നിയമവും ഗണ്യമായ തോതിൽ പകർന്നെടുത്തത്. ഇക്കാര്യം വിസ്മരിക്കപ്പെടാവുന്നതല്ല." (എക്യുമെനിസം 14.b)

* "എത്രയധികം സ്നേഹാദരങ്ങളോടെയാണ് പരിശുദ്ധമായ ആരാധനക്രമം, പ്രത്യേകിച്ച്, സഭാജീവന്റെ ഉറവിടവും ഭാവി സൗഭാഗ്യത്തിന്റെ അച്ചാരവുമായ ദിവ്യകാരുണ്യമെന്ന രഹസ്യം, പൗരസ്ത്യസഭകൾ അനുഷ്ഠിക്കുന്നതെന്നു ഏവർക്കും അറിയാവുന്നതാണ്" (എക്യു. 15a).

* സന്യാസജീവിതത്തിൽ പ്രത്യേകിച്ചും പ്രകടിതമാകുന്ന ആദ്ധ്യാത്മിക പാരമ്പര്യസമ്പത്തു പൗരസ്ത്യസഭകളിലും കാണുന്നുണ്ട്. വിഖ്യാതരായ പരിശുദ്ധപിതാക്കന്മാരുടെ കാലം മുതൽ സന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികത്വം കിഴക്കൻ സഭകളിൽ പുഷ്പിക്കു





കയും പിന്നീട് അത് പാശ്ചാത്യനാടുകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തു. അങ്ങനെ ലത്തീൻ സന്യാസജീവിതത്തിനു ബീജാവാപം ചെയ്ത അന്നുമുതലിന്നോളം ലത്തീൻ സന്യാസജീവിതം അവിടെനിന്നു പുതുചൈതന്യം നേടിയിട്ടുണ്ട്. മനുഷ്യനെ ദൈവിക കാര്യങ്ങളിലുള്ള ധ്യാനനിർലീനതയിലാഴ്ത്തുന്ന പൗരസ്ത്യപിതാക്കളുടെ ആദ്ധ്യാത്മിക സമ്പത്തിൽനിന്ന് അടുക്കലടുക്കൽ ഫലമെടുക്കാൻ കത്തോലിക്കരെ ആത്മാർത്ഥമായി ആഹ്വാനം ചെയ്യുന്നു. (എക്യു 15 d)

* "പൗരസ്ത്യ സഭകളുടെ സമൃദ്ധിയാർന്ന ആരാധനപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം, കാത്തുസൂക്ഷിക്കുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർ തമ്മിൽ ഐക്യം കൈവരുത്തുവാനും ഇതനുപേക്ഷണീയ ആവശ്യമാണ് എന്ന് അവർ മനസ്സിലാക്കണം" (എക്യു. 15 e.)

* "പൗരസ്ത്യസഭകളുടെ സാക്ഷത്തായ ദൈവശാസ്ത്ര പാരമ്പര്യങ്ങളെപ്പറ്റി വിചിന്തനം ചെയ്യുമ്പോൾ അവ വേദപുസ്തകത്തിൽ ആഴത്തിൽ വേരോടുകയും ആരാധനക്രമജീവിതത്തിലൂടെ പോഷിപ്പിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത നാം അംഗീകരിക്കേണ്ടതുണ്ട്. അവ അപ്പസ്തോലന്മാരുടെ സജീവ പാരമ്പര്യത്താലും പിതാക്കന്മാരുടേയും പൗരസ്ത്യ സഭകളിലെ ആദ്ധ്യാത്മിക ഗ്രന്ഥകർത്താക്കളുടേയും കൃതികളാലും പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ളവയാണ്. അങ്ങനെ അവ ശരിയായ പരിശീലനം നൽകുന്നു. പോരാ, ക്രിസ്തീയസത്യത്തിന്റെ സമ്പൂർണ്ണ വീക്ഷണത്തിന് വഴിതെളിക്കുന്നു."(എക്യു17 a).

* ഈ ആദ്ധ്യാത്മികത്വത്തിന്റെയും, ആരാധനക്രമത്തിന്റെയും, നിയമത്തിന്റെയും, ദൈവശാസ്ത്രത്തിന്റെയും പിതൃസ്വത്ത്, അവയുടെ വിവിധപാരമ്പര്യങ്ങളിൽ, പൂർണ്ണവും കാതോലികവും അപ്പസ്തോലികവുമായ സഭയുടെ സ്വഭാവത്തിലുൾപ്പെട്ടുവെന്ന് ഈ പരിശുദ്ധ സൂനഹദോസ് ഉറപ്പിച്ചു പറയുന്നു. കത്തോലിക്കാസഭയിലെ പൗരസ്ത്യ സന്താനങ്ങൾ ഈ പിതൃസ്വത്ത് കാത്തുസൂക്ഷിക്കുകയും അതിനെ കൂടുതൽ വിശ്വസ്തതാപൂർവം പൂർണ്ണമായി തങ്ങളുടെ ജീവിതത്തിലൂടെ വെളിപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. തീർച്ചയായും അവർ പാശ്ചാത്യസഭാപാരമ്പര്യത്തെ പിൻചെല്ലുന്ന അവരുടെ സഹോദരങ്ങളുമായി പൂർണ്ണമായ ഐക്യത്തിലാണ് വർത്തിക്കുന്നത്. ഇവ ദൈവത്തിനു നന്ദി പറയാൻ ഞങ്ങളെ പ്രേരിപ്പിക്കുന്ന വസ്തുതകളാണ്" (എക്യു 17 b)

## പൗരസ്ത്യ സഭകൾ

"നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽവരുത്താവുന്നതല്ല. അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർ തന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലത്തിന്റേയോ വ്യക്തികളുടേയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്ക് ചേരാത്ത വിധത്തിൽ ഇവയിൽനിന്ന് വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്. ഉദ്യോഗം, അപ്പസ്തോലിക സേവനം എന്നിവയിൽ പൗരസ്ത്യ സഭകളോടോ അവയിലെ വിശ്വാസികളോടോ അടുത്തു സമ്പർക്കം പുലർത്തുന്നവരുണ്ട്. തങ്ങൾ ചെയ്യുന്ന ജോലിയുടെ ഗൗരവമനുസരിച്ച് പൗരസ്ത്യരുടെ റീത്തുകൾ, ശിക്ഷണം, പഠനം, ചരിത്രം, സ്വഭാവം, എന്നിവയെ സംബന്ധിച്ച ശരിയായ അറിവ് അവർ സമ്പാദിക്കുകയും അവയെ വിലമതിക്കുകയും വേണം. പൗരസ്ത്യദേശങ്ങളിലോ പൗരസ്ത്യരുടെ ഇടയിലോ ജോലി ചെയ്യുന്ന ലത്തീൻ റീത്തിൽപ്പെട്ട സന്യാസസ്ഥാപനങ്ങളും സംഘടനകളും പ്രേഷിതവേലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻവേണ്ടി കഴിയുന്നിടത്തോളം പൗരസ്ത്യ റീത്തിലുള്ള ഭവനങ്ങളും പ്രവിശ്യകളും സ്ഥാപിക്കണമെന്ന് ശക്തിയായി ഉദ്ബോധിപ്പിക്കുന്നു." (പൗ. സ. 6)

"പൗരസ്ത്യസഭകളിൽ കാണുന്ന കൂദാശകളുടെ പരികർമ്മരീതി അതിപുരാതനമാണ്. അതിനെ കൗൺസിൽ സ്ഥിരീകരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അർപ്പിക്കുകയും പരികർമ്മം ചെയ്യുകയും ചെയ്യുന്ന വിധത്തെ കൗൺസിൽ അംഗീകരിച്ചുറപ്പിക്കുന്നു. ആവശ്യമെങ്കിൽ പരമ്പരാഗതമായ രീതിതന്നെ പുനഃസ്ഥാപിക്കണമെന്ന് കൗൺസിൽ ആഗ്രഹിക്കുന്നു'.'

"എല്ലാ വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും റീത്തുകളെ സംബന്ധിച്ചും അവ തമ്മിലുള്ള ഇടപാടുകൾ നിയന്ത്രിക്കുന്ന പ്രായോഗിക മാനദണ്ഡങ്ങളെ സംബന്ധിച്ചും ശരിയായ പരിശീലനം നൽകണം. മതാദ്ധ്യായനാവസരങ്ങളിൽ റീത്തുകളേയും അവയുടെ നിബന്ധനകളെയും പറ്റിയുള്ള ജ്ഞാനം അത്മായർക്കും നൽകണം. എല്ലാ കത്തോലിക്കരും തങ്ങളുടെ റീത്തുതന്നെ തുടരേണ്ടതാണ്. അതുപോലെതന്നെ കത്തോലിക്കാ സഭയോടുള്ള പൂർണ്ണമായ യോജിപ്പിനെ ആശ്ലേഷിക്കുന്ന അകത്തോലിക്കാ സഭകളിലേയും സമൂഹങ്ങളിലേയും മാമ്മോദീസ സ്വീകരിച്ച എല്ലാ





അംഗങ്ങളും ലോകത്തിൽ എവിടെ ആയിരുന്നാലും തങ്ങളുടെ റീത്തിൽ ഉറച്ചുനിൽക്കണം."

### നവീകരണം അത്യന്താപേക്ഷിതം

പൗരസ്ത്യവും ഭാരതീയവുമായ നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വിടർന്നുപുഷ്പിച്ച ഒരു അപ്പസ്തോലിക പാരമ്പര്യവും സഭാജീവിതവും നമുക്കിവിടെ കണ്ടെത്താനാവും. അപ്പസ്തോലിക പൈതൃകത്തിൻ കീഴിൽ സത്യവിശ്വാസത്തിൽ വേരുറപ്പിച്ച് ആദിമ സഭാ പാരമ്പര്യത്തിൽ നിന്ന് ജലവും വളവും സ്വീകരിച്ച് ബൈബിൾ പശ്ചാത്തലത്തിൽ വിരിഞ്ഞ നമ്മുടെ ആരാധനക്രമം ദൈവശാസ്ത്ര സമ്പന്നവും സഭാത്മകജീവിത്തെ പ്രസ്പഷ്ടമാക്കുന്നതും ദൈവാനുഭവത്തിന്റെ ഉന്നത മേഖലകളിലേയ്ക്ക് നമ്മെ ആനയിക്കുന്നതുമാണ്. അതിനാൽ അതിനെ നാം സ്നേഹിക്കുകയും ആഴത്തിൽ പഠിക്കുകയും അതിന്റെ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുക ഇന്നിന്റെ ആവശ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നതുപോലെ ഉറവിടങ്ങളിലേയ്ക്ക് മടങ്ങിച്ചെന്ന് നമുക്കു നഷ്ടപ്പെട്ടുപോയതു കണ്ടെത്തി അതിന്റെ സമ്പന്നത മനസ്സിലാക്കി സഭയുടെ വ്യക്തിത്വം വീണ്ടെടുത്ത് ക്രൈസ്തവ ജീവിതത്തിന്റെ അടിത്തറ നമുക്ക് ഉറപ്പിക്കാം. പാറയിൽ അടിസ്ഥാനമിടുന്ന ഭവനം ഏതു പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ച് സ്ഥിരമായി ഉറച്ചുനില്ക്കും (cf. മത്ത. 7:24 ff). പുരോഗതിയുടേയും, ശാസ്ത്രസാങ്കേതിക വിദ്യകളുടേയും, കുത്തഴിഞ്ഞുകൊണ്ടിരിക്കുന്ന ധാർമ്മിക വ്യവസ്ഥിതികളുടേയും, മിന്നിമറഞ്ഞുകൊണ്ടിരിക്കുന്ന ആധുനിക സംസ്കാരത്തിന്റേയും, അതിന്റെ നൂതന പ്രവണതകളുടേയും ആശയഗതികളുടേയും മദ്ധ്യത്തിൽ ക്രൈസ്തവ ജീവിതത്തിന് സ്ഥായിയായ ഒരു അടിത്തറ നമുക്കു പണിയുവാൻ കഴിയുന്നില്ലെങ്കിൽ, നമ്മുടെ ഇന്നുള്ള വിശ്വാസം മണലിൽ അടിസ്ഥാനമിട്ടു പണിചെയ്ത വീടുപോലെ തകർന്നു തരിപ്പണമാകാൻ, ക്ഷയിച്ചു നിർജ്ജീവമാകാൻ അധികം കാലമൊന്നും വേണ്ടിവരികയില്ല. ഈ നൂറ്റാണ്ടിനപ്പുറത്തേയ്ക്കു കടന്നുചിന്തിക്കാൻ നമുക്കു കഴിയണമെങ്കിൽ, വിശ്വാസം നിലനിർത്തണമെങ്കിൽ നമ്മുടെ വിശ്വാസത്തെ ശരിയായ അടിസ്ഥാനങ്ങളിൽ ഉറപ്പിക്കുകയും ശരിയായി പോഷിപ്പിക്കുയും ചെയ്യുക അത്യന്താപേക്ഷിതമാണ്.

*(ഡോ. ജോസ് പൂവന്നിക്കുന്നേൽ, ഡോ. തോമസ് മേൽവെട്ടം)*

# 08

## ആദ്ധ്യാത്മിക ജീവിതത്തിന്റെ ശക്തിസ്രോതസ്സ് - കൂദാശകൾ

ക്രൈസ്തവ ജീവിതം - മിശിഹായുടെ ജീവിതത്തിലുള്ള പങ്കുചേരലാണ്. ഈ പങ്കുചേരൽ സ്ഥലകാലങ്ങൾക്കതീതമായി സാധ്യമാകുന്നത് കൂദാശകളിലൂടെയാണ്.

**ക്രൈസ്തവജീവിതത്തിന് മൂന്നു തലങ്ങൾ ഉണ്ട്.**

1. ഭൗതികതലം - പഞ്ചേന്ദ്രിയഗോചരമായ ഈ ലോകജീവിതം.
2. സ്വർഗീയതലം - മരണാനന്തരം ദൈവികകൂട്ടായ്മയിൽ പൂർണ്ണമായും പങ്കുചേർന്നുള്ള ജീവിതം.
3. കൗദാശികതലം - ഈ ലോകത്തിലായിരിക്കുമ്പോൾത്തന്നെ കൂദാശകളിലൂടെ (സഭയുടെ ആരാധനാജീവിതം) ദൈവാനുഭവം ഉളവാകുന്നത്. ഭൗതികജീവിതത്തെ സ്വർഗ്ഗീയജീവിതവുമായി ബന്ധിപ്പിക്കുന്ന തലം. ഇത്





വി. കുർബാനയിൽ കേന്ദ്രീകൃതമാണ്. മിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങൾ സഭയിലൂടെ തുടരുന്ന തലം.

### കൂദാശ എന്ന പദം

കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിശുദ്ധീകരിക്കുന്നത് എന്നാണ്. Sacrament എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. ലത്തീൻ മൂലത്തിൽനിന്നാണ് ഈ പദമുണ്ടായത്. വിശുദ്ധീകരിക്കുന്നത് എന്നുതന്നെയാണ് ഈ പദത്തിന്റേയും അർത്ഥം.

കൂദാശ എന്ന ആശയം സൂചിപ്പിക്കാൻ പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നപദം Mystery ആണ്. രഹസ്യം , 'മറഞ്ഞിരിക്കുന്നത്' എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. നാം പഠിച്ചിരിക്കുന്ന കൂദാശകളുടെ നിർവ്വചനം ഈ രഹസ്യാത്മകത സൂചിപ്പിക്കുന്നത് - കാണപ്പെടാത്ത ദൈവവരപ്രസാദം നൽകുന്നതിന് ഈശോമിശിഹാ സ്ഥാപിച്ച കാണാവുന്ന അടയാളമാകുന്നു കൂദാശ എന്നാണ്. യേശുവിലൂടെ പൂർത്തിയായ രക്ഷാകര രഹസ്യങ്ങളാണ് കൂദാശകളിലൂടെ വെളിവാക്കപ്പെടുന്നത്.

### കൂദാശകളുടെ സവിശേഷതകൾ

മനുഷ്യരുടെ വിശുദ്ധീകരണത്തിനുവേണ്ടിയാണ് യേശു കൂദാശകൾ സ്ഥാപിച്ചത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവത്തിന് ദൈവജനം അടയാളങ്ങളിലൂടെ സഭയിൽ പരസ്യമായി അർപ്പിക്കുന്ന സ്തുതിയും ആരാധനയും പുകഴ്ചയുമാണ് കൂദാശയുടെ അന്ത:സത്ത. ഭക്താനുഷ്ഠാനങ്ങളിലൂടെയും ദൈവത്തിനു സ്തുതി അർപ്പിക്കുന്നുണ്ടെങ്കിലും കൂദാശകളിലൂടെയുള്ള ആരാധന വ്യത്യസ്തമാണ്. ഈ പ്രത്യേകതകൾ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ :

**കൂദാശകൾ പിതാവായ ദൈവത്തിനുള്ള സ്തുതിയും ആരാധനയുമാണ്.**

ദൈവം നമ്മുടെ പിതാവാണ്. അവിടുന്നാണ് നമ്മുടെ സ്രഷ്ടാവും നിയന്താവും. പിതാവിനു സ്തുതിയും ആരാധനയും കൃതജ്ഞതയും അർപ്പിക്കുക മക്കളായ നമ്മുടെ കടമയാണല്ലോ. ഓരോ കൂദാശയും ഈ വസ്തുത നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മാമ്മോദീസായിൽ ദൈവമക്കളായിതീരുന്നതോടെ ഈ ദൗത്യം നിർവ്വഹിക്കാൻ നാം പ്രത്യേകമാംവിധം കടപ്പെട്ടിരിക്കുന്നു.

**പിതാവായ ദൈവത്തെ സ്തുതിക്കുന്നത് അവിടുത്തെ പുത്രനും നമ്മുടെ രക്ഷകനുമായ മിശിഹായിലൂടെയാണ്.**

അദൃശ്യനായ പിതാവിനെ നമുക്ക് ദൃശ്യനാക്കിയവനാണ് അവിടുത്തെ പുത്രനായ മിശിഹാ. അതുകൊണ്ടാണ് ഈശോ പറഞ്ഞത് എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ 14:9) എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുത്തേക്കു വരുന്നില്ല (യോഹ 14:6)ഞാനാകുന്നു വഴി (14:6)എന്നൊക്കെ. കർത്താവായ ക്രിസ്തു വഴി പിതാവായ ദൈവത്തിന് സ്തുതി അർപ്പിക്കുന്നുവെന്ന് പ്രാർത്ഥനകളിൽ ചൊല്ലുന്നത് ഈ വസ്തുതയിലേക്ക് വിരൽചൂണ്ടുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മറ്റൊരു മധ്യസ്ഥനില്ലെന്ന് (1തിമോ 2:5)പറയുന്നതിന്റെ അർത്ഥവും ഇതുതന്നെ.

**യേശുവിലൂടെ പിതാവിനു സ്തുതിയും ആരാധനയും സമർപ്പിക്കുന്നതിന് നമ്മൾ ശക്തരാകുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താലാണ്.**

യേശു ഭൂമിയിലെ ദൗത്യം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്കുമടങ്ങുന്നതിനുമുമ്പ് മനുഷ്യവംശത്തിന് ഒരു സഹായകനെ വാഗ്ദാനം ചെയ്തു. ഞാൻ പിതാവിനോടപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടി ആയിരിക്കുവാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരുകയും ചെയ്യും (യോഹ 14:16) പന്തക്കുസ്താ ദിനത്തിൽ ഈ വാഗാദാനം പൂർത്തിയായി (നട 2:1-4). ഈ ദൈവാത്മാവുതന്നെയാണ് ഇന്നും സഭയുടെ എല്ലാ പ്രവർത്തനങ്ങളുടേയും ശക്തികേന്ദ്രം.

മാമോദീസായിൽ ജന്മപാപം നീക്കുന്നത് - തൈലാഭിഷേകത്തിൽ സ്ഥൈര്യം നൽകുന്നത് - വി. കുർബാനയിൽ അപ്പത്തേയും വീഞ്ഞിനേയും മിശിഹായുടെ ശരീരരക്തങ്ങളാക്കി മാറ്റുന്നത് - കുമ്പസാരത്തിൽ പാപങ്ങൾ മോചിക്കുന്നത് - രോഗീലേപനത്തിൽ ആത്മാവിനേയും ശരീരത്തേയും സുഖപ്പെടുത്തുന്നത് - തിരുപ്പട്ടത്തിലും വിവാഹത്തിലും ഏറ്റെടുക്കുന്ന ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുന്നതിനു ശക്തിപകരുന്നത് - പരിശുദ്ധാത്മാവാണ്.

**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവത്തിന് സ്തുതിയും ആരാധനയും സമർപ്പിക്കുക സഭയുടെ - ദൈവസമൂഹത്തിന്റെ കൂട്ടായ കടമയാണ്.**

ആരാധനക്രമം - കൂദാശകളുടെ പരികർമ്മം - ആരുടേയും വ്യക്തിപരമായ ശുശ്രൂഷയോ രഹസ്യാചാരമോ അല്ല. സഭാസമൂഹത്തിന്റെ പൊതു ശുശ്രൂഷയാണ്. അതുകൊണ്ട് അതു വ്യക്തിപരവും സ്വകാര്യവുമായി അനുഷ്ഠിക്കുന്ന രീതി കഴിവതും ഒഴിവാക്കണം. (ആരാധനക്രമം 26, 27) സഭ മിശിഹായുടെ ശരീരവും സഭാംഗങ്ങൾ അതിലെ അവയവങ്ങളുമാണ്. സഭയെന്ന നിലയിൽ കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ സാമൂഹിക സ്വഭാവം കാത്തുസൂക്ഷിക്കണം.





**അദൃശ്യവരപ്രസാദം സൂചിപ്പിക്കുന്ന കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത് ദൃശ്യമായ അടയാളങ്ങളിലൂടെയാണ്.**

അദൃശ്യമായ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിന് ശരീരബന്ധിയായ മനുഷ്യന് ഇന്ദ്രിയ ഗോചരങ്ങളായ അടയാളങ്ങൾ ആവശ്യമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ, ആരാധനക്രമം മനുഷ്യവിശുദ്ധീകരണം ഐന്ദ്രികമായ അടയാളങ്ങളിലൂടെ പ്രകാശിപ്പിക്കുന്നു. ഈ അടയാളങ്ങൾ അവയുടേതായ രീതിയിൽ അതു സാക്ഷാത്കരിക്കുകയും ചെയ്യുന്നു . (ആരാധനക്രമം - നമ്പർ 7) അതുകൊണ്ട് കൂദാശകളിൽ ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും തിരിച്ചറിയുക അവയിൽ ഫലപ്രദമായി പങ്കെടുക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

**കൂദാശകളിൽ അടയാളങ്ങളും പ്രതീകങ്ങളുമുണ്ട്**

ഇവരണ്ടും തമ്മിൽ സാമ്യവും അടുപ്പവുമുണ്ടെങ്കിലും വ്യത്യാസമുണ്ട്. അടയാളം ഒരു ചൂണ്ടുപലകയാണ്. മറ്റൊന്നിലേക്കു ശ്രദ്ധ തിരിക്കുന്നതിനുള്ള ഒരു മാധ്യമം. (ഉദാ: കൈചൂണ്ടി) എന്നാൽ പ്രതീകം അടയാളമാണെന്നുമാത്രമല്ല അത് ഒരു യാഥാർത്ഥ്യം ഉൾകൊള്ളുകകൂടി ചെയ്യുന്നു. (ഉദാ: വി. കുർബാനയിൽ അപ്പവും വീഞ്ഞും. അപ്പവും വീഞ്ഞുമെന്ന അടയാളങ്ങൾ യേശുവിന്റെ തിരുശരീരരക്തങ്ങളാകുന്ന യാഥാർത്ഥ്യവും ഉൾകൊള്ളുന്നു.)

അദൃശ്യമായ യാഥാർത്ഥ്യം എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കുക എന്ന വലിയ ദൗത്യമാണ് അടയാളത്തിനുള്ളത്.അതുകൊണ്ടുതന്നെ,ഉപയോഗിക്കുന്ന അടയാളം അധികം വിശദീകരണമില്ലാതെ മനസ്സിലാക്കാൻ കഴിയുന്നതായിരിക്കണം.

**കൂദാശകളും ഭക്താനുഷ്ഠാനങ്ങളും.**

കൂദാശകളും സ്വകാര്യ പ്രാർത്ഥനകളും (ഭക്താനുഷ്ഠാനങ്ങളും) തമ്മിൽ വ്യത്യാസമുണ്ട്. ഭക്താനുഷ്ഠാനങ്ങളിൽ രണ്ട് ഉപവിഭാഗങ്ങളുണ്ട്.

| | |
|---|---|
| ഭക്താഭ്യാസങ്ങൾ | - ധ്യാനം, ആത്മശോധന തുടങ്ങിയവ (Pious exercises) |
| ഭക്താനുഷ്ഠാനങ്ങൾ | - ജപമാല, കുരിശിന്റെ വഴി, നൊവേന........ (Popular devotions) |

## കൂദാശകളും ഭക്താനുഷ്ഠാനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ

**കൂദാശകൾ യേശു സ്ഥാപിച്ചവയാണ്. ഭക്താനുഷ്ഠാനങ്ങൾ മനുഷ്യർ സ്ഥാപിച്ചവയും.**

കൂദാശകൾ ഏഴും യേശു സ്ഥാപിച്ചവയാണ്. ഭക്താനുഷ്ഠാനങ്ങൾ മനുഷ്യരുടെ അനുഭവത്തിൽനിന്നും താല്പര്യങ്ങളിൽനിന്നും ജന്മമെടുക്കുന്നവയാണ്. അവയിൽ ക്രൈസ്തവ വിശ്വാസത്തിനും ആചാരത്തിനും യോജ്യമായവയെ സഭ ഔദ്യോഗികമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോരുന്നു. പരി. കന്യാമറിയത്തിന്റെ ജപമാലയും യേശുവിന്റെ പീഢാനുഭവം അനുസ്മരിക്കുന്ന കുരിശിന്റെ വഴിയും മറ്റും ഇപ്രകാരം സ്വീകാര്യത ലഭിച്ച ഭക്തമുറകളാണ്.

**കൂദാശകൾ വിശുദ്ധീകരിക്കുന്നു. ഭക്താനുഷ്ഠാനങ്ങളോ?**

ഓരോ കൂദാശയും ഓരോ തലത്തിൽ വിശുദ്ധീകരണം നടത്തുന്നു. ഭക്താനുഷ്ഠാനങ്ങൾ ആധ്യാത്മിക ജീവിതത്തിനു സഹായകമാണെങ്കിലും ഒരു വ്യക്തിയെ വിശുദ്ധീകരിക്കാൻ പര്യാപ്തമാണെന്നു കരുതാൻ ന്യായം കാണുന്നില്ല. ഉദാ : ജന്മപാപം നീക്കാൻ മാമോദീസയല്ലാതെ മറ്റെന്തു മാർഗ്ഗമാണുള്ളത്? മാരകപാപാവസ്ഥയിൽ ജീവിക്കുന്ന വ്യക്തി കുമ്പസാരിക്കാതെ നൊവേന നടത്തിയാൽ പാപമോചനം ലഭിച്ച് വിശുദ്ധീകരിക്കപ്പെടുകയില്ല.

**ദൈവവും മനുഷ്യനും തമ്മിൽ സംഗമിക്കുന്ന പ്രക്രിയയാണ് കൂദാശയിൽ നടക്കുന്നത്. എന്നാൽ ഭക്താനുഷ്ഠാനങ്ങളിൽ ഈ സംഗമം നടക്കുമെന്നു പറയാനാവില്ല.**

എല്ലാ കൂദാശകളിലും കയറിച്ചെല്ലുന്ന (ascending) മനുഷ്യനും ഇറങ്ങിവരുന്ന (descending) ദൈവമുണ്ട്. ചോദിക്കുവിൻ നൽകപ്പെടും എന്ന യേശുവിന്റെ വാഗ്ദാനം അക്ഷരംപ്രതി യാഥാർത്ഥമാകുന്ന മേഖലയാണ് കൂദാശകളുടേത്. പാപിയായ മനുഷ്യൻ മനസ്തപിച്ച് തെറ്റുകൾ ഏറ്റുപറഞ്ഞാൽ കുമ്പസാരമെന്ന കൂദാശയിലൂടെ അവൻ ആഗ്രഹിക്കുന്ന പാപമോചനം ലഭിക്കുന്നു. ഒരുക്കത്തോടെ തിരുപ്പട്ടം സ്വീകരിക്കാൻ അണയുന്ന വ്യക്തിക്ക് കൈവയ്പു ശുശ്രൂക്ഷയിലൂടെ അഗ്രഹിച്ചത് ലഭിക്കുന്നു. അങ്ങനെ എല്ലാ കൂദാശകളിലും സംഭവിക്കുന്നു.

ഭക്താനുഷ്ഠാനങ്ങളിലോ – ചില പ്രത്യേക കാര്യങ്ങൾ സാധിച്ചുകിട്ടുന്നതിന് നൊവേനയോ തീർത്ഥാടനമോ നടത്തുന്ന വ്യക്തി





കളുണ്ട്. പക്ഷേ ചോദിച്ചതു ലഭിക്കുമെന്ന് എന്താണുറപ്പ്? ചുരുക്കത്തിൽ, ഭക്താനുഷ്ഠാനങ്ങളിൽ കയറിച്ചെല്ലുന്ന മനുഷ്യരുണ്ട്, ഇറങ്ങിവരുന്ന ദൈവത്തിന്റെ കാര്യത്തിൽ ഉറപ്പില്ല.

**കൂദാശകൾ വസ്തു നിഷ്ഠമാണ്; ഭക്താനുഷ്ഠാനങ്ങൾ വ്യക്തിനിഷ്ഠവും.**

പരികർമ്മം ചെയ്യുന്ന വൈദികന്റെ അറിവോ വിശുദ്ധിയോ അല്ല, കൂദാശയുടെ ഫലം നിർണ്ണയിക്കുന്നത്. പാപിയായ വൈദികൻ ബലിയർപ്പിച്ചാലും അപ്പവും, വീഞ്ഞും യേശുവിന്റെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടും. പാപമോചനം നൽകിയാൽ പാപം മോചിക്കപ്പെടും. കാരണം കൂദാശയുടെ ഫലം അനുഷ്ഠാനബന്ധവും വസ്തുനിഷ്ഠവുമാണ്.

ഭക്താനുഷ്ഠാനങ്ങളാകട്ടെ, അനുഷ്ഠിക്കുന്ന വ്യക്തിയുടെ വിശ്വാസത്തേയും ആഗ്രഹത്തേയും ആശ്രയിച്ചിരിക്കുന്നു. നിയമം പാലിക്കാൻവേണ്ടിയോ മറ്റുള്ളവരെ ബോധിപ്പിക്കാൻ വേണ്ടിയോ മാത്രം ഭക്താനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നവർക്ക് അതിലൂടെ ഒരു ഫലവും സിദ്ധിക്കുന്നില്ല. കൂദാശകൾ വസ്തുനിഷ്ഠമാണെന്നു പറയുമ്പോൾ അവയിൽ പങ്കെടുക്കുന്ന വ്യക്തികളുടെ സജീവമായ സാന്നിദ്ധ്യവും ഭാഗഭാഗിത്വവും ആവിശ്യമില്ലെന്ന് അർത്ഥമാക്കുന്നില്ല. തീർച്ചയായും അവ വേണം. കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ അതിനാൽത്തന്നെ (ex opere operato) ഫലം സിദ്ധിക്കുമെന്ന ധാരണയിൽ അവയെ സമീപിക്കുന്നത് ശരിയല്ല. മറിച്ച് കൂദാശ ഒരനുഭവമാകത്തക്കവിധത്തിൽ വേണം അതിനെ സമീപിക്കാൻ.

**കൂദാശകൾ സാർവ്വത്രികമാണ്; ഭക്താനുഷ്ഠാനങ്ങൾ പ്രാദേശികവും.**

സഭയിൽ ആര്, എവിടെ പരികർമ്മം ചെയ്താലും ഒരേ ഫലമാണ് കൂദാശകൾക്കുള്ളത്. കാർമ്മികൻ മാർപാപ്പയോ മെത്രാനോ വൈദികനോ അത്മായനോ (വീട്ടുമാമ്മോദീസയിൽ) ആയാലും ഫലത്തിൽ വ്യത്യാസമുണ്ടാവുകയില്ല. കാരണം കൂദാശകൾക്ക് സാർവ്വത്രികമാനമുണ്ട്. ഭക്താനുഷ്ഠാനങ്ങൾക്ക് പ്രാദേശിക സ്വഭാവമാണുള്ളത്. അതുകൊണ്ടാണ് വിശുദ്ധരുടെ വണക്കത്തിനു ചില പ്രത്യേക സങ്കേതങ്ങളിൽ ആളുകൾ തിങ്ങിക്കൂടുന്നത്. തീർത്ഥാടനകേന്ദ്രങ്ങളുടേയും സ്ഥിതി വ്യത്യസ്ഥമല്ല.

**കൂദാശകൾ നിർബന്ധമാണ്; ഭക്താനുഷ്ഠാനങ്ങൾ ഐച്ഛികവും.**

ക്രൈസ്തവന്റെ ആത്മീയ ഭക്ഷണമാണ് കൂദാശകൾ. ജനനം

മുതൽ മരണംവരെയുള്ള അവന്റെ എല്ലാ ആവശ്യങ്ങളിലും അവനോടൊപ്പം ആയിരിക്കുന്നതിനും, അവനെ വിശുദ്ധീകരിക്കുന്നതിനും യേശു സ്ഥാപിച്ചവയാണല്ലോ കൂദാശകൾ. യേശുവിലുള്ള പുതുജന്മത്തിന് മാമോദീസായും, വളർച്ചയ്ക്കു സ്ഥൈര്യലേപനവും, ആരോഗ്യത്തിനു വി. കുർബാനയും, തളർച്ചയ്ക്കു പ്രതിവിധിയായി കുമ്പസാരവും, ജീവിതാന്തസ്സുമായി ബന്ധപ്പെടുത്തി വിവാഹം, തിരുപ്പട്ടം എന്നിവയും ഈ ലോകത്തോടു വിടവാങ്ങുന്നതിനു മുമ്പായി രോഗീലേപനവും നൽകപ്പെട്ടു. ഇവ ആത്മീയ ജീവിതയാത്രയിൽ ആവശ്യമുള്ള ദൈവീക സഹായമാണല്ലോ. അതുകൊണ്ടാണ് ഇവ യഥാസമയം നിർബന്ധമായും സ്വീകരിക്കണമെന്നു പറയുന്നത്. ഭക്താനുഷ്ഠാനങ്ങളുടെ സ്ഥിതി വ്യത്യസ്തമാണ്. അവ ആത്മീയോന്നമനത്തിന് സഹായകമാണെങ്കിലും കൂദാശകൾ പോലെ നിർബന്ധമുള്ളവയല്ല.

ആരാധനക്രമാനുഷ്ഠാനങ്ങൾക്കുള്ള ചില സവിശേഷതകൾ ഭക്താനുഷ്ഠാനങ്ങൾക്കുണ്ടെന്ന വസ്തുതയും ശ്രദ്ധാർഹമാണ്. ഉദാഹരണത്തിന് പൊതുവേ പറഞ്ഞാൽ ഭക്താനുഷ്ഠാനങ്ങൾ പരസ്യമായി അനുഷ്ഠിക്കുന്നവയാണ്. പൊതുജന സഹകരണത്തോടെ നടത്തപ്പെടുന്ന ഈ അനുഷ്ഠാനങ്ങളിൽ പലതും സഭാസമൂഹത്തിൽ കൂട്ടായ്മയും ഐക്യബോധവും പരസ്പര സഹകരണവും കൈവളർത്താൻ സഹായകമാകുന്നുണ്ടന്ന് സമ്മതിക്കണം. അതേസമയം ഇവയോടുള്ള അമിതമായ ആഭിമുഖ്യം ഇവയെ പതിന്മടങ്ങ് അതിശയിക്കുന്ന കൂദാശകളുടെ സ്വീകരണത്തിൽനിന്ന് വിശ്വാസികൾ അകന്നു നിൽക്കാൻ ഇടവരരുത്.

## ഏഴു കൂദാശകൾ

### 1. മാമോദീസാ

ഉയർത്തെഴുന്നേറ്റ യേശു സഭയെ പ്രേഷിതദൗത്യം ഏൽപ്പിച്ചുകൊണ്ട് നൽകിയ സന്ദേശമാണ് അവിടുന്നു മാമ്മോദീസാ സ്ഥാപിച്ചുവെന്നതിനു തെളിവായി ചൂണ്ടിക്കാണിക്കാവുന്നത്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനങ്ങളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ (മത്താ 28 :19-20). യേശു മാമോദീസാ എന്ന കൂദാശ ഉദ്ദേശിച്ചിരുന്നുവെന്ന് വ്യക്തമാകുന്നു. മാത്രമല്ല വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും (മർക്കോ 16 :16) എന്ന





വാക്യവും ഈ സത്യംതന്നെ പ്രഖ്യാപിക്കുന്നു. റോമ : 6:34, അപ്പ:പ്രവർത്തനങ്ങൾ 2:38, 8:16, 8:38, 9:18 - മാമോദീസായെക്കുറിച്ചു പറയുന്നു.

**മാമോദീസാ എന്നപദം:** മാമോദീസാ എന്ന സുറിയാനിപദത്തിന്റെ അർത്ഥം മുക്കുക , സ്നാനപ്പെടുത്തുക എന്നൊക്കെയാണ്. ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന ആമുശോ എന്ന പദമാകട്ടെ, ഗ്രീക്കു മൂലത്തിൽനിന്നു വന്നതാണ്. അതിന്റെയും അർത്ഥം മുക്കുക , സ്നാനപ്പെടുത്തുക എന്നൊക്കെത്തന്നെയാണ്. ജലം കൊണ്ടുള്ള മാമോദീസായാണ് സ്നാപകയോഹന്നാൻ നൽകിയത്. അതിന്റെ ലക്ഷ്യം മാനസാന്തരമായിരുന്നു. എന്നാൽ യേശുവിന്റെ മാമോദീസാ പരിശുദ്ധാത്മാവിനാലും അഗ്നിയാലും (മത്താ 3 :11) ഉള്ളതായിരുന്നു. അതിന്റെ ലക്ഷ്യം മാനസാന്തരത്തോടൊപ്പം പരിശുദ്ധാത്മാവിലുള്ള ജീവിതം കൂടിയാണ്. തിന്മയെ ദുരീകരിക്കുവാനും നന്മയിൽ നമ്മെ വളർത്തുന്നവനുമാണ് പരിശുദ്ധാത്മാവ്. പുതിയനിയമത്തിൽ അഗ്നിയും ജലവും പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളാണ്. അഗ്നിക്കും ജലത്തിനും മാലിന്യം നീക്കാനും ശുദ്ധീകരിക്കാനും കഴിയും. ജലത്താലും പരിശുദ്ധാത്മാവിനാലും മാമോദീസാ സ്വീകരിക്കുന്ന വ്യക്തി പാപമോചനത്തിലൂടെ ശുദ്ധീകരിക്കപ്പെടുന്നു. അതിലുപരി പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അവൻ ദൈവപുത്രനും മിശിഹായുടെ രക്ഷാകര രഹസ്യങ്ങളിൽ പങ്കാളിയും ആയിത്തീരുന്നു. ജലംകൂടാതെ തൈലം, വെള്ള വസ്ത്രം കത്തിച്ചതിരി എന്നിവയാണ് മാമ്മോദീസായിൽ ഉപയോഗിക്കുന്ന മറ്റ് അടയാളങ്ങൾ.

**മാമ്മോദീസായുടെ ഫലങ്ങൾ:** ജന്മപാപവും കർമ്മപാപവുമുണ്ടെങ്കിൽ അതും നീക്കി നമ്മെ ദൈവത്തിന്റെ മക്കളും, സ്വർഗ്ഗത്തിന് അവകാശികളുമാക്കുന്നു. യേശുവിന്റെ പെസഹാരഹസ്യത്തിൽ പങ്കുപറ്റുന്നുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായ ഫലം. പുതുജന്മം ലഭിക്കുന്നു, പുതിയ സൃഷ്ടിയായിതീരുന്നു, മുദ്രലഭിക്കുന്നു (2 രീ്യ 6 :14 ff) ജന്മപാപം നീങ്ങുന്നു, കർമ്മപാപം നീങ്ങുന്നു. ദൈവപുത്രസ്ഥാനം ലഭിക്കുന്നു, യേശുവിനോട് താദാത്മ്യപ്പെടുന്നു, സഭയിൽ അംഗത്വത്തിന് അർഹത നേടുന്നു, യേശുവിന്റെ പൊതുപൗരോഹിത്യത്തിൽ പങ്കുപറ്റുന്നു, മറ്റു കൂദാശകൾ സ്വീകരിക്കാൻ യോഗ്യത ലഭിക്കുന്നു, സ്വർഗസൗഭാഗ്യത്തിന് അവകാശിയാകുന്നു.

### 2. തൈലാഭിഷേകം: (സ്ഥൈര്യലേപനം)

പരിശുദ്ധാത്മാവിനെ നൽകുന്ന കൂദാശയാണെന്ന് സ്ഥൈര്യലേ

പനമെന്ന് പൊതുവെ പറയാറുണ്ട്. മാമ്മോദീസായിലാണ് പരിശുദ്ധാത്മാവിനെ നമുക്ക് ആദ്യമായി ലഭിക്കുന്നത്. യേശുവിനെ പ്രഘോഷിക്കുവാനും ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ശക്തിയാണ് സ്ഥൈര്യലേപനത്തിലൂടെ നമ്മിലേക്ക് എഴുന്നള്ളിവരുന്ന പരിശുദ്ധാത്മാവ് നമുക്ക് നൽകുന്നത്. പൗരസ്ത്യ കാനൻനിയമം സ്ഥൈര്യലേപനത്തെ തൈലാഭിഷേകം എന്നാണു വിളിക്കുന്നത്. മാമോദീസായും സ്ഥൈര്യലേപനവും ഒരുമിച്ചു നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

വി.മൂറോൻ ഉപയോഗിച്ചാണ് ലേപനം നടത്തുന്നത്. മാമ്മോദീസായിലൂടെ പുതുജീവനിലേക്കു പ്രവേശിച്ചിരിക്കുന്ന് വ്യക്തിയെ പൂർണ്ണനാക്കി സ്ഥിരീകരിക്കുന്ന കൂദാശയാണ് സ്ഥൈര്യലേപനം. പരിശുദ്ധാത്മാവിന്റെ ജീവദായകമായ അടയാളത്താൽ മുദ്രിതനായി നീതിയുടെ കവചം ധരിച്ച് ശത്രുവിന്റെ എല്ലാ തന്ത്രങ്ങളിൽനിന്നും സംരക്ഷിക്കാൻ സ്ഥൈര്യലേപനം ഒരുവനെ പ്രാപ്തനാക്കുന്നു.

## 3. വി.കുർബാന

പെസഹായുടെ ദിവസത്തിൽ സെഹിയോൻ ഊട്ടുശാലയിൽ തന്റെ പന്ത്രണ്ടു ശിഷ്യരുടെ മധ്യത്തിൽ വച്ച് അപ്പവും വീഞ്ഞും ഉപയോഗിച്ച് യേശു വി.കുർബാന സ്ഥാപിച്ചു. (മത്താ 26 : 26–28, മർക്കോ 14 : 22–24, ലൂക്ക 22 : 17–20, 1 Cor 11: 23–26) എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ (1 കൊറി 11 : 24–25) നമ്മുടെ കർത്താവിന്റെ കൽപനപ്രകാരമാണ് നാം ബലിയർപ്പിക്കാൻ ഒരുമിച്ചു കൂടുന്നത്. ദൈവം മനുഷ്യരുടെ ഇടയിൽ വസിക്കുകയും മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുകയും ചെയ്യുന്ന സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രക്ഷയുടെ രഹസ്യമാണ് വി. കുർബാന. അന്ത്യ അത്താഴസമയത്ത് യേശുചെയ്ത നാലുകാര്യങ്ങളുടെ അനുസ്മരണവും അനുഷ്ഠാനവുമാണ് വി.കുർബാന.

**അപ്പമെടുത്ത് (കാസാ എടുത്ത്) കൃതജ്ഞതാ സ്തോത്രം ചെയ്തു:** ബലിവസ്തുവിന്റെ സജ്ജീകരണം - രക്ഷകനായ മിശിഹായാണ് യഥാർത്ഥ ബലിവസ്തു. ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തതോടെ ബലിവസ്തുവിന്റെ സജ്ജീകരണത്തിന് ആരംഭം കുറിച്ചു. പഴയനിയമ കാലഘട്ടത്തിലെ നിരവധി സംഭവങ്ങളിലൂടെയും ദൈവത്തിന്റെ ഇടപെടലുകളിലൂടേയും ബലിവസ്തു സജ്ജീകരിക്കപ്പെടുകയായിരുന്നു. മിശിഹായുടെ ജനനം ബലിവസ്തുവിന്റെ വ്യക്തമായ രൂപപ്പെടലായിരുന്നു. കർത്താവിന്റെ പരസ്യജീവിതസമാപനത്തോടെ ബലിവസ്തുവിന്റെ സജ്ജീകരണവും പൂർത്തിയായി. സജ്ജീകരണ പ്രക്രിയയിലെ അവസാനഘട്ടം : ഈശോയുടെ പീഢാസഹനം, മരണം, സംസ്കാരം.





വി. കുർബാനയിൽ അനാഫൊറ വരെയുള്ള ഭാഗത്ത്, രക്ഷകനായ മിശിഹാ ബലിവസ്തുവായി തയ്യാറാക്കപ്പെട്ട രക്ഷാകരസംഭവങ്ങളെല്ലാം അനുസ്മരിക്കുന്നു.

**വാഴ്ത്തി:** റൂഹാക്ഷണ പ്രാർത്ഥനയോടെ പൂർത്തിയാകുന്ന അനാഫൊറയിൽ വാഴ്ത്തുക എന്ന കർമ്മം അനുഷ്ഠിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ രഹസ്യമാണ് ഇവിടെ മുഖ്യമായും അനുസ്മരിക്കുന്നത്. വി. കുർബാനയിലെ മുഖ്യപ്രമേയവും രക്ഷാകരചരിത്രത്തിലെ പ്രമുഖ സംഭവവുമാണ് കർത്താവിന്റെ ഉയിർപ്പ്.

ബലിവസ്തു പൂർണ്ണമായും സ്വീകരിക്കപ്പെട്ടു എന്നതിന്റെ സാക്ഷ്യമാണ് തിരുവുത്ഥാനം. ബലിവസ്തുവിന്റെ സമ്പൂർണ്ണമായ രൂപാന്തരീകരണവും വിശുദ്ധീകരണവുമാണ് ഉയിർപ്പെന്ന രഹസ്യം.

**വിഭജിച്ചു:** ഉയിർത്തെഴുന്നേറ്റ ഈശോ ഓരോ വ്യക്തിയിലും ഏതുസമയത്തും പൂർണ്ണമായി സന്നിഹിതനാകാൻ കഴിവുള്ളവനായി രൂപാന്തരപ്പട്ടിരിക്കുന്നുവെന്ന് വിഭജന ശുശ്രൂഷ സൂചിപ്പിക്കുന്നു. വിഭജിക്കപ്പെട്ട അപ്പത്തിന്റെ ഓരോ അംശത്തിലും കർത്താവു പൂർണ്ണനായി സ്ഥിതിചെയ്യുന്നു. അപ്പത്തിലും കാസായിലും ഭാഗഭാക്കാകുന്ന ഓരോ വ്യക്തിക്കും കർത്താവിനെ പൂർണ്ണമായി ലഭിക്കുന്നു. ഈശോയുടെ പൂർണ്ണമായ ആത്മ സമർപ്പണത്തിന്റെ ഫലമാണിത്.

**നൽകി:** വി. കുർബാനയിലെ ദിവ്യകാരുണ്യ സ്വീകരണം - യുഗാന്ത്യ-സ്വർഗീയാനുഭവത്തിന്റെ മുന്നാസ്വാദനമാണ് ദിവ്യകാരുണ്യ സ്വീകരണം.

മിശിഹാ പൂർത്തിയാക്കിയ രക്ഷാകരപദ്ധതിയിലൂടെ നമുക്കുലഭിച്ച അനുഗ്രഹങ്ങൾ മുഴുവനും സംഗ്രഹിക്കുന്നതാണ് എന്റെ ഓർമ്മക്കായി' എന്നത്.

## 4. കുമ്പസാരം

മാനസാന്തരത്തിന്റെ കൂദാശയാണ് പാപമോചനം. പശ്ചാത്താപം, പാപം ഏറ്റുപറയൽ, പ്രായശ്ചിത്തം എന്നീ മൂന്നു ഘടകങ്ങൾ അതിനുണ്ട്. ചെയ്തുപോയ പാപത്തെക്കുറിച്ചുള്ള ബോധ്യം, ദൈവസ്നേഹത്തെ തിരസ്കരിച്ചതിലുള്ള ദുഃഖം, വഴിമാറാനുള്ള തീരുമാനം - ഇത്രയും കാര്യങ്ങളാണ് പശ്ചാത്താപം എന്നതുകൊണ്ട് അർത്ഥമാക്കുക. പ്രായശ്ചിത്തം എന്നത് മുഖ്യമായും ജീവിതനവീ

കരണത്തിനുള്ള ശ്രമമാണ്. ഇതൊന്നുമില്ലാതെ തിടുക്കത്തിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം സ്വീകരിച്ച് പഴയപടി ജീവിതം തുടരുമ്പോൾ പാപമോചനം എന്ന കൂദാശ എന്തുഫലം പുറപ്പെടുവിക്കുന്നു എന്ന ചോദ്യം ന്യായമായും നാം ചോദിക്കണം. കുമ്പസാരം ഒരു 'കടമ തീർക്കൽ' മാത്രമാകുമ്പോൾ അർത്ഥശൂന്യമായിത്തീരുന്നു. ആദിമസഭയിൽ വളരെ ചുരുക്കമായി മാത്രമേ പാപമോചനം നല്കിയിരുന്നുള്ളു എന്നും ദീർഘമായ ഒരുക്കവും പ്രായശ്ചിത്ത പ്രവൃത്തികളും സഭ ആവശ്യപ്പെട്ടിരുന്നു എന്നും നാം ഓർമ്മിക്കണം. അനുരഞ്ജനത്തിന്റെ കൂദാശയാണിത്. സഹോദരനുമായി രമ്യതയിലെത്താതെ ദൈവത്തോടു രമ്യതപ്പെടാൻ സാധിക്കുകയില്ല. ദൈവം സൗജന്യമായി നല്കുന്ന പാപമോചനം വലിയൊരുത്തരവാദിത്വം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. "മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ 6:15).

## 5. വിവാഹം

സ്ത്രീയും പുരുഷനും തമ്മിൽ സ്ഥാപിക്കുന്നതും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതുമായ ഒരുടമ്പടിയാണ് വിവാഹം. ദൈവം തന്നെയാണ് വിവാഹം സ്ഥാപിച്ചതെന്ന് രണ്ടാംവത്തിക്കാൻ സുനഹദോസ് പ്രഖ്യാപിക്കുന്നു. (സഭ ആധുനിക ലോകത്തിൽ, 48) കാരണം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല (ഉൽപ 2.78) എന്ന് ദൈവം തീരുമാനിച്ചു. പുരുഷൻ മാതാപിക്കന്മാരെ വിട്ട് ഭാര്യയോടു ചേരും. അവർ ഒരു ശരീരമായ് തീരും (ഉൽപ 2:24) സൃഷ്ടാവിന്റെ ഈ പദ്ധതി യേശുവും ഊന്നിപറഞ്ഞു: പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും (മത്താ 19:6) യേശു അതിനു മറ്റൊരു മാനവും നൽകി - ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തരുത്. അങ്ങനെ വിവാഹം അവിഭാജ്യമായ ഒരു ഉടമ്പടിയാണെന്ന് യേശു പ്രഖ്യാപിച്ചു.

വിവാഹ കർമ്മത്തിലെ പ്രധാന ഭാഗമാണല്ലോ വധൂവരന്മാർ പരസ്പര സമ്മതം പ്രകടിപ്പിക്കുന്ന വിവാഹ ഉടമ്പടി.. സ്വതന്ത്രമനസ്സോടും പൂർണ്ണമായ സമ്മതത്തോടുംകൂടി പരസ്പരം സ്വീകരിക്കുന്ന ദമ്പതിമാർ നിസ്വാർത്ഥമായ ആത്മ സമർപ്പണത്തിലൂടെയും, സൃഷ്ടികർമ്മത്തിലെ പങ്കാളിത്തത്തിലൂടെയും, പരസ്പര സഹായത്തിലൂടെയും ഈ ശുശ്രൂഷ യാഥാർത്ഥ്യമാക്കണം.

## 6. രോഗീലേപനം

രോഗീലേപനത്തെ സംബന്ധിച്ചുള്ള അപ്പസ്തോലിക സഭയ്ക്കുണ്ടായിരുന്ന വീക്ഷണം യാക്കോബ് 5 :14-15 ൽ നിന്നു ലഭിക്കുന്നു





- നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠൻമാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും അവിടുന്നു അവനെ എഴുന്നേൽപ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്നു മാപ്പുനൽകും . അതായത് രോഗിക്ക് സമാശ്വാസവും ശാന്തിയും ലഭിക്കുമെന്ന് സൂചന.

രോഗീലേപനം പാപമോചനത്തിനും ഉതകുന്ന കൂദാശയാണെങ്കിലും പ്രധാനമായും രോഗിയുടെ ആത്മാവിനും ശരീരത്തിനും സൗഖ്യം നൽകുന്നതാണിത്. രണ്ടു സന്ദർഭങ്ങളിൽ സാധാരണയായി രോഗിലേപനം നൽകും. രോഗം മൂലമോ മരണം സാധ്യമായ സാഹചര്യങ്ങളാണിവ. അന്ത്യലേപനം എന്ന കൂദാശയ്ക്ക് രോഗീലേപനം എന്ന പേരാണ് കൂടുതൽ അർത്ഥവത്തായിരിക്കുക. മരണാസന്നർക്കുവേണ്ടിയുള്ള കൂദാശയല്ലിത്. ആകയാൽ രോഗമോ വാർദ്ധക്യമോ നിമിത്തം ആരെങ്കിലും മരണാപകടത്തിലായാൽ തീർച്ചയായും അതയാൾക്ക് ഈ കൂദാശ സ്വീകരിക്കാൻ പറ്റിയ അവസരമായിരിക്കും (ആരാധനക്രമം, നമ്പർ 73)

രോഗീലേപനം അന്ത്യ കൂദാശയാണെന്ന തെറ്റിദ്ധാരണ മാറ്റാനുതകും വിധത്തിലാണ് ഈ ശുശ്രൂഷാക്രമം സ്വീകരിച്ചിട്ടുള്ളത്.

## 7. തിരുപ്പട്ടം

മാമോദീസായിലൂടെ ക്രൈസ്തവരെല്ലാം യേശുവിന്റെ പൊതു പൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ്. ചുരുക്കം ചിലർക്ക് അവിടുത്തെ രക്ഷാകര ശുശ്രൂഷയിലും പങ്കുചേരാൻ കൃപലഭിച്ചിരിക്കുന്നു. സഭയുടെ തലവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ശുശ്രൂഷ നിർവ്വഹിക്കുന്നതിനുള്ള ദൗത്യമാണ് പുരോഹിതന്മാർക്കു നൽകപ്പെടുന്നത്. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ദൗത്യങ്ങളിലൂടെയാണ് ഈ ശുശ്രൂഷ നിർവഹിക്കപ്പെടുന്നത്.

**പൗരോഹിത്യം പഴയനിയമത്തിൽ:** ആദ്യകാലത്ത് ഇസ്രായലിൽ ഔദ്യോഗിക പൗരോഹിത്യ ശുശ്രൂഷ ഉണ്ടായിരുന്നില്ല. കുടുംബത്തലവന്മാർതന്നെയാണ് ബലിയർപ്പിച്ചിരുന്നത്. പിന്നീട് ദേവാലയം നിർമ്മിച്ചു ഔദ്യോഗിക ബലിയർപ്പണം ആരംഭിച്ചു. പുരോഹിതാഭിഷേകവുമായി ബന്ധപ്പെട്ട നിബന്ധനകൾ കാലക്രമേണ രൂപപ്പെട്ടു. പുറപ്പാട് 29 :1-37, ലേവ്യർ 8:1-36 ഇവിടെ വിശദീകരിക്കുന്നുണ്ട്.

**പൗരോഹിത്യം പുതിയ നിയമത്തിൽ:** യേശു തന്നെതന്നെ ബലിയർപ്പിച്ചുകൊണ്ട് ബലിയർപ്പണത്തിനു പുതിയൊരു മാനം നൽകി. കുരിശിൽ സ്വയം ബലിയായിത്തീർന്ന് മനുഷ്യരെ ദൈവവുമായി

അനുരഞ്ജനപ്പെടുത്തിയ യേശു നിത്യവും നൂതനവുമായ ഒരുട മ്പടി സ്ഥാപിച്ചു. യേശു നിത്യരക്ഷ സാധിച്ചത് സ്വന്തരക്തത്തിലൂ ടെയാണ് (ഹെബ്രാ 9:12-14).

### വിവിധ പട്ടങ്ങൾ

സീറോമലബാർ റീത്തിൽ രണ്ടു ചെറിയ പട്ടങ്ങളും മൂന്ന് വലിയ പട്ടങ്ങളുമുണ്ട്. കാറോയപ്പട്ടം - എന്നാൽ വായനപ്പട്ടം, ഹെവ്പ്പ്ദയാക്കോൻപട്ടം - ദേവാലയത്തിലെ വിവിധ ശുശ്രൂഷ കൾക്കായി നിയോഗിക്കപ്പെടുന്നവരാണ് രണ്ടാമത്തെ ചെറിയ പട്ടം സ്വീകരിക്കുന്ന ഹെവ്പ്പ്ദ്യാക്കന്മാർ (സബ് സീക്കന്മാർ) മൂന്നു വലീയ പട്ടങ്ങളുണ്ട് :-

**1. മ്ശംശാനപ്പട്ടം - ഡീക്കൻ പട്ടം :-** ആരാധനക്രമാനുഷ്ഠാനങ്ങ ളിൽ ലേഖനം വായിക്കുക, ശുശ്രൂഷിയായി അറിയിപ്പുകൾ നട ത്തുക, പ്രാർത്ഥനകൾ ചൊല്ലുക, മെത്രാനെയും വൈദികനേയും ലിറ്റർജിയിൽ സഹായിക്കുക എന്നിവയാണ് ഇവരുടെ ദൗത്യങ്ങൾ. പിൽക്കാലത്ത് വേറെ ചില ദൗത്യങ്ങളും നൽകി. സുവിശേഷ പ്രസംഗം നടത്തുക (homily) ദിവ്യകാരുണ്യം നൽകുക, മനസ്സമ്മ തത്തിനു സഭയുടെ ഔദ്യോഗിക സാക്ഷിയാവുക, പരി.കുർബാന എഴുന്നള്ളിച്ചു വയ്ക്കുക.

**2. പുരോഹിതപട്ടം - 3. മെത്രാൻപട്ടം :-**യേശുവിന്റെ ശിഷ്യരാകാ നുള്ള വിളി എല്ലാവർക്കും നൽകപ്പെട്ടിട്ടുണ്ട്. (ലൂക്ക 9:23) എങ്കിലും ആദ്യം 12 ശിഷ്യരെയും പിന്നീട് 72 പേരേയും (ലൂക്കാ 10 :1-12) പ്രത്യേകമായി തിരഞ്ഞെടുത്ത് അയയ്ക്കുന്നുണ്ട്. സെഹിയോൻ ശാലയിൽവച്ച് വി.കുർബാന സ്ഥാപിച്ചത് തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹ ന്മാരുടെ മധ്യത്തിൽ വച്ചായിരുന്നു. പാപമോചനാധികാരം കൽപിച്ചു നൽകിയതും ശ്ലീഹന്മാർക്കുതന്നെ. യേശുവിന്റെ ശിഷ്യരാകാനുള്ള വിളി എല്ലാവർക്കും നൽകുന്നതിനും നേതാക്കന്മാരുടെ - അപ്പ സ്തോലന്മാരുടെ ഒരു സമൂഹത്തെ യേശു നിയോഗിച്ചു.

*(ഡോ. ജോസ് പൂവന്നിക്കുന്നേൽ, ഡോ. തോമസ് മേൽവെട്ടം)*



# 09

# സഭാചരിത്ര പഠനം

"ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു. കാരണം എനിക്ക് നിങ്ങളുടെ സഭയുടെ ചരിത്രം അറിയാം". എന്ന് പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന യൂജിൻ കാർഡിനൽ ടിസ്സറന്റ് സീറോ മലബാർ സഭയിലെ മെത്രാൻമാരോട് ഒരി ക്കൽ പറയുകയുണ്ടായി. അറിഞ്ഞതിനെ സ്നേഹി ക്കുക, കൂടുതൽ അറിഞ്ഞതിനെ കൂടുതൽ സ്നേഹി ക്കുക എന്നത് മനുഷ്യസഹജമാണല്ലോ. സഭയെ സ്നേഹിക്കണമെങ്കിൽ സഭയെ അറിയണം. സഭയെ അറിഞ്ഞ് സ്നേഹിക്കാനായി സഭയുടെ ചരിത്രം പഠിക്കണം.

### എന്താണ് സഭാചരിത്രം

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടി കളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന ക്രിസ്തുനാഥന്റെ ആഹ്വാനത്തിനു ചെവികൊടുത്തു കൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ശ്ലീഹ ന്മാരിലൂടെ സ്ഥാപിതമായ തിരുസഭയുടെ ജീവിത മാണ് സഭാചരിത്രം. ക്രിസ്തുവിന്റെ ആഹ്വാനത്തെ കടമയായി സ്വീകരിച്ച സഭ ആ ഉത്തരവാദിത്വത്തോട് എന്തുമാത്രം വിശ്വസ്തത പുലർത്തി എന്നതിന്റെ ആത്മപരിശോധന കൂടിയാണ് സഭാചരിത്രം. ഈ

ആത്മപരിശോധനയുടെ വെളിച്ചത്തിൽ എല്ലാം ക്രിസ്തുവിൽ ഒന്നായിത്തീരുന്ന രണ്ടാമത്തെ ആഗമനം വരെ സഭാ നൗകയെ ഏതു പാതയിലൂടെ നയിക്കുമെന്ന് നിർദ്ദേശിക്കുന്ന ദിശാസൂചി കൂടിയാണ് സഭാചരിത്രം. അനേകം കൊടുങ്കാറ്റുകളുടെ മദ്ധ്യേ സഭാ നൗകയെ മനുഷ്യ കരങ്ങളിലൂടെ ദൈവം എപ്രകാരം നയിച്ചു എന്നതിന്റെ വിവരണം കൂടിയാണ് സഭാചരിത്രം. സഭാമക്കളെ സംബന്ധിച്ചിടത്തോളം സഭാ ചരിത്രമെന്നത് സ്വന്തം കുടുംബചരിത്രമാണ്. മാമ്മോദീസായിലൂടെ സഭയുടെ മടിത്തട്ടിൽ ജനിച്ച് കൂദാശകളിലൂടെ ദൈവിക ജീവന്റെ പാൽ നുകർന്ന് വളർന്നു വന്ന ഓരോ സഭാംഗത്തിനും സഭാചരിത്രം സ്വന്തം കുടുംബചരിത്രമാണ്.

ദൈവിക വെളിപാടിന്റെ അഥവാ ദൈവാവിഷ്കരണത്തിന്റെ രണ്ട് ദൈവവഴികളിലൊന്നാണ് വി. പാരമ്പര്യം. കാരണം യേശു ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനങ്ങളുടെ, ദൈവതിരുമനസ്സിന്റെ ദൃശ്യാവിഷ്ക്കാരങ്ങളാണ് വി. പാരമ്പര്യവും വി. ലിഖിതവും. വി. പാരമ്പര്യത്തിൽ നിന്നാണ് വി. ലിഖിതവും ജന്മമെടുത്തത്. ക്രിസ്തുനാഥന്റെ വചനങ്ങളെ ഹൃദയമാകുന്ന നല്ല നിലത്ത് സ്വീകരിച്ച വിശ്വാസി വചനാസുനുസൃത ജീവിതത്തിലൂടെ ദൈവരാജ്യത്തിന്റെ ജീവിതശൈലി സ്വന്തമാക്കി. ഈ ജീവിതശൈലിയുടെ ഓരോ സൂക്ഷ്മവശവും പാരമ്പര്യത്തിന്റെ ഘടകങ്ങളാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പാരമ്പര്യമെന്നു പറയുന്നത് ദൈവവചനം ജീവിച്ചതിന്റെ തിരുശേഷിപ്പുകളാണ്. ഇത്തരം പാരമ്പര്യങ്ങൾ വാമൊഴിയായി രൂപാന്തരം പ്രാപിച്ചപ്പോൾ വി.ലിഖിതങ്ങൾ ജന്മം കൊണ്ടു. ഇപ്രകാരം ദൈവാവിഷ്കരണത്തിന്റ രണ്ടു കൈവഴികളായി വി.പാരമ്പര്യവും വി. ലിഖിതവും നിലകൊള്ളുന്നു. ഇതേക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് ഇപ്രകാരമാണ് "ദൈവാവിഷ്കരണത്തിലെ എല്ലാ വസ്തുതകളേയും സംബന്ധിച്ചുള്ള അസന്നിഗ്ധമായ ബോധം വി. ലിഖിതങ്ങളിൽ നിന്നു മാത്രമല്ല സഭയ്ക്ക് ലഭിക്കുന്നത്. അതുകൊണ്ട് വി. ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടും കൂടി നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്." (ദൈവാവിഷ്ക്കരണം No.9).

വി. ലിഖിതങ്ങൾക്കൊപ്പം തന്നെ തുല്യപ്രാധാന്യത്തോടും ആദരവോടും കൂടി വി. പാരമ്പര്യങ്ങളെ കൂടി പിരിഗണിക്കണമെന്ന് കൗൺസിൽ പിതാക്കൻമാർ പഠിപ്പിക്കുന്നതു തന്നെ വി. പാരമ്പര്യങ്ങൾക്ക് സഭയിലുള്ള പ്രസക്തി എടുത്തു കാണിക്കുന്നു. മറ്റേതു ചരിത്രത്തിനും അവകാശപ്പെടാനാകാത്ത അമൂല്യമായൊരു സവിശേഷത സഭാചരിത്രത്തിനുണ്ട്. അത് സഭാചരിത്രത്തിന്റെ ദൈവശാസ്ത്രപരതയാണ്. ദൈവം മനുഷ്യനായി അവതരിച്ച് ഈ ഭൂമിയിൽ ജീവിച്ച് പീഢകൾ സഹിച്ച് മരിച്ച് മരണത്തേയും പാപത്തേയും





കീഴടക്കി ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത രക്ഷാകരസംഭവം നടന്നത് ചരിത്രത്തിലാണ്. ദൈവം മനുഷ്യനായതും ഈ മനുഷ്യാവതാരത്തിലൂടെ ലക്ഷ്യം വച്ചതിനെ നേടിയെടുക്കാനുള്ള സഭയുടെ നിതാന്ത പരിശ്രമവും ഈ പരിശ്രമങ്ങളിലെല്ലാം അദൃശ്യമായി നില്ക്കുന്ന പരിശുദ്ധാത്മാവിന്റെ വഴി നടത്തലുമാണ് സഭാ ചരിത്രത്തിന് ദൈവശാസ്ത്രപരത കല്പിച്ചു നല്കുന്നത്. സഭാചരിത്രത്തിന്റെ ദൈവശാസ്ത്രപരതയെ അറിഞ്ഞ് അതിനെ ജീവിക്കാൻ സഭാംഗങ്ങൾ പരിശ്രമിച്ചപ്പോഴാണ് വി. പാരമ്പര്യങ്ങൾ ഉണ്ടായത്. ഈ പാരമ്പര്യങ്ങളിൽ നിന്ന് ആരാധനാക്രമവും മറ്റെല്ലാ ദൈവശാസ്ത്രശാഖകളും ജന്മം കൊള്ളുന്നു. ഈ അർത്ഥത്തിൽ സഭാചരിത്രത്തിന് സഭാ ജീവിതത്തിൽ സവിശേഷ സ്ഥാനമുണ്ട്.

## സഭാചരിത്രം എന്തിനു പഠിക്കണം

ചരിത്രത്തെ മാറ്റിമറിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ഭാഗ്യസ്മരണാർഹനായ ജോൺ XXIII-മൻ മാർപാപ്പ പ്രസ്താവിച്ചു; "ക്രൈസ്തവവിശ്വാസ സത്യങ്ങളുടെ പാവന നിക്ഷേപം ഫലപ്രദമായി സംരക്ഷിക്കുകയും പഠിക്കുകയും പ്രചരിപ്പിക്കുകയുമാണ് ഈ സാർവ്വത്രിക സൂനഹദോസിന്റെ ലക്ഷ്യം". സഭാചരിത്ര പഠനത്തിന്റെ ലക്ഷ്യവും ഇതു തന്നെയാണെന്ന് നിസ്സംശയം പറയാം. രണ്ടായിരം വർഷങ്ങളിലൂടെ കൈമാറി പോന്ന വിശ്വാസത്തിന്റെ നിക്ഷേപത്തെ അറിയുക, സഭ കടന്നുവന്ന വഴികളെ അറിയുക. സത്യത്തിന്റെയും നന്മകളുടെയും വശങ്ങളെ മുറുകെപിടിക്കുക തെറ്റുകളെ തിരുത്തി മുന്നേറുക അറിഞ്ഞതിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ഇതാണ് ഏതൊരു ചരിത്രവിദ്യാർത്ഥിയുടേയും ലക്ഷ്യം. ക്രിസ്തുവിന്റെ സുവിശേഷവത്ക്കരണാഹ്വാനം സ്വീകരിച്ച ഏതൊരു ക്രൈസ്തവനും സഭാചരിത്രവിദ്യാർത്ഥിയാകാതിരിക്കാൻ കഴിയില്ല. കാരണം ഈ ആഹ്വാനത്തെ എപ്രകാരം എന്തുമാത്രം ആത്മാർത്ഥതയോടെ നിറവേറ്റി എന്ന വസ്തുതയുടെ സത്യം ഉരച്ചുനോക്കാനുള്ള ഉരകല്ലാണ് സഭാചരിത്രം. 1883 ൽ പതിമൂന്നാം ലെയോ മാർപാപ്പ വത്തിക്കാൻ രേഖാലയം ചരിത്രാന്വേഷികൾക്കായി തുറന്നു കൊടുത്തപ്പോൾ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. "ചരിത്രരചനയുടെ ഒന്നാമത്തെ നിയമം തെറ്റായതു പറയാൻ തുനിയാതിരിക്കുക. ശരിയായതു പറയാൻ ഭയപ്പെടാതിരിക്കുക എന്നതാണ്." തെറ്റായത് പറയാതിരിക്കാൻ കഴിയണമെങ്കിൽ ശരിയായതെന്തെന്ന് പഠിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യങ്ങളാണ് സഭാചരിത്രപഠനത്തെ ഏതൊരു സഭാംഗത്തിന്റെയും പ്രധാനമായ കടമയാക്കിത്തീർക്കുന്നത്.

*(ഡോ. ജോസ് വെട്ടിക്കൽ)*

# 10

## കാനൻ നിയമം

### പാശ്ചാത്യ (CIC), പൗരസ്ത്യ (CCEO) സഭകളുടെ കാനോൻ നിയമസംഹിതകൾ

ചില 'അരുതു'കളുടെയും 'അതെ'കളുടെയും ആകെത്തുകയാണ് നിയമം. അവ ഒരേ സമയം ചില കാര്യങ്ങൾ ചെയ്യാൻ കല്പിക്കുന്നതും ചിലത് ചെയ്യരുതെന്ന് നിഷ്കർഷിക്കുന്നതുമാണ്. നിയമങ്ങൾ ജീവിതത്തിന്റെ മാർഗ്ഗരേഖകളുമാണ്. ഉദാ: ട്രാഫിക് നിയമങ്ങൾ. നിയമം പലപ്പോഴും കാരണങ്ങൾ (Reasons) തരാറില്ല. അവ അതിനാൽത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നതും സാധാരണവുമാണ്. 'ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുക' എന്ന ക്രിസ്തീയനിയമം വെളിപ്പെടുത്തുന്നത് നിയമത്തിന്റെ ഈ സ്വഭാവമാണല്ലോ.

### വിവിധതരം നിയമങ്ങൾ

#### സ്വാഭാവിക നിയമം (ius Naturale)

മനസ്സാക്ഷി മനുഷ്യമനസ്സിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതും മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്നതുമാണ് Natural law അഥവാ സ്വാഭാവിക നിയമങ്ങൾ. കാര്യകാരണസ





ഹിതം മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്നിരിക്കുന്ന ഈ നിയമങ്ങൾ മനുഷ്യമനസ്സാക്ഷിയിൽ നിന്ന് ഉത്ഭൂതമാകുന്നതാണ്. ഉദാ: കള്ളം പറയരുത്, കൊല്ലരുത്.

എല്ലാ വ്യക്തികൾക്കും ഒരുപോലെ ബാധകവും ദൈവം സൃഷ്ടിച്ച സകലരും അനുഷ്ഠിക്കാൻ കടപ്പെട്ടതുമാണ് സ്വാഭാവിക നിയമം. എന്തെന്നാൽ ഇതിനുപിന്നിൽ എപ്പോഴും ഒരു കാര്യവും കാരണവുമുണ്ടായിരിക്കും. ഈ നിയമപാലനത്തിന് നീതി, സത്യം, ധാർമ്മികത എന്നീ ത്രിവിധ മൂല്യങ്ങളുടെ അടിസ്ഥാനമുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. കാരണം ഇവയാണ് സ്വാഭാവികനിയമത്തിന് തന്നെ അസ്തിത്വം നല്കുന്ന സുപ്രധാന ഘടകങ്ങൾ. അതിനാൽത്തന്നെ ഈ നിയമങ്ങൾ പാലിക്കാൻ സകലരും ബാധ്യസ്ഥരുമാണ്.

#### സർഗാത്മകനിയമങ്ങൾ

സമുദായത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതിക്കും നിലനില്പിനും വേണ്ടിയാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അത് ജീവിതത്തിന് അടുക്കും ചിട്ടയും കൈവരുത്തുന്നു. സമൂഹജീവിയായ മനുഷ്യൻ തനിക്കുള്ള അധികാരങ്ങളും അവകാശങ്ങളും എന്തൊക്കെയാണെന്നും, നിയമം എന്തിനുവേണ്ടി, എപ്രകാരം പാലിക്കണം എന്നും അറിഞ്ഞിരിക്കണം. ഒരു വ്യക്തിക്ക് പലതരത്തിലുള്ള നിയമങ്ങൾ പാലിക്കേണ്ടതായി വരാറുണ്ട്. ഒരു രാജ്യത്തിലെ പൗരനെന്നനിലയിൽ ആ രാജ്യത്തിന്റെനിയമം (civil law), ഏതെങ്കിലും ഒരു മതവിഭാഗത്തിലെ അംഗം എന്ന നിലയിൽ മതത്തിന്റെ നിയമം തുടങ്ങിയവ പാലിക്കാൻ ഒരുവൻ കടപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ കത്തോലിക്കാസഭയുടെ അംഗങ്ങൾ സഭയുടെ നിയമം (canon law) പാലിക്കാൻ കടപ്പെട്ടവരാണ്.

ഏതെങ്കിലുമൊരു രാജ്യത്തിന്റെ, ഉദാഹരണത്തിന്, ഇന്ത്യയുടെ നിയമം നിർമ്മിക്കുന്നത് പാർലമെന്റാണ്. അതേസമയം ആഗോള കത്തോലിക്കാ സഭയ്ക്കുവേണ്ടി നിയമനിർമ്മാണം നടത്തുക സഭാതലവനായ മാർപ്പാപ്പയാണ്.

സർഗ്ഗാത്മക നിയമം (positive law) ഉണ്ടാക്കാൻ പ്രത്യേക അധികാരമുള്ളവർക്കേ സാധിക്കുകയുള്ളൂ. 4 തരം നിയമങ്ങളാണ് ഇതിൽപ്പെടുക.

**സർഗ്ഗാതമക നിയമം**

- ദൈവികനിയമം
- സഭാത്മകനിയമം
- സ്ഥാപനനിയമങ്ങൾ
- രാജ്യനിയമം

**ദൈവിക നിയമം:** ദൈവം നേരിട്ട് തരുന്നവ. ഉദാ: പത്തു കല്പനകൾ.

**സ്ഥാപന നിയമം:** ഓരോ സ്ഥാപനത്തിലും നിയമനിർമ്മാണ അധികാരമുള്ള വ്യക്തികൾ വഴി ലഭിക്കുന്നവ.

**രാജ്യ നിയമം:** അതതു രാജ്യത്തിലെ പാർലമെന്റ് വഴി നല്കപ്പെടുന്നവ.

**ദൈവിക നിയമം:** ദൈവം മനുഷ്യന് നേരിട്ട് നല്കിയ ഈ ദൈവികനിയമങ്ങൾ പാലിക്കാൻ സകല സൃഷ്ടികളും കടപ്പെട്ടിരിക്കുന്നു. കത്തോലിക്കാ വിശ്വാസസംഹിതയുടെ ആകെത്തുകയാണ് ഈ നിയമങ്ങൾ എന്നുപറയാം. മനുഷ്യജീവിതത്തിന്റെ ഊടും പാവുമായ ദൈവികനിയമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് മനുഷ്യബുദ്ധിക്കു മനസ്സിലാക്കാനും ഗ്രഹിക്കാനും സ്വീകരിക്കാനും ഉപയുക്തമായ വിധത്തിലാണ്. ദൈവത്താൽ നല്കപ്പെട്ടവയായതിനാൽ ദൈവികനിയമങ്ങളിൽ മാറ്റം വരുത്താൻ സഭയ്ക്കും മനുഷ്യനും അവകാശമോ അധികാരമോ ഇല്ല. എന്നാൽ സ്ഥലകാലസാഹചര്യങ്ങൽക്കനുസൃതം ഇവയ്ക്ക് ചില വ്യാഖ്യാനങ്ങൾ നൽകാനും ചില നവീകരണങ്ങൾ വരുത്താനും സാധിക്കും. ഉദാ:- ഒരു കാലഘട്ടത്തിൽ ദൈവികനിയമത്തിന്റെ ഭാഗമായി അടിമത്തത്തെ കണക്കാക്കിയിരുന്നു. എങ്കിൽ, ഇന്നത് ദൈവനിയമത്തിന് എതിരാണ് എന്നു വ്യക്തമായി സഭ പഠിപ്പിക്കുന്നു.

വിശ്വാസവീക്ഷണത്തിനും പാരമ്പര്യങ്ങൾക്കും അനുയോജ്യമായും ഇന്നിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തും ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സാധിതമാക്കും വിധവും വേണം ദൈവീകനിയമങ്ങൾ വ്യാഖ്യാനിക്കുവാനും നവീകരിക്കുവാനും. ദൈവികനിയമങ്ങൾ നല്കപ്പെട്ടത് വെളിപാടുകൾ വഴിയാണ്. ക്രിസ്തുവഴി നമുക്കുലഭ്യമായ ദൈവികനിയമം ആണ് പുതിയനിയമവും പാരമ്പര്യങ്ങളും. സ്വാഭാവിക നിയമവും ദൈവികനിയമവും പരസ്പര ബന്ധിതങ്ങളും പരസ്പര പൂരകങ്ങളുമാണ്. ദൈവിക നിയമം സ്വാഭാവികനിയമത്തെ പൂർണ്ണമാക്കുകയും അതിന്റെ അന്തഃസത്തയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സ്വാഭാവികനിയമത്തിന്റെ ഉത്ഭവംതന്നെ ദൈവികനിയമത്തിൽ നിന്നാണ്.

### സർഗാത്മക മാനുഷികനിയമങ്ങൾ

സഭയ്ക്കുവേണ്ടിയുള്ള നിയമനിർമ്മാണ അധികാരം യേശുക്രിസ്തുവിൽനിന്ന് ഏറ്റെടുത്തവരാണ് അപ്പസ്തോലന്മാർ. ഇതിന്റെ തെളിവുകൾ പുതിയനിയമലേഖനങ്ങളിലും പാരമ്പര്യങ്ങളിലും ഉണ്ട്. ഈ അധികാരാവകാശങ്ങൾ അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരായ മെത്രാന്മാർ ഏറ്റെടുക്കുകയും കാലാകാലങ്ങളിൽ സഭയ്ക്കാവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയും, നിലവിലുള്ളതിനെ





നവീകരിക്കുകയും ചെയ്യുന്നു. സാർവ്വത്രിക സഭയെ സംബന്ധിച്ച നിയമങ്ങളിൽ പരമാധികാരം പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപ്പാപ്പയ്ക്കു മാത്രമാണ്. ഈ ആധികാരികതയെക്കുറിച്ചുള്ള അറിവ് ബൈബിളും പാരമ്പര്യങ്ങളും തന്നെയാണ് നമുക്ക് നൽകുന്നത്.

### രാജ്യനിയമവും സഭാനിയമവും

രാജ്യനിയമത്തിന്റെയും സഭാനിയമത്തിന്റെയും സവിശേഷതകൾ പ്രതിപാദിച്ചിട്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| രാജ്യനിയമം | സഭാനിയമം |
|---|---|
| • ഈ നിയമങ്ങൾ ലോകസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നു. | • പരമാധികാരിയായ മാർപാപ്പ നിയമങ്ങൾ വിളംബരം ചെയ്യുന്നു. |
| • രാജ്യസഭയിൽവച്ച് വേണ്ട വ്യതിയാനങ്ങൾ വരുത്തുന്നു. | • വിശ്വാസികൾ ഇവ അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു. |
| • രാജ്യസഭയിൽ നിന്നും ഈ നിയമങ്ങൾ പ്രസിഡണ്ട് സ്വീകരിച്ച് തന്റെ ഒപ്പോടുകൂടി പുറപ്പെടുവിക്കുന്നു. | • വിശ്വാസജീവിതക്രമീകരണത്തിന് ഊന്നൽ നൽകുന്നു |
| • ഈ നിയമങ്ങളിൽ വരുന്ന വീഴ്ചകൾക്ക് ശിക്ഷാവിധികളുണ്ട്. | • നിയമങ്ങളുടെ അനുസരണം വ്യക്തിയുടെ സ്വതന്ത്ര തെരഞ്ഞെടുപ്പാണ്. |
| • ക്രമസമാധാനത്തിന് പ്രത്യേക സംവിധാന ക്രമങ്ങളുണ്ട് (പോലീസ്, പട്ടാളം etc.) | • നിയമങ്ങൾ അനുസരിപ്പിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല. |
| | • നിയമപാലനത്തിന് സഭയിൽ പരിമിതികളുണ്ട്. |

### കാനൻ നിയമത്തിന്റെ ഉത്ഭവം

“കാനോൻ” (kanon) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥതലങ്ങൾ താഴെപ്പറയുന്നവയാണ്.

- ‘അളവുകോൽ’ അഥവാ അളക്കാൻ ഉപയോഗിക്കുന്ന നീളമുള്ളതും വക്രമല്ലാത്തതുമായ മരക്കഷണം
- നേർരേഖ വരയ്ക്കാൻ ഉപയോഗിക്കുന്ന മരക്കോൽ
- നേർവഴി കാണിക്കാനും, സ്വഭാവരൂപീകരണം, ശിക്ഷണം എന്നിവയ്ക്കുമുള്ള ചൂണ്ടുപലകകൾ അഥവാ മാർഗ്ഗരേഖകൾ.

തിരുസഭയിൽ ഉപയോഗത്തിലിരുന്ന ‘വിശുദ്ധപുസ്തകങ്ങൾക്ക്’ പൊതുവായി ‘കാനോന’ എന്നു പറഞ്ഞിരിക്കുന്നു (canonical books). ക്രിസ്തീയ സഭകളുടെ പശ്ചാത്തലത്തിൽ വിശ്വാസസത്യങ്ങൾ, ദൈവീക നിയമങ്ങൾ, ശിക്ഷണനിയമങ്ങൾ എന്നീ പേരുക

ളാൽ ഈ മാർഗ്ഗരേഖകൾ (കാനോനകൾ) അറിയപ്പെടാൻ തുടങ്ങി.

- നിയമങ്ങൾ പാലിച്ച് സന്യാസജീവിതം നയിച്ചിരുന്ന ഒരുകൂട്ടം സമർപ്പിതർ കാനോൻസ് (canons) എന്നറിയപ്പെട്ടിരുന്നു.
- സഭയിൽ വിശ്വാസരഹസ്യങ്ങളെ സൂചിപ്പിക്കാൻ "കാനൻ" എന്ന പദം ഉപയോഗിച്ചിരുന്നു. ഉദാ: വി. ഗ്രന്ഥകാനൻ, ആരാധനാക്രമകാനോന, വിശുദ്ധരാക്കുന്ന പ്രക്രിയ.
- ലത്തീൻ ഭാഷയിൽ "yegalae", "Lex", "ius" എന്നീ "കാനോന" യെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

## നിയമത്തിന്റെ മൂന്നുതലങ്ങൾ

ജനനം, ജീവിതം, മരണം തുടങ്ങിയഘട്ടങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിനുള്ളതുപോലെ നിയമവും വിവിധ ഘട്ടങ്ങളിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത്.

### സൃഷ്ടി

ഇതിൽ ഒരു നിയമനിർമ്മാതാവ് ഉണ്ടായിരിക്കും. ഇദ്ദേഹം നിയമത്തിന്റെ മൂല്യം, സ്വീകരണം എന്നിവ നിർണ്ണയിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. നിയമം ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്താണിതിന്റെ പ്രസക്തി? ഈ നിയമം സ്വീകരിക്കാൻ സമൂഹം തയ്യാറാണോ? തുടങ്ങിയ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായ ഉത്തരം കിട്ടിയാൽ നിയമത്തിന്റെ ഉത്ഭവമായി.

### ആശയവിനിമയം

നിയമത്തിലെ സുപ്രധാന കണ്ണികൾ നിയമനിർമ്മാതാവും സ്വീകർത്താവുമാണ്. നിയമപാലനത്തിന് അത് ഔദ്യോഗികമായി പുറപ്പെടുവിച്ചിരിക്കണം. ഉചിതമായ മാർഗ്ഗങ്ങളിലൂടെ സ്വീകർത്താക്കളിൽ എത്തിക്കണം. നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് നിശ്ചിതമായ കാലപരിധി നിശ്ചയിക്കണം. നിയമപഠനത്തിനും പാലനത്തിനും സമയപരിധി ഉണ്ടായിരിക്കണം. നിയമവിളംബരത്തിനും പാലനത്തിനുമിടയ്ക്കുള്ള സമയപരിധിക്ക് "Vocatio Legis"/ "Vocation of law" എന്നുപറയുന്നു.

### സ്വീകരണം

നിയമം ആരെ ഉദ്ദേശിക്കുന്നുവോ അവൻ അല്ലെങ്കിൽ സമൂഹം/ സമുദായം ആ നിയമം സ്വീകരിക്കുകയും പാലിക്കുകയും വേണം. ഇത് നിയമത്തെ 'അംഗീകരിക്കൽ' എന്നതിലുപരി ഒരു 'ഉൾക്കൊള്ളൽ' ആണ്. സമൂഹം സ്വതന്ത്രബുദ്ധി ഉപയോഗിച്ച് നിയമനിർമ്മാതാവിന്റെ ഉദ്ദേശശുദ്ധിയും നിയമത്തിന്റെ പൊരുളും മനസ്സിലാക്കണം. ഈ മനസ്സിലാക്കലിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്.





(i) ബൗദ്ധികമായ മനസ്സിലാക്കൽ
(ii) പണ്ഡിതരുടെ വ്യാഖ്യാനങ്ങൾ
(iii) സമൂഹത്തിലുള്ള നടപ്പിലാക്കൽ

അതിനാൽ സഭയുടെ നിയമജീവിതത്തിലെ കഥാപാത്രങ്ങൾ സമൂഹവും നിയമനിർമ്മാതാക്കളും നിയമത്തിന്റെ വിധികർത്താക്കളും ആണ്. നിയമം വേണ്ടവിധത്തിൽ മനസ്സിലാക്കുക, സ്വീകരിക്കുക, ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് സർവ്വപ്രധാനം.

## കാനൻ നിയമത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും

തിരുസ്സഭയുടെ കാനോനിക സംഹിത സഭയുടെ ജീവിതക്രമീകരണത്തിനും ശിക്ഷണത്തിനും വേണ്ടിയുള്ളതാണ്. അല്ലാതെ അവ വിശ്വാസസത്യങ്ങളല്ല. കാനൻസംഹിതയുടെ ലക്ഷ്യം സഭാസമൂഹത്തിന് മാർഗ്ഗനിർദ്ദേശം നൽകുക എന്നതിലാണടങ്ങിയിരിക്കുന്നത്. വിശ്വാസസത്യങ്ങളെക്കാൾ മാർഗ്ഗനിർദ്ദേശങ്ങളാണ് കാനോനസംഹിതയിലെ പ്രതിപാദ്യം. ഇത് ക്രിയാത്മകമായ ചെയ്തികൾക്ക്, നന്മപ്രവൃത്തികൾക്ക്, നിർദ്ദേശങ്ങൾ നൽകുന്നു. ഇതിൽ വിശ്വാസത്തിന്റെ ഘടകങ്ങൾക്കായിരിക്കുകയില്ല മുൻതൂക്കം.

## നിയമത്തിന്റെ ധർമ്മങ്ങൾ

വ്യത്യസ്തമായ രീതിയിൽ ചരിക്കുന്ന സംവിധാനങ്ങളായ രാഷ്ട്രത്തെയും തിരുസ്സഭയെയും നാം വേർതിരിച്ചുതന്നെ കാണണം. നമ്മയുടെ ഉത്ഭവം, ചരിത്രം, വളർച്ച, ലക്ഷ്യം എല്ലാം രാഷ്ട്രത്തിന്റേതിൽനിന്നു വ്യത്യസ്തമാണ്. ദൈവശാസ്ത്രപരമായി നോക്കുമ്പോൾ സഭ എന്നുപറയുന്നത് ഒരു രഹസ്യമാണ്. പരിശുദ്ധാത്മാവിന്റെ ആവാസസ്ഥലവും രക്ഷയുടെ അടയാളവുമായ സഭയ്ക്ക് ഒരു ദൗത്യം സാധിക്കാനുണ്ട്. എത്തിപ്പിടിക്കാനായി ഒരു അന്ത്യവുമുണ്ട്. ശിക്ഷാനടപടികൾക്കെന്നതിനേക്കാൾ സഭ ഊന്നൽ കൊടുക്കുന്നത് ശിക്ഷണത്തിനാണ്. അതു നടപ്പിൽ വരുത്താൻ പോലീസോ പട്ടാളമോ വേണ്ട. സാധാരണക്കാരും പാപികളുമടങ്ങിയ ഒരു സമൂഹമാണ് സഭ. അതിനാൽ സഭയിൽ ക്രമങ്ങളും ശിക്ഷണവും അവകാശങ്ങളും നിജപ്പെടുത്തണം.

**നിയമത്തിന്റെ നാലു ധർമ്മങ്ങൾ:** ഏതൊരു നിയമത്തിനും നിർവ്വഹിക്കുവാനുള്ളത് നാലുതരം ധർമ്മങ്ങളാണ്.

1. ലക്ഷ്യങ്ങൾ നിശ്ചയിക്കുക
2. ഭദ്രത ഉറപ്പാക്കുക
3. ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വചിക്കുക.
4. ബോധനം നല്കുക

തിരുസഭയുടെ കാനൻസംഹിത ഈ നാലുധർമ്മങ്ങളും നിർവ്വഹിക്കുന്നതായി കാണാം.

**1. ലക്ഷ്യങ്ങൾ നിശ്ചയിക്കുക:** 'ആത്മാക്കളുടെ രക്ഷ' (Salus animarum) സഭയുടെ പ്രധാന ഉദ്ദേശ്യമാണ്. സഭ അവളുടെ മക്കളുടെ രക്ഷ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമായി കാണുന്നു. നിയമസംഹിതയിലെ ഓരോ കാനോനയും സഭ എങ്ങനെ ഈ രക്ഷ സാധിക്കുന്നു, ഇതിനായി എന്തുചെയ്യുന്നു എന്ന് എടുത്തു കാണിക്കുന്നു. സഭയുടെ സുപ്രധാനനിയമം (supreme rule) തന്നെ 'ആത്മാക്കളുടെ രക്ഷ'യാണ്. ഇതിനായി സഭ മറ്റെല്ലാം മാറ്റിവയ്ക്കുന്നു.

**2. ഭദ്രത ഉറപ്പാക്കുക:** നിയമം സഭയിൽ ക്രമീകരണവും സ്ഥിരത (stability)യും കൈവരുത്തുന്നു. ഈ നിയമം വഴി സംജാതമാകുന്ന ഐക്യം എല്ലാവരും അവരവരുടെ ജീവിതത്തിൽ അനുഭവിക്കണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. അതിനുവേണ്ടി സഭ അധികാരികളെ തെരഞ്ഞെടുക്കുന്നു, കൂദാശകൾ പരികർമ്മം ചെയ്യുന്നു, ദൈവവചനം പ്രഘോഷിക്കുന്നു. യഥോചിതം തീരുമാനങ്ങൾ കൈക്കൊള്ളുന്നു, നീതി നിർവ്വഹിക്കുന്നു.

**3. കടമകളും ഉത്തരവാദിത്തങ്ങളും:** വ്യക്തിഗത അവകാശങ്ങളുടെ സംരക്ഷണത്തിലാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വിപരീതസാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ പരിഹാരം കാണുന്നതിനും നിയമം ആവശ്യമാണ്. പ്രശ്നപരിഹാരത്തിനും ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കാനും സംശയനിവാരണത്തിനും ആവശ്യമായ നിയമഫോറങ്ങൾ സഭ രൂപപ്പെടുത്തിയിട്ടുണ്ട്. സഭയിലും രാഷ്ട്രത്തിലും അംഗങ്ങളുടെ അവകാശങ്ങൾക്കും കടമകൾക്കും തുല്യപ്രാധാന്യമാണ് നല്കപ്പെടുന്നത്. സഭ തീർച്ചയായും വിശ്വാസികളുടെ അവകാശങ്ങളും കടമകളും വേണ്ടവിധം സംരക്ഷിക്കാൻ ബാധ്യസ്ഥയുമാണ്.

**4. ബോധനം:** സഭാ സമൂഹത്തെ എല്ലാകാര്യങ്ങളും വേണ്ടവിധം പഠിപ്പിക്കാനുള്ള ഒരു ഉപാധിയാണ് നിയമങ്ങൾ. വിശ്വാസികൾ തങ്ങളുടെ ജീവിതമൂല്യങ്ങളും നിലയും വിലയുമെല്ലാം ആർജ്ജിച്ചെടുക്കുന്നത് നിയമപഠനത്തിലൂടെയാണ്. സഭാതനയരുടെ പ്രതീക്ഷകളും വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ യോഗ്യത (qualifications) യും സന്യസ്തരുടെ ജീവിതാന്തസ്സിന്റെ കടമകളും ക്രമീകരിക്കുന്നതും നിജപ്പെടുത്തുന്നതും സഭാ നിയമങ്ങൾ തന്നെയാണ്.

## കാനൻ നിയമചരിത്രം

കാനൻ നിയമചരിത്രം വളരെ വിസ്തൃതവും അതിരുകാണാൻ കഴിയാത്തവിധം വിശാലവുമാണ്. പ്രധാനപ്പെട്ട ചരിത്രവികാസങ്ങളിലൂടെ കാനോനിക നിയമ ചരിത്രത്തെ വളരെ ചുരുക്കവും സാരാംശം നഷ്ടപ്പെടുത്താതെയും പ്രതിപാദിക്കുകയാണിവിടെ. ഏകമായ ആഗോള കത്തോലിക്കാസഭ വിവിധതരം പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും കാനോനിക നിയമസംഹിതകളുംകൊണ്ട് സമ്പന്നമാണ്. പന്തക്കുസ്താദിനത്തിൽ ജറുസലെമിൽ ആരംഭംകുറിച്ച സഭ വിവിധരാജ്യങ്ങളിൽ, വ്യത്യസ്തരൂപഭാവങ്ങളിൽ വളർന്ന് 'പാശ്ചാത്യം', 'പൗരസ്ത്യം' എന്നീ രണ്ട് വിഭാഗങ്ങളായി ഇന്നും നിലകൊള്ളുന്നു. ഈ വിഭജനം റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടുണ്ടായതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ലീഷൻ ചക്രവർത്തി (284-305) റോമാസാമ്രാജ്യത്തെ നാലായി വിഭജിച്ചെങ്കിലും ക്രമേണ നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (395) അത് പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ രണ്ടുവിഭാഗങ്ങൾ മാത്രമായിത്തീർന്നു. പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം റോമായും പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളും ആയിരുന്നു. പൗരസ്ത്യറോമാസാമ്രാജ്യത്തിൽ പാരമ്പര്യങ്ങളും ക്രമാനുഷ്ഠാനങ്ങളും വഴി രൂപംകൊണ്ട് വളർന്നുവികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ എന്നറിയപ്പെടുന്നത്. പാശ്ചാത്യസാമ്രാജ്യത്തിൽ വളർന്നുവന്ന സഭ പാശ്ചാത്യസഭ എന്നറിയപ്പെടുന്നു.

കാലക്രമേണ റോമാസാമ്രാജ്യത്തിനുപുറത്ത് ശ്ലീഹന്മാർ സഭകൾ സ്ഥാപിക്കുകയുണ്ടായി. അങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അഞ്ച് പൗരസ്ത്യ പാരമ്പര്യങ്ങൾ രൂപംകൊണ്ടു. അവ പേർഷ്യൻ, ബൈസന്റയിൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, അന്ത്യോക്യൻ എന്നിവയാണ്. ഇവയ്ക്ക് തനതായ ആരാധനക്രമ പാരമ്പര്യങ്ങൾ, അതായത്, ബലിയർപ്പണം, യാമപ്രാർത്ഥനകൾ, കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, തിരുനാളുകൾ, കാനോൻ നിയമസംഹിതകൾ ഇവയുണ്ടായിരുന്നു. കാലക്രമേണ പാശ്ചാത്യവിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം പൗരസ്ത്യസഭകൾ എന്നപേര് പ്രാബല്യത്തിൽ വന്നു. മേൽപ്പറഞ്ഞ പൗരസ്ത്യ -പേർഷ്യൻ-കൽദായ പശ്ചാത്തലത്തിലാണ് നമ്മുടെ സീറോമലബാർസഭ വളർന്നുവന്നത്. പൗരസ്ത്യ-പാശ്ചാത്യ കത്തോലിക്കാ സഭകൾ എല്ലാ കാര്യങ്ങളും വിഭിന്ന രീതിയിലാണ് കണ്ടിരുന്നതും നടത്തിയിരുന്നതും. ഇങ്ങനെയാണ് രണ്ടുതരം കാനോനികനിയമ സംഹിതകൾ രൂപപ്പെട്ടതും അതിന്റെ വിവിധരൂപങ്ങൽ മാറിമാറി പ്രാബല്യത്തിൽ വന്നതും. ഈ ദ്വിവിധ കാനൻ സംഹിതകളുടെയും ചരിത്രത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് അവയുടെ സ്രോതസ്സുകൾ ഏവയെന്ന് പരിശോധിക്കാം.

## കാനൻ നിയമത്തിന്റെ ഉറവിടങ്ങൾ

രണ്ടു സ്രോതസ്സുകളാണ് പ്രധാനമായും കാനൻ നിയമത്തിന്റെ

പ്രചോദകങ്ങൾ ആയി എക്കാലവും നിലകൊള്ളുന്നത്.

1. പത്തുകല്പനകൾ, യേശുക്രിസ്തുവിന്റെ പഠനങ്ങൾ, അപ്പസ്തോലന്മാരുടെ പഠനങ്ങൾ, മാർപാപ്പമാരും എക്യുമെനിക്കൽ സൂനഹദോസുകളും കൗൺസിലുകളും.

2. നിയമങ്ങൾ അടങ്ങിയ രേഖകളുടെ ശേഖരങ്ങൾ, സഭയിലെ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാനൻ നിയമചരിത്രത്തെ മൂന്നു ചോദ്യങ്ങൾക്കുത്തരമായി വിശദീകരിക്കുകയാണ് അഭികാമ്യം.

a) ആരാണ് കാനോൻ നിയമസംഹിത ഉണ്ടാക്കിയത്?
b) സ്വീകരിച്ചിരിക്കുന്ന അധികാരവും രൂപഭാവങ്ങളുമേവ?
c) നിയമങ്ങളുടെ രൂപകല്പനയ്ക്ക് സ്വീകരിച്ച നയങ്ങളും രീതികളും ഏവ?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ തുടർന്നുള്ള കാനൻനിയമചരിത്രത്തിന്റെ വിശകലനത്തിലൂടെ വ്യക്തമാക്കുന്നതാണ്.

## ലത്തീൻ സഭയുടെ കാനൻ നിയമ സംഹിത (CIC)

1985 ജനുവരി 25-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള നിയമസംഹിതയുടെ പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചു.

"നിയമങ്ങൾ ദൈവത്തിന്റെ അത്യുദാരമായ ദാനമാകുന്നു. അവയുടെ അനുഷ്ഠാനമോ സാക്ഷാത്തായ വിവേകവും (പ്രഭാ: 24)". എന്ന പഴയനിയമത്തിലെ ആശയം ഉദ്ധരിച്ചുകൊണ്ടാണ് പാപ്പാ പുതിയ കാനൻനിയമസംഹിതയുടെ ഔപചാരികമായ പ്രകാശനം നിർവ്വഹിച്ചത്. ലത്തീൻ സഭയുടെ നിയമസംഹിതയുടെ രണ്ടാമത്തെ പ്രധാനപതിപ്പാണിത്. പാശ്ചാത്യസഭയിൽ നിലവിലിരുന്ന നിയമക്കുറിപ്പുകൾ ക്രോഡീകരിച്ച് 1917ൽ പുറത്തിറക്കിയ നിയമസംഹിതയാണ് ആദ്യപതിപ്പ് (CIC 1917-codex iuris canomici-The code of canon law).

വിവിധവകുപ്പുകളുടെ തരംതിരിവനുസരിച്ചുള്ള പൊതുനിയമങ്ങൾ വ്യക്തികളെ സംബന്ധിക്കുന്ന, വസ്തുക്കളെ സംബന്ധിക്കുന്ന, നിയമനടപടികളെ സംബന്ധിക്കുന്ന, കുറ്റകൃത്യങ്ങളെയും അവയ്ക്കുള്ള ശിക്ഷകളേയും സംബന്ധിക്കുന്ന നിയമങ്ങൾ - എന്നീ അഞ്ചുപുസ്തകങ്ങളിലായി ആകെ രണ്ടായിരത്തി നാനൂറ്റി പതിനാല് (2414) കാനോനകൾ ഇതിലുണ്ട്. 1917 ലെ CIC യ്ക്കുമുമ്പുള്ള ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന വസ്തുതകൾ ഇവയാണ്. മുൻപറഞ്ഞതുപോലെ ഇന്നു ലഭ്യമായിരിക്കുന്ന കത്തോലിക്കാസഭയുടെ കാനൻ നിയമസംഹിതകളുടെ സ്രോതസ്സും ആദ്യ





നിയമങ്ങളുമായി നിലകൊള്ളുന്നത് ബൈബിൾ പഠനങ്ങളാണ്. തുടർന്ന് അപ്പസ്തോലന്മാരുടെ പഠനങ്ങൾ ഇതിനോടുചേർക്കപ്പെട്ടു. പില്ക്കാലത്ത്, മാർപ്പാപ്പമാരും സാർവ്വത്രിക കൗൺസിലുകളും സഭാകേന്ദ്രാലയങ്ങളും കാലാകാലങ്ങളിൽ നല്കിക്കൊണ്ടിരുന്ന നിയമശാസനകളെയും നിർദ്ദേശങ്ങളെയും ആധാരമാക്കിയായിരുന്നു സഭയുടെ സ്ഥാപന-സാമൂഹ്യവ്യവസ്ഥിതി ക്രമീകരിച്ച് നിയന്ത്രിച്ചുപോന്നിരുന്നത്.

കാലഹരണപ്പെട്ടുപോയവയെ മാറ്റി വൈവിധ്യമാർന്നതും ഭിന്നാത്മകവുമായ നിയമങ്ങൾ അടങ്ങിയിട്ടുള്ള വിവിധശേഖരങ്ങളിൽനിന്നും (collections) പ്രസക്തമായവ മാത്രം തെരഞ്ഞെടുത്ത് ഒരു സംഹിതയുടെ ചട്ടക്കൂടിലാക്കിക്രമീകരിക്കുക എന്ന ദുഷ്കരമായ ജോലിയായിരുന്നു 1917-ലെ നിയമസംഹിതാ വിധാതാക്കൾക്ക് നിർവ്വഹിക്കേണ്ടിയിരുന്നത്. പന്ത്രണ്ടുകൊല്ലത്തെ നിതാന്ത പരിശ്രമത്തിന്റെ ഫലമായിട്ടാണ് CIC-1917 പുറത്തിറങ്ങിയത്.

ലോകത്തിന്റെ ഗതിവിഗതികൾ അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്നതിനാൽ ക്രമേണ ഈ നിയമസംഹിതയും പരിഷ്കരിക്കേണ്ട ആവശ്യം നേരിട്ടു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും മാറുന്ന കാലഘട്ടത്തിലെ സഭയുടെ ആവശ്യങ്ങൾ പരിഗണിച്ചും 1959 ജനുവരി 25-ാം തീയതി ജോൺ 23-ാമൻ മാർപാപ്പ II-ാം വത്തിക്കാൻ കൗൺസിലിന് സമാഹ്വാനം ചെയ്തു. പ്രസ്തുത അവസരത്തിൽ കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണത്തിനുള്ള സജ്ജീകരണങ്ങൾ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. 1963 മാർച്ച് 28-ന് നിയമസംഹിത പരിഷ്കരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷൻ സ്ഥാപിതമായി. എങ്കിലും II-ാം വത്തിക്കാൻ കൗൺസിൽ മൂലം ഈ ജോലി നീട്ടിവയ്ക്കുകയാണുണ്ടായത്. 1965 നവംബർ 20-ാം തീയതി നിയുക്ത കമ്മീഷൻ ഈ ജോലിക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ അന്നത്തെ മാർപാപ്പ പോൾ ആറാമൻ നവീകരണ ജോലി സംബന്ധിച്ച് രണ്ടു സുപ്രധാന നിർദ്ദേശങ്ങൾ പ്രസ്തുത കമ്മീഷന് നല്കി. അവ താഴെപ്പറയുന്നവയാണ്.

1. നവീകരണം കൊണ്ടുദ്ദേശിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ പുനസംവിധാനം മാത്രമല്ല, ഉടച്ചുവാർക്കൽ (Recasting) കൂടിയാണ്.
2. നിയമനിർമ്മാണത്തിന് അടിസ്ഥാനമായി സ്വീകരിക്കേണ്ടത് വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളായിരിക്കണം.

അഞ്ചു ഭൂഖണ്ഡങ്ങളിലെ മുപ്പത്തൊന്നു രാഷ്ട്രങ്ങളിൽ നിന്നുള്ള ഒരു വിദഗ്ധസംഘമാണ് റിവിഷൻജോലി നിർവ്വഹിച്ചത്.

അവർ: 105 കർദ്ദിനാളന്മാർ, 77 മെത്രാപ്പോലീത്താമാരും മെത്രാ

ന്മാരും, 73 രൂപതാവൈദികർ, 47 സന്യാസവൈദികർ, 3 സിസ്റ്റേഴ്സ്, 12 അല്മായർ എന്നിവരാണ്. ഇവരുടെ സംഘാതാത്മക പ്രവർത്തനഫലമാണ് പുതിയ നിയമസംഹിത. 1917 CIC യുടേതിൽ നിന്നും പുതിയ നിയമസംഹിതയുടെ ഘടനയും ക്രമീകരണവും വ്യത്യസ്തമാണ്.

പ്രതിപാദ്യവിഷയങ്ങളുടെ സ്വഭാവം പരിഗണിച്ച് പ്രത്യേകശീർഷകങ്ങളോടുകൂടി ഭാഗങ്ങളും വകുപ്പുകളും ഉപവകുപ്പുകളുമായി തരംതിരിച്ച് ഏഴുപുസ്തകങ്ങളിലായി 1752 കാനോനകൾ ഈ സംഹിതയിലുണ്ട്.

ഒന്നാം പുസ്തകം - പൊതുനിയമങ്ങൾ
രണ്ടാം പുസ്തകം - ദൈവജനം
മൂന്നാം പുസ്തകം - സഭയുടെ പ്രബോധനാധികാരം
നാലാം പുസ്തകം - സഭയിലെ വിശുദ്ധീകരണ ശുശ്രൂഷകൾ
അഞ്ചാം പുസ്തകം- സഭയുടെ സ്ഥാവരജംഗമവസ്തുക്കൾ
ആറാം പുസ്തകം - സഭയിലെ അനുമതികൾ
ഏഴാം പുസ്തകം - സഭയിലെ നിയമവ്യവസ്ഥിതി

1917 CIC-യിലേക്കാൾ 662 കാനോനകൾ ഇതിൽ കുറവാണ്. ക്രമാനുഗതവും അർത്ഥസമ്പുഷ്ടവുമായ ഘടനയാണ് 1983-ലെ CIC യ്ക്കുള്ളത്. അവതരണത്തിലും കാലാനുഗതമായ നവീകരണങ്ങൾ വരുത്തുന്നതിലും - ചില സാങ്കേതിക പോരായ്മകളെ ഒഴിച്ചുനിർത്തിയാൽ - പുതിയ സംഹിത വിജയിച്ചിട്ടുണ്ട്. സഭയെ സംബന്ധിച്ചുള്ള II-ാം വത്തിക്കാൻ കൗൺസിലിന്റെ ശാസ്ത്രീയ പഠനവും സിദ്ധാന്തവും (Ecclesiology) നിയമത്തിന്റെ ഭാഷയിൽ (Judicial Language) അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് പുതിയ CIC യുടെ പ്രധാനസവിശേഷത. 1983 ലെ CIC ലത്തീൻറീത്തിൽപ്പെട്ട കത്തോലിക്കാസഭാ വിഭാഗത്തിനുമാത്രമേ ബാധകമായിരിക്കുകയുള്ളൂ (Can. I). പൗരസ്ത്യറീത്തുകളിൽപ്പെട്ട സഭാവിഭാഗങ്ങൾക്കുവേണ്ടിയുള്ള നിയമസംഹിത (CIEO) പിന്നീടാണ് പുറത്തുവന്നത്.

## പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത

പൗരസ്ത്യസഭകൾക്കുവേണ്ടി പരിഷ്കരിച്ച പൊതുവായ നിയമസംഹിത 'sacri canones' എന്ന തിരുവെഴുത്തുവഴി 1990 ഒക്ടോബർ 18-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു പ്രസിദ്ധീകരിച്ചു. CCEO-Codex Canonum Ecelesiarum Orientalium - The code of canons of the eastern churches-(പൗരസ്ത്യസഭകളുടെ കാനോൻ നിയമസംഹിത) എന്ന ശീർഷകത്തിൽ പ്രകാശനംചെയ്ത നിയമസംഹിത 1991 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽവന്നു. ഈ പുതിയ കാനൻ നിയമസംഹിതയെ പൗരസ്ത്യസഭകളുടെ ഉത്തമഭരണമാധ്യമമായും സഭാചരിത്രത്തിലെ നാഴികക്കല്ലായും മാർപാപ്പ വിശേഷിപ്പിച്ചു. 21 പൗരസ്ത്യ വ്യക്തിഗത കത്തോലിക്കാ സഭകൾക്കു മുഴുവനുമായുള്ള common code ആയ CCEO-യെ പൗരസ്ത്യസഭകളുടെ 'മാഗ്നാകാർട്ട' എന്നുവിശേഷിപ്പിക്കാം. മെത്രാന്മാരുടെ സിനഡിൽ CCEO-യെ അവതരിപ്പിച്ചുകൊണ്ട് ജോൺപോൾ മാർപാപ്പ നടത്തിയ പ്രസംഗത്തിലെ ചില പ്രധാന പരാമർശങ്ങൾ താഴെക്കൊടുക്കുന്നു.

1. വത്തിക്കാൻ കൗൺസിൽ വിഭാവനംചെയ്ത സഭാനിയമപരിഷ്കരണത്തിന്റെ കാര്യത്തിലെ മൂന്നാമത്തെ ചുവടുവയ്പായിരുന്നു ഇതിന്റെ യുടെ പ്രസിദ്ധീകരണം. 1983-ൽ CIC യും 1988-ൽ റോമൻ കൂരിയായുടെ പരിഷ്കരണം ലക്ഷ്യംവച്ചു പുറപ്പെടുവിച്ച 'നല്ല ഇടയൻ' (Pastor Bonus) എന്ന തിരുവെഴുത്തുമാണ് മറ്റു സുപ്രധാന നാഴികക്കല്ലുകൾ. സാർവ്വത്രികസഭയുടെ നിയമസംവിധാനതലങ്ങളിൽ ലത്തീൻ-പൗരസ്ത്യസഭകളുടെ നിയമസംഹിതകൾക്ക് തുല്യസ്ഥാനമാണുള്ളത്.

2. സാർവ്വത്രികസഭയുടെ എല്ലാ വിഭാഗങ്ങളും ഈ നിയമസംഹിതയെ (CCEO) അതിന്റെ വിശദാംശങ്ങളോടുകൂടി സ്വീകരിച്ച് അംഗീകരിക്കേണ്ടിയിരിക്കുന്നു.

3. പൗരസ്ത്യസഭകളുടെ ഭരണസീമകൾക്കുവെളിയിൽ സ്ഥിതിചെയ്യുന്ന പൗരസ്ത്യകത്തോലിക്കാ വിശ്വാസികളുടെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേകനിയമങ്ങൾക്കായുള്ള (Particular law-Jus speciale) വ്യവസ്ഥകൾ ഈ നിയമസംഹിത വിഭാവനം ചെയ്തിട്ടുണ്ട്.

4. പുതിയ നിയമസംഹിതയുടെ (CCEO) എക്യുമെനിക്കൽ സ്വഭാവമാണ് അതിന്റെ എടുത്തുപറയാവുന്ന മറ്റൊരു സവിശേഷത.

ജോൺപോൾ മാർപാപ്പ CCEO യ്ക്കു നല്കുന്ന വിശേഷണം 'സഭാശുശ്രൂഷയിലെ സ്നേഹവാഹനം' (The vehicle of charity in the service of the church) എന്നാണ്. "പൗരസ്ത്യസഭകൾ വളർന്നു വികസിക്കാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യത്തോടെ പൂർണ്ണമാക്കുവാനും" (OE.I) CCEO ഏറെ സഹായകരമാകുമെന്ന് ഇതിനാൽ വ്യക്തമാണ്.

## CCEO യുടെ രൂപീകരണചരിത്രം

എല്ലാ പൗരസ്ത്യസഭകൾക്കും പൊതുവായും സമ്പൂർണ്ണമായതുമായ ഒരു കാനൻനിയമസംഹിതയ്ക്കു രൂപംകൊടുക്കുക എന്ന

ലക്ഷ്യം മുൻനിർത്തി പതിനൊന്നാം പീയൂസ് മാർപാപ്പ അധ്യക്ഷനായുള്ള ഒരു സമിതി 1927-ൽ നിയമിതമായി. തുടർന്ന് 1929-ൽ കർദ്ദിനാൾ ഗാസ്പാരിയുടെ അധ്യക്ഷതയിൽ കർദ്ദിനാൾമാരുടെ പ്രാരംഭ കമ്മീഷൻ നിലവിൽവന്നു. 1935-ൽ കാനൻ നിയമ സംഹിതയുടെ ക്രോഡീകരണത്തിനായി പതിനൊന്നാം പീയൂസ് പാപ്പാ ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി 1948 ൽ സമ്പൂർണ്ണനിയമസംഹിതയുടെ കരടുരേഖ അംഗീകാരത്തിനും പ്രസിദ്ധീകരണത്തിനുമായി പന്ത്രണ്ടാം പീയൂസ് മാർപാപ്പയ്ക്കു സമർപ്പിച്ചു. എങ്കിലും ഈ കരടുരേഖയിൽ നിന്ന് ചില ഭാഗങ്ങൾമാത്രം പല തവണകളിലായി തിരുവെഴുത്തുകൾ (Motu Proprio) മുഖേന പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്. അവ:-

a) 1948-ൽ വിവാഹം സംബന്ധിച്ചവ (crebrae allatac)
b) 1950-ൽ നീതിന്യായം, കോടതിനടപടികൾ എന്നിവയെ സംബന്ധിച്ചവ
c) 1952-ൽ സന്യസ്തരെ സംബന്ധിച്ചും പള്ളിവസ്തുക്കളുടെ ഭരണക്രമം സംബന്ധിച്ചും ഉള്ളവ
d) 1957-ൽ വ്യക്തികളെ സംബന്ധിച്ചവ

മറ്റ് കൂദാശകളെ സംബന്ധിച്ച കാനോനകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല. വത്തിക്കാൻ ശേഖരത്തിൽ ഇന്നും അതിന്റെ ഫയൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. 12-ാം പീയൂസ് പാപ്പായുടെ കാലശേഷം സ്ഥാനാരോഹണം ചെയ്ത 23-ാം ജോൺ മാർപാപ്പ പൗരസ്ത്യ നിയമ സംഹിതയുടെ ബാക്കിവരുന്ന ഭാഗങ്ങളുടെ പ്രസിദ്ധീകരണം തല്ക്കാലം നിറുത്തിവയ്ക്കുകയാണുണ്ടായത്. 2-ാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ പാപ്പായ്ക്ക് സാർവ്വത്രികസഭയുടെ നിയമസംവിധാനം മുഴുവനായും വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ പരിഷ്കാര വിധേയമാക്കാനായിരുന്നു താല്പര്യം. സഭയിലും ലോകത്തിലും ത്വരിതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് കാലാനുഗതമായ ഒരു നവീകരണം പൗരസ്ത്യസഭകളുടെ കാനോനസംഹിതകൾക്കും ഉണ്ടായിരിക്കണമെന്ന് പാപ്പാ നിഷ്കർഷിച്ചു. അതിനാൽ 1959 ജനുവരി 25-ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനംചെയ്ത അവസരത്തിൽത്തന്നെ പ്രസ്തുത കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണങ്ങൾക്കുള്ള സജ്ജീകരണവുംകൂടി ഉണ്ടായിരിക്കുമെന്ന് സഭയെ അറിയിച്ചതായി നാം മുമ്പ് കണ്ടതാണല്ലോ. എങ്കിലും 1965-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ടും കാനൻ പരിഷ്കരണക്രമീകരണങ്ങൾ കാര്യമായി പുരോഗമിയ്ക്കാകയാൽ 1972 -ൽ പോൾ ആറാമൻ പാപ്പ പൗരസ്ത്യ നിയമ സംഹിതയുടെ സമഗ്രപരിഷ്കരണത്തിനായി കർദ്ദേനാൾ ജോസഫ് പാറേക്കാട്ടിൽ





അധ്യക്ഷനായുള്ള ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. 1974 മാർച്ച് 18-ാം തീയതിയിലെ ഉദ്ഘാടനസമ്മേളനത്തോടുകൂടി നിയുക്തകമ്മീഷൻ (PCCICOR) ജോലി ആരംഭിച്ചു. ഇരുപത്തൊന്നു പൗരസ്ത്യവ്യക്തിസഭകളുടെ (Ecclesia Sui iuris) പ്രാതിനിധ്യസ്വഭാവമുള്ള ഒരു വിദഗ്ധസംഘമാണ് നിയമസംഹിതയുടെ ജോലി നിർവ്വഹിക്കുവാനുണ്ടായിരുന്നത്. ഈ കമ്മീഷന് പോൾ ആറാമൻ പാപ്പാ ചില മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയത് ചുരുക്കമായി നമുക്കു കാണാം.

a) തിരുസ്സഭ (LG), പൗരസ്ത്യസഭകൾ (OE), എക്യുമെനിസം ഇവയെ സംബന്ധിച്ച വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ക്രോഡീകരണപ്രക്രിയയ്ക്ക് അടിസ്ഥാനമായി സ്വീകരിക്കുക.

b)എല്ലാ പൗരസ്ത്യവ്യക്തിസഭകൾക്കും ബാധകമാകുന്ന പൊതുനിയമങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് പുതിയ നിയമസംഹിത ക്രോഡീകരിക്കുക.

c) യഥാർത്ഥവും കാലോചിതവും പൗരസ്ത്യപാരമ്പര്യങ്ങളിൽ അടിയുറച്ചതും പൗരസ്ത്യസ്വഭാവമുള്ളതുമായ നിയമസംഹിതയ്ക്ക് രൂപംനൽകുക. ഓരോ സഭയ്ക്കും തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും സ്ഥലകാല അനുരൂപണങ്ങൾ നടത്താനുമുള്ള സാധ്യത ഉണ്ടായിരിക്കണം.

d) എക്യുമെനിസത്തെ പ്രോത്സാഹിപ്പിക്കുന്നതും നൈയാമിക സ്വഭാവമുള്ളതും (Juridical) അജപാലനാഭിമുഖ്യമുള്ളതും (pos- toral) ആയിരിക്കണം. "പ്രത്യേകനിയമം" ഉണ്ടാകാനുള്ള സാധ്യത ഓരോ സഭയ്ക്കും ഉണ്ടായിരിക്കണം

ഈ കമ്മീഷനിലെ അംഗങ്ങൾ: 6 പാത്രിയർക്കീസുമാർ, 8 കർദ്ദിനാൾമാർ, 7 മെത്രാന്മാർ, കൺസൾട്ടേഴ്സായി 11 മെത്രാന്മാർ, 33 രൂപതാ വൈദികർ, 21 സന്യാസവൈദികർ, 2 അല്മായർ എന്നിവരാണ്.

ഒൻപത് പഠനഗ്രൂപ്പുകൾ ആയി തിരിച്ച് നിയമസംഹിതയുടെ കരടിനു രൂപം കൊടുത്തതോടുകൂടി 1980 ൽ ക്രോഡീകരണപ്രക്രിയയുടെ 1-ാം ഘട്ടം അവസാനിക്കുകയും കൺസൾട്ടേഴ്സിന്റെ ദൗത്യം പൂർത്തിയാവുകയും ചെയ്തു. ലത്തീൻ കാനോൻ നിയമത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ക്രമീകരണത്തോടുകൂടിയ ഘടനയാണ് CCEO യ്ക്കുള്ളത്. വത്തിക്കാന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'Acta apostolica sedis'- AAS vol.82 No.II ൽ ആണ് CCEO യുടെ ലത്തീൻ രൂപത്തിലുള്ള ഗ്രന്ഥം കൊടുത്തിരിക്കുന്നത്. നീണ്ടവർഷങ്ങളിലെ ക്രോഡീകരണചരിത്രം 32 വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## CCEO യുടെ ഘടനയും ഉള്ളടക്കവും

**ശീർഷകം:** പൗരസ്ത്യസഭകളുടെ കാനോൻനിയമസംഹിതയുടെ തലക്കെട്ട് എന്തായിരിക്കണമെന്നത് ഒരു നീണ്ട വിവാദമായിരുന്നു. ലാറ്റിൻകോഡ് ലാറ്റിൻ സഭയ്ക്കുള്ളതായതിനാൽ അതു ദ്യോതിപ്പിക്കുന്ന ഒരു ശീർഷകം ലത്തീൻ കോഡിന് ഉണ്ടാകണമെന്ന് കർദ്ദിനാൾ പാറേക്കാട്ടിൽ നിർബന്ധം പറഞ്ഞിരുന്നു. എങ്കിലും ലത്തീൻസഭ ഈ നിർദ്ദേശം ഉൾക്കൊണ്ടില്ലെന്നു മാത്രമല്ല, 'The code of Canon Law' എന്ന പൊതുശീർഷകം സ്വീകരിക്കുകയും അത് പല വിവാദങ്ങൾക്കും വഴി തെളിക്കുകയും ചെയ്തു. പൗരസ്ത്യസഭാനിയമസംഹിതയ്ക്ക് ആ സഭകൾക്കാണ് നിയമം എന്നു കാണിക്കത്തക്ക രീതിയിലുള്ള ഒരു ശീർഷകം വേണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. അവസാനം ഏറെ ചർച്ചയ്ക്കും പഠനത്തിനും ശേഷം സ്വീകൃതമായത് CCEO എന്ന ശീർഷകം ആണ്. കമ്മീഷന്റെ നല്ലൊരുശതമാനം വോട്ട് ഈ പേരിനു കിട്ടിയിരുന്നു. ഈ ശീർഷകം പൗരസ്ത്യസഭകൾക്കുള്ള നിയമത്തെ വേർതിരിച്ചുകാണിക്കുകയും അതോടൊപ്പം ആദ്യകാലസഭയുടെ നിയമസംഹിതകളുടെ മധുരിമ നിലനിർത്തുകയും ചെയ്യുന്നു.

**ഭാഷ:** ക്രോഡീകരണത്തിന്റെ ആരംഭംമുതലേ (1972) പുതിയ നിയമസംഹിതയുടെ ഭാഷ എന്തായിരിക്കണമെന്നതിനെക്കുറിച്ചൊരു തർക്കം കമ്മീഷൻ അംഗങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. ഗ്രീക്കു വേണമെന്ന് ഒരുകൂട്ടവും അതല്ല ലാറ്റിൻമതിയെന്ന് മറുപക്ഷവും വാദിച്ചു. ഒരു ഘട്ടത്തിൽ പുതിയനിയമസംഹിത ഈ പറഞ്ഞ രണ്ടുഭാഷയിലും പ്രസിദ്ധീകരിക്കാമെന്ന തീരുമാനത്തിലെത്തി എങ്കിലും ആദ്യസമ്പൂർണ്ണകരടുരൂപം ലത്തീൻഭാഷയിൽ മാത്രമേ പുറത്തിറങ്ങിയുള്ളൂ. ഒരു ഭാഗവും ഗ്രീക്കുഭാഷയിലുണ്ടായിരുന്നില്ല.

ഗ്രീക്കുഭാഷ ഇന്ന് വളരെ ചുരുക്കം ജനങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഗ്രീക്ക് മൂലഭാഷയാക്കി നിയമം പുറത്തിറക്കിയാൽ പൗരസ്ത്യസഭാംഗങ്ങളിൽ വളരെ ചുരുക്കംപേർ മാത്രമേ ഇതു വായിക്കാനും പഠിക്കാനും ഇടവരികയുള്ളൂ. കൂടുതൽപേർ ഉപയോഗിക്കുന്ന ഭാഷ എന്നത് ഒരു മാനദണ്ഡമാക്കുകയാണെങ്കിൽ ഉക്രേനിയൻ, മലയാളം, അറബിക് എന്നീ ഭാഷകളിലൊന്ന് സ്വീകരിക്കേണ്ടിവരും. കാരണം, ഗ്രീക്കുഭാഷയെക്കാൾ പൗരസ്ത്യസഭകളിൽ പ്രാധാന്യം ഈ ഭാഷകൾക്കാണ്. മാർപാപ്പയ്ക്ക് വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന ഒരു ഭാഷയായിരിക്കണം ഉപയോഗിക്കേണ്ടത് എന്നതിനാലും ഔദ്യോഗികഭാഷ ലത്തീൻ ആയതുകൊണ്ടും മാർപാപ്പായുടെ ഇന്നുവരെയുള്ള എല്ലാ രേഖകളും ലത്തീൻഭാഷയിൽ പ്രസിദ്ധീകരിച്ച പാരമ്പര്യം നിലനിൽക്കുന്നതുകൊണ്ടും ഇന്നുവരെ വത്തിക്കാനിൽ വേറെ യാതൊരു ഭാഷയും ഔദ്യോഗികമായി ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടും CCEO ഉം ലത്തീൻ ഭാഷയിൽത്തന്നെ 1990 ൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ വിവിധഭാഷകളിലേയ്ക്ക് വിവർത്തനം നടത്താനുള്ള അവകാശം ഇതോടൊപ്പം കൊടുത്തിരിക്കുന്നു. ലത്തീൻഭാഷയിൽ പുറത്തിറങ്ങിയ CCEO യുടെ മൂലകൃതിയിൽ ഒട്ടേറെ ഗ്രീക്കുപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അത് CCEO യുടെ ഭംഗി വർധിപ്പിച്ചിട്ടേ ഉള്ളൂ.

**നിയമനിർമ്മാണം:** പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമസംഹിത മാർപാപ്പയ്ക്കൊപ്പം പൗരസ്ത്യവ്യക്തിസഭകളുടെ തലവന്മാരും കൂടിച്ചേർന്ന് പ്രസിദ്ധപ്പെടുത്തുവാനുള്ള ചിന്തകളും ചർച്ചകളും ഏറെ നടന്നിരുന്നു. 'ഒരുമിച്ചുള്ള' ഒരു വിളംബരം സഭയുടെ കൂട്ടായ്മ വർദ്ധിപ്പിക്കാനും കൂട്ടുത്തരവാദിത്വം എടുത്തുകാണിക്കാനും ഉപയുക്തമായ ഒരു വിലപ്പെട്ട അവസരമായിരിക്കുമെന്ന ചിന്തയാണ് ഇതിനു പിന്നിൽ പ്രബലപ്പെട്ടിരിക്കുന്നത്. പക്ഷേ വിവിധകാരണങ്ങളാൽ ഈ ചിന്ത ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അതിനുനിരത്തപ്പെട്ട കാരണങ്ങൾ:

a) ഇന്നുവരെയുള്ള കത്തോലിക്കാ സഭാ ചരിത്രത്തിൽ ഒരു നിയമസംഹിതയും 'ഒരുമിച്ച്' പുറത്തിറക്കിയതായി കേട്ടിട്ടില്ല.

b) പൗരസ്ത്യസഭകൾക്ക് ഏകനേതൃത്വം ഇല്ലാത്തസ്ഥിതിക്ക് ആരെ തലവനായി സ്വീകരിക്കും എന്ന പ്രശ്നം അവശേഷിച്ചു.

c) വ്യത്യസ്ത റീത്തുകളെയും സഭകളെയും സംബന്ധിക്കുന്ന തീരുമാനങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം മാർപാപ്പയ്ക്കു മാത്രമേ ഉള്ളൂ. അതിനാൽ അന്നത്തെ മാർപാപ്പ തന്നെ CCEO ഒപ്പുവച്ച് പ്രസിദ്ധപ്പെടുത്തി.

### ഉള്ളടക്കവും ഘടനയും

CIC യും CCEO യും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? അതോ ഒരേ കാര്യങ്ങൾ രണ്ടു ശീർഷകങ്ങൾകൊണ്ടു സൂചിപ്പിക്കുന്നതാണോ? എന്നു സംശയം തോന്നാം.

ഒറ്റവാക്കിൽ പറഞ്ഞാൽ, ആഗോള കത്തോലിക്കാസഭയെ സംബന്ധിച്ച പൊതുവായതും സാമ്യമുള്ളതുമായ കാര്യങ്ങൾ രണ്ടു നിയമസംഹിതകളിലും ഉണ്ട്. ഏതു നിയമവും സഭയുടെ തനിമയും നാനാത്വവും പരിരക്ഷിക്കാനുള്ള മാധ്യമമാണ്. നിയമത്തിന്റെ സ്വഭാവവും ഘടനയും മാറുമ്പോഴും തനിമ നഷ്ടപ്പെടുന്നില്ല. തിരുസഭയുടെ ഐക്യം കാത്തുസൂക്ഷിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത് വിവിധങ്ങളായ നിയമങ്ങളാണ്. CIC യിലും CCEO യിലും പൊതുവായിട്ടുള്ള കാനോനകളുണ്ട്. അവ പ്രധാനമായും ഒരേ കാര്യങ്ങളാണ് ദ്യോതിപ്പിക്കുന്നത്. ചിലകാര്യങ്ങളിൽ CCEO യിൽ നിന്നു



ദൈവശാസ്ത്ര പ്രവേശിക

CIC വ്യത്യസ്തമായിരിക്കേണ്ടതുണ്ട്. അതിന് കാരണം, ലാറ്റിൻ സഭയിൽ നിന്ന് വളരെ ഭിന്നമായ അനേകം ഘടകങ്ങൾ പൗരസ്ത്യ സഭകളിലുണ്ട്. അതിന്റെ പാരമ്പര്യങ്ങളും ആചാരങ്ങളും വിശ്വാസവും നിയമവും കാത്തുരക്ഷിക്കേണ്ട ചുമതല CCEO യ്ക്കാണ്. എന്നാൽ ചില കാര്യങ്ങളിൽ രണ്ടു സഭകൾക്കും ഐക്യരൂപ്യം വേണം താനും. ഉദാ: നടപടി ക്രമങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ. സഭയിൽ നീതി നടപ്പാക്കാൻ രണ്ടു നിയമസംഹിതകളിലും വ്യത്യസ്തമായ നിയമം ഉണ്ടാകുന്നത് ഉചിതമല്ലല്ലോ.

CCEO 21 (+1) വ്യക്തിഗത കത്തോലിക്കാസഭകൾക്ക് (Eceleisia Sui iuris) വേണ്ടിയുള്ള പൊതുനിയമമാണ്. ഈ സഭകളുടെ പാരമ്പര്യം, ദൈവശാസ്ത്രം, ആരാധനാക്രമങ്ങൾ, ആദ്ധ്യാത്മികത എല്ലാം വളരെ വ്യത്യസ്തമാണ്. അതിനാൽ വ്യതിരിക്തമായ കാര്യങ്ങൾക്ക് ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ പ്രത്യേകനിയമം (particular law) ഉണ്ടാക്കാനുള്ള അനുവാദം CCEO യിൽ കൊടുത്തിട്ടുണ്ട്.

CCEO യിൽ 153 സ്ഥലത്ത് 'ius particulare' പ്രത്യേകനിയമം-ഉണ്ടാക്കാനുള്ള അവസരം നല്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. പ്രധാനകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനും നിയമങ്ങൾ നിർമ്മിക്കാനുമുള്ള സാധ്യത ഈ അവസരം പ്രദാനംചെയ്യുന്നു. CCEO യുടെ ഉള്ളടക്കവും ഘടനയും പൗരസ്ത്യസഭകളുടെ ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കുമനുസരിച്ചാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം CCEO യ്ക്ക് മുമ്പുണ്ടായിരുന്ന നിയമസംഹിതകളുടെ (CICO, MP) രീതികളും സ്വീകരിച്ചിട്ടുണ്ട്. പൗരസ്ത്യപാരമ്പര്യമാണ് 'ശീർഷകങ്ങൾ' ആയി 1546 കാനോനകളെയും വിന്യസിപ്പിച്ചിരിക്കുന്നത്. പാശ്ചാത്യരീതി ആയിരുന്നെങ്കിൽ "പുസ്തകം" ആകുമായിരുന്നു. 30 ശീർഷകങ്ങൾ വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ച് ക്രമാനുഗതമായി ചിട്ടപ്പെടുത്തിയിരിക്കുന്നു.

| CCEO യുടെ ഘടന | CIC യുടെ ഘടന |
|---|---|
| 30 ശീർഷകങ്ങൾ - അധ്യായങ്ങൾ - ഉപാധ്യായങ്ങൾ - കാനനുകൾ - ഖണ്ഡികകൾ ഉപകാനനുകൾ | പുസ്തകങ്ങൾ - ഭാഗങ്ങൾ - ശീർഷക്കങ്ങൾ - അദ്ധ്യായങ്ങൾ - ഉപാദ്ധ്യായങ്ങൾ - കാനനുകൾ - ഖണ്ഡികകൾ - ഉപകാനനുകൾ |
| **ആകെ 1546 കാനനുകൾ** | **ആകെ 1752 കാനനുകൾ** |

*(ഡോ. ജോസഫ് വാരണത്ത്, ഡോ. സിസ്റ്റർ സിബി CMC)*



# 11

## യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം

'എസ്കത്താ' (അന്തിമയാഥാർത്ഥ്യങ്ങൾ) 'ലോഗോസ്' (പഠനശാസ്ത്രം) എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'എസ്കത്തോളജി', അല്ലെങ്കിൽ യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം എന്ന വാക്ക് രൂപപ്പെട്ടത്. മനുഷ്യജീവിതത്തിലെ യുഗാന്ത്യോന്മുഖ യാഥാർത്ഥ്യങ്ങളായ നിത്യജീവൻ, മരണം, വിധി, നരകം, സ്വർഗ്ഗം, ശുദ്ധീകരണസ്ഥലം, സ്വർഗ്ഗീയജീവിതം തുടങ്ങിയവയെക്കുറിച്ചുള്ള സഭാപ്രബോധനമാണ് നമ്മുടെ പഠനവിഷയം. ഈ യാഥാർത്ഥ്യങ്ങൾ ജീവിതാന്ത്യത്തിൽ മാത്രം ഒരുവനെ സ്വാധീനിക്കുന്നവയല്ല; മറിച്ച് ജീവിതത്തിലുടനീളം മനുഷ്യജീവിതത്തെ ബാധിക്കുന്നവയാണ്. 'എസ്കത്തോളജി' എന്നത് മിശിഹായുടെ മഹത്വമേറിയ ആഗമനവുമായി (പരുസിയ) ബന്ധപ്പെട്ടതാണ്. ആധുനിക ദൈവശാസ്ത്രത്തിൽ യുഗാന്ത്യോന്മുഖ വീക്ഷണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. കത്തോലിക്കാസഭ തീർത്ഥാടക സഭയാണ്, സ്വർഗ്ഗത്തെ ലക്ഷ്യമാക്കി എല്ലാവരും തീർത്ഥാടനം ചെയ്തു കൊണ്ടിരിക്കുന്നു. ആയതിനാൽ ക്രൈസ്തവ അസ്ഥിത്വം തന്നെ യുഗാന്ത്യോന്മുഖമാണ്; സ്വർഗ്ഗീയജറുസലെമിനെ ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്ന സമൂഹമാണ് സഭ. ഇപ്രകാരം ഭൂമിയിൽ ജീവിക്കുന്ന എല്ലാവരെയും ലക്ഷ്യോ

ന്മുഖരാക്കി നയിക്കുന്നതിനും തങ്ങളുടെ അന്ത്യത്തെപ്പറ്റി കൂടുതൽ ബോധവാൻമാരാക്കുന്നതിനും ഈ പഠനം സഹായകമാണ്.

മനുഷ്യജീവിതത്തിന്റെ അർത്ഥം എന്ത്? മരണം, മരണാനന്തര ജീവിതം, പ്രത്യാശ എന്നിവയുടെ വിവിധ വശങ്ങളെ അപഗ്രഥിച്ച് ദൈവശാസ്ത്രപരമായി വിലയിരുത്തി പ്രത്യാശയുടെ പാതയിലേക്ക് നയിക്കുകയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

## മരണം

ഈ ലോകത്തിൽ ജനിച്ച ആർക്കും മരണത്തെ മറികടക്കുവാനാവില്ല. ശാസ്ത്രസാങ്കേതികനേട്ടങ്ങളെല്ലാം മനുഷ്യന്റെ ആയുസ്സ് വർദ്ധിപ്പിക്കുവാനും, മരണത്തെ മറികടക്കുവാനും പരിശ്രമിക്കുന്നു. എന്നാൽ അവയൊന്നും പൂർണ്ണവിജയത്തിൽ എത്തുന്നില്ല. ഒരിക്കൽ മാത്രം സംഭവിക്കുന്ന മരണം മനുഷ്യനിൽ ഭയാശങ്കകൾ ഉയർത്തുന്നു. മരണത്തെ കേവലം കോശശോഷണമെന്ന് നിർവ്വചിക്കുന്നവരുണ്ട്. ഷാർദാൻ എന്ന ദൈവശാസ്ത്രചിന്തകൻ മനുഷ്യന്റെ അന്ത്യത്തെ 'മരണമെന്ന പരിണാമമായും' അസ്ഥിത്വചിന്തകർ മരണത്തെ നിരർത്ഥകതയായും കാറൽ മാക്സും കൂട്ടരും മരണത്തെ ഒരു ചൂഷണമായും കണ്ടു. എന്നാൽ ക്രിസ്തുവിന്റെ മരണം മനുഷ്യന്റെ മരണത്തിന് നൂതനമായ ഒരു അർത്ഥം നൽകി. മരണം നിത്യജീവിതത്തിലേക്കുള്ള യാഥാർത്ഥ ജനനമാണെന്ന ബോധ്യം ഉറപ്പിക്കുകയാണ് ക്രിസ്തുവിന്റെ മരണത്തിലൂടെ ചെയ്തത്. മരണത്തെ ഒരു സാമൂഹിക പ്രതിഭാസമായും ധാർമ്മികപ്രശ്നമായും നമുക്ക് കാണുവാൻ സാധിക്കും. മനുഷ്യന്റെ ആയുസ്സ് വർദ്ധിപ്പിക്കുവാൻ ശാസ്ത്രം പരിശ്രമിക്കുമ്പോഴും മരണം ഈ പ്രകൃതിക്ക് അനിവാര്യമായ യാഥാർത്ഥ്യമായി നില കൊള്ളുന്നു.

## മരണാനന്തരജീവിതം

മരണത്തിനുള്ള ഉത്തരമാണ് മരണാനന്തരജീവിതം. മരണത്തെ മറികടക്കുക, അമർത്യതയുടെ ചക്രവാളങ്ങളിൽ പറന്നുയരുക എന്നത് മനുഷ്യന്റെ ഒരു സ്വപ്നമാണ്. മരണത്തിനു ശേഷം ഒരു ജീവിതം - മരണമില്ലാത്ത ജീവിതം - ഉണ്ടെന്ന് മിക്കവാറും എല്ലാ മനുഷ്യരും വിശ്വസിക്കുന്നു. പ്രാചീനമനുഷ്യരുടെയും വിവിധമതങ്ങളുടെയും മൃതസംസ്കാരചടങ്ങുകൾ ഇതിന് തെളിവാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് ക്രൈസ്തവന്റെ മരണാനന്തര ജീവിതത്തിന്റെ കാതൽ. വിശുദ്ധഗ്രന്ഥങ്ങളിൽ ഉത്ഥിതജീവിതത്തിന്റെ സ്വഭാവം വിവരിക്കുന്നുണ്ട്. വി.പൗലോസ് ശ്ലീഹായുടെ ഉയർത്തെഴുന്നേറ്റ 'ആത്മീയശരീരം' (1 കോറി, 15:40) എന്ന പ്രതിപാദനം ഇതിന് ഉദാഹരണമാണ്. എല്ലാ മനുഷ്യരുടെയും ഉയർപ്പ്





സുനിശ്ചിതമാണ്. ക്രിസ്തുവിന്റെ ഉയിർപ്പാണ് എല്ലാ മനുഷ്യരുടെയും ഉയർപ്പിന്റെ അച്ചാരവും ആണിക്കല്ലും. ലോകവസാനത്തിൽ സാർവ്വത്രിക ഉയിർപ്പ് നടക്കുമെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. മരണാനന്തരം എല്ലാവരുടെയും വിധി നടക്കും. ജീവിതത്തിൽ നിരന്തരം നടക്കുന്ന ഒരു കാര്യമാണ് വിധി. ക്രിസ്തുവിനെ സ്വീകരിക്കുക അല്ലെങ്കിൽ തിരസ്കരിക്കുക അതാണ് വിധി.

'ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ, ചെവികൾ കേൾക്കുകയോ, മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, നമുക്ക് അതെല്ലാം ആത്മാവ് മുഖേന വെളിപ്പെടുത്തിത്തരുന്നു' (1 കോറി 2:9-10). മനുഷ്യവ്യക്തികളുടെയും സൃഷ്ടപ്രപഞ്ചം മുഴുവന്റെയും ആത്യന്തികമായ ലക്ഷ്യത്തെക്കുറിച്ച് പരിശുദ്ധാത്മാവ് ബൈബിളിലൂടെയും കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനത്തിലൂടെയും വെളിപ്പെടുത്തി തന്നിട്ടുള്ള കാര്യങ്ങളാണ് നാമിവിടെ വിശദീകരിക്കുന്നത്. മരിച്ച മനുഷ്യന് എന്ത് സംഭവിക്കുന്നു? ശുദ്ധീകരണസ്ഥലം ഉള്ളതാണോ? മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന് എന്ത് പ്രസക്തിയാണുള്ളത്? തുടങ്ങിയ നിരവധി ചോദ്യങ്ങൾ നമ്മെ അലട്ടുന്നുണ്ട്. മരണവും മരണാനന്തരജീവിതവും നമുക്ക് അഗ്രാഹ്യമാണ് പക്ഷേ ദൈവം പടിപടിയായി തിരുവചനങ്ങളിലൂടെ യുഗാന്ത്യരഹസ്യങ്ങൾ നമുക്ക് വെളിപ്പെടുത്തി തരുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ ഇതിന്റെ പൂർണ്ണത നമുക്ക് ദർശിക്കാനാവും.

## വ്യക്തിയുടെ അന്ത്യം

മരണം എന്നതിനെ ഒരു വ്യക്തിയുടെ സ്വഭാവിക അന്ത്യമായും പാപത്തിന്റെ പരിണിതഫലമായും നമുക്ക് കാണാനാവും. ക്രിസ്തുവിന്റെ മരണം എല്ലാവരെയും മരണത്തിൽ നിന്നും രക്ഷിച്ചു. പാപമാണ് മരണത്തിന്റെ യഥാർത്ഥ കാരണം. പരിശുദ്ധദൈവമാതാവ് പാപമില്ലാത്തവളായിരുന്നതിനാൽ മരിച്ച് മണ്ണോട് ചേരാതെ സ്വർഗ്ഗാരോപണം ചെയ്തു. ഹെബ്രയാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നു, 'മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു' (ഹെബ്രാ 9:27-28).

ക്രിസ്തുവിലൂടെ മരണത്തിൽമേൽ നാം വിജയം നേടി എങ്കിലും ഗദ്സമെനിലെയും ഗാഗുൽത്തായിലെയും ക്രിസ്തുവിന്റെ മരണവേദന സൂചിപ്പിക്കുന്നത് പാപത്തിന്റെ കാഠിന്യമാണ്. യേശുവിന്റെ പ്രവർത്തി പറുദീസയിൽ നടന്നതിന് എതിരാണ്; ദൈവഹിതത്തിന് തന്നെതന്നെ പൂർണ്ണമായി സമർപ്പിച്ച യേശുവിന്റെ ഉത്ഥാനത്തിലൂടെ പാപം നിർവീര്യമാക്കപ്പെട്ടു.

## ക്രൈസ്തവന്റെ മരണം

മാമോദീസായിലൂടെയും ക്രൈസ്തവജീവിതത്തിലൂടെയും മരണത്തിലൂടെയും ക്രിസ്തുവിന്റെ ജീവിതത്തിൽ നാം പങ്കുചേരുന്നു. പഴയമനുഷ്യനെ ഉരിഞ്ഞ് മാറ്റി പുതിയമനുഷ്യനെ ധരിക്കുന്നു. ഈശോ തന്റെ ശിഷ്യന്മാരോട് പറയുന്നു 'തന്റെ ജീവൻ നിലനിർത്താൻ പരിശ്രമിക്കുന്നവൻ അത് നഷ്ടപ്പെടുത്തും, എന്നാൽ തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ നിലനിർത്തും' (ലൂക്കാ 17:23; മത്താ 10:39).

ക്രൈസ്തവന്റെ മരണം ജീവിതാവസാനമല്ല, ജീവിതത്തിന്റെ പൂർത്തീകരണമാണ്. ക്രൈസ്തവൻ തന്റെ ജീവിതം ഒരു ബലിയായി അർപ്പിക്കുന്നു. അവന്റെ മരണം നിത്യജീവിതത്തിലേക്കുള്ള ജനനമാണ്. ഉദാഹരണമായി, വിശുദ്ധരുടെ മരണദിനം അവരുടെ തിരുനാളായി സ്വർഗ്ഗത്തിലേക്കുള്ള ജന്മദിനമായി സഭ ആചരിക്കുന്നു. യേശു എല്ലാവരെയും നിത്യജീവിതത്തിലേക്ക് കൂട്ടിചേർക്കുന്നു. രോഗിലേപനവും വിശുദ്ധകുർബ്ബാനയും നമ്മുടെ ശരീരത്തെ വിശുദ്ധീകരിച്ച് കർത്താവിനോടൊപ്പമുള്ള ബലിക്ക് തയ്യാറാക്കുന്നു. വി. കുർബ്ബാന സ്വർഗ്ഗീയ യാത്രയ്ക്കുള്ള ആഹാരമാണ്, (**Viaticum**-തിരുപ്പാഥയം). വി.യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു, "എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ 6:54).

## തനതുവിധി

നിത്യതയിലേക്കുള്ള മനുഷ്യന്റെ തീർത്ഥാടനം മരണത്തോടെ അവസാനിക്കുന്നു. മരണാവസരത്തിൽ തന്നെ വ്യക്തിപരമായ വിധി നടക്കുന്നു. നീതിമാന് നിത്യസൗഭാഗ്യവും ദുഷ്ടന് നിത്യശിക്ഷയും നൽകുന്നു. ലഘുപാപങ്ങൾ ചെയ്തവർക്ക് അതിൽ നിന്നുള്ള മോചനത്തിനായി ശുദ്ധീകരണസ്ഥലം ലഭിക്കുന്നു. വ്യക്തിയുടെ അന്ത്യത്തെക്കുറിച്ചുള്ള വിധി നിർണ്ണയം 'തനതുവിധി' എന്നറിയപ്പെടുന്നു. യുഗാന്ത്യത്തിൽ സംഭവിക്കാൻ ഇരിക്കുന്ന പൊതുവിധിയിൽ നിന്നും വ്യത്യസ്തമാണിത്.

## സ്വർഗ്ഗം

വി.ആഗതീനോസ് പറയുന്നു: 'നാം അവിടത്തെ നേടുമ്പോൾ അവിടുന്ന് നമ്മുടെ സ്വർഗ്ഗമാകുന്നു. നഷ്ടപ്പെടുത്തുമ്പോൾ നമ്മുടെ നരകവും'. 'നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്, ഒരു ഉപദ്രവവും അവരെ സ്പർശിക്കുകയില്ല....... അവരാകട്ടെ ശാന്തി അനുഭവിക്കുന്നു' (ജ്ഞാനം 3:1-3). സ്വർഗ്ഗമെന്ന പദത്തിന് ദൈവീക





സാന്നിദ്ധ്യം, ദൈവം എന്നീ പര്യായപദങ്ങളുണ്ട്. ആയതിനാൽ സ്വർഗ്ഗമെന്ന് പറഞ്ഞാൽ ദൈവമാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്തു എന്ന് പറയുമ്പോൾ പിതാവിന്റെ മഹത്വത്തിൽ പ്രവേശിച്ചു എന്ന് അർത്ഥമാകുന്നു (അപ്പ. 2:36; യോഹ. 13:1). ദൈവത്തിന്റെ പൈതൃകവാത്സല്യം അനന്തമായി അനുഭവിക്കുകയും അവിടത്തെ സാന്നിദ്ധ്യത്തിൽ ആനന്ദിക്കുകയും ചെയ്യുന്ന അവസ്ഥയെ സ്വർഗ്ഗത്തിലായിരിക്കുക എന്ന് വിളിക്കുന്നു. മരിച്ചവർക്ക് ഉടനെ തന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുമെന്ന് യേശു പഠിപ്പിച്ചിട്ടുണ്ട്. നല്ല കള്ളന്റെയും, ലാസറിന്റെയും സംഭവം ഇത് വിശദമാക്കുന്നു (ലൂക്കാ 23:43, 16:22-25).

മരണാനന്തരം ലഭിക്കുന്ന ഒന്നുമാത്രമല്ല സ്വർഗ്ഗാനുഭവം അത് ഈ ഭൂമിയിൽ തന്നെ ആരംഭിക്കുന്നു. മനുഷ്യർ പരസ്പരം സ്നേഹിച്ചും പങ്കുവെച്ചും ദൈവീക സാന്നിദ്ധ്യത്തിൽ ജീവിക്കുന്നിടത്ത് ഇതിന്റെ മുന്നാസ്വാദനം ലഭിക്കുന്നു. ഒരു നല്ല കുടുംബം ഭൂമിയിലെ സ്വർഗ്ഗമാണ്. നന്മചെയ്യുമ്പോൾ ഉണ്ടാകുന്ന ആനന്ദം സ്വർഗ്ഗീയാനുഭവത്തിന്റെ മുന്നാസ്വാദനമാണ്.

## നരകം

കഠിനപാപികൾ നിത്യശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് ബൈബിൾ പഠിപ്പിക്കുന്നു. മണവറയിൽ പ്രവേശനം നിഷേധിക്കപ്പെടുക (മത്താ 25:11), വിരുന്നുശാലയിൽ നിന്നും പുറന്തള്ളപ്പെടുക (മത്താ 25:30), പുറത്തുള്ള അന്ധകാരത്തിലേക്ക് വലിച്ചെറിയപ്പെടുക (മത്താ 7:27) എന്നീ പരാമർശങ്ങൾ ഉദാഹരണങ്ങളാണ്. നരകത്തെ സൂചിപ്പിക്കുവാൻ **ഗേഹെന്നാ** എന്ന പദമാണ് യേശു കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. ജറുസലെം പട്ടണത്തിനടുത്തുള്ള **ബെൻഹിന്നോം** താഴ്‌വരയുടെ ഒരു പര്യായമാണ് **ഗേഹെന്നാ**. ബി.സി. 527-ൽ ജറുസലെം നശിപ്പിക്കപ്പെട്ടപ്പോൾ ഈ താഴ്‌വരയിൽ ശവങ്ങൾ നിറഞ്ഞു. പിൻകാലത്ത് ചപ്പുചവറുകൾ കൂട്ടിയിട്ടുകത്തിക്കുന്ന ഒരു സ്ഥലമായി മാറി അത്. അവിടെ എപ്പോഴും നീറിപുകയുന്ന തീ ഉണ്ടായിരുന്നു. മാർക്കോസിന്റെ സുവിശേഷം 9:48 ഈ വിവരണത്തിൽ നിന്നും രൂപപ്പെട്ടതാണ്.

## ശുദ്ധീകരണസ്ഥലം

ശുദ്ധീകരണസ്ഥലം കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗമാണ്. മരണാവസ്ഥയിൽ ദൈവത്തോട് ഐക്യത്തിൽ കഴിയുന്നവരെങ്കിലും പാപത്തിന്റെ കെട്ടുപാടുകളിൽ നിന്ന് പൂർണമായും വിമുക്തരല്ലാത്തവർക്ക്, പൂർണ്ണമായ ശുദ്ധീകരണം പ്രാപിച്ചതിനുശേഷമേ ദൈവസന്നിധിയിൽ പ്രവേശിക്കാൻ കഴിയുകയുള്ളു എന്ന വിശ്വാസമാണ് ശുദ്ധീകരണസ്ഥലം എന്ന ആശയത്തിന്റെ അടിസ്ഥാ

നം. ജീവിച്ചിരിക്കുന്നവർക്ക് ഇക്കാര്യത്തിൽ മരിച്ചവരെ സഹായിക്കാൻ കഴിയും. തന്മൂലം ശുദ്ധീകരണസ്ഥലമെന്നത് ഒരു വ്യക്തിയുടെ മരണത്തിനും സ്വർഗ്ഗപ്രവേശനത്തിനും മദ്ധ്യേയുള്ള ഒരവസ്ഥയായി കണക്കാക്കപ്പെടുന്നു.

വി.ഗ്രന്ഥത്തിൽ ശുദ്ധീകരണാവസ്ഥയെ സാധൂകരിക്കുന്ന സൂചനകളുണ്ട്. 2 മക്ക 12:18-46; മത്താ 5:26: 12:32;1 കോറി 3:11-15 എന്നീ വചന ഭാഗങ്ങൾ ഈ വിശ്വാസത്തിന് ഉപോദ്ബലകമായി ഉദ്ധരിക്കാറുണ്ട്. "മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിനു വേണ്ടി അവൻ (യൂദാസ് മക്കബായൻ) പാപപരിഹാരകർമ്മം അനുഷ്ഠിച്ചു" (2 മക്ക 12;46). മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് വി. ഗ്രന്ഥാധിഷ്ഠിതമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. പരിശുദ്ധാത്മാവിനെ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്ന് സത്യം തന്നെയായവൻ പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും എന്നാൽ മറ്റു ചിലത് വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടുകയില്ല. ഈ വാചകത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു (മത്താ 12:31).

ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിൽ സജീവമായ ഒരു ബന്ധം നിലനിൽക്കുന്നുവെന്ന ബോധ്യവും (പുണ്യവാൻമാരുടെ ഐക്യം) മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ക്രൈസ്തവർക്ക് പ്രചോദനമായിത്തീർന്നു.

ആരംഭകാലം മുതൽ സഭ മരിച്ചവരുടെ അനുസ്മരണത്തെ ആദരിക്കുകയും അവർക്കുവേണ്ടി പരിഹാര പ്രാർത്ഥനകൾ സർവ്വോപരി ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ധർമ്മദാനം, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു. (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം (1030-1032)).

പ്രൊട്ടസ്റ്റന്റ് സഭകൾ, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന പാടെ നിരാകരിക്കാൻ കാരണം രക്ഷയെപ്പറ്റിയുള്ള അവരുടെ കാഴ്ചപ്പാടാണ്: കൃപയാലാണ് രക്ഷ സാധിതമാകുന്നത്. മനുഷ്യന്റെ പ്രവൃത്തിയിലല്ല. അതിനാൽ മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതു നിരർത്ഥകമാണെന്ന് അവർ വാദിക്കുന്നു.

## കർത്താവിന്റെ ദിവസം

ഞായറാഴ്ച കർത്താവിന്റെ ദിവസമായി നാം ആചരിക്കുന്നു. അതിനു കാരണം യേശു ആ ദിവസം ഉത്ഥാനം ചെയ്തുവെന്നുള്ളതാണ്. ഞായറാഴ്ച ആചരിക്കുമ്പോൾ യേശുവിന്റെ ഉത്ഥാനത്തിന്റെ ഓർമ്മ ആചരിക്കുക മാത്രമല്ല, പുതിയ യുഗത്തിന്റെ





പൂർത്തീകരണത്തിലുള്ള പ്രത്യാശ ഏറ്റുപറയുകയും ചെയ്യുന്നു. ഈ പൂർത്തീകരണം അഞ്ച് കാര്യങ്ങൾ ഉൾകൊള്ളുന്നു. 1) ലോകത്തിന്റെ രൂപാന്തരീകരണം. 2) മരിച്ചവരുടെ പുനരുത്ഥാനം. 3) കർത്താവിന്റെ ആഗമനം. 4) പൊതുവിധി. 5) നിത്യഭാഗ്യം.

### 1. ലോകത്തിന്റെ രൂപാന്തരീകരണം

ലോകത്തിന്റെ അവസാനം ശൂന്യതമാത്രമെന്ന് വിചാരിക്കുന്നവരും ലക്ഷ്യമില്ലാത്ത ആവർത്തനമാണെന്ന് വിചാരിക്കുന്നവരും ഈ ലോകത്തിൽ ഉണ്ട്. കാലചക്രം, ചക്രംപോലെ തിരിയുകയല്ല ഒരു ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുകയാണ്. ഈ ലോകം മുഴുവൻ തീർത്ഥാടകരെ പോലെ ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന് വെളിപാടുകളിലൂടെ സഭ പഠിപ്പിക്കുന്നു. ആധുനിക ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ചയും വികാസവുമെല്ലാം ഇതിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവം എല്ലാത്തിനും ആരംഭം കുറിച്ചു. എല്ലാം ദൈവത്തിൽ അവസാനിക്കുന്നു.

യേശുവിന്റെ പെസഹാ രഹസ്യത്തിലൂടെ, അതായത് മരണത്തിലൂടെയും ഉയിർപ്പിലൂടെയും ലോകം രക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ ലോകം മുഴുവൻ മരിച്ച് ഉയിർക്കണം; ഇതാണ് ലോകാവസാനം (മർക്കോ 13:24-25; വെളി 6:13-14). എന്നാൽ മരണം ലോകത്തിന്റെ അവസാനമല്ല പുതിയ ജീവിതത്തിന്റെ തുടക്കം മാത്രമാണ്. ലോകാവസാനം സമ്പൂർണ്ണ നാശമല്ല, സമ്പൂർണ്ണ നവീകരണമാണ്. പൗലോസ് ശ്ലീഹാ പറയുന്നു 'സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവ് അനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നുവെന്ന് നമുക്ക് അറിയാം' (റോമ. 8:22). പുതിയ ജനനത്തിനു വേണ്ടി എല്ലാവരും കാത്തിരിക്കുന്നു. എന്നാൽ എങ്ങനെയെന്നോ, എപ്പോഴെന്നോ, ദൈവം മാത്രമേ അറിയുന്നുള്ളു.

### 2. മരിച്ചവരുടെ പുനരുത്ഥാനം

വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ് മരിച്ചവരുടെ പുനരുത്ഥാനം. പഴയനിയമത്തിൽ ഏശ 26:19; 2 മക്കാ 7; 12:44 എന്നിവയും പുതിയ നിയമത്തിൽ യോഹ 5:29 മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് പഠിപ്പിക്കുന്നു. യേശുവിന്റെ പുനരുത്ഥാനമാണ് മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം (1 കോറി 15:12-19). ഈ ഭൂമിയിൽ ജീവിക്കുന്ന അതേ ശരീരമായിരിക്കും ഉയർപ്പിക്കപ്പെടുക. എന്നാൽ അത് രൂപാന്തരീകരിക്കപ്പെട്ടതായിരിക്കും, നമ്മുടെ മരിച്ച ശരീരം തന്നെ ഉയർത്തെഴുന്നേൽക്കുന്നു. ഉയർത്തെഴുന്നേറ്റ കർത്താവിന്റെ കൈകളിലെ ആണിപഴുതുകളും തിരുവിലാവിലെ മുറിവും ഇത് സൂചിപ്പിക്കുന്നു. എന്നാൽ രൂപാന്തരീകരണം സംഭവിച്ച ശരീരം സ്ഥലകാലപരിമിതിക്ക് അതീതമാണ്.

**3. കർത്താവിന്റെ പുനഃരാഗമനം**

അവസാന വിധി ദിവസം ക്രിസ്തു സകലപ്രതാപത്തോടും കൂടി മടങ്ങിവരും 'ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാനായിരിക്കുന്നിടത്ത് നിങ്ങളുമായിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും' (യോഹ 14:3). കർത്താവിന്റെ രണ്ടാം വരവിനെ പരുസിയ (Parousia) എന്നാണ് പുതിയനിയമം വിശേഷിപ്പിക്കുന്നത് രാജാവോ യുദ്ധത്തിൽ ജയിച്ച സേനാധിപനോ സാഘോഷം നഗരത്തിൽ പ്രവേശിക്കുന്നതിനെ സൂചിപ്പിക്കാൻ വേണ്ടി ഗ്രീക്കുകാരും റോമാക്കാരും ഉപയോഗിച്ചിരുന്ന ഒരു ഗ്രീക്ക് പദമാണിത്. ദൈവത്തിന് വിരുദ്ധമായി നിൽക്കുന്ന സകല ശത്രുക്കളുടെയും മേൽ പരിപൂർണ്ണ വിജയം നേടിയ കർത്താവ് തന്നെ മഹത്വത്തിൽ എഴുന്നള്ളുന്നുവെന്ന് ഈ പദം സൂചിപ്പിക്കുന്നു. എന്നാൽ സമയം പിതാവായ ദൈവത്തിന് മാത്രമറിയാം ആയതിനാൽ ജാഗരൂകരായിരിക്കുവാൻ വി.ലൂക്കാ സുവിശേഷകൻ ഓർമ്മിപ്പിക്കുന്നു (ലൂക്കാ 21:34;36).

**4. പൊതുവിധി**

'മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും' (മത്താ. 25:31-32). യേശു ലോകം മുഴുവന്റെയും വിധികർത്താവാണ്. പഴയ നിയമത്തിൽ സങ്കീ 98:7-8; ഉം പുതിയനിയമത്തിൽ അപ്പ 17:31; എഫേ 1:10; മത്താ 25:32-40; 1 കോറി 15:28 എന്നിവയും ദൈവത്തെ വിധികർത്താവായി ചിത്രീകരിക്കുന്നു. ആദിയിൽ ആകാശവും, ഭൂമിയും സൃഷ്ടിച്ചവൻ തന്റെ പദ്ധതി പൂർത്തികരിച്ചു കഴിയുമ്പോൾ അവസാനമില്ലാത്ത ആനന്ദത്തിന്റെ പുതിയ യുഗം ആരംഭിക്കുകയായി.

**5. ജീവിത തികവ്**

ദൈവരാജ്യത്തിന്റെ പൂർത്തീകരണമാണിത്. മനുഷ്യഹൃദയത്തിന്റെ തീവ്രമായ ആഗ്രഹം ദൈവത്തിനു വേണ്ടിയാണ്. 'നീർചാൽ തേടുന്ന മാൻപേടയെ പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു; എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു' (സങ്കീ 42;1). യേശുവിന്റെ വരവിനായി നാം എല്ലാവരും കാത്തിരിക്കുന്നു. 'നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു' (റോമാ 8, 18). വിശ്വാസത്തിൽ നിന്നു ലഭിക്കുന്ന ശക്തിയോടെ, പ്രത്യാശയിൽ നിന്നുയരുന്ന ധൈര്യത്തോടെ, ദൈവരാജ്യത്തിനു വേണ്ടി സ്വയം സമർപ്പിക്കുന്ന ക്രിസ്തുശിഷ്യന്റെ പ്രാർത്ഥനയിതാണ്: 'മാറാനാത്താ-കർത്താവായ യേശുവേ, വരണമേ!' (വെളി 22,20).

*(ഡോ. മൈക്കിൾ കാരിമറ്റം, ഡോ. തോമസ് കൊച്ചുകരോട്ട്)*